*Issued on 6-7-1984*

# PROCEEDINGS

## of the

# KERALA LEGISLATIVE ASSEMBLY

First Session

Wednesday, 7th July 1982

**OFFICIAL REPORT**

Vol. LVI—No. 9

**Price: 50 P.**

©

Government of Kerala
1984

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1984

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം


പേജ്

I. ചോദ്യോത്തരങ്ങൾ :

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ 825

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ 848

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ 857

II. ചരമോപചാരം 864

III. അടിയന്തിരപ്രമേയം :

നേമം പഞ്ചായത്തിലെ ആറാംകൽ എന്ന സ്ഥലത്തെ മുരളിയെന്ന സി. പി. ഐ. (എം.) പ്രവർത്തകനെ കുത്തിക്കൊലപ്പെടുത്തിയതിനെത്തുടർന്നുളവായിട്ടുള്ള ഗുരുതരാവസ്ഥ 865

IV. ശ്രദ്ധ ക്ഷണിക്കൽ :

(1) കേരളത്തിലെ വിദ്യാർത്ഥി സംഘടനകൾ സമര പരിപാടികൾ പ്രഖ്യാപിച്ചിരിക്കുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം 867

(2) ഞാറയ്ക്കൽ പ്രദേശത്ത് രക്താതിസാരം പടർന്നു പിടിച്ചിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായ ഗുരുതരാവസ്ഥ. 872

V. പ്രസ്താവന :

(1) ശ്രീ. വർക്കല രാധാകൃഷ്ണൻ ചെയ്ത പ്രസ്താവന 873

(2) ,, ബെന്നിബഹനാൻ ചെയ്ത പ്രസ്താവന 874

(3) ,, ബേബിജോൺ ചെയ്ത പ്രസ്താവന 874

(4) ,, വി. കെ. രാജൻ ചെയ്ത പ്രസ്താവന 875

(5) ,, പി. സി. ജോർജ്ജ് ചെയ്ത പ്രസ്താവന

VI. ധനകാര്യം :

1982-83 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജററിനെക്കുറിച്ചുള്ള പൊതു ചർച്ച. 876


2/1412/S


KERALA LEGISLATURE LIBRARY TRIVANDRUM

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## ഏഴാം കേരള നിയമസഭ

ഒന്നാം സമ്മേളനം

1982 ജൂലായ് 7, ബുധൻ

വാല്യം LVI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 1982 ജൂലൈ 7-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽകൂടി

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

പഞ്ഞമാസങ്ങളിലേക്ക് അലോട്ട് ചെയ്ത അരി

† 111. [178] ശ്രീ. പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് പഞ്ഞമാസങ്ങളിലേക്ക് എത്ര ടൺ അരി കേരളത്തിന് അലോട്ടു ചെയ്തു എന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ഞമാസങ്ങളിൽ റേഷൻ കൂട്ടി കൊടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ)

(എ) 1982 മേയ് മുതൽ 1,10,000 ടൺ അരി, ഇത് 1,35,000 ടണ്ണാക്കി വർദ്ധിപ്പിക്കാൻ കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല. ഇപ്പോൾ നിലവിലുള്ള റേഷൻതോത് അനുസരിച്ചുതന്നെ കാർഡുടമകൾക്ക് ആവശ്യമുള്ള അരി പഞ്ഞമാസങ്ങളിൽ വിതരണം നടത്തുന്നതിന് നടപടി എടുത്തിട്ടുണ്ട്. കൂടാതെ റേഷനരിക്കു പുറമേ കാർഡ് ഒന്നിന് ആഴ്ചയിൽ 5 കിലോ അരി വീതം തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകൾ, സഹകരണസംഘങ്ങൾ, മാവേലി സ്റ്റോറുകൾ എന്നിവ മുഖാന്തിരം പഞ്ഞമാസങ്ങളിൽ വിതരണം ചെയ്തുവരുന്നുണ്ട്.

† ശ്രീ. കെ. പി. എ. മജീദ് ചോദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. എ. മജീദ് : ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന സമയത്ത് കേന്ദ്രം നൽകിവരുന്ന അലോട്ടുമെൻറ് വർദ്ധിപ്പിക്കുന്നതിന് ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? അതിൻെറ ഫലം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ശ്രീ. യു. എ. ബീരാൻ : ഈ ഗവൺമെൻറ് അലോട്ടുമെൻറ് വർദ്ധിപ്പിച്ചുതരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആദ്യം 90,000 ടൺ ആയിരുന്നത് ആണ് മേയ് മുതൽ 1,10,000 ടണ്ണാക്കി വർദ്ധിപ്പിച്ചത്.

വീണ്ടും 1,35,000 ടണ്ണായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. അതനുസരിച്ച് 1,25,000 ടൺ അലോട്ടു ചെയ്യാമെന്ന് വിവരം അറിയിച്ചിട്ടുമുണ്ട്.

ശ്രീ. കെ. പി. എ. മജീദ് : കേന്ദ്രഗവൺമെൻറിൽ നിന്നും അലോട്ടു ചെയ്യുന്ന അരി വാഗണിൽ ഇവിടെ എത്തിച്ച് അതിൻെറ വിതരണം സുഗമമാക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഈ ഗവൺമെൻറ് പ്രത്യേകമായ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : അരിയുടെ മൂവ്മെൻറിനെ സംബന്ധിച്ചിടത്തോളം പലപ്പോഴും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. റെയിൽവേവാഗൺ കിട്ടാത്ത പരിതസ്ഥിതിയുണ്ട്. എഫ്. സി. ഐ. യിൽ നിന്നാണ് കിട്ടേണ്ടത്. ആ കാര്യം നിയന്ത്രിക്കുന്നതിന് ഒരു ഹൈ ലവൽ കമ്മിററി രൂപീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഫുഡ് സെക്രട്ടറി ചെയർമാനായും രണ്ട് റെയിൽവേ ഡിവിഷണൽ മാനേജർമാരും അതുപോലെ ഡയറക്ടർ ഓഫ് സിവിൽസപ്ലൈസും മെമ്പർമാരായിട്ടുള്ള ഒരു ഹൈ ലെവൽ കമ്മിററി മൂവ്മെൻറിൻെറ കാര്യം ശ്രദ്ധിക്കാൻവേണ്ടി രൂപീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : കഴിഞ്ഞയാഴ്ചയിലും ഈ ആഴ്ചയിലും തിരുവനന്തപുരം താലൂക്കിൽ റേഷൻ കൊടുത്തിട്ടില്ലെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : തിരുവനന്തപുരം താലൂക്കിൽ മുഴുവനും റേഷൻ കൊടുക്കാതിരുന്നിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി : തിരുവനന്തപുരം താലൂക്കിൻെറ പലഭാഗത്തും കഴിഞ്ഞയാഴ്ചയിൽ റേഷൻ കിട്ടിയിട്ടില്ലെന്ന് ഞാൻ പറഞ്ഞാൽ അങ്ങ് ഒന്ന് അന്വേഷിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : അങ്ങനെ ഏതെങ്കിലും സ്ഥലത്ത് കിട്ടിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ വ്യക്തമായി പറയുകയാണെങ്കിൽ ആ വിവരം അന്വേഷിക്കാം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : റേഷൻ വിതരണം, ഹോാംസെയിൽ വിതരണം സഹകരണസംഘങ്ങളിൽ നിന്നും മാററി ചില പ്രൈവററ് പാർട്ടിക്ക് കൊടുത്തതുകാരണം പാലക്കാട് ജില്ലയിലെ റേഷൻ വിതരണം നടക്കുന്നില്ല. വിതരണത്തിന് ചൊവ്വാഴ്ച എടുത്ത അരി ഇരുമ്പരിയാണ്. റേഷൻവിതരണ സഹകരണസംഘങ്ങളെതന്നെ വീണ്ടും ഏല്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : പല സ്ഥലങ്ങളിലും സഹകരണസംഘങ്ങൾ നടത്താൻ തയ്യാറാകുന്നില്ലെന്നുള്ളതാണ് വസ്തുത.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി : പാലക്കാട് മാർക്കററിങ്ങ് സൊസൈററിയിൽ നിന്ന് വിതരണം എടുത്തുകളഞ്ഞ് പ്രൈവററ് പാർട്ടിയ്ക്ക് കൊടുത്തത് ഈ ഗവൺമെൻറ് വന്നതിനുശേഷമാണ്.

ശ്രീ. യു. എ. ബീരാൻ : പ്രൈവററ് പാർട്ടിയ്ക്ക് കൊടുത്തിട്ടുണ്ട്. സഹകരണസംഘങ്ങൾ ഏറെറടുക്കാത്തതുകൊണ്ട് പല സ്ഥലങ്ങളിലുമുള്ള സ്ഥിതി അതാണ്. ഇരുമ്പരി കൊടുക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : പാലക്കാട് മാർക്കററിംഗ് സൊസൈററി ഏറെറടുക്കാൻ തയ്യാറാണ്. അവർ ഹൈക്കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. റേഷൻ വിതരണം അവർക്ക് കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : അതിനെപ്പററി പറഞ്ഞു കഴിഞ്ഞു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : കഴിഞ്ഞ കാലങ്ങളിൽ തീരപ്രദേശത്ത് കയർ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ചിറയിൻകീഴ് താലൂക്കിലും മററും പഞ്ഞമാസങ്ങളിൽ സൗജന്യറേഷൻ കൊടുത്തിരുന്നു എന്ന കാര്യം അറിയാമോ ?

മി. സ്പീക്കർ : ഈ ചോദ്യത്തിൻെറ പരിധിയിൽ വരുന്നില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഇപ്പോൾ സെലക്ട് ചെയ്ത കടകൾ വഴി സ്പെഷ്യലായിട്ട് അഞ്ചുകിലോ അരി വിതരണം ചെയ്യുന്നുണ്ട്. അങ്ങനെ വിതരണം ചെയ്യുന്ന അരിക്ക് കൂടുതൽ വിലയാണ് ഈടാക്കുന്നതെന്ന വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ?

മി. സ്പീക്കർ : ഈ ചോദ്യവുമായി ബന്ധപ്പെട്ട ഉപ ചോദ്യങ്ങൾ ചോദിക്കണം.

ശ്രീ. യു. എ. ബീരാൻ : കഴിഞ്ഞ കൊല്ലം ഇതുപോലെ കൊടുത്തപ്പോൾ 2 രൂപ 75 പൈസയായിരുന്നു വില. ഇപ്പോൾ 2 രൂപ 80 പൈസയാക്കിയിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ : 1982-ലെ ആദ്യത്തെ മൂന്നുമാസത്തെ അലോട്ട്മെൻറിനെക്കുറിച്ചാണ് പറഞ്ഞത്. ലോകസഭയിൽ ഗവർണ്ണർ ഭരണകാലത്തു വച്ച കണക്കിൽ പറയുന്നത് ഇങ്ങനെയാണ്. ആവശ്യപ്പെട്ടത് 4,35,000 ടണ്ണും അലോട്ട് ചെയ്തത് 2,82,000 ടണ്ണും കിട്ടിയത് 1,77,000 ടണ്ണും ആണ്. അലോട്ട്മെൻറ് മുഴുവനും കിട്ടണമെന്നില്ല. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ പറയുന്നു, കൊച്ചിയിൽ പഞ്ഞമാസങ്ങളിലേക്ക് കരുതൽ ശേഖരമായി അമ്പതിനായിരം ടണ്ണെങ്കിലും ഉണ്ടാകേണ്ടതാണല്ലോ ആ സ്ഥാനത്ത് തീരെ അരിയില്ലെന്ന് വരുത്താനിടയായത് വലിയ വീഴ്ചയാണെന്ന്. ഇതിൽ വല്ല സത്യവുമുണ്ടോ ? എന്താണ് വസ്തുത ?

ശ്രീ. യു. എ. ബീരാൻ : 1981 ഒക്ടോബറിൽ 90,000 ടൺ അലോട്ട് ചെയ്തിരുന്നു. പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ കേന്ദ്രം അലോട്ട് ചെയ്യുന്ന മുഴുവൻ അരിയും കിട്ടുന്നില്ല. എഫ്. സി. ഐ. ക്കാർ അവരുടെ തോതനുസരിച്ചാണ് തന്നിരിക്കുന്നത്. 1981 നവംബർ വരെ അത് 90,000 ടൺ ആയിരുന്നു. 1982 മേയ് മുതൽ 1,10,000 ടൺ ആണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ബഫർ സ്റ്റോക്ക് വയ്ക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഇതിൻെറ മൂവ്മെൻറ് ശക്തിപ്പെടുത്താനും കൂടുതലായി വാഗൺ കിട്ടാനും വേണ്ടി കഴിഞ്ഞ ആഴ്ച ഒരു ഉദ്യോഗസ്ഥനെ സ്പെഷ്യലായിട്ട് ഹൈദ്രാബാദി

LIBRARY ARCHIVES Kerala Legislative Assembly

ലേക്ക് അയച്ചിട്ടുണ്ട്. അവിടെ നിന്ന് മൂവുമെൻറ് വേഗം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതിനു പുറമെ സിവിൽസപ്ലൈസ് കമ്മീഷണർ തന്നെ ഹൈദ്രാബാദിൽ പോയി അതിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ : അമ്പതിനായിരം വേണ്ട സ്ഥലത്ത് ഒന്നുമില്ലെന്ന് ഒരു പത്രം എഴുതിയിരിക്കുന്നു. ഇതിൽ വല്ല സത്യവുമുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : ബഫർ സ്റ്റോക്ക് വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ചില സ്ഥലങ്ങളിൽ കുറവുണ്ട്. അതു പരിഹരിക്കാനാണ് ഏർപ്പാട് ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. ഇ. കെ. നായനാർ : പഞ്ഞമാസങ്ങളിൽ അമ്പതിനായിരം ടണ്ണെങ്കിലും വേണം. എന്നാൽ തീരെയില്ലെന്ന് വരാനിടയായത് വീഴ്ചയല്ലേയെന്നുള്ളതാണ് എന്റെ ചോദ്യം ?

ശ്രീ. യു. എ. ബീരാൻ : ഏതു പത്രമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് റഫർ ചെയ്തതെന്ന് എനിക്കറിഞ്ഞുകൂട. എറണാകുളം പോലെയുള്ള ചില സ്ഥലങ്ങളിൽ ബഫർ സ്റ്റോക്ക് വേണ്ടത്രയില്ല. അതുണ്ടാക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ : സഹകരണസംഘങ്ങൾ അരി എടുക്കുന്നതിന് ബുദ്ധിമുട്ട് കാണിക്കുന്നുവെന്ന് പറഞ്ഞു. അതിന്റെ പ്രധാന കാരണം ഹാൻറ്ലിംഗ് എക്സ്പെൻസസ് തന്നെ ഈടാക്കാൻ കഴിയാത്ത വണ്ണം നഷ്ടം സഹിച്ചാണ് അരി എടുക്കുന്നതെന്നുള്ളതുകൊണ്ട് ആണ്. അങ്ങനെ നഷ്ടം സഹിച്ച് അരിയെടുക്കുന്നത് ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. യു. എ. ബീരാൻ ; സഹകരണസംഘങ്ങൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള കമ്മീഷൻ പോരെന്ന് ഹോൾസെയിൽ സംഘങ്ങളും ചില്ലറ റേഷൻ വ്യാപാരികളും ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതേപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. പി. മൂസ്സാൻ കുട്ടി : ഇവിടെ റേഷൻ സ്റ്റോക്ക് ഇല്ലാത്തതുകൊണ്ട് കഴിഞ്ഞയാഴ്ച കണ്ണൂർ ജില്ലയിൽ റേഷൻ വിതരണം നടത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ റേഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : കണ്ണൂർ ജില്ലയിൽ മുഴുവൻ റേഷൻ കൊടുക്കാതിരുന്നിട്ടില്ല. ചില സ്ഥലങ്ങളിൽ കൊടുക്കാതിരുന്നു. അതിനുള്ള പരിഹാരമാർഗ്ഗം അപ്പോൾത്തന്നെ എടുത്തിട്ടുണ്ട്.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : പഞ്ഞമാസങ്ങളിൽ നമ്മുടെ സംസ്ഥാനത്ത് പൂർണ്ണമായും ഭക്ഷ്യക്കുഴപ്പം ഉണ്ടാവുകയില്ലെന്നും അതിനാവശ്യമായ ഭക്ഷ്യധാന്യ സ്റ്റോക്ക് നമ്മുടെ സംസ്ഥാനത്തുണ്ടെന്നും വ്യക്തമായ ഉറപ്പു പറയാൻ ഗവൺമെൻറിന് കഴിയുമോ ?

ശ്രീ. യു. എ. ബീരാൻ : അതിനാവശ്യമായ ബഫർ സ്റ്റോക്കാണ് ഇപ്പോൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : പല ജില്ലകളിലും കൊടുക്കുന്നില്ലെന്ന പരാതി നിലവിലുണ്ട്. അതുപോലെതന്നെ പുലിക്കോടനെന്ന് പറയുന്ന പുഴുത്ത ഉപയോഗശൂന്യമായ അരിയാണ് കഴിഞ്ഞയാഴ്ച വിതരണം ചെയ്തതെന്നുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ : പുലിക്കോടൻ അരിയും ഇരുമ്പരിയും കൊടുക്കരുതെന്ന് എഫ്. സി. ഐ. കാരോട് പറഞ്ഞിട്ടുണ്ട്. ഇരുമ്പരി ഓക്ഷൻ ചെയ്ത് വിൽക്കണമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ : പാലക്കാട് സഹകരണ മാർക്കററിംഗ് സൊസൈററി ഇരുപത്തഞ്ച് കൊല്ലത്തിലധികമായിട്ട് ചിററൂർ താലൂക്കിന്റെ പല പ്രദേശങ്ങളിലും കൊല്ലങ്കോട് ഫർക്ക ഉൾപ്പെടെയുള്ള സ്ഥലങ്ങളിലും വിതരണം ചെയ്തിട്ടുണ്ട്. രണ്ടു കൊല്ലത്തിനു മുമ്പ് ഗവൺമെൻറ് സഹകരണസംഘത്തിൽ നിന്ന് മാററി ഒരു സ്വകാര്യ വ്യക്തിയ്ക്ക് കൊടുത്തത തെററാണെന്ന് കാണിച്ചു കൊടുത്ത റിവിഷൻ ഹർജി ഗവൺമെൻറിന്റെ മുമ്പിൽ നിൽക്കുന്നുണ്ട്. അവർ എടുത്ത് നടത്താൻ തയ്യാറാണ്. ആ കാര്യത്തിലുള്ള ഗവൺമെൻറിന്റെ സമീപനം എന്താണ് ?

ശ്രീ. യു. എ. ബീരാൻ: അത് ഒരു വർഷം മുമ്പ് നടന്ന സംഭവമാണ്. വളരെയധികം ഷാപ്പുകൾ ഹോൾസെയിലേഴ്സ് നടത്താൻ ബുദ്ധിമുട്ടുണ്ടെന്ന് കാണുമ്പോൾ ചില സ്ഥലങ്ങളിൽ ഹോൾസെയിൽസ് കൂടുതലായി കൊടുക്കേണ്ടിവരും. ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞ കേസ് ഹൈക്കോടതിയിൽ പോയിട്ട് സഹകരണ സംഘങ്ങൾ പരാജയപ്പെട്ട സ്ഥിതിയിലാണ് ഇപ്പോൾ.

ശ്രീ. എ. കെ. ശശീന്ദ്രൻ : 1,25,000 ടൺ അരി കേന്ദ്രം തരാമെന്നറിയിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ അരി ഇരുമ്പരിയാണോ നല്ല അരിയാണോ ? ഏതു തരത്തിലുള്ള അരിയാണെന്ന് ഉറപ്പുവരുത്താൻ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : ഇരുമ്പരിയും അതുപോലുള്ള അരിയും ഇവിടെ തരരുത് പുഴുക്കലരി തരണമെന്ന് കേന്ദ്രത്തോടും എഫ്. സി. ഐ. യോടും ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ : ഇപ്പോൾ അനുവദിച്ച അരി ഇവിടെ എത്തിയിട്ടുണ്ടോ ; വേഗം കൊടുക്കാൻ തുടങ്ങുമോ ; കണ്ണൂർ ജില്ലയിൽ വിതരണം സ്തംഭിച്ചുവെന്ന് പറഞ്ഞപ്പോൾ അതിന് ഏർപ്പാടു ചെയ്തുവെന്നു പറഞ്ഞു. എന്ത് ഏർപ്പാടാണ് ചെയ്തത് ; റേഷൻ കൊടുക്കുമോ ഇല്ലയോ ; കേന്ദ്രം അരി തരുന്നില്ലെങ്കിൽ തരുന്നില്ലെന്ന് പറയാനുള്ള നട്ടെല്ല് കാണിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : കേന്ദ്രം തരുന്നില്ലെങ്കിൽ തരുന്നില്ലെന്ന് പറയാനുള്ള നട്ടെല്ല് കാണിക്കും. കേന്ദ്രം അലോട്ടു ചെയ്യുന്നുണ്ട്. പക്ഷെ എഫ്. സി. ഐ. ക്കാർ അത് മുഴുവനും തരുന്നില്ല. ഏർപ്പാട് ചെയ്യുകയെന്നു പറഞ്ഞാൽ ഒരു സ്ഥലത്ത് ഇല്ലെങ്കിൽ മററ് ഡിപ്പോകളിൽനിന്നും എഫ്. സി. ഐ. കാർ അങ്ങോട്ട് ഷിഫ്ററ് ചെയ്യുകയാണ് പതിവ്.

ശ്രീ. എ. കെ. പത്മനാഭൻ : പഞ്ഞ മാസങ്ങളിൽ, റേഷൻ ഷോപ്പുകളിൽ അരി ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ, റേഷൻ ഷോപ്പുകളിൽ വരുന്ന അരി ഹോൾസെയിൽ ഡീലേഴ്സ് കരിഞ്ചന്തയിൽ വിററതായ സംഭവമുണ്ടായിട്ടുണ്ട്. കവായിലാണ്ടിയിലെ ഒരു ഡിപ്പോയിൽനിന്ന് അരി കരിഞ്ചന്തയിൽ വിററതിനെതിരായി നടപടിയെടുത്ത കോഴിക്കോട് ജില്ലാ സപ്ലൈ ആഫീസറെ മാററിയ അനുഭവവും മുന്നിലുണ്ട്. റേഷൻ ഷോപ്പ് ഡീലേഴ്സ് കരിഞ്ചന്തയിൽ അരി വിൽക്കുമ്പോൾ, അതിനെതിരെ നടപടിയെടുക്കുന്ന ഉദ്യോഗസ്ഥൻമാർക്കെതിരായി എന്തെങ്കിലും നടപടിയെടുക്കുന്നത തടയാൻ ഗവൺമെൻറ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ : ഇത് കുറെ മാസങ്ങൾക്കുമുമ്പ് നടന്ന സംഭവമാണ്. ഇപ്പോഴൊന്നും നടന്ന സംഭവമല്ല. ഇപ്പോൾ വിജിലൻസ് സ്ക്വാഡ് വളരെ വിജിലൻറായി പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : സംസ്ഥാന ഗവൺമെൻറ് കേന്ദ്രത്തോട് ആവശ്യപ്പെടുന്ന അരി അത്രയും തരുന്നുവെന്ന് വ്യക്തമാക്കുകയുണ്ടായി. അങ്ങനെയാണെങ്കിൽ കേന്ദ്രം തരുന്ന അരി സംസ്ഥാനത്തിന്റെ എല്ലാഭാഗത്തും വിതരണം ചെയ്യുന്നതിൽ വരുന്ന അപാകത എന്തുകൊണ്ടാണ്; അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഈ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. യു. എ. ബീരാൻ : കേന്ദ്രം എഫ്. സി. ഐയ്ക്ക് അലോട്ടു ചെയ്തിട്ട്, എഫ്. സി. ഐയിൽനിന്ന് കിട്ടിയത് മററ് കേന്ദ്രങ്ങളിലേയ്ക്കു എത്തിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. വാഗൺ കിട്ടാത്തതുകൊണ്ട് എഫ്. സി. ഐ. ക്കാർക്ക് ഹൈദരാബാദിൽനിന്നും മററ് സ്ഥലങ്ങളിൽനിന്നും കൊണ്ടുവരാൻ ബുദ്ധിമുട്ടുണ്ട്. അത് പരിഹരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. രാജൻ : ബഹുമാനപ്പെട്ട മന്ത്രി ഇരുമ്പരി വിതരണം ചെയ്യുന്നില്ലെന്ന് പറഞ്ഞു. തൃശ്ശൂർ ജില്ലയിൽ, പലയിടങ്ങളിലും തുടർച്ചയായി ഇരുമ്പരിയാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് ഡി. എസ്. ഒ. കഴിഞ്ഞ ജില്ലാ യോഗത്തിൽ പറഞ്ഞതാണ്. ഈ പഞ്ഞമാസത്തിലെങ്കിലും നിർബന്ധമായും ഇരുമ്പരി വിതരണം ചെയ്യാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : പഴയ സ്റേറാക്ക് വല്ലയിടത്തും കൊടുക്കുന്നുണ്ടോയെന്ന് അറിയുകയില്ല. പക്ഷേ ഈ അരി കൊടുക്കാൻ പാടില്ലായെന്ന് ഞങ്ങൾ വളരെ കർശനമായി എഫ്. സി. ഐ ക്കാരോട് പറഞ്ഞിട്ടുണ്ട്.

ശ്രീ. ബേബി ജോൺ : സംസ്ഥാനത്തിനാവശ്യമായ അരി കേന്ദ്രം അലോട്ട് ചെയ്യുന്നുണ്ടെന്നും കേന്ദ്രത്തിന്റെ സ്ഥാപനമായ കോർപ്പറേഷനാണ് അലോട്ട്മെൻറ് മുഴുവൻ തരാതിരിക്കുന്നത് എന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഫലത്തിൽ നമുക്ക് അരി ആവശ്യത്തിന് ലഭിക്കാതിരിക്കുകയാണ്. ഈ വിവരം കേന്ദ്രഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തി, അലോട്ട്മെൻറ് മുഴുവനും സംസ്ഥാനത്തിന് കിട്ടത്തക്കവണ്ണമുള്ള ഏർപ്പാട് ചെയ്യുമോ ?

ശ്രീ. യു. എ. ബീരാൻ ; അത് എഴുതിയിട്ടുണ്ട്. അതിനുപുറമേ ഞാൻ ആദ്യം പറഞ്ഞപോലെ, സ്റേററ് ഗവൺമെൻറ് ഹൈലെവൽ കമ്മിററി രൂപീകരിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

### വ്യാപാരി-വ്യവസായി സംഘടനയുടെ നിവേദനം

* 112. [179] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, സി. വാസുദേവമേനോൻ :
,, കെ. പി. അരവിന്ദാക്ഷൻ :
,, ടി. കെ. ഹംസ :
,, എം. ജിനദേവൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി ഘടനയിൽ സമഗ്രമായ മാററം വരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ വ്യാപാരി-വ്യവസായി സംഘടന സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു ; ഈ കാര്യത്തിൽ ഗവൺമെൻറിൻെറ നയം വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) കേരളത്തിലെ വ്യാപാരികളുടെയും വ്യവസായികളുടെയും നികുതിഭാരം ലഘൂകരിക്കുന്നതിനും അവർക്കു ആശ്വാസം പകർന്നുകൊടുക്കുന്നതിനും പല നടപടികളും 1982-83-ലെ ബഡ്ജററിലൂടെ കൈക്കൊള്ളുകയുണ്ടായിട്ടുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സാധനങ്ങൾ വിപണനം ചെയ്യുന്ന അവസരത്തിൽ വിവിധ പോയിൻറുകളിൽ ഈടാക്കിവരുന്ന വിൽപ്പന നികുതി ഒരു പോയിൻറിൽ ഈടാക്കി സാധാരണക്കാരെ സഹായിക്കാനുള്ള ഒരു ഏർപ്പാടുണ്ടാക്കാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ ?

ശ്രീ. കെ. എം. മാണി: അത് നല്ലൊരു ആശയമാണ്. വളരെയധികം സാധനങ്ങൾ നമ്മൾ ഏകമുഖ വില്പനനികുതിയിലേക്ക് മാററിയിട്ടുണ്ട്. അതുകൊണ്ട് കാര്യമായി, വളരെയധികം സാധനങ്ങൾ മൾട്ടിപോയിൻറിൽ ഇല്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : വ്യാപാരി-വ്യവസായി സംഘടനകളുടെ നിവേദനം കിട്ടിയിട്ടുണ്ടെന്ന് പറഞ്ഞു. 1982-83-ലെ ബഡ്ജററിൽ അവർക്ക് ആശ്വാസനടപടികൾ കൊടുത്തിട്ടുണ്ടെന്നും പറഞ്ഞു. അത് ഐക്യജനാധിപത്യമുന്നണിയും വ്യാപാരി-വ്യവസായി സംഘടനയും തമ്മിൽ എലക്ഷനുമുമ്പ് ഉണ്ടാക്കിയ കരാറ് നടപ്പിലാക്കിയതല്ലേ? 1982-83-ലെ ബഡ്ജററുകൊണ്ട് അവർക്ക് ആനുകൂല്യം ചെയ്തുകൊടുത്തതെന്ന് ന്യായമായി സംശയിക്കുന്നതിൽ എന്തെങ്കിലും തെററുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. കെ. എം. മാണി: ഈ മുന്നണി ആരുമായും ഒരു കരാറും ഉണ്ടാക്കിയിട്ടില്ല. സാമാന്യജനങ്ങളൊക്കെയും ഈ മുന്നണിയിൽ വിശ്വാസമർപ്പിച്ച് മുന്നണിക്ക് അനുകൂലമായി വോട്ടുചെയ്തതാണ്.

ശ്രീ. സി. വാസുദേവമേനോൻ: വ്യാപാരി-വ്യവസായി സംഘടന സമർപ്പിച്ച മെമ്മോറാണ്ടം എപ്പോഴാണ് ഗവൺമെൻറിന് കിട്ടിയത്? നികുതി ഘടനയെ സംബന്ധിച്ചു മാത്രമേ അതിൽ പറയുന്നുള്ളോ, പൊതുവിതരണ ഏർപ്പാടിനെ സംബന്ധിച്ച് എന്തെങ്കിലും പറയുന്നുണ്ടോ? അതിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: വ്യാപാരി-വ്യവസായി സംഘടന പല നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ട്. കൃത്യമായി തീയതി ഓർക്കുന്നില്ല; അവരുടെ ഒരു സംസ്ഥാന സമ്മേളനം നടന്നതിനുശേഷം ഒരു ചാർട്ടർ ഓഫ് ഡിമാൻറ് അവർ ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്. അതിൽ ഏതാണ്ട് 17 ഡിമാൻറുകളുണ്ട്. ബേസിക്കായി ടാക്സ് മാററുന്നതിനെസംബന്ധിച്ച പല നിർദ്ദേശങ്ങളുമുണ്ട്.

ശ്രീ. സി. വാസുദേവമേനോൻ: പൊതുവിതരണസംവിധാനത്തിനെതിരായി നിവേദനത്തിൽ എന്തെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ എന്നാണ് ചോദ്യം.

ശ്രീ. കെ. എം. മാണി: അത് എനിക്ക് ഓർമ്മയില്ല.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: വ്യാപാരി-വ്യവസായി സംഘടന മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ട, നികുതിഘടനയിൽ അവർക്ക് കിട്ടേണ്ട ആനുകൂല്യത്തെസംബന്ധിച്ച അതെ നിർദ്ദേശം അപ്പാടെ ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? അതോ എന്തെങ്കിലും ഭേദഗതിയോടുകൂടിയാണോ ഉൾപ്പെടുത്തിയിട്ടുള്ളത്?

ശ്രീ. കെ. എം. മാണി: വ്യാപാരി-വ്യവസായി സംഘടനയുടെ ഡിമാൻറുകളൊന്നും അപ്പാടെ ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഏത് സംഘടനയാകട്ടെ, സംസ്ഥാനത്തെ വ്യാപാരികൾക്ക് മൊത്തം ആശ്വാസം നൽകുന്ന ചില പരിപാടികൾ നമ്മുടെ ബഡ്ജററിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ട് എന്നു മാത്രമേയുള്ളു.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: വ്യാപാരികൾ നൽകുന്ന റിട്ടേൺസിൻെറ അടിസ്ഥാനത്തിൽ മാത്രം നികുതി പിരിക്കുക എന്നുള്ളത് നമ്മുടെ നികുതിഘടനയെത്തന്നെ അപകടപ്പെടുത്തുന്ന രീതിയിലാണെന്നുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: അങ്ങനെയൊന്നുമില്ല. റിട്ടേൺസിനെമാത്രം ആശ്രയിച്ചുകൊണ്ടല്ല നികുതി പിരിക്കുന്നത്. ഈ ഗവണ്മെൻെറ ബഡ്ജററിൽ, രണ്ടു ലക്ഷംവരെ ടേണോവറുള്ള ചെറുകിട വ്യാപാരികളെസംബന്ധിച്ചിടത്തോളം അവർ നൽകുന്ന റിട്ടേൺസിൻെറ അടിസ്ഥാനത്തിൽ ആദ്യം നികുതി ചുമത്തുകയും മൂന്നു വർഷത്തിലൊരിക്കൽ കണക്ക് പരിശോധിച്ച് അത് ഫൈനലൈസ് ചെയ്യുകയും ചെയ്യുക എന്ന സിംപ്ലിഫൈഡ് സിസ്ററമാണ് അനുവർത്തിച്ചിട്ടുള്ളത്. അതുകൊണ്ട് നികുതി നഷ്ടമുണ്ടാവുകയില്ല.

ശ്രീ. ടി. കെ. ഹംസ: വ്യാപാരി-വ്യവസായി സംഘടന ഈ സർക്കാർ അധികാരത്തിൽ വരാൻ ഉള്ളഴിഞ്ഞു പ്രവർത്തിച്ചവരാണെന്നുള്ളത് പരിഗണിച്ച് അവരുടെ മെമ്മോറാണ്ടം ഗൗരവപൂർവ്വം പരിഗണിക്കുമോ?

ശ്രീ. കെ. എം. മാണി: ഈ ഗവൺമെൻറ് അധികാരത്തിൽ വരാതിരിക്കാൻ വേണ്ടി ശ്രമിച്ചവരുടേയും ന്യായമായ അവകാശങ്ങൾ ഈ ഗവൺമെൻറ് പരിഗണിക്കുന്നതാണ്.

ശ്രീ. ടി. കെ. ഹംസ: ഇന്നത്തെ സൗജന്യം ചെറുകിട വ്യാപാരികൾക്കും മൊത്തവ്യാപാരികൾക്കും ഒരുപോലെ അനുഭവിക്കാൻ കഴിയുന്നതാണോ?

ശ്രീ. കെ. എം. മാണി: മൊത്തവ്യാപാരികളുടെ ന്യായമായ കാര്യങ്ങളെല്ലാം ഗവൺമെൻറ് പരിശോധിക്കും. ചില കാര്യങ്ങൾ ചെയ്തുകൊടുത്താൽ എല്ലാപേർക്കും ഗുണമുണ്ട്.

ശ്രീ. എം. ജിനദേവൻ: വില്പനനികുതി മാററി എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തുന്നതിനെ വ്യാപാരി-വ്യവസായി സംഘടന അനുകൂലിച്ചിട്ടുണ്ടോ? അതിനോട് ഗവൺമെൻറിൻെറ സമീപനമെന്താണ്?

ശ്രീ. കെ. എം. മാണി: വില്പനനികുതി ആകെ എടുത്തുമാററണം വില്പനനികുതിയെന്നു പറയുന്ന സമ്പ്രദായമേ വേണ്ട, നികുതി ചുമത്തുകയേ വേണ്ട എന്നുള്ളതാണ് വ്യാപാരി-വ്യവസായി സംഘടനയുടെ ആവശ്യങ്ങളിൽ ഒന്ന്. അതിനോട് ഈ ഗവൺമെൻറിന് യോജിക്കാൻ കഴിയുകയില്ല. വില്പനനികുതി എടുത്തുമാററുന്ന പ്രശ്നമേയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ജിനദേവൻ: തമിഴ്നാട്ടിൽനിന്ന് ടാക്സ് അടച്ച് കൊണ്ടു വരുന്ന സാധനങ്ങൾ കേരളാ അതിർത്തിയിലുള്ള ചെക്ക്പോസ്ററുകളിൽ തടഞ്ഞുനിറുത്തി, ആവശ്യമില്ലാതെ, സാധനങ്ങൾ കൊണ്ടുവരുന്നതിന് തടസ്സ മുണ്ടാക്കുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത് ഒഴിവാക്കാൻ നടപടിയെടുക്കുമോ?

ശ്രീ. കെ. എം. മാണി: നികുതിവെട്ടിപ്പ് തടയുന്നതിനുവേണ്ടി ചെക്ക് പോസ്ററുകൾ ഉണ്ടാക്കിയിട്ടുണ്ട്. അവയുടെ പ്രവർത്തനത്തിൽ എവിടെ യെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടാകാം. ഏതെങ്കിലും പ്രത്യേക കാര്യമുണ്ടെ ങ്കിൽ അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ തക്കതായ നടപടി സ്വീകരിക്കാം.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: വില്പനനികുതി ഈടാക്കുന്നതിന് പകുതിയോളം മാത്രമേ എൻറർ ചെയ്യുന്നുള്ളു എന്നുള്ളത് മനസ്സിലാക്കി മുഴുവൻ വില്പനനികുതിയും കണക്കാക്കാനാവശ്യമായ നടപടി സ്വീകരി ക്കുമോ?

ശ്രീ. കെ. എം. മാണി: ഒരു പൈസപോലും ഗവൺമെൻറിന് നഷ്ടം വരാത്തനിലയിൽ മുഴുവൻ നികുതിയും സർക്കാരിന് ലഭിക്കത്തക്കവണ്ണമുള്ള ഏർപ്പാടുകൾ ചെയ്യും.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: വ്യാപാരികൾ പകുതിമാത്രമേ ബില്ലിൽ കാണിക്കുന്നുള്ളു. അതിൻെറ ഫലമായി ഗവൺമെൻറിന് കിട്ടേണ്ട സംഖ്യ അനവധി നഷ്ടം പോകുന്നു. അത് ഈടാക്കാൻ ആവശ്യമായ വല്ല പുതിയ സംവിധാനവും ആവിഷ്ക്കരിക്കുമോ?

ശ്രീ. കെ. എം. മാണി: നികുതിവെട്ടിപ്പ് ശ്രമങ്ങൾ ഈ രാജ്യത്ത് അവിടെയും ഇവിടെയും ഉണ്ട്. അത് കണ്ടുപിടിക്കുന്നതിനുവേണ്ടി, സെയിൽസ്ടാക്സിൻെറ ഇൻറലിജൻറ് വിഭാഗം വളരെ ശക്തിയായി പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. ഒ. ഭരതൻ: വ്യാപാരി—വ്യവസായി സംഘടനയുടെ ആളുകൾ ഉന്നയി ച്ചിട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി അവരുടെ സംഘടനയു ടേയും വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടേയും ഒരു സംയുക്ത ചർച്ചാസമ്മേളനം വിളിച്ചുകൂട്ടുന്നതിനാവശ്യമായ നടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: സംഘടനാപ്രതിനിധികളും വിവിധ രാഷ്ട്രീയ കക്ഷികളും തമ്മിലുള്ള ചർച്ചയുടെ ആവശ്യമില്ല. രാഷ്ട്രീയമായ രീതിയിൽ നീക്കാതിരിക്കുകയാണ് നല്ലത്. അവരുടെ ന്യായമായ കാര്യങ്ങളൊക്കെയും ഈ ഗവൺമെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയും ചർച്ചകൾ ആവശ്യ മെങ്കിൽ നടത്താൻ തയ്യാറാണ്.

ശ്രീ. ഒ. ഭരതൻ: വ്യാപാരി—വ്യവസായി സംഘടന പ്രതിനിധാനം ചെയ്യു ന്നത് വലിയ മൊത്ത കച്ചവടക്കാരായിട്ടുള്ള വ്യാപാരികളും വ്യവസായികളും ആണെന്ന കാര്യം ഗവൺമെൻറിന് അറിയാമോ?

ശ്രീ. കെ. എം. മാണി: വ്യാപാരി-വ്യവസായി സംഘടനയിൽ ധാരാളം ചെറുകിടക്കാരായ വ്യവസായികളും വ്യാപാരികളുമുണ്ട്. അവിടെയുമിവി ടെയും ഒററപ്പെട്ട്, വൻകിടക്കാരായ ആളുകളുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ : സർ, വ്യാപാരി—വ്യവസായി സംഘടനകൾ തന്ന നിവേദനത്തിൽ പല കാര്യങ്ങളും നടപ്പാക്കി എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഗുലാത്തിക്കമ്മീഷൻ റിപ്പോർട്ട് ഇതിനകം എത്രകണ്ടു നടപ്പാക്കി? അതു നടപ്പാക്കിയാൽ ഇവർ പറയുന്ന പല പ്രശ്നങ്ങൾക്കും പരിഹാരംകാണാൻ കഴിയുകയില്ല. അങ്ങനെയാണെങ്കിൽ എന്തെല്ലാം നടപ്പാക്കിയെന്നു വിശദീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ഗുലാത്തിക്കമ്മീഷൻ റിപ്പോർട്ടിൽ പല നല്ല കാര്യങ്ങളുമുണ്ട്. അതിൽ ഏറിയ പങ്കും ഈ ഗവൺമെൻറ് നടപ്പിലാക്കിക്കഴിഞ്ഞിരിക്കുകയാണ്. എന്തെല്ലാം നടപ്പാക്കി എന്നു വിശദമായി പറയുന്നതിന് നോട്ടീസ് വേണം.

ശ്രീ. കാനം രാജേന്ദ്രൻ : ഗുലാത്തിക്കമ്മീഷൻ റിപ്പോർട്ടിൽ ചെറുകിട വ്യാപാരികൾക്കനുകൂലമായി ചില നടപടികൾ സ്വീകരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ആ കാര്യത്തെക്കുറിച്ച് ഗവൺമെൻറിൻെറ അഭിപ്രായമെന്താണ് ?

ശ്രീ. കെ. എം. മാണി : ഗുലാത്തിക്കമ്മീഷൻ റിപ്പോർട്ടിലെ ഒരു പ്രധാനമായ ശുപാർശ മൾട്ടിപോയിൻറു സിംഗിൾ പോയിൻറ് ആക്കുക എന്നതായിരുന്നു. ആദ്യം 103 ഐറ്റംസ് മാത്രമാണ് സിംഗിൾ പോയിൻറിൽ ഉണ്ടായിരുന്നത്. പക്ഷേ നികുതി നിയമഭേദഗതിയിൽ 980-ൽ ഏതാണ്ട് 63 ഐറ്റംകൂടി സിംഗിൾ പോയിൻറിലേക്കു മാററി. 170 ഐറ്റംസ് സിങ്കിൾ പോയിൻറിൻെറ കീഴിലുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഇന്നു നിലവിലുള്ള കേരളാ ജനറൽസെയിൽസ്ടാക്സ് ആക്ടിൽ മൾട്ടിപോയിൻറു ടാക്സിൽ ഏർപ്പെടുത്തിയിരുന്ന വ്യവസ്ഥകൾ മാററി എല്ലാ കൺസ്യൂമർ ഗുഡ്സിനും സിങ്കിൾ പോയിൻറ് ടാക്സ് ഏർപ്പെടുത്തുന്ന കാര്യത്തിനുവേണ്ടി ഭേദഗതി വരുത്താൻ ഗവൺമെൻറ് ആലോചിക്കുമോ ? അതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, എല്ലാം സിങ്കിൾ പോയിൻറിലേക്കാക്കാൻ ഗുലാത്തിക്കമ്മീഷൻപോലും ശുപാർശചെയ്തിട്ടില്ല. ഇപ്പോൾ വളരെ പരിമിതമായ എണ്ണംമാത്രമേ മൾട്ടിപോയിൻറിൽ ഉള്ളു ബഹുഭൂരിപക്ഷവും സിങ്കിൾ പോയിൻറിലേക്ക് മാററിക്കഴിഞ്ഞിരിക്കുന്നു. ഇനിയിപ്പോൾ ഈ വ്യാപാരികൾക്ക് ബുദ്ധിമുട്ടില്ല.

## കേരവികസന പരിപാടി

* 113. [180] ശ്രീ. സാം ഉമ്മൻ :
,, വി. വി. ജോസഫ് :
,, പി. സി. ജോർജ് :
,, ടി. എസ്. ജോൺ :
,, സി. എഫ്. തോമസ് :
,, ഇ. ജെ. ലൂക്കോസ് :
,, വി. എം. സുധീരൻ :
,, തച്ചടി പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര കേരവികസന പരിപാടി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തെങ്ങുകൾക്ക് മരുന്ന് തളിച്ചു ;

(ബി) എത്ര തെങ്ങുകൾ വെട്ടി മാററി ;

(സി) ഈ വർഷം ഈ പദ്ധതിപ്രകാരം എന്തെല്ലാം പരിപാടികൾ നടപ്പാക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. സിറിയക് ജോൺ ) :

(എ) സമഗ്ര കേരവികസന പരിപാടിയും തെങ്ങുകൾക്ക് മരുന്നുതളിക്കുന്നതിനുള്ള പരിപാടിയും രണ്ടു വ്യത്യസ്തങ്ങളായ പദ്ധതിയാണ്. തെങ്ങിനു മരുന്നുതളിക്കാനുള്ള പദ്ധതിപ്രകാരം 1981-82-ൽ 43,10,000 തെങ്ങുകൾക്ക് മരുന്നു തളിച്ചു.

(ബി) സമഗ്ര കേരവികസന പരിപാടിപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1,17, 062 തെങ്ങുകൾ വെട്ടിമാററി.

(സി) മരുന്നുതളി പദ്ധതിയിലും സമഗ്ര കേര വികസന പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പരിപാടികളും തുടർന്നും നടപ്പിലാക്കുന്നതാണ്.

(ഡി) ഓലചീയൽ രോഗപ്രതിരോധത്തിനുള്ള മരുന്നുതളി തിരുവനന്തപുരം കൊല്ലം, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടത്തിവരുന്നു. വേരുചീയൽ രോഗംബാധിച്ച തെങ്ങിൻ തോട്ടങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള ഒരു പദ്ധതിയും നടപ്പാക്കിവരുന്നു. കൂടാതെ കുമിൾരോഗങ്ങൾക്കെതിരായി മരുന്നു തളിക്കുന്നതിനുവേണ്ടിയുള്ള കുമിൾനാശിനികൾ കൃഷിവകുപ്പിന്റെ കീഴിലുള്ള എല്ലാ ആഫീസുകളിലും വാങ്ങി വിൽപ്പനയ്ക്കായി സ്റ്റോക്കു ചെയ്തിട്ടുണ്ട്. മരുന്നുതളിക്കുള്ള സ്പ്രേയറുകളും മിതമായ വാടകയ്ക്ക് നൽകിവരുന്നുണ്ട്.

ശ്രീ. സാം ഉമ്മൻ : തെങ്ങിൻതൈ വിതരണത്തിൽ പല ആക്ഷേപങ്ങളും പറഞ്ഞു കേൾക്കുന്നു. പാവുതേങ്ങ ശേഖരിക്കുന്നതിനും തെങ്ങിൻതൈ ഉണ്ടാക്കുന്നതിലും വച്ചുപിടിപ്പിക്കുന്നതിലും ഡിപ്പാർട്ടുമെൻറ് വളരെയേറെ അനാസ്ഥ കാണിക്കുന്നു എന്നും തൻമൂലം കേരകർഷകർക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെന്നും ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന് എന്തെങ്കിലും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാമോ ?

ശ്രീ. സിറിയക് ജോൺ : പൊതുവായ ആക്ഷേപങ്ങൾ ഉണ്ടെന്നല്ലാതെ വ്യക്തമായ ആക്ഷേപങ്ങൾ ഇല്ല. ഇതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ ആക്ഷേപം തരികയാണെങ്കിൽ പരിശോധിക്കുന്നതാണ്.

ശ്രീ. വി. വി. ജോസഫ് : സർ, തെങ്ങു വെട്ടിമാററുന്ന പദ്ധതിക്കുവേണ്ടി പഞ്ചായത്തുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ?

ശ്രീ. സിറിയക് ജോൺ : ഈ ഫയലിൽ നോക്കിയിട്ട് പ്രത്യേകമായ മാനദണ്ഡമൊന്നും കാണുന്നില്ല. പ ത്ത ു ം തെ ങ്ങ യ ി ൽ കുറവുള്ള തെങ്ങ് അൺ എക്കണോമിക് ആണെന്നുള്ള അടിസ്ഥാനത്തിൽ അതു വെട്ടിമാററി റീപ്ലേസ് ചെയ്യാനുള്ളതാണ് ഈ സ്കീമിന്റെ ഉദ്ദേശം.

ശ്രീ. വി. വി. ജോസഫ് : ഈ മരുന്നുതളി ഇപ്പോൾ പഞ്ചായത്തുകളെയാണ് ഏൽപ്പിച്ചിരിക്കുന്നത്. മെഷീനുകളും തുരിശും മററും പഞ്ചായത്തുകളിൽ കൊണ്ടേൽപ്പിക്കുകയാണ് ചെയ്യുന്നത്. ശരിയായ മേൽനോട്ടമില്ലാത്തതുകൊണ്ട് കാര്യക്ഷമമായി നടക്കുന്നില്ല. ഇതു കാര്യക്ഷമമായി നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സിറിയക് ജോൺ : പഞ്ചായത്തുകൾ പ്രത്യേക കമ്മിററിയൊക്കെ രൂപീകരിച്ച് അതാതിടങ്ങളിൽ കിട്ടുന്ന തൊഴിലാളികളെ ഉപയോഗിച്ച് ഈ മരുന്നുതളിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പക്ഷേ ഫലപ്രദമായി നടത്തുന്നില്ലായെന്ന് പല സ്ഥലങ്ങളിൽ നിന്നും ആക്ഷേപമുണ്ട്. അടുത്ത പതിനഞ്ചാം തീയതി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുന്നുണ്ട്. അതിൽ വ്യക്തമായ പരിപാടികൾ ആവിഷ്ക്കരിക്കും.

ശ്രീ. പി. സി. ജോർജ് : ഈ പതിനഞ്ചാം തീയതി കോൺഫറൻസ് കൂടുമെന്ന് മന്ത്രി പറഞ്ഞു. കഴിഞ്ഞവർഷം മരുന്നു തളിക്കാൻ തൊഴിലാളികളെ കിട്ടിയില്ലെന്നുള്ളതാണ് കാരണം. കൂലി വളരെ കുറവായിരുന്നു. അതുകൊണ്ട് 15-ാം തീയതി കോൺഫറൻസ് കൂടുമ്പോൾ സ്വല്പം കൂലി വർദ്ധനവ് നിശ്ചയമായും ഏർപ്പെടുത്തി ഈ പരിപാടി വിജയിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. സിറിയക് ജോൺ : 15-ാം തീയതിയിലെ കോൺഫറൻസിനെ സംബന്ധിച്ച് ഇപ്പോഴേ മുൻകൂട്ടിതന്നെ ടേംസ് ഓഫ് റഫറൻസ് വയ്ക്കുന്നത് ശരിയായിരിക്കുകയില്ല.

ശ്രീ. പി. സി. ജോർജ്ജ് : സർ, തെങ്ങ് വെട്ടിക്കളയുന്ന പരിപാടി അനുസരിച്ച് മീനച്ചിൽ താലൂക്കിൽ ഈ പരിപാടി നടക്കുന്നുണ്ടോ ? ആദ്യം ആ ചേർത്തല ഭാഗത്താണ് ഉണ്ടായിരുന്നത്. ആ രാഷ്ട്രീയ ചിന്താഗതി വിട്ടിട്ട് ഈ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളും നമ്മുടെ സംസ്ഥാനത്ത് ഉള്ളതാണെന്ന് കണക്കാക്കി നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി എല്ലാ പഞ്ചായത്തുകളിലും ഈ സ്കീം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. സിറിയക് ജോൺ : രോഗബാധയുള്ള തെങ്ങുകൾ ഉള്ളയിടങ്ങളിലും അൺഎക്കണോമിക്കലായ തെങ്ങുകളുള്ള സ്ഥലങ്ങളിലും ഇത് ഇനിയും വ്യാപിക്കണം എന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്.

ശ്രീ. സി. എഫ്. തോമസ് : ബഹുമാനപ്പെട്ട മന്ത്രി ഈ പദ്ധതി നടപ്പാക്കിയ ചില ജില്ലകളുടെ പേര് പറഞ്ഞു. ആ ജില്ലകളിൽതന്നെ ചില പഞ്ചായത്തുകളെ മാത്രം തെരഞ്ഞെടുത്ത് മരുന്നു തളിക്കുന്നതുകൊണ്ട് ഇതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം കിട്ടുന്നില്ലെന്നതു പരിഗണിച്ച് എടുത്തിരിക്കുന്ന ജില്ലകളിലെങ്കിലും പൂർണ്ണമായി മരുന്നു തളിക്കാനുള്ള നടപടി എടുക്കുമോ ?

ശ്രീ. സിറിയക് ജോൺ : ചില ജില്ലകൾ തെരഞ്ഞെടുത്തതുതന്നെ ആ ജില്ലകളിലാണ് പ്രധാനമായും അൺ എക്കണോമിക്കലായ തെങ്ങുകൾ ഉള്ളതുകൊണ്ടും തെങ്ങുകൾക്ക് കാര്യമായ രോഗബാധയുള്ളത് എന്നുള്ളതുകൊണ്ടുമാണ്. സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു കാര്യം പരിഗണിക്കാവുന്നതാണ്. വിവിധ പഞ്ചായത്തുകളിൽ അങ്ങിങ്ങായി മാത്രംതെങ്ങുകൾ വെട്ടി മാററുകയും മററും ചെയ്യണമോ ഏതെങ്കിലും ഒരു പ്രത്യേക പഞ്ചായത്തിൽ മുഴുവൻ ശരിയായി ചെയ്യുന്നതാണോ നല്ലത് എന്നതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. സി. എഫ്. തോമസ് : വ്യാപകമായി കാണുന്ന ഈ കാററുവീഴ്ചയും ഓല ചീയലും ആയി വല്ല ബന്ധവും ഉണ്ടോ ? ഉണ്ടെങ്കിൽ കാററു വീഴ്ച തടയാനായിട്ട് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. എന്തെങ്കിലും ഗവേഷണം ഇപ്പോൾ അതേപ്പററി നടത്തുന്നുണ്ടോ എന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സിറിയക് ജോൺ : ഗവേഷണ പരിപാടികൾ നടക്കുന്നുണ്ട്. ഇതിനെ സംബന്ധിച്ചിടത്തോളം ഫലപ്രദമായ പ്രതിവിധി കണ്ടുപിടിച്ചിട്ടില്ല.

ശ്രീ. ഇ. ജെ. ലൂക്കോസ് : വെട്ടിമാററാതെ ഇരിക്കുന്ന പഞ്ചായത്തുകൾക്ക് ഈ സൗകര്യം നൽകുമോ ?

ശ്രീ. സിറിയക് ജോൺ : അത് ആലോചനയിൽ ഇരിക്കുന്നതേയുള്ളു.

ശ്രീ. എ. വി. താമരാക്ഷൻ : കേരളത്തിന്റെ കാർഷിക സമ്പദ്ഘടനയുടെ നട്ടെല്ലായ നാളികേര കൃഷിയെ സംരക്ഷിക്കുന്നതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് ആവിഷ്ക്കരിച്ച തെങ്ങു രോഗത്തിനുള്ള മരുന്നു തളി ഈ വർഷം നടപ്പിലാക്കാൻ കഴിയാത്ത നിലയിൽ വളരെ കുറഞ്ഞ തുകയാണ് ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നുള്ളതു കണക്കിലെടുത്തുകൊണ്ട് കൂടുതൽ തുക ഈ മരുന്നുതളിക്കുവേണ്ടി അനുവദിക്കാൻ ശക്തമായ സമ്മർദ്ദം ചെലുത്താൻ കൃഷി വകുപ്പുമന്ത്രി തയ്യാറാകുമോ ?

ശ്രീ. സിറിയക് ജോൺ : ഇടതുപക്ഷ ജനാധിപതിമുന്നണി ഗവൺമെൻറിന് മാത്രമാണ് ഈ തെങ്ങുരോഗത്തിന് മരുന്ന തളിക്കുന്നതിൽ താൽപ്പര്യമെന്നു പറയുന്നത് ശരിയല്ല. ഈ ഗവൺമെൻറ് അതിനെ സംബന്ധിച്ചിടത്തോളം ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നു ആഗ്രഹിക്കുന്നുണ്ട്. കഴിഞ്ഞവർഷം ബഡ്ജററിൽ നീക്കിവച്ചിരുന്ന തുക തന്നെ ഈ വർഷവും ബഡ്ജററിൽ വക കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 117062 തെങ്ങുകൾ വെട്ടി മാററിയെന്നാണ്. നമ്മുടെ സംസ്ഥാനത്ത് ഒട്ടാകെ ധാരാളം തെങ്ങുകൾ കേടുവന്നത് വെട്ടി മാററിയിട്ടുണ്ട്. അതിന്റെയെല്ലാം ചേർത്തുള്ള കണക്കാണോ പറഞ്ഞത്? അങ്ങനെ വെട്ടി മാററിയിട്ടുള്ള പഞ്ചായത്തുകളിലെ ആ തെങ്ങുകളുടെ ഉടമകൾക്ക് പ്രതിഫലം കൊടുത്തിട്ടുണ്ടോ ?

ശ്രീ. സിറിയക് ജോൺ : കേടുവന്ന തെങ്ങുകൾ വെട്ടി മാററുകയെന്നുള്ളത് മാത്രമല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അൺ എക്കണോമിക്കലായിട്ടുള്ള തെങ്ങുകൾ മുറിച്ചുമാററുക എന്നുള്ളതും ഉദ്ദേശിക്കുന്നുണ്ട്. ഇതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ കണക്കുകൾ ഒരു നോട്ടീസ് തന്നാൽ അന്വേഷിച്ച് പറയാം.

ശ്രീമതി കെ. ആർ. ഗൗരി : ഈ പ്രാവശ്യത്തെ ബഡ്ജററിൽ കഴിഞ്ഞ പ്രാവശ്യം ഉൾപ്പെടുത്തിയിരുന്ന സംഖ്യ അത്രയും ഉൾപ്പെടുത്തിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു കേന്ദ്രഗവൺമെൻറിന്റെ സഹായധനമായി ചേർത്തിരുന്ന തുക കഴിഞ്ഞ പ്രാവശ്യം ഒരു പൈസയെങ്കിലും കിട്ടിയോ ?

ശ്രീ. സിറിയക് ജോൺ : കേന്ദ്രഗവൺമെൻറ് 110 ലക്ഷം ഇതിലേക്ക് സഹായധനമായി തരുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. അത് കേവലം പ്രതീക്ഷ മാത്രമായിരുന്നു. ആ സംഖ്യ ഇതുവരെ കിട്ടിയിട്ടില്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ആലപ്പുഴ ജില്ലയിൽ വെട്ടി മാററിയ തെങ്ങുകൾക്ക് കൃഷിക്കാർക്ക് കൊടുക്കേണ്ട 75 രൂപ കണക്കിലുള്ള പ്രതിഫലതുക അനുവദിച്ചത് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്യേണ്ടതില്ലെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടെലഗ്രാം കൊടുക്കുകയും ആ തുക തിരിച്ച് അടയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുള്ള സംഭവം ഉണ്ടായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സിറിയക് ജോൺ : അങ്ങനെയൊരു സംഭവം ഈ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി : നാളികേര ബോർഡ് സ്ഥാപിക്കപ്പെട്ടിട്ട് ആ നാളികേര ബോർഡ് ഈ ആവശ്യത്തിലേക്കോ മറെറന്തെങ്കിലും ആവശ്യത്തിലേക്കോ നാളികേര കൃഷിക്കാർക്കുവേണ്ടി സംസ്ഥാന ഗവൺമെൻറിനെ ഏതെങ്കിലും വിധത്തിൽ സഹായിച്ചിട്ടുണ്ടോ ?

ശ്രീ. സിറിയക് ജോൺ : അതിന് പ്രത്യേകമായ ചോദ്യം ചോദിച്ചാൽ മാത്രമേ മറുപടി പറയാൻ സാധിക്കുകയുള്ളു.

ശ്രീ. വി. ദിനകരൻ : ഇടതുപക്ഷ ജനാധിപത്യ ഗവൺമെൻറിന്റെ കാലഘട്ടത്തിൽ മാർക്സിസ്ററ് തെങ്ങുകളാണ് വെട്ടി മാററിയതെന്നുള്ള ആക്ഷേപം നിലവിലുണ്ടായിരുന്നോ ? ഉണ്ടെങ്കിൽ അത്തരം ആക്ഷേപം ഉണ്ടാകാതിരിക്കാൻ ഈ ഗവൺമെൻറ് നടപടികൾ എടുക്കുമോ ?

**Mr. Speaker :** That is not in order.

ശ്രീ. കെ. ടി. കണാരൻ : സംസ്ഥാനത്തെ ഏററവും നല്ല വിത്ത് തേങ്ങാ സംഭരണ കേന്ദ്രമായ എന്റെ നിയോജകമണ്ഡലത്തിലെ കാവിലം പാറയിൽ ഒരു കോക്കനട്ട് നേഴ്സറി സ്ഥാപിക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം കോഴിക്കോട് വികസന സമിതിയുടെ പ്രമേയം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ആ നേഴ്സറി സ്ഥാപിക്കുന്നതിനെ സംബന്ധിച്ചിടത്തോളം എം. എൽ. എ. എന്നുള്ള നിലയിൽ ഞാൻ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് പരിഗണിച്ച് അവിടെ ഒരു നേഴ്സറി സ്ഥാപിക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. സിറിയക്ക് ജോൺ : വിത്ത് തേങ്ങാ സംഭരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഏററവും നല്ല പ്രദേശം ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതാണെന്നുള്ള കാര്യം പൊതുവെ എല്ലാവരും അംഗീകരിക്കപ്പെട്ടിരിക്കുന്നതാണ്. അതേസമയം ജില്ലാ വികസന സമിതിയുടേയോ മറേറതെങ്കിലുമോ പ്രമേയം ഇവിടെ കിട്ടിയതായി ഫയലിൽ കാണുന്നില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : നാളികേര വികസന ബോർഡിന്റെ പ്രവർത്തനം ഈ സംസ്ഥാനത്തെ നാളികേര കൃഷിക്കാർക്ക് പ്രയോജനകരമാണെന്നുള്ള അഭിപ്രായം ഈ ഗവൺമെൻറിനുണ്ടോ ? യാതൊരു കാരണവശാലും നാളികേര കൃഷിക്കാർക്ക് പ്രയോജനം ചെയ്യാത്ത ഈ ബോർഡിന്റെ പ്രവർത്തനം നാളികേര കൃഷിക്കാർക്ക് പ്രയോജനപ്പെടുത്താൻവേണ്ടി വല്ല നിർദ്ദേശവും കേന്ദ്ര ഗവൺമെൻറിന്റെ മുമ്പിൽ വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. സിറിയക് ജോൺ : നാളികേര ബോർഡിന്റെ പ്രവർത്തനം പ്രയോജനപ്രദമല്ലെന്നുള്ള അഭിപ്രായം ഈ ഗവൺമെൻറിനില്ല.

ശ്രീ എം. കുഞ്ഞിരാമൻ നമ്പ്യാർ : കാററ് വീഴ്ച രോഗം പിടിപെട്ട തെങ്ങുകൾ വെട്ടിമാററാനുള്ള സഹായധനവും പകരം തെങ്ങുകൾ വച്ചുപിടിപ്പിക്കാനുള്ള സഹായധനവും മലബാർ ഏരിയായിൽ ബാധകമല്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഒരു പക്ഷേ കാററുവീഴ്ചയില്ലാത്തതുകൊണ്ടായിരിക്കാം. ചെന്നീരൊലിപ്പ്മൂലവും ഇടിവെട്ടിയും ധാരാളം തെങ്ങുകൾ നശിച്ചുപോകുന്നുണ്ട്. അവർക്കുകൂടി ഈ സൗജന്യം കൊടുക്കാൻ നടപടിയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സിറിയക് ജോൺ : മലബാർ ഭാഗത്ത് സാരമായി ഈ രോഗം ബാധിച്ചിട്ടില്ലെന്നുള്ളത് ഒരു അനുഗ്രഹമാണ്. അവിടെ രോഗബാധയില്ലാത്തതുകൊണ്ടായിരിക്കും അവിടെ ബാധകമാക്കാത്തത്.

ശ്രീ. എം. കുഞ്ഞിരാമൻ നമ്പ്യാർ : ചെന്നീരൊലിപ്പ് രോഗം ബാധിച്ച് നശിക്കുന്ന തെങ്ങുകൾക്കും ഇടിവെട്ടേററ് നശിക്കുന്ന തെങ്ങുകൾക്കും സഹായം കൊടുക്കുമോയെന്നുള്ളതാണ് അറിയേണ്ടത്.

ശ്രീ. സിറിയക് ജോൺ : പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടായാൽ സഹായധനം കൊടുക്കുന്ന വേറൊരു പദ്ധതി ഉണ്ട്.

ശ്രീ. രാഘവൻ പുഴക്കടവിൽ : തെങ്ങിന്റെ നാടായതുകൊണ്ടാണ് കേരളം എന്നുള്ള പേര് ഉണ്ടായത്. തൃശ്ശൂർ ജില്ല വരെയുള്ള തെക്കൻ മേഖലകളിൽ കാററ് വീഴ്ചയും വേര് ചീയലും മൂലം തെങ്ങുകൾക്കുണ്ടാകുന്ന മാരകമായ രോഗം തടഞ്ഞു നിർത്തത്തക്ക വിധത്തിലുള്ള പ്രതിവിധികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. വടക്കൻ മേഖലകളിലേക്ക് ഇത് പകരാതിരിക്കാനും ഈ വിപത്തിനെ ശക്തിയായി നേരിടാനും കഴിയത്തക്ക വിധത്തിൽ ഗവേഷണ രംഗത്ത് മാററം ഉണ്ടാക്കാൻ നടപടികൾ എടുക്കുമോ ?

ശ്രീ. സിറിയക് ജോൺ : സ്വീകരിക്കാം.

ശ്രീ. എ. കെ. ശശീന്ദ്രൻ : കേരരോഗത്തെ സംബന്ധിച്ചിടത്തോളം രോഗബാധിത പ്രദേശങ്ങളെന്നും രോഗബാധിത പ്രദേശങ്ങളല്ലെന്നും തരം തിരിചിട്ടില്ലെന്നാണ് കേൾക്കുന്നത്. അതിൽ എന്തെങ്കിലും വാസ്തവമുണ്ടോ ? മലബാർ ഏരിയാ രോഗബാധിത പ്രദേശമല്ലെന്ന് പ്രഖ്യാപിക്കാൻ എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ ? അവിടെ കൂമ്പ് ചീയൽ രോഗമുണ്ടെന്ന് മന്ത്രി തന്നെ സമ്മതിച്ച സ്ഥിതിക്ക് മലബാർ ഭാഗത്തെ അത്തരം രോഗബാധ തടയാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. സിറിയക് ജോൺ : മലബാറിൽ ചുരുക്കം ചില തെങ്ങുകൾക്ക് മാത്രമാണ് ആ രോഗം ബാധിച്ചിട്ടുള്ളത്. അടുത്ത കാലത്ത് മാത്രമാണ് അത് കണ്ടുപിടിച്ചിട്ടുള്ളത്. മററ് രോഗങ്ങളെ സംബന്ധിച്ചിടത്തോളം മലബാർ ഭാഗത്ത് താരതമ്യേന തെക്കൻ പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. അതുകൊണ്ടാണ് ഈ പദ്ധതി അങ്ങോട്ട് വ്യാപിപ്പിക്കാത്തത്.

ഡോക്ടർ കെ. സി. ജോസഫ് : കാററ് വീഴ്ച രോഗം ഏററവും കൂടുതൽ ബാധിച്ചിട്ടുള്ള കുട്ടനാട് ഭാഗത്തുകൂടി ഈ നടപടികൾ വ്യാപിപ്പിക്കാൻ പരിശ്രമിക്കുമോ ; രോഗമൊന്നുമില്ലാതെ രാഷ്ട്രീയ വൈരാഗ്യം തീർക്കാൻവേണ്ടി കാവിലംപാറയിൽ നശിപ്പിക്കപ്പെട്ട തെങ്ങുകൾക്ക് ആനുകൂല്യങ്ങൾ നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. സിറിയക് ജോൺ : കുട്ടനാടും ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കപ്പെട്ടിട്ടുള്ള പ്രദേശമാണ്. കാവിലംപാറയിൽ രാഷ്ട്രീയ ബാധയാണ് ആ തെങ്ങുകൾക്ക് ബാധിച്ചിട്ടുള്ളതെന്നുള്ള വിവരമല്ല ഈ ഗവൺമെന്റിന് കിട്ടിയിരിക്കുന്നത്.

ശ്രീ. ആർ. എസ്. ഉണ്ണി : രോഗബാധിത മേഖല തീരുമാനിച്ചിട്ട് എത്ര വർഷമായി ? അവിടവിടെ രോഗം ഉണ്ടാകുന്നതുകൊണ്ട് രോഗമില്ലാത്ത മേഖലകളിൽ അത് വേഗം പടർന്നു പിടിക്കാൻ സാദ്ധ്യതയുള്ളതുകൊണ്ട് കേരളം മൊത്തത്തിൽ പ്രത്യേക രോഗബാധിത മേഖല ഇല്ലാതെതന്നെ തെങ്ങുകൾക്ക് സംരക്ഷണം നൽകാനുള്ള ഒരു പദ്ധതിയെപ്പററി ആലോചിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സിറിയക് ജോൺ : ഇത് കേവലം രോഗബാധ നിയന്ത്രിക്കുന്നതിനു വേണ്ടിമാത്രമുള്ള പരിപാടിയല്ല. നേരത്തെ സൂചിപ്പിച്ചതുപോലെ അൺ എക്കണോമിക്കലായിട്ടുള്ള തെങ്ങുകൾകൂടി വെട്ടിമാററി റീപ്ലെയിസ് ചെയ്യാനും കൂടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്ററർ : ഇവിടെ രോഗബാധമൂലമുള്ള തെങ്ങുകൾ വെട്ടി മാററുന്നതുമാത്രമല്ല ഈ പദ്ധതി അൺ എക്കണോമിക്കലായിട്ടുള്ള തെങ്ങുകൾ വെട്ടി മാററുന്നതും ഇതിൽ ഉൾപ്പെടുമെന്ന് പറഞ്ഞു. അൺ എക്കണോമിക്കലാകുന്നത് രോഗബാധമൂലമാണെന്ന് ഗവൺമെൻറിനറിയാമോ ? രോഗബാധയ്ക്ക് പ്രതിരോധം നടത്താൻ ഫലപ്രദമായ യാതൊരു നടപടിയും ഇല്ല. കാററ് വീഴ്ചയില്ലെന്ന് ഇവിടെ പറഞ്ഞു. കൂമ്പ് ചീയൽ ഉണ്ടായാലും യാതൊരു ഫലപ്രദമായ നടപടികളും ഇതുവരെയും ഉണ്ടായിട്ടില്ലെന്നുള്ളത് പരിഗണിച്ചുകൊണ്ട് സമഗ്രമായ പരിശോധന നടത്തി എന്തെങ്കിലും സംവിധാനം ഉണ്ടാക്കാൻ നടപടികൾ എടുക്കുമോ ? അതോ വെട്ടി മാററൽ മാത്രമായി ഈ പരിപാടി നിൽക്കുമോ ?

ശ്രീ സിറിയക് ജോൺ : ബന്ധപ്പെട്ട അഗ്രിക്കൾച്ചറൽ യൂണിവേഴ്സിററിയോടും കേന്ദ്ര ഗവൺമെൻറിൻെറ അധീനതയിലുള്ള ഗവേഷണ സ്ഥാപനത്തോടും ഇതിനെ സംബന്ധിച്ചിടത്തോളമുള്ള ഗവേഷണം ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി ഈ ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. തോമസ് കല്ലമ്പള്ളി : തെങ്ങുകൾക്ക് മരുന്നു തളിക്കുന്ന ചികിൽസാരീതി ഫലപ്രദമല്ലെന്ന് തെളിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ മറെറന്തെങ്കിലും ഫലപ്രദമായ ചികിൽസാരീതി കണ്ടുപിടിക്കാൻ നടപടികൾ എടുക്കുമോ ? അതുപോലെ ഇതിനേക്കാൾ ഏറെ പ്രാധാന്യത്തോടുകൂടി കേടുവന്ന തെങ്ങുകൾ വെട്ടി മാററുകയെന്നുള്ള പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. സിറിയക് ജോൺ : ഇതിനെപ്പററി നേരത്തെ ഉത്തരം പറഞ്ഞു കഴിഞ്ഞു.

ശ്രീ. വി. കെ. രാജൻ : പ്രകൃതിക്ഷോഭംമൂലം തെങ്ങുകൾക്ക് കേടുണ്ടായാൽ മുൻകാലങ്ങളിൽ നഷ്ടപരിഹാരം കൊടുക്കുന്ന രീതി ഉണ്ടായിരുന്നത് ഈവർഷം മുതൽ നിർത്തലാക്കിയതായിട്ടാണ് കളക്ടർ ജില്ലാ വികസനസമിതിയിൽ പ്രഖ്യാപിച്ചത്. നെൽകൃഷിക്കു മാത്രമേയുള്ളൂ എന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് തെങ്ങുകൾ കേടുവന്നാൽ നഷ്ടപരിഹാരം കൊടുക്കുമെന്നാണ്. മുൻ ഗവൺമെൻറിൻെറ ആ തീരുമാനം നടപ്പിലാക്കാൻ ഈ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. സിറിയക് ജോൺ : പ്രകൃതിക്ഷോഭംമൂലം നാശമുണ്ടായാൽ അതിന് പ്രതിഫലം കൊടുക്കുന്ന ഏർപ്പാട് മുമ്പേ ഉണ്ട്. അതിൽനിന്നും ഈ ഗവൺമെൻറ് പിൻമാറിയിട്ടില്ല.

ശ്രീ തച്ചടി പ്രഭാകരൻ : നമ്മുടെ പ്രദേശത്ത് തെങ്ങുരോഗത്തെപ്പററി ഒരു സർവ്വെ നടത്താൻ മുമ്പ് നടപടികൾ സ്വീകരിക്കുകയും ഇടയ്ക്കുവച്ച് സർവ്വെ നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. ഏത് പ്രദേശത്താണ് ഏററവും കൂടുതൽ തെങ്ങുകൾക്ക് രോഗമുള്ളതെന്നുള്ളതിൻെറ കണക്കെടുത്തിട്ട് ഏററവും കൂടുതൽ തെങ്ങുകൾക്ക് രോഗമുണ്ടായിട്ടുള്ള സ്ഥലത്തിന് മുൻഗണന കൊടുക്കാൻ നടപടികൾ എടുക്കുമോ ?

ശ്രീ. സിറിയക്ജോൺ : ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കാർഷിക വായ്പകൾക്ക് പലിശ ഇളവ്

* 114. [181] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
ശ്രീമതി കെ. ആർ ഗൗരി :
ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, വി. കേശവൻ :
,, ടി. കെ ഹംസ :
,, പി. സി തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട കർഷകർക്ക് കാർഷിക വായ്പകളുടെ പലിശ ഇളവുചെയ്തു കൊടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ എത്ര ഏക്കറിന് താഴെയുള്ള കർഷകർക്കാണ് ഇത് ബാധകമാക്കാനുദ്ദേശിക്കുന്നത് ;

(സി) ഈ കാര്യത്തിൽ മുൻ ഗവൺമെന്റ് എടുത്ത നയത്തിൽ എന്തെങ്കിലും മാററം വരുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. സിറിയക് ജോൺ) :

(എ) വായ്പത്തുക കൃത്യമായി മടക്കി അടയ്ക്കുന്നവർക്ക് പലിശയിൽ 5 ശതമാനം ഇളവ് അനുവദിക്കുന്നതാണ്.

(ബി) 5 ശതമാനം പലിശ ഇളവ് ഭൂപരിധി നോക്കാതെ എല്ലാകൃഷിക്കാർക്കും ബാധകമായിരിക്കും.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കാർഷിക വായ്പകൾക്ക് പലിശ ഇളവു ചെയ്യുന്നതിനെ സംബന്ധിച്ചും കാർഷിക കടാശ്വാസനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചും കേന്ദ്ര ഗവൺമെന്റ് പുതിയ എന്തെങ്കിലും നിർദ്ദേശം ഈ ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ?

ശ്രീ. സിറിയക് ജോൺ : ഇതിന് പ്രത്യേക ചോദ്യം വേണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : 1981-82-ൽ ചെറുകിട കർഷകർക്ക് അനുവദിച്ച പലിശയിളവിന്റെ ഫലമായി ആകെ എത്ര സംഖ്യയുടെ പലിശയിളവ് അനുവദിച്ചിട്ടുണ്ട്?

ശ്രീ. സിറിയക് ജോൺ : 4, 50, 16, 078 രൂപ.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : കേരള ഗവൺമെന്റ് 5 ശതമാനം പലിശ ഇളവുചെയ്യാൻ തീരുമാനിച്ചപ്പോൾ റിസർവ് ബാങ്ക് ഒന്നര ശതമാനം പലിശ കൂട്ടിയതിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് നൽകിയ ആനുകൂല്യം യഥാർത്ഥത്തിൽ കിട്ടുന്നില്ലെന്നുള്ള കാര്യം മനസ്സിലാക്കി പലിശ ഇളവ് വർദ്ധിപ്പിക്കുവാൻ തയ്യാറാകുമോ ?

ശ്രീ. സിറിയക് ജോൺ : അതിനെ സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ഇവിടെ നാലുകോടി അമ്പതു ലക്ഷത്തിൽ ചിലവാനത്തിന്റെ കണക്ക് പറഞ്ഞു. അത് കോ-ഓപ്പറേറ്റീവ് മേഖലയിൽ മാത്രമാണോ, ഗവൺമെന്റ് വേറെ ആനുകൂല്യം കൊടുത്തിട്ടില്ലേ. 78 ലക്ഷമോ 80 ലക്ഷമോ , ഗവൺമെന്റിൽനിന്നും അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റ് മാത്രം ഇതുപോലുള്ള പലിശ ഇളവ് ചെയ്തുകൊടുത്തില്ലേ ?

ശ്രീ. സിറിയക്ജോൺ : അതിന് പ്രത്യേക ചോദ്യം വേണം.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : കഴിഞ്ഞ ഗവൺമെന്റ് കൊടുത്തിട്ടുള്ള കടാശ്വാസം നിലനിറുത്തുവാനും അത് വിപുലമായ തോതിൽ വ്യാപിപ്പിക്കുവാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. സിറിയക് ജോൺ : കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ച കടാശ്വാസം തന്നെയാണ് ഇപ്പോഴും ഈ ഗവൺമെന്റ് തുടർന്നുകൊണ്ടിരിക്കുന്നത്. പിന്നെ അത് വിപുലപ്പെടുത്തുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചനയില്ല.

ശ്രീമതി കെ. ആർ. ഗൗരി : 1981-82-ൽ പലിശ ഇളവ് അനുവദിക്കുന്നതാണെന്ന് ബഡ്ജററ് പ്രസംഗത്തിൽ ഉണ്ടായിരുന്നു. അത് 1978 വരെയുള്ള കടങ്ങൾക്കു ആണ്. അതുപ്രകാരം എന്തു തുക കൃഷിക്കർക്കു ഇളവു ചെയ്തു കൊടുത്തിട്ടുണ്ട്.

ശ്രീ. സിറിയക് ജോൺ : അതിന് പ്രത്യേക ചോദ്യം വേണം.

ശ്രീ. വി. കേശവൻ : പലിശ ഇളവുമൂലം എത്ര കഷിക്കാർക്ക് അതിന്റെ ഗുണം ലഭിച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. സിറിയക് ജോൺ : പ്രത്യേക നോട്ടീസുവേണം.

ശ്രീ. വി. കേശവൻ : പലിശ ഇളവ് ഇനത്തിൽ സഹകരണ സംഘങ്ങൾ വഴി എത്ര കോടി രൂപയുടെ ആനുകൂല്യം കൃഷിക്കാർക്ക് അനുവദിച്ചുകൊടുത്തിട്ടുണ്ട് ?

ശ്രീ. സിറിയക് ജോൺ : കഴിഞ്ഞ വർഷത്തെ കണക്കുപ്രകാരം 4,50,16,078 രൂപ സഹകരണസംഘങ്ങളിൽക്കൂടി പലിശ ഇളവ് ചെയ്തു കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. കെ. ഹംസ : ചെറുകിട കൃഷിക്കാരുടെ നിലവിലുള്ള കടങ്ങൾക്ക് ഒരു കൊല്ലത്തേക്ക് എങ്കിലും മോറട്ടോറിയം ഏർപ്പെടുത്തുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. സിറിയക് ജോൺ : അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടില്ല.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : ബാങ്കുകളിൽനിന്നും ഹ്രസ്വകാല വായ്പകൾ എടുത്തിട്ടുള്ള കർഷകർക്ക് പലിശ ഇളവു ചെയ്യുകയും തിരിച്ചടയ്ക്കുവാനുള്ള കാലാവധി നീട്ടിക്കൊടുക്കുകയും ചെയ്യുന്നതിനാവശ്യമായ സംവിധാനമുണ്ടോ, ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഉണ്ടാക്കുമോ ?

ശ്രീ. സിറിയക് ജോൺ : അങ്ങനെ പൊതുവായി കാലാവധി നീട്ടികൊടുക്കുന്ന സമ്പ്രദായം ഇന്നില്ല.

ശ്രീ. ഇ. കെ. നായനാർ : ചോദ്യം തന്നെ കാർഷിക വായ്പകൾക്ക് പലിശ ഇളവ് ആണ്. 1981-82 അഗ്രികൾച്ചറൽ ലോണിന് എത്ര സംഖ്യ ഇളവു ചെയ്തുകൊടുത്തു ? എത്ര സംഖ്യ ബാക്കി ഉണ്ട്, എത്ര കൃഷിക്കാർക്ക് സഹായം ചെയ്തുകൊടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സിറിയക് ജോൺ : ഗൗരിയമ്മ ചോദിച്ച ചോദ്യത്തെ സംബന്ധിച്ച് മറെറാരു ചോദ്യം ചോദിച്ചാൽ മറുപടി പറയാമെന്നു പറഞ്ഞു. ഇത് സഹകരണ സ്ഥാപനങ്ങളിൽനിന്നും കൊടുക്കുന്ന പലിശ ഇളവിനെ സംബന്ധിച്ചുള്ളതാണ്.

ശ്രീ. ഇ. കെ. നായനാർ : ഞാൻ പറഞ്ഞത് മന്ത്രിക്ക് മനസ്സിലായില്ല. അദ്ദേഹം ഇതിനെക്കുറിച്ച് പഠിച്ചിട്ടില്ല. ഗവൺമെൻറ് കൊടുത്ത പലിശ ഇളവ് എത്രയാണെന്നാണ് എനിക്കറിയേണ്ടത് ?

ശ്രീ. സിറിയക് ജോൺ : അതിന് പ്രത്യേക ചോദ്യം വേണം. ഫയലിൽ നിന്നും പെട്ടെന്ന് കണക്കുകൾ പറയാൻ പ്രയാസമുണ്ട്.

(ബഹളം)

ശ്രീ. തച്ചടി പ്രഭാകരൻ : വായ്പ എന്താണ്, പലിശ ഇളവ് എന്താണ് എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അറിഞ്ഞുകൂടാത്തത് കഷ്ടമാണ്.........

(ബഹളം)

ശ്രീ. ഇ. കെ. നായനാർ : തച്ചടി അല്ല മറുപടി പറയേണ്ടത്......

(ബഹളം)

മന്ത്രിയാണ് മറുപടി നൽകേണ്ടത്.......

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചെയറിൽനിന്നും എഴുന്നേററു നിൽക്കുമ്പോൾ രണ്ടു ഭാഗത്തേയും അംഗങ്ങൾ ഇരിക്കണം. പ്രതിപക്ഷ നേതാവിന്റെ ചോദ്യത്തിന് മറുപടിയായി നോട്ടീസു വേണമെന്നു പറഞ്ഞു. മന്ത്രിയോടു ചോദിക്കുന്ന ചോദ്യങ്ങൾക്ക് വേറൊരാൾ ഉത്തരം പറയേണ്ട കാര്യമില്ല. അതിന് മന്ത്രിതന്നെ മറുപടി പറഞ്ഞാൽ മതി.

ശ്രീ. ഇ. കെ. നായനാർ : പ്രത്യേക നോട്ടീസ് വേണമെന്നു പറഞ്ഞാൽ 12 ദിവസംമുമ്പ് കൊടുത്തതാണ്.............

മി. സ്പീക്കർ : ചോദ്യത്തോടു ബന്ധപ്പെട്ടതായിരുന്നാലും ഡീറെറയിൽസ് വേണമെങ്കിൽ മന്ത്രിക്ക് നോട്ടീസ് ആവശ്യപ്പെടാം.

ശ്രീ. വി. സി. കബീർ . കാർഷിക വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കണമെന്ന കർഷക കോൺഗ്രസ് അടങ്ങിയ കർഷക സംഘടനയുടെ ആവശ്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം എന്താണ്.

ശ്രീ. സിറിയക് ജോൺ : മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിച്ചിട്ടില്ല.

ശ്രീ. കെ. പി. രാമൻ : കൃത്യമായി പണം അടയ്ക്കുന്ന കൃഷിക്കാർക്ക് 5 ശതമാനം പലിശ ഇളവ് അനുവദിക്കുന്നതാണെന്നു പറഞ്ഞു. ആ തീരുമാനം ഏത് ഗവൺമെൻറിന്റെ കാലത്ത് എടുത്തതാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. സിറിയക് ജോൺ : ഈ തീരുമാനം 1980-81 കാലഘട്ടത്തിൽ എടുത്തതാണ്.

ശ്രീ. സി. ടി. കൃഷ്ണൻ : കാർഷിക കടങ്ങൾക്ക് പലിശ വർദ്ധിപ്പിക്കുന്നതുകൊണ്ട് പാവപ്പെട്ട കൃഷിക്കാർക്ക് കാലാകാലങ്ങളിൽ പണം തിരിച്ചടക്കുന്നതിനും വീണ്ടും കൃഷി ഇറക്കുന്നതിനും പണമെടുക്കുവാൻ കഴിയുന്നില്ല. അതുകൊണ്ട് 5 ഏക്കറിന് താഴെയുള്ള കൃഷിക്കാർക്ക് പലിശ ആകെ ഇളവ് അനുവദിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സിറിയക് ജോൺ : കർഷകർക്ക് കഴിയുന്നത്ര ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണമെന്നുള്ളതാണ് ഈ ഗവൺമെൻറിന്റെ ആഗ്രഹം. അതേ യവസരത്തിൽ ഗവൺമെൻറിന്റെ സാമ്പത്തിക പരിമിതി കൂടുതൽ ഇളവു നൽകാൻ അനുവദിക്കുന്നില്ല.

ശ്രീ. സി. എഫ്. തോമസ് : നെൽ കർഷകർ എടുത്തിരിക്കുന്ന വായ്പകൾ തിരിച്ചടയ്ക്കാത്തതുകൊണ്ട് അവരുടെമേൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരിക്കുകയാണ്. അതുകൊണ്ട് ഏററവും കുറഞ്ഞപക്ഷം വിളവെടുപ്പുവരെയെങ്കിലും റവന്യൂ റിക്കവറി നടപടി നിറുത്തിവയ്ക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുമോ ?

ശ്രീ. സിറിയക് ജോൺ : ഈ നിർദ്ദേശത്തെക്കുറിച്ച് തീർച്ചയായും ഗവൺമെൻറ് പരിശോധിക്കുന്നതാണ്.

ശ്രീമതി പി. ദേവൂട്ടി : നെൽകൃഷിക്കാർക്ക് കടത്തിന്റെ പലിശ ഇളവ് ഏതു് വർഷംവരെ കൊടുത്തു കഴിഞ്ഞു, അർഹതപ്പെട്ട മുഴുവൻ കൃഷിക്കാർക്കും കൊടുത്തുകഴിഞ്ഞോ ?

ശ്രീ. സിറിയക് ജോൺ : 1981-82 കാലഘട്ടത്തിലേക്ക് കൊടുത്തു കഴിഞ്ഞു.

ശ്രീ. പി. കെ. വേലായുധൻ : നെൽകൃഷിക്കാർക്ക് നൽകുന്ന ഇത്തരം ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വരുമാനം കൂടുതൽ ഭദ്രമാക്കുന്ന ചെമ്മീൻ കർഷകർക്കുകൂടി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

മി. സ്പീക്കർ : ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: കാർഷികവായ്പയിനത്തിൽ ഈ വർഷം എത്ര കോടി രൂപ റിസർവ്വ് ബാങ്ക് കമ്മിയാക്കിയിട്ടുണ്ട്? പാലക്കാട് ജില്ലയിൽ കോവാപ്പറേററീവ് ബാങ്കിൽമാത്രം 50 ലക്ഷം രൂപ നേരത്തേ അനുവദിച്ചിരുന്നത് കമ്മിയാക്കിയിരിക്കുന്നു എന്നും കേരളത്തിൽ മൊത്തം പത്തു കോടി രൂപ കമ്മിയാക്കിയിരിക്കുന്നു എന്നും പറയുന്നത് ശരിയാണോ?

ശ്രീ. സിറിയക് ജോൺ: റിസർവ്വ് ബാങ്ക് ഈ ഇനത്തിൽ എന്താണ് ചെയ്തിരിക്കുന്നതെന്ന് ഈ ഫയലിൽനിന്നു മനസ്സിലാകുന്നില്ല. പ്രത്യേക ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: കാർഷികകടത്തിന്റെ പേരിലുള്ള ജപ്തിനടപടികൾ നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കർഷകസംഘത്തിന്റെ നേതാക്കൻമാർ ഗവൺമെൻറിൽ നിവേദനം നടത്തിയിട്ടുണ്ടോ? എങ്കിൽ എന്തെങ്കിലും നടപടിയെടുക്കാൻ സർക്കാരിനു കഴിയുമോ?

ശ്രീ. സിറിയക് ജോൺ: കർഷകസംഘം, കർഷക കോൺഗ്രസ് തുടങ്ങിയ വിവിധ സംഘടനകൾ ഈ ആവശ്യമുന്നയിച്ചുകൊണ്ട് ഗവൺമെൻറിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇത് ഗവൺമെൻറ് പരിഗണിക്കുകയാണ്.

ശ്രീ. തച്ചടി പ്രഭാകരൻ: 1-4-1979 വരെയുള്ളവരുടെ 75 ശതമാനം പലിശയിളവിനുവേണ്ടി 1981-82-ൽ രണ്ടു കോടി രൂപയും അഞ്ചു ശതമാനം സബ്സിഡിക്കുവേണ്ടി 1981-82-ൽ മൂന്നരക്കോടി രൂപയുമാണ് ബഡ്ജററിൽ നീക്കിവച്ചത്. മന്ത്രിയുടെ മറുപടിയിൽ നാലരക്കോടി രൂപ അതിനുവേണ്ടി ചെലവഴിച്ചു എന്നാണ് പറഞ്ഞത്. സഹകരണസംഘങ്ങളുടെ പലിശയിളവിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള ഒരു കോടി രൂപ കഴിഞ്ഞ വർഷം ലാപ്സായത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് ലാപ്സാകാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സിറിയക് ജോൺ: അത് സഹകരണവകുപ്പുമായി ബന്ധപ്പെട്ടതാണ്. അതെപ്പററി വിവരം ശേഖരിച്ച് മറുപടി പറയാം.

ശ്രീ. വി. വി. ജോസഫ്: കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്കുമാത്രമേ പലിശ ഇളവ് കൊടുക്കുന്നുള്ളു. കാർഷികോല്പന്നങ്ങളുടെ വിലക്കുറവുകൊണ്ടും മററും ചെറുകിട കൃഷിക്കാർക്ക് സമയത്തിന് വായ്പ അടയ്ക്കാൻ സാധിക്കുന്നില്ല. അതുകാരണം അവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല. അതുകൊണ്ട് പരിധിവ്യവസ്ഥ ഒഴിവാക്കി കാർഷികവായ്പ അടയ്ക്കുന്ന എല്ലാ ആളുകൾക്കും പലിശ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. സിറിയക് ജോൺ: ഇപ്പോൾ ഈ പരിധിവ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്.

## കൃഷിക്കാർക്ക് നഷ്ടപരിഹാരം

* 115. [182] ശ്രീ. ടി. കെ. ആറുമുഖൻ:
,, പി. വി. കുഞ്ഞിക്കണ്ണൻ:
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. വി. കേശവൻ:
,, സി. കെ. തങ്കപ്പൻ:
,, ഒ. ഭരതൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭംമൂലം വിള നശിക്കുന്ന കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ബി) മുൻ ഗവൺമെൻറ് ഇക്കാര്യത്തിൽ എടുത്ത തീരുമാനത്തിൽ എന്തെങ്കിലും മാററം വരുത്തിയിട്ടുണ്ടോ ;

(സി) ഈ ഇനത്തിൽ എന്തു സംഖ്യയാണ് മുൻ ഗവൺമെൻറ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി എന്തെങ്കിലും പുതിയ നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. സിറിയക് ജോൺ):

(എ) സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല.

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 47,64,576 രൂപ 11 പൈസ ചെലവഴിച്ചിട്ടുണ്ട്.

(ഡി, ഇ) ഉണ്ട്. കൃഷിനാശം സംഭവിക്കുന്നവരെ സഹായിക്കുന്നതിനുവേണ്ടി 2-7-1982-ലെ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതുപോലെ 5 കോടി രൂപയുടെ ഒരു സ്ഥിരം സഹായനിധി രൂപീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ഒരു സ്ഥിരംസഹായനിധികൊണ്ട് നമ്മുടെ സംസ്ഥാനത്തെ കൃഷിനാശത്തിന് മുഴുവൻ പ്രതിവിധി കാണാൻ സാധിക്കുകയില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാവുന്നതാണ്. കൃഷിനാശം സംഭവിക്കുന്നവർക്കു കൊടുക്കാൻവേണ്ടി 1981-82 സാമ്പത്തികവർഷത്തിൽ രണ്ടു കോടി രൂപ മാററിവച്ചിട്ടും അത് കൊടുക്കാതിരുന്നതെന്താണ്? ബഡ്ജററിൽ എഴുതിവച്ചിട്ടും കൊടുക്കാതിരിക്കുകയാണ് ചെയ്യുന്നതെന്ന് കർഷകസംഘത്തിന്റെ നേതാവായി പ്രവർത്തിച്ച ബഹുമാനപ്പെട്ട മന്ത്രി നിഷേധിക്കുകയില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. എന്താണ് വസ്തുത?

ശ്രീ. സിറിയക് ജോൺ: കഴിഞ്ഞ വർഷം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ഇനത്തിൽ നാല്പതു ലക്ഷം രൂപയെ കൊടുക്കാൻ സാധിച്ചിട്ടുള്ളു. അതിന്റെ റൂളുകളും ചട്ടങ്ങളും ഉണ്ടായിരുന്നെങ്കിലും ആവശ്യമായ തുക ബഡ്ജററിൽ പ്രൊവൈഡു ചെയ്യാതിരുന്നതുകൊണ്ടാണങ്ങനെ സംഭവിച്ചത്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: കൃഷിനാശം വ്യാപകമായി വരുന്നതുകൊണ്ട് ഈ വർഷമെങ്കിലും ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സിറിയക് ജോൺ: ഈ വർഷത്തെ ബഡ്ജററിൽ അൻപതു ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടിനുവേണ്ടി വകയിരുത്തിയത് കൃഷിനാശം സംഭവിച്ചവർക്ക് സഹായം കൊടുക്കാൻവേണ്ടിയാണ്.

ശ്രീമതി കെ. ആർ. ഗൗരി: റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന കാര്യവും സെൻട്രൽ ഗവൺമെൻറാണ് അതിന്റെ കോൺട്രിബ്യൂഷൻ കൊടുക്കുന്നതെന്ന കാര്യവുമൊക്കെ ഇവിടെ പറഞ്ഞു. സെൻട്രൽ ഗവൺമെൻറിൽനിന്നും കൊടുക്കുന്ന പണം മാർച്ച് 31-നകം ചെലവാക്കിയില്ലെങ്കിൽ തിരികെ സെൻട്രൽ ഗവൺമെൻറിലേക്ക് പോകുമെന്നു പറഞ്ഞാൽ അതുപിന്നെ എങ്ങനെ റിവോൾവിംഗ് ഫണ്ടിന്റെ കോൺട്രിബ്യൂഷൻ ആകും?

ശ്രീ. സിറിയക് ജോൺ: നമ്മുടെ സംസ്ഥാനത്തു കൃഷിനാശം സംഭവിക്കുന്നത് മൺസൂൺസീസണിലായതുകൊണ്ട് ഇക്കാര്യം പ്രത്യേകം പരിഗണിച്ച് മാർച്ച് 31 എന്നുള്ളത് മാററണമെന്ന് സെൻട്രൽ ഗവൺമെൻറിനോടാവശ്യപ്പെടാവുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി: കഴിഞ്ഞകൊല്ലം തെങ്ങുകൃഷിക്കാർക്കും കൊക്കോ, റബ്ബർ, ഇഞ്ചി അടക്കമുള്ള മററു കൃഷിക്കാർക്കും നഷ്ടപരിഹാരം കൊടുക്കാൻ നിശ്ചയിച്ചിരുന്നത് കൊടുക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടോ?

ശ്രീ. സിറിയക് ജോൺ: സംസ്ഥാന ഗവൺമെൻറിന് ഈ ഇനത്തിലുള്ള ഫണ്ട് ഇല്ലായിരുന്നതുകൊണ്ടുതന്നെയാണ് കൊടുക്കാതിരുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: കൃഷിനാശം സംഭവിച്ചവർക്ക് കേന്ദ്രത്തിൽ നിന്നും പണം കിട്ടിയിട്ടുണ്ട്. ആ പണത്തിന്റെ മൂന്നിലൊരു ഭാഗം മാത്രം സംസ്ഥാന ഗവൺമെൻറ് കോൺട്രിബ്യൂട്ടു ചെയ്താൽമതി. അങ്ങനെ വരുമ്പോൾ എന്താണ് ഈ പണം കൊടുക്കാതിരുന്നത്? എന്തുകൊണ്ട് സപ്ലിമെൻററി ഗ്രാൻറായി കൊണ്ടുവന്ന് കൊടുക്കാൻ സാധിക്കുന്നില്ല?

ശ്രീ. സിറിയക് ജോൺ: കേന്ദ്രഗവൺമെൻറിൽനിന്നും ഈ ആവശ്യത്തിനു വേണ്ടി കിട്ടിയ 47 ലക്ഷം രൂപ ഈ ആവശ്യത്തിനുവേണ്ടിത്തന്നെയാണ് ചെലവഴിച്ചത്.

ശ്രീ. വി. കേശവൻ: കൃഷിക്കാർ നഷ്ടപരിഹാരത്തിനുവേണ്ടി കഴിഞ്ഞ കൊല്ലം സമർപ്പിച്ച അപേക്ഷകളിൻമേൽ തീരുമാനമെടുക്കാതിരിക്കുന്നതിനെ പ്പററി നിവേദനം ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

ശ്രീ. സിറിയക് ജോൺ: പരാതികളും നിവേദനങ്ങളും നിലവിലുണ്ട്. ഗവൺമെൻറ് അത് അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. തങ്കപ്പൻ: കഴിഞ്ഞ ഏതാനും ദിവസം മുൻപ് വെളിയം പഞ്ചായത്തിൽ ഉണ്ടായ അപ്രതീക്ഷിതമായ കൊടുംകാററിൻെറ ഫലമായി രണ്ടു മൂന്നു വാർഡുകളിലെ മുഴുവൻ ഫലവൃക്ഷങ്ങളും നശിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു നഷ്ടപരിഹാരം അനുവദിച്ചുകൊടുത്തു?

ശ്രീ. സിറിയക് ജോൺ: അങ്ങനെയൊരു സംഭവം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായിട്ടും നിലവി ലുളള നിബന്ധനകൾക്കനുസൃതമായി അക്കാര്യം ഗവൺമെൻറ് പരിഗണിക്കു ന്നതാണ്.

ശ്രീ. സി. കെ. തങ്കപ്പൻ: ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ഇതിനു നഷ്ടപരിഹാരം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. സിറിയക് ജോൺ: പരിശോധിക്കാം.

ശ്രീ. ഒ. ഭരതൻ: ജൂൺമാസം 24-ാം തീയതിയുണ്ടായ രൂക്ഷമായ കടലാക്രമണത്തിൻെറ ഫലമായി കണ്ണൂർ ജില്ലയിലെ വലിയപറമ്പു പഞ്ചായ ത്തിൽ തൃക്കരിപ്പൂർ കടൽപ്പുറത്ത് ഉണ്ടായ നാശനഷ്ടങ്ങൾക്ക് ന്യായമായ നഷ്ട പരിഹാരം നൽകുന്നതിനാവശ്യമായ നടപടിയെടുക്കുമോ?

ശ്രീ. സിറിയക് ജോൺ: ഈ കാര്യം ഗവൺമെൻറ് പരിശോധിക്കാം.

ശ്രീ. ഒ. ഭരതൻ: അൺ-എക്കണോമിക്കായിട്ടുളള തെങ്ങുകളും മററു കാർഷികവിളകളും വെട്ടിമാററി പുതിയ തെങ്ങിൻതൈകളും മററു തൈകളും വച്ചുപിടിപ്പിക്കാനുളള നടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. സിറിയക് ജോൺ: ഇതിനു മറുപടി ഞാൻ നേരത്തേതന്നെ പറഞ്ഞു കഴിഞ്ഞു. അങ്ങനെയുളള നടപടികൾ ഈ ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടി രിക്കുകയാണ്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: നഷ്ടപരിഹാരത്തുക കണക്കാക്കുന്നത് തഹശീൽദാർ സ്ഥലം സന്ദർശിച്ചാണോ അതോ കൃഷിക്കാർ കൊടുക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണോ?

ശ്രീ. സിറിയക് ജോൺ: കൃഷിനാശം സംഭവിച്ചാൽ അപ്പോൾത്തന്നെ ബന്ധപ്പെട്ട വില്ലേജധികൃതരും താലൂക്കു തഹസീൽദാരും സംഭവസ്ഥലം സന്ദർശിച്ച് റിപ്പോർട്ട് അയയ്ക്കണമെന്നുണ്ട്. കൃഷിക്കാർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : അപേക്ഷ സമർപ്പിച്ചിട്ടുള്ള പല കൃഷിക്കാർക്കും കഴിഞ്ഞവർഷം ഈ സഹായധനം കിട്ടിയിട്ടില്ല. ആ കേസുകരം പുനഃപരിശോധിച്ച് സഹായധനം എത്തിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. സിറിയക് ജോൺ : കഴിഞ്ഞകൊല്ലം കൃഷിനാശം സംഭവിച്ച വളരെയധികം ആളുകരംക്ക് സഹായധനം കിട്ടിയിട്ടില്ലെന്ന് ഞാൻ നേരത്തേതന്നെ സമ്മതിച്ചു. അതേപ്പററി പരിശോധിക്കാമെന്നും ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : തലപ്പള്ളി താലൂക്കിൽ ഉണ്ടായ പ്രാദേശികമായ ചുഴലിക്കാററുമൂലം അൻപതിനായിരത്തോളം ഏത്തവാഴ നശിച്ചുപോയി. നിലവിലുള്ള നിബന്ധനയനുസരിച്ച് ഇതിനു നഷ്ടപരിഹാരം കൊടുക്കാൻ സാധ്യമല്ലാത്ത പരിതഃസ്ഥിതിയായതുകൊണ്ട് ഇക്കാര്യം പ്രത്യേകമായി പരിഗണിക്കുമോ ?

ശ്രീ. സിറിയക് ജോൺ : നെൽകൃഷി നശിച്ചവർക്കു മാത്രമല്ല എല്ലാ കൃഷിനാശത്തിനും നഷ്ടപരിഹാരം കൊടുക്കണമെന്നുതന്നെയാണ് ഗവൺമെൻറിൻെറ അഭിപ്രായം.

ശ്രീ. കെ. പി. പ്രഭാകരൻ : കഴിഞ്ഞവർഷം കൊടുക്കാത്തത് ഫണ്ടില്ലാത്തതുകൊണ്ടാണെന്നു പറഞ്ഞു. അതാതുവർഷം കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ അടുത്തവർഷത്തെ ബഡ്ജററിൽ കൊള്ളിച്ച് കൊടുക്കുന്ന പതിവുണ്ട്. ആകെ 47 ലക്ഷം രൂപയാണ് കൊടുത്തത്. അതുകൊണ്ട് ഈ വർഷത്തെ ബഡ്ജററിൽ ഉരംക്കൊള്ളിച്ചുകൊണ്ട് കൊടുക്കാൻ എന്തെങ്കിലും നടപടിയെടുക്കുമോ ?

ശ്രീ. സിറിയക് ജോൺ : കഴിഞ്ഞവർഷം നഷ്ടം സംഭവിച്ചവർക്ക് കഴിഞ്ഞവർഷം കൊടുക്കാത്തതുകൊണ്ട് അവർക്കുള്ള അവകാശം നഷ്ടപ്പെടുന്നില്ല. സാമ്പത്തിക പരിമിതിക്കകത്തുനിന്നുകൊണ്ട് തീർച്ചയായിട്ടും കൊടുക്കുന്നതാണ്.

ശ്രീ. കെ. രാഘവൻ മാസ്ററർ : പ്രകൃതിക്ഷോഭത്തിൻെറ കൂട്ടത്തിൽ ഉരുരംപൊട്ടൽ ഉരംപ്പെടുമോ ? കഴിഞ്ഞ സെപ്ററംബറിൽ കൊട്ടിയൂർ പഞ്ചായത്തിൽ ഉണ്ടായ ഉരുരംപൊട്ടലിൻെറ ഫലമായി വളരെയധികം കൃഷിക്കാർക്ക് നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. അവർക്കുകൂടി ആശ്വാസംകൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. സിറിയക് ജോൺ : തീർച്ചയായിട്ടും പരിഗണിക്കാം.

## (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങരം

### സംസ്ഥാനത്തിൻെറ ഓവർഡ്രാഫ്ററ്

* 116. [183] ശ്രീ. എം. എം. ഹസ്സൻ :
,, തോപ്പിൽ രവി :
,, തച്ചടി പ്രഭാകരൻ :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങരംക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓവർഡ്രാഫ്ററിൻെറ കാര്യത്തിൽ മററു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോരം കേരളം എത്രാം സ്ഥാനത്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓവർഡ്രാഫ്ററ് തിരിച്ചടക്കുന്നതിന് കേന്ദ്ര ഗവൺമെൻറു അനുശാസിക്കുന്ന വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) കേരളം എടുത്തിട്ടുള്ള ഓവർഡ്രാഫ്ററ് തിരിച്ചടയ്ക്കുവാൻ കൂടുതൽ സമയവും ഗവൺമെൻറു അനുവദിച്ചുതരുമോ ;

(ഡി) ഇക്കാര്യത്തെപ്പററി കേന്ദ്രത്തിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെൻറിൻെറ നിലപാടു എന്തെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) മററു സംസ്ഥാനങ്ങളുടെ ഓവർഡ്രാഫ്ററുകളെ സംബന്ധിച്ച് സംസ്ഥാന ഗവൺമെൻറിൻെറ കയ്യിൽ അധികാരരേഖയില്ല. ഏതായാലും 31-3-1982-ൽ കേരള സംസ്ഥാനത്തിന് 75.93 കോടി രൂപയുടെ ഓവർഡ്രാഫ്ററ് ഉണ്ടായിരുന്നു. ചില പ്രമുഖ പത്രങ്ങളിൽ വന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കേരളത്തേക്കാൾ കൂടുതൽ ഓവർഡ്രാഫ്ററുള്ള വേറെ നാലു സംസ്ഥാനങ്ങൾ ഉണ്ടായിരുന്നതായി മനസിലാകുന്നു. രാജസ്ഥാന് 333 കോടി രൂപയും വെസ്ററ് ബംഗാളിന് 297 കോടി രൂപയും മഹാരാഷ്ട്രയ്ക്ക് 164 കോടി രൂപയും മദ്ധ്യപ്രദേശിന് 102 കോടി രൂപക്കും ഓവർഡ്രാഫ്ററ് ഉണ്ടായിരുന്നതായിട്ടാണ് റിപ്പോർട്ട്.

(ബി) റിസർവ് ബാങ്കിൽനിന്നും എടുക്കുന്ന ഓവർഡ്രാഫ്ററ് ഏഴു ദിവസത്തിനകം തിരിച്ചടക്കണമെന്നും ഈ കാലയളവിലേയ്ക്കു 10 ശതമാനം പലിശ നൽകണമെന്നതുമാണ് പൊതുവായ വ്യവസ്ഥ.

(സി, ഡി, ഇ) ഓവർഡ്രാഫ്ററ് എടുക്കേണ്ടിവന്ന പരിത:സ്ഥിതി കണക്കിലെടുത്തുകൊണ്ട് 1981-82-ലെ വർഷാവസാനത്തെ കമ്മിയായ 93.93 കോടി രൂപ ഒരു വായ്പയായി കണക്കാക്കണമെന്ന് മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും പ്രധാനമന്ത്രിയോടും കേന്ദ്ര ധനകാര്യമന്ത്രിയോടും അഭ്യർത്ഥിച്ചതിൻെറ ഫലമായി ഇത് ഒരു മിതകാല വായ്പയായി മാററാമെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ട്.

## ഗവൺമെൻറ് ലോട്ടറി

* 117. [185] ശ്രീ. എ. സി. ഷൺമുഖദാസ് :
,, പി. സീതിഹാജി :
,, ടി. പി. പീതാംബരൻ മാസ്ററർ :
,, കെ. ശങ്കരനാരായണപിള്ള :
,, സി. ജി. ജനാർദ്ദനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗവൺമെൻറ് എത്ര ലോട്ടറികൾ നടത്തി ;

(ബി) എന്നാണ് ഗവൺമെൻറ് നേരിട്ട് ലോട്ടറി നടത്തുവാൻ ആരംഭിച്ചത് ;

(സി) ഇതുവരെ ലോട്ടറി നടപ്പിൽ എന്തു ലാഭം കിട്ടി ;

(ഡി) 1981-82 സാമ്പത്തിക വർഷത്തിൽ വരുമാനമായി ആകെ എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതുവരെ ഭാഗ്യക്കുറി കിട്ടിയ അവകാശികൾ പണം വാങ്ങാത്തതു മൂലം സംസ്ഥാനത്തിനുണ്ടായ വരവെത്ര ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 164

(ബി) 1-9-1967 മുതൽ

(സി) 15,49,12,507 രൂപ. (പതിനഞ്ചു കോടി നല്പത്തിഒൻപത് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂററി ഏഴ് രൂപ)

(ഡി) 1,32,15,998 രൂപ. (ഒരു കോടി, മുപ്പത്തിരണ്ടു ലക്ഷത്തി പതിനയ്യായിരത്തിതൊള്ളായിരത്തി തൊണ്ണൂററി എട്ടു രൂപ)

(ഇ) 1,45,98, 405 രൂപ. (ഒരു കോടി നാല്പത്തിയഞ്ചു ലക്ഷത്തി തൊണ്ണൂററി എണ്ണായിരത്തി നാനൂററി അഞ്ചു രൂപ)

## വില്പന നികുതിക്കു പകരം എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തണമെന്ന കേന്ദ്ര തീരുമാനം.

* 118. [186] ശ്രീ. എം. കുഞ്ഞിരാമൻ നമ്പ്യാർ :
,, വർക്കല രാധാകൃഷ്ണൻ :
,, എം. വി. രാഘവൻ :
,, കെ. പി. അരവിന്ദാക്ഷൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, സി. ടി. കൃഷ്ണൻ :
,, സി. കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രത്തിന്റെ നികുതി നയം സംസ്ഥാന ഗവൺമെന്റിനെ പ്രതികൂലമായി ബാധിക്കുമെന്ന് ഈ ഗവൺമെന്റ് കരുതുന്നുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) വില്പന നികുതിക്കുപകരം എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തണമെന്ന കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം ഈ ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) കേന്ദ്ര ഗവൺമെന്റിന്റെ നികുതി നയങ്ങളിൽ ചിലത് സംസ്ഥാന ഗവൺമെന്റിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കുമെന്നാണ് ഈ ഗവൺമെന്റിന്റെ അഭിപ്രായം.

(ബി) കേന്ദ്ര ഗവൺമെന്റ് നിയമ ഭേദഗതി അവതരിപ്പിച്ച അവസരത്തിൽ തന്നെ ഈ ഗവൺമെന്റിനുള്ള അഭിപ്രായം, കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും, പ്രസ്തുത നിയമം പാസ്സാക്കരുതെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ കേന്ദ്രഗവൺമെന്റ് ഈ നിയമം 1-4-1976 മുതൽ നടപ്പാക്കി.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ ഈ കാര്യം ചർച്ചയ്ക്ക് വന്നപ്പോൾ സംസ്ഥാന ഗവൺമെൻറിന്റെ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. കൂടുതൽ ഉല്പന്നങ്ങളിൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടി ചുമത്തണമെന്ന കേന്ദ്രഗവൺമെൻറിന്റെ തീരുമാനത്തെ എതിർത്തുകൊണ്ട് നിയമസഭ 12-3-1981-ൽ ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെൻറിന് അയച്ചുകൊടുത്തിട്ടുമുണ്ട്.

പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ നിർദ്ദേശങ്ങൾ

* 119. [187] ശ്രീ. കെ. പി. പ്രഭാകരൻ :
,, വി. കെ. രാജൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
,, കാനം രാജേന്ദ്രൻ :
,, കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ കേന്ദ്ര ഗവൺമെൻറിന്റെ മുൻപിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ഉണ്ട്.

(ബി) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യമായ ധനസഹായം വർക്കിംഗ് ഗ്രാൻറ് എന്ന നിലയിൽ നല്കണമെന്നും ഗോഡൗണുകൾ പണിയുന്നതിന് ആവശ്യമായ തുക സബ്സിഡിയായി അനുവദിക്കണമെന്നും റിസർവ്വ് ബാങ്കിൽ നിന്നും കോർപ്പറേഷനു അനുവദിക്കുന്ന കട വായ്പകൾക്ക് കുറഞ്ഞ പലിശ നിരക്കേ ഈടാക്കാവൂ എന്നും ചില്ലറ റീട്ടെയിൽ വ്യാപാരികൾക്ക് ആവശ്യ സാധനങ്ങളെടുത്ത് വിതരണം ചെയ്യാനാവശ്യമായ സാമ്പത്തിക സഹായം നൽകണമെന്നും കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിരുന്നു.

അഴിമതി നിർമ്മാർജ്ജനത്തിന് നടപടികൾ

* 120. [188] ശ്രീ. കെ. സി. ജോസഫ് :
,, ബെന്നിബഹനാൻ : താഴെ കാണുന്ന ചോദ്യത്തിന്

ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

അഴിമതി നിർമ്മാർജ്ജനത്തിന് ഗവൺമെൻറ് എന്തെല്ലാം നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. വയലാർ രവി) :

അഴിമതി നിർമ്മാർജ്ജനത്തിനായി "അഴിമതി നിരോധന വകുപ്പ്" ഒരു ഡയറക്ടറുടെ കീഴിൽ പ്രവർത്തനം നടത്തുന്നുണ്ട്. ഈ വകുപ്പിന് എല്ലാ ജില്ലാതലങ്ങളിലും ജില്ലാ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. പൊതു ജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിൻമേൽ വിജിലൻസ് പോലീസ് ഉദ്യോഗസ്ഥൻമാർ വേണ്ട അന്വേഷണം നടത്തി അഴിമതിക്കാരായ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാർക്കെതിരായി ക്രൈം കേസ്സുകൾ രജിസ്ററർ ചെയ്യുകയും, ചിലർക്കെതിരെ അച്ചടക്ക നടപടി ട്രൈബൂണൽ നിയമം അനുസരിച്ച നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ഇതു കൂടാതെ പൊതു പ്രവർത്തകരുടെമേൽ അഴിമതി ആരോപണം ഉണ്ടാകുമ്പോൾ 500 രൂപ ഖജനാവിൽ കെട്ടിവച്ച് അന്വേഷണം നടത്തുന്നതിനുള്ള ഒരു ഇടക്കാല നടപടി ഇപ്പോൾതന്നെ നിലവിലുണ്ട്.

## കരിമ്പിന്റെ വിലയിടിവ്

* 121. [189] ശ്രീ. കെ. കൃഷ്ണൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിമ്പു കൃഷിക്കാർക്കു നേരത്തെ കിട്ടിയിരുന്ന ടൺ ഒന്നിന് 225.00 രൂപ എന്നുള്ളത് 200.00 രൂപയാക്കി കുറച്ചത് എന്തു കാരണത്താലാണ് ;

(ബി) അത് വീണ്ടും ടണ്ണിന് 250.00 രൂപയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഉല്പാദനച്ചെലവിനനുസരിച്ച് കേന്ദ്ര സർക്കാരാണ് കരിമ്പിന്റെ വില വിജ്ഞാപനം ചെയ്യുന്നത്. കരിമ്പ് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കുറച്ചുകൂടെ ഉയർന്ന വില പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനും പുറമേ ഓരോ ഫാക്ടറിയും പരമാവധി 20 രൂപ വരെ കടത്തുകൂലി സബ്സിഡികൂടെ നൽകി വന്നു. അപ്രകാരം ചിററൂർ സഹകരണ പഞ്ചസാര ഫാക്ടറി കരിമ്പിന് ടൺ ഒന്നിന് 220 രൂപ വരെയും, ട്രാവൻകൂർ ഷുഗർ മില്ലിനും മന്നം ഷുഗർമില്ലിനും 190 രൂപ വരെയും 1980-81-ൽ നൽകി. 1981-82-ലും കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത കരിമ്പിന്റെ വിലയെക്കാൾ കൂടുതൽ വില സംസ്ഥാനത്തെ മൂന്നു മില്ലുകളും കൊടുക്കുന്നുണ്ട്. അതായത്, ചിററൂർ സഹകരണ ഫാക്ടറി ടണ്ണിന് 200 രൂപയും മററ് രണ്ട് ഫാക്ടറികൾ 170 രൂപയും പുറമെ പരമാവധി 20 രൂപ വരെ കടത്തുകൂലിയും നൽകിയിട്ടുണ്ട്.

കരിമ്പിന്റെ വില ഓരോ വർഷവും കേന്ദ്ര സർക്കാർ നിശ്ചയിച്ചശേഷം ബന്ധപ്പെട്ട ഫാക്ടറികളുടെ മാനേജുമെന്റുകളും സംസ്ഥാന ഗവൺമെന്റും കൂടി ആലോചിച്ചാണ് ഓരോ ഫാക്ടറിയും നിശ്ചയിക്കുന്നത്.

(ബി) പഞ്ചസാര മില്ലുകളുടെ ഇപ്പോഴത്തെ സാമ്പത്തിക പരിതസ്ഥിതി കണക്കിലെടുത്ത് കരിമ്പിന്റെ വില ടണ്ണിന് 250.00 രൂപയായി ഉയർത്താൻ നിർവാഹമില്ല.

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വില്പനശാലകൾ

* 122. [190] ശ്രീ. കെ. മുഹമ്മദാലി :
,, തോപ്പിൽ രവി :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ എത്ര വില്പനശാലകൾ പ്രവർത്തിച്ചുവരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം അത്യാവശ്യസാധനങ്ങളാണ് കോർപ്പറേഷൻവഴി വിതരണം നടത്തുന്നത്;

(സി) കോർപ്പറേഷൻ വില്പനശാലകൾ കൂടുതൽ സ്ഥലങ്ങളിൽ തുടങ്ങാനുദ്ദേശമുണ്ടോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ)

| | | എണ്ണം |
|---|---|---|
| 1. | താലൂക്ക് ഡിപ്പോകൾ | 58 |
| 2. | മാവേലി സ്റ്റോറുകൾ | 92 |
| 3. | തുണി വില്പനശാല | 1 |
| 4. | വിദേശ മദ്യ വില്പനശാല | 12 |
| 5. | സിമന്റ് ഡിപ്പോകൾ | 12 |
| 6. | പെട്രോൾ ബങ്കുകൾ | 5 |
| 7. | മണ്ണെണ്ണ ഡിപ്പോകൾ | 2 |
| 8. | കുക്കിംഗ് ഗ്യാസ് വിതരണശാല | 1 |
| 9. | പച്ചക്കറി വില്പന ശാലകൾ | 3 |
| | ആകെ | 186 |

(ബി) കോർപ്പറേഷൻവഴി വിതരണംചെയ്യുന്ന സാധനങ്ങളുടെ പട്ടിക മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(സി) ഉണ്ട്.

## Industrial Licence for Hulling Paddy

* 123. [191] **Dr. A. Subba Rao :**
**Sri. Kanam Rajendran :**
,, **K. V. Surendranath :**
,, **K.P. Prabhakaran :**
,, **K.T.Kanaran** : Will the Minister for Agriculture be pleased to state :

(a) Whether Government is aware that an industrial licence is insisted upon on the farmers for hulling paddy raised by them in their own fields for their own use by connecting No. 4 Hullers to the motors or oil engines used for irrigating their fields;

(b) If so, whether the Government will consider the just demand of the farmers to exempt them from taking such licence by amending the relevant rules if necessary ?

*Minister for Agriculture* **(Sri Cyriac John) :**

(a) No industrial licence is insisted upon for installation of No.4 hullers or for any equipment for hulling paddy.

(b) Does not arise.

LIBRARY ARCHIVES Kerala Legislative Assembly

## പുതിയ കോടതികൾ

* 124. [192] ശ്രീ. മണിമംഗലത്തു കുട്ട്യാലി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പുതുതായി കോടതികൾ ആരംഭിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

ഉണ്ട്.

## മാർക്ക് തട്ടിപ്പ് കേസന്വേഷണം

* 125. [193] ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാർക്ക് തട്ടിപ്പിനോടനുബന്ധിച്ച് ഉള്ള കേസന്വേഷണം പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നേയ്ക്കു പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. വയലാർ രവി) :

മാർക്കുതട്ടിപ്പുകളോടനുബന്ധിച്ച് രജിസ്ററർചെയ്തിട്ടുള്ള കേസുകളുടെ അന്വേഷണം ഊർജ്ജിതമായി തുടർന്നുകൊണ്ടിരിക്കുകയാണ്. അത് എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് കൃത്യമായി പറയുവാൻ നിർവാഹമില്ല.

## മിൽമയുടെ പ്രവർത്തന പരിധി

* 126. [194] ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മിൽമയുടെ പ്രവർത്തന പരിധിയിൽ മലപ്പുറം ജില്ലയും ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ?

കൃഷിവകുപ്പു മന്ത്രി (ശ്രീ. സിറിയക് ജോൺ) :

മലപ്പുറം ജില്ലയിൽ മിൽമയുടെ കീഴിൽ ഒരു റീജിയണൽ ബീജ ബാങ്ക് തുടങ്ങുന്നതിനും, കർഷകർക്ക് ആവശ്യമായ മേൽത്തരം പുൽവിത്ത് വിതരണം ചെയ്യുന്നതിനും പദ്ധതിയുണ്ട്. വടക്കൻ ജില്ലകളിൽ സ്വിസ് സഹായത്തോടുകൂടി നടപ്പിലാക്കാനുദ്ദേശിക്കുന്ന ക്ഷീരവികസന പദ്ധതി നടപ്പിൽ വരുമ്പോൾ മലപ്പുറം ജില്ലയിലും പാൽ സംഭരണ വിതരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## ടി ആൻറ് വി പരിപാടി

* 127. [195] ശ്രീ. കെ. കെ. തോമസ് :

,, എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി ആൻറ് വി പരിപാടി ഏതെല്ലാം ജില്ലകളിലാണ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) എല്ലാ ജില്ലകളിലും ഈ പരിപാടി വ്യാപിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പുമന്ത്രി (ശ്രീ. സിറിയക് ജോൺ):

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ ടി ആൻറ് വി പരിപാടി നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്.

## റേഷൻവിതരണം

* 128. [196] ശ്രീ. എം. ജിനദേവൻ :
,, വി. കെ. രാജൻ :
,, ഇ. പത്മനാഭൻ :
,, സി. കെ. തങ്കപ്പൻ :
,, ടി. കെ. ആറുമുഖൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ ന്യായവില ഷാപ്പുകളിൽ യഥാസമയം റേഷൻ സാധനങ്ങൾ കിട്ടുന്നില്ലെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) റേഷൻഷാപ്പുവഴി ഇപ്പോൾ നല്കിവരുന്ന സാധനങ്ങൾ എന്തെല്ലാം ;

(ഡി) അവയുടെ വിലവിവരം വ്യക്തമാക്കുമോ ;

(ഇ) സ്ററാററ്യൂട്ടറി റേഷനിംഗ് വ്യവസ്ഥയനുസരിച്ച് കാർഡുടമകൾക്ക് റേഷൻ നല്കുന്നതിൽ വീഴ്ച സംഭവിച്ചതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(എഫ്) മേയ്-ജൂൺ മാസങ്ങളിൽ പാലക്കാട് ജില്ലയിൽ റേഷൻ വിതരണം നടക്കാത്തതിന്റെ കാരണമെന്തായിരുന്നു ;

(ജി) ഈ വീഴ്ചയ്ക്ക് ഉത്തരവാദികളായവരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ഉണ്ട്.

(ബി) കേരളത്തിൽ റേഷൻവിതരണത്തിനാവശ്യമായ അരിയും ഗോതമ്പും എഫ്. സി. ഐ. മുഖേനയാണ് ഡിപ്പോകൾക്ക് വിതരണം ചെയ്യുന്നത്. എഫ്. സി. ഐ. യിലെ തൊഴിൽ കുഴപ്പവും, റെയിൽ വഴിയുള്ള അരിയുടെ നീക്കത്തിൽ വരുന്ന താമസവും കാരണം ചിലപ്പോൾ ചില ഡിപ്പോകളിൽ റേഷൻ സാധനങ്ങൾ എത്തിച്ചേരാൻ താമസം നേരിടാറുണ്ട്. കോൺട്രാക്ടറും തൊഴിലാളികളും തമ്മിലുള്ള തർക്കം കാരണവും കോൺട്രാക്ട് തീർന്നതിനുശേഷം പുതിയ കോൺട്രാക്ടറുടെ നിയമനത്തിൽ വരുന്ന കാലതാമസവും റേഷൻ വിതരണത്തിന് ബുദ്ധിമുട്ട് ഉണ്ടാക്കാറുണ്ട്. എന്നാൽ ഈ സന്ദർഭങ്ങളിലെല്ലാം അടുത്തുള്ള മററു ഡിപ്പോകളുമായി ബന്ധപ്പെട്ട് സ്റേറാക്ക് അവിടെ നിന്നും എത്തിയ്ക്കുന്ന കാര്യത്തിൽ എപ്പോഴും നിഷ്കർഷിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(സി) അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര, പാംഓയിൽ എന്നിവയാണ് റേഷൻ കടവഴി ഇപ്പോൾ വിതരണം നടത്തി വരുന്നത്. കൂടാതെ ബേക്കറികളുടേയും ഹോട്ടലുകളുടെയും ആവശ്യം കഴിച്ച് ബാക്കി വരുന്ന മൈദ, റവ, എന്നിവ തിരഞ്ഞെടുത്ത് റേഷൻ ഷോപ്പുവഴി വിതരണം ചെയ്യുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ അന്യസംസ്ഥാനങ്ങളിൽനിന്നും സംഭരിച്ചു കൊണ്ടു വരുന്ന അരി പഞ്ഞമാസങ്ങളിൽ റേഷനു പുറമെ കാർഡൊന്നിന് ആഴ്ചയിൽ 5 കിലോ കണക്കിൽ ഒരു കിലോക്ക് 2.80 രൂപാ റേററിൽ വിതരണം ചെയ്യുന്നു.

(ഡി)

| | | രൂപ |
|---|---|---|
| അരി | 1 കിലോ | 1.91 |
| ഫൈൻ അരി | ,, | 2.03 |
| സൂപ്പർ ഫൈൻ അരി | ,, | 2.18 |
| ഗോതമ്പ് | ,, | 1 61 |
| പഞ്ചസാര | ,, | 3.65 |
| പാമോലിൻ | ,, | 10.00 |
| മൈദ | ,, | 2.65 |
| സൂചി | ,, | 2.55 |
| മണ്ണെണ്ണ | 1 ലിററർ | 1.85 |

(ഇ) ഇല്ല.

(എഫ്) മേയ്-ജൂൺ മാസങ്ങളിൽ പാലക്കാട് ജില്ലയിൽ റേഷൻ വിതരണം നടക്കാതിരിക്കുന്നു എന്നു പറയുന്നത് ശരിയല്ല. തൊഴിൽ കുഴപ്പം കാരണം പാലക്കാട് എഫ്. സി. ഐ. ഡിപ്പോയിൽനിന്നും സ്റേറാക്ക് എടുക്കുവാൻ സാധിക്കാതെ വന്നതിനാൽ മുളങ്കുന്നത്തുകാവ് ഡിപ്പോയിൽനിന്നും റേഷൻ എടുപ്പിച്ച് വിതരണം നിലനിറുത്തി. ഇതുകാരണം റേഷൻ സാധനങ്ങൾ റീട്ടെയിൽ ഡിപ്പോകളിൽ എത്താൻ അല്പം കാലതാമസം ഉണ്ടായി എന്നു മാത്രമേ ഉള്ളൂ.

(ജി) ചോദ്യം ഉദിക്കുന്നില്ല.

## നെൽകൃഷിക്കാരുടെ പ്രശ്നങ്ങൾ

* 129. [197] ശ്രീ. സാം. ഉമ്മൻ :
,, പി. സി. ജോർജ് :
,, ഇ. ജെ. ലൂക്കോസ് :
,, വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നെൽകൃഷിക്കാരുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയമിച്ച കമ്മിററിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാം ;

കൃഷിവകുപ്പുമന്ത്രി (ശ്രീ. സ്ററ യക്ക് ജോൺ) :

(എ) ഉണ്ട്.

(ബി) റിപ്പോർട്ട് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ അതിലെ നിർദ്ദേശങ്ങൾ ഇപ്പോൾ പറയുക ശരിയല്ല. റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. പരിശോധിച്ചുകഴിഞ്ഞതിനുശേഷമേ അത് പ്രസിദ്ധീകരിക്കുന്ന കാര്യത്തെപ്പററി തീരുമാനിക്കാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ സാമ്പത്തികനില

* 130. [198] ശ്രീ. മണിമംഗലത്ത് കുട്ട്യാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമാണോ ;

(ബി) പല വികസന പ്രവർത്തനങ്ങൾക്കും ഫണ്ട് അലോട്ടു ചെയ്യുന്ന കാര്യത്തിൽ ധനകാര്യ വകുപ്പ് അലംഭാവം കാട്ടുന്നതായുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതു പരിഹരിക്കാനാവശ്യമായ എന്തുനടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ?

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഭദ്രമാണ്.

(ബി) ഇത്തരം പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ ചോദ്യമുദിക്കുന്നില്ല.

* 131. [199] ശ്രീ. നാലകത്ത് സൂപ്പി :
,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1979-80 സാമ്പത്തിക വർഷത്തിലെ ബഡ്ജററ് മിച്ചം എത്ര ;

(ബി) 1980-81, 1981-82 ലേയും സാമ്പത്തിക വർഷങ്ങളിലെ മിച്ചമെത്ര?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 1979-80 സാമ്പത്തികവർഷത്തിലെ മിച്ചം 15.70 കോടി രൂപയായിരുന്നു.

(ബി) 1980-81, 1981-82 എന്നീ സാമ്പത്തിക വർഷങ്ങളിൽ മിച്ചമായിരുന്നില്ല. യഥാക്രമം (—) 7.94, (—) 93.93 കോടി രൂപ കമ്മിയിലാണ് അവസാനിച്ചത്.

## (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഹരിജൻ യുവതിയുടെ കൊലപാതകം

282. [363] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ കല്ലയം എന്ന സ്ഥലത്ത് തങ്കമണി എന്ന ഹരിജൻ യുവതിയെ കൊലചെയ്ത സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തെങ്കിലും കേസ് എടുത്തിട്ടുണ്ടോ ;

(സി) പ്രതിയെ അറസ്ററുചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തങ്കമണി എന്ന യുവതിയെ കൊലപ്പെടുത്തിയതായി വിവരം ലഭിച്ചിട്ടില്ല. നേരെമറിച്ച് തങ്കമണി 3-6-1982 ഉച്ചയ്ക്ക് 2 മണിയോടുകൂടി അവരുടെ വീട്ടിന്റെ കിഴക്കുവശത്തുള്ള കിണററിൽ മരിച്ചുകിടക്കുന്നതായി കണ്ടു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇത് ഒരു ആത്മഹത്യയായതുകൊണ്ട് പ്രതികളായി ആരെയും അറസ്ററു ചെയ്യേണ്ടതില്ല.

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

പൊഴിയൂർ പോലീസ് സ്റേറഷൻ

283. [365] ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

മുൻ ഗവൺമെൻറ് ഉറപ്പു തന്നിട്ടുള്ള പൊഴിയൂർ പോലീസ് സ്റേറഷൻ ഉടനടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

പൊഴിയൂരിൽ ഒരു പോലീസ് സ്റേറഷൻ സ്ഥാപിക്കാൻ അനുമതി നൽകിക്കഴിഞ്ഞു. മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

പെരിന്തൽമണ്ണ പോലീസ് ക്വാർട്ടേഴ്സിന്റെ പണി

284. [367] ശ്രീ. നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പെരിന്തൽമണ്ണയിലെ നിർദ്ദിഷ്ട പോലീസ് ക്വാർട്ടേഴ്സിന്റെ പണി തുടങ്ങാൻ ഉള്ള കാലതാമസം ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

പണികൾ ആരംഭിക്കുവാൻ വേണ്ട നടപടികൾ പൊതുമരാമത്തു വകുപ്പ് സ്വീകരിക്കുന്നുണ്ട്.

പോലീസ് ഡിപ്പാർട്ടുമെൻറിൽ നേരിട്ട് നിയമനം

285. [368] ശ്രീ. എ. വി. രാഘവൻ :

,, ഒ. ഭരതൻ :

,, കോടിയേരി ബാലകൃഷ്ണൻ :

,, എം. കുഞ്ഞിരാമൻ നമ്പ്യാർ :

,, സി. പി. മൂസ്സാൻകുട്ടി :

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

,, എസ്. ഗോവിന്ദക്കുറുപ്പ്:

,, വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പോലീസ് സേനയിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

ഉണ്ട്.

**കുണ്ടറ പോലീസ് സ്റ്റേഷനിലെ മർദ്ദനം**

286. [369] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ പോലീസ് സ്റ്റേഷനിൽ വച്ച് സരസമ്മ എന്ന സ്ത്രീയെ പോലീസ് ഭീകരമായി മർദ്ദിച്ച സംഭവം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്നു വെളിപ്പെടുത്തുമോ ?

**ഉത്തരം**

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

**നേമം ഉപതെരഞ്ഞെടുപ്പ്**

287. [370] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം ഉപതെരഞ്ഞെടുപ്പ് എന്നത്തേയ്ക്ക് നടത്താനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത് ;

(ബി) ഇക്കാര്യത്തിൽ ഗവൺമെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഈ ഉപതിരഞ്ഞെടുപ്പിൽ വോട്ടിംഗ് യന്ത്രം ഉപയോഗിക്കാൻ സാദ്ധ്യതയുണ്ടോ ?

**ഉത്തരം**

(എ) ഇക്കാര്യത്തിൽ ഇലക്ഷൻ കമ്മിഷനാണ് തീരുമാനം എടുക്കേണ്ടത്. കമ്മിഷന്റെ തീരുമാനം ഇതുവരേയും ഗവൺമെൻറിനെ അറിയിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇക്കാര്യത്തിൽ ഇലക്ഷൻ കമ്മിഷന്റെ തീരുമാനമൊന്നും സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചിട്ടില്ല.

**പോലീസ് സംഘടനയുടെ പ്രവർത്തനം**

288. [371] ശ്രീ. മണിമംഗലത്തു കുട്ട്യാലി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പോലീസ് സംഘടനയുടെ പ്രവർത്തനത്തെപ്പററി ഈ ഗവൺമെൻറിന്റെ നയം എന്തെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

ഗവൺമെൻറ് അംഗീകരിച്ച നിബന്ധനകൾക്ക് പൂർണ്ണമായും വിധേയമായാണ് പോലീസ് സംഘടനയ്ക്ക് പ്രവർത്തന സ്വാതന്ത്ര്യവും അംഗീകാരവും നൽകിയിട്ടുളളത്.

LIBRARY ARCHIVES Kerala Legislative Assembly

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

289. [372] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസാധനങ്ങളുടെ വില വർദ്ധിച്ചിട്ടുള്ളകാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിത്യോപയോഗസാധനങ്ങളുടെ വില കഴിഞ്ഞ ആറു മാസങ്ങൾക്കുള്ളിൽ എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവ് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലവർധനവ് തടയുന്നതിനുവേണ്ടി പുതിയ എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) തെരഞ്ഞെടുത്ത ചില നിത്യോപയോഗ സാധനങ്ങളുടെ ഇപ്പോഴുള്ള ചില്ലറ വില ആറു മാസത്തിനു മുൻപുണ്ടായിരുന്ന വിലയുമായി താരതമ്യപ്പെടുത്തി വിലവർദ്ധനവ് ചുവടെ ചേർക്കുന്നു:—

| | ഉല്പന്നം | | |
|---|---|---|---|
| 1. | അരി | 2.3 % | വിലവർദ്ധന |
| 2. | ചെറുപയറ് | 10.3 % | ,, |
| 3. | ഉഴുന്ന് | 13 8 % | ,, |
| 4. | വെളിച്ചെണ്ണ | 14.6 % | ,, |
| 5. | ഉരുളക്കിഴങ്ങ് | 12.9 % | ,, |
| 6. | ഉള്ളി | 39.5 % | ,, |

തുവരപ്പരിപ്പ്, മല്ലി, വററൽ മുളക്, പഞ്ചസാര എന്നിവയ്ക്ക് നേരിയ തോതിൽ വില കുറഞ്ഞിട്ടുണ്ട്.

(സി), (ഡി) പഞ്ഞമാസങ്ങളിൽ അരിവില ഉയരാതിരിക്കുവാൻ വേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങി ശേഖരിച്ചിട്ടുള്ള അരി കാർഡൊന്നിന് ആഴ്ചയിൽ 5 കിലോഗ്രാം വീതം വിതരണം ചെയ്യുവാൻ തുടങ്ങിയിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങൾ, റേഷൻകടകൾ, മാവേലി സ്റേറാറുകൾ എന്നിവ വഴിയാണ് അരി വിതരണം ചെയ്യുന്നത്. കൂടാതെ മാവേലി സ്റേറാറുകളിലൂടെ കൂടുതൽ സാധനങ്ങൾ ഉപഭോക്താക്കൾക്കു ലഭിക്കുവാനുള്ള ഏർപ്പാടുകളും മെച്ചപ്പെടുത്തിയിട്ടുണ്ട്.

(ഇ) നഗരപ്രദേശങ്ങളിലാണ് ഇപ്പോൾ മാവേലി സ്റേറാറുകൾ പ്രവർത്തിച്ചു വരുന്നത്. അർദ്ധനഗര പ്രദേശങ്ങളിലേക്കുകൂടി ഈ സ്റേറാറുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങൾ മുഖാന്തിരം അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിന് മിനി മാവേലി സ്റേറാറുകൾ തുടങ്ങുന്നതിനുള്ള ഒരു പദ്ധതിക്ക് സഹകരണ ഡിപ്പാർട്ടുമെൻറുമായി ആലോചിച്ച് രൂപം നല്കിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

## നാടൻ ഇഷ്ടിക

290. [373] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടൻ ഇഷ്ടികകൾക്ക് സെയിൽസ്ടാക്സ് ഈടാക്കുന്നുണ്ടോ;

(ബി) നാടൻ ഇഷ്ടിക നിർമ്മാണത്തെ സെയിൽസ് ടാക്സിൽ നിന്ന് ഒഴിവാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഗവൺമെൻറിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ഭാഗികമായി തൊഴിൽ നൽകുന്ന ഈ കുടിൽ വ്യവസായത്തെ സെയിൽടാക്സിൽനിന്ന് ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നാടൻ ഇഷ്ടിക നിർമ്മാതാക്കളെ വില്പന നികുതിയിൽനിന്നും പൂർണ്ണമായും ഒഴിവാക്കാൻ നിർവ്വാഹമില്ല.

## മെഡിക്കൽകോളേജിൻെറ വികസനത്തിന് ഭാഗ്യക്കുറി

291. [374] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മെഡിക്കൽകോളേജിൻെറ വികസനത്തിനായി ഒരു ഭാഗ്യക്കുറി ആരംഭിക്കുമോ?

## ഉത്തരം

ലോട്ടറീസ് വകുപ്പ് നടത്തുന്ന ലോട്ടറികളിൽനിന്നുള്ള വരുമാനം, സ്റേററിൻെറ മൊത്ത വരുമാനത്തിലേക്ക് മുതൽ കൂട്ടുകയാണ് ചെയ്യുന്നത്. അതുകൊണ്ട് മെഡിക്കൽകോളേജിൻെറ വികസനത്തിനു മാത്രമായി ഒരു ഭാഗ്യക്കുറി ആരംഭിക്കുന്നതിന് ഈ വകുപ്പ് ഉദ്ദേശിക്കുന്നില്ല.

## ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട്

292. [375] ശ്രീ. കെ. പി. പ്രഭാകരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. ടി. കണാരൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കാനം രാജേന്ദ്രൻ:
,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷി ലാഭകരമായി നടത്താൻ എങ്ങനെ സാദ്ധ്യമാക്കാമെന്നതിനെപ്പററി അന്വേഷിക്കാൻ നിയോഗിച്ചിരുന്ന ശ്രീ. ജനാർദ്ദനൻ നായർ കമ്മീഷൻെറ റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും അതിൻമേൽ എന്തു തീരുമാനം എടുത്തുവെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. അതുകൊണ്ട് അതിലെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നു ഇപ്പോൾ പറയുക ശരിയല്ല. റിപ്പോർട്ടു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പരിശോധിച്ചു കഴിഞ്ഞതിനുശേഷം മാത്രമേ അത് പ്രസിദ്ധീകരിക്കുന്ന കാര്യം തീരുമാനിക്കാനാവൂ

കശുമാവ് കർഷകരുടെ അവശതകൾ

293. [376] ശ്രീ. പി. സീതി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കശുമാവ് കർഷകരുടെ ഇന്നത്തെ അവശതകൾ പരിഹരിക്കുവാനും അവർക്ക് ന്യായമായ വില നൽകുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

ഉത്തരം

ഈ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കശുവണ്ടി മുഴുവൻ സംഭരിക്കുന്നതിനും കർഷകർക്ക് അതിന് ന്യായമായ വില നൽകുന്നതിനുംവേണ്ടി ഈ വർഷവും ഗവൺമെൻറ് കശുവണ്ടി കുത്തകസംഭരണം ഏർപ്പെടുത്തി. കിലോയ്ക്ക് 6 രൂപ 20 പൈസ മുതൽ 6 രൂപ 50 പൈസ വരെ നിരക്കിൽ കശുവണ്ടിയ്ക്ക് വില നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര ഗവൺമെൻറിന്റെ റബ്ബർ ഇറക്കുമതി നയം

294. [377] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെൻറിന്റെ റബ്ബർ ഇറക്കുമതിനയംകൊണ്ട് സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് ഉണ്ടായിട്ടുള്ള നഷ്ടം ഗവൺമെൻറ് കണക്കാക്കിയിട്ടുണ്ടോ ;

(ബി) റബ്ബർ ഇറക്കുമതി നിർത്തൽ ചെയ്യണമെന്ന് കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കേന്ദ്ര ഗവൺമെൻറിന്റെ പ്രതികരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്രത്തിന്റെ റബ്ബർ ഇറക്കുമതിനയം മാററാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നഷ്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി) രാജ്യത്തെ ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള വിടവു നികത്തുന്നതിനാവശ്യമായ റബ്ബർ മാത്രമേ ഇറക്കുമതി ചെയ്യുന്നുള്ളു എന്നും ഉല്പാദനത്തിൽ രാജ്യം സ്വയംപര്യാപ്തത നേടുന്നതുവരെ ഈ ഇറക്കുമതി തുടരേണ്ടിവരുമെന്നും കേന്ദ്ര ഗവൺമെൻറ് അറിയിച്ചിട്ടുണ്ട്.

(ഡി) ഇപ്പോഴില്ല.

(ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

കൊപ്രയുടെ ഇറക്കുമതിമൂലം കേരകർഷകർക്ക് ഉണ്ടായ നഷ്ടം

295. [378] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊപ്രായുടെ ഇറക്കുമതിനയംമൂലം സംസ്ഥാനത്തെ കേരകർഷകർക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം ഗവൺമെൻറ് കണക്കാക്കിയിട്ടുണ്ടോ;

(ബി) കൊപ്രയുടെ ഇറക്കുമതി അവസാനിപ്പിക്കാൻ കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ കേന്ദ്ര ഗവൺമെൻറിൻെറ പ്രതികരണം വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര ഗവൺമെൻറിൻെറ കൊപ്രാ ഇറക്കുമതിനയം മാററാൻ എന്തെങ്കിലും പുതിയ നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നഷ്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി) നാളികേരത്തിൻെറയും നാളികേരോല്പന്നങ്ങളുടെയും ഇറക്കുമതി നിർത്തുന്ന കാര്യം കണക്കിലെടുക്കുന്നുണ്ടെന്ന് കേന്ദ്ര ഗവൺമെൻറ് അറിയിച്ചിട്ടുണ്ട്.

(ഡി) ഇപ്പോഴില്ല.

(ഇ) ഉദിക്കുന്നില്ല.

താമരശ്ശേരിയിൽ കൊക്കോ സംസ്ക്കരണ പ്ലാൻറ്

296. [379] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ താമരശ്ശേരി പരിസരപ്രദേശങ്ങളിൽ എവിടെയെങ്കിലും ഗവൺമെൻറ് സഹകരണത്തോടെ കൊക്കോ സംസ്കരണപ്ലാൻറും അനുബന്ധ ഉത്പാദനത്തിനുള്ള ഫാക്ടറിയും സ്ഥാപിക്കണമെന്ന നിവേദനം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഗവൺമെൻറിൻെറ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കോഴിക്കോട് ജില്ലയിലെ കോക്കനട്ട് കോംപ്ലക്സ്

297. [380] ശ്രീ. മണിമംഗലത്തു കുട്ട്യാലി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിൽ തിരുവണ്ടൂർ സ്ഥാപിക്കാൻ പോകുന്ന കോക്കനട്ട കോംപ്ലക്സിൻെറ പൂർണ്ണമായ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കോഴിക്കോട് ജില്ലയിലെ തിരുവണ്ണൂരിൽ സ്ഥാപിക്കുന്ന കോക്കനട്ട് കോംപ്ലക്സ് 1983 മാർച്ച് മാസത്തിൽ പ്രവർത്തനമാരംഭിക്കുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്.

തേയിലത്തോട്ടങ്ങളിലെ സാമ്പത്തിക പ്രതിസന്ധി

298 [381] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തേയിലത്തോട്ട കൃഷിക്കാർ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സാമ്പത്തികപ്രതിസന്ധി കാരണം തേയിലത്തോട്ടങ്ങളിൽ കൃഷിപ്പണികൾ നടക്കുന്നില്ലെന്ന വസ്തുത ഗവൺമെൻറിനറിയാമോ ;

(സി) അതുമൂലം കേരളത്തിലെ തേയില ഉല്പാദനത്തിൽ ഗണ്യമായ കുറവുണ്ടാകാതിരിക്കാൻ എന്തെങ്കിലും പരിഹാരനടപടി സ്വീകരിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അത് വിശദമാക്കുമോ ?

ഉത്തരം

(എ) തേയിലകൃഷിക്കാർ സാമ്പത്തികമായി ബുദ്ധിമുട്ടുകൾ നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉല്പാദനക്കുറവ്, വിലക്കുറവ് തുടങ്ങിയ കാരണങ്ങൾകൊണ്ട് തേയിലത്തോട്ടങ്ങൾ നന്നായി സൂക്ഷിക്കുവാൻ ബുദ്ധിമുട്ടുള്ളതായി അറിയാം.

(സി), (ഡി) തേയിലത്തോട്ടകൃഷിക്കാർ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് തേയിലകൃഷിയെ 1-4-1981 മുതൽ ഒരു വർഷത്തേയ്ക്ക് വർദ്ധിപ്പിച്ച പ്ലാന്റേഷൻ നികുതി നിരക്കിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ 16-9-1981 മുതൽ ഒരു വർഷത്തേയ്ക്ക് തേയിലയുടെ വില്പനനികുതി പകുതിയാക്കി കുറവു ചെയ്യുകയും, 3-10-1981 മുതൽ ഒരു വർഷത്തേക്ക് തേയില കൃഷിക്കുള്ള വളം വില്പന നികുതിയിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. തേയിലയുടെ ഉല്പാദനവും വിപണനവും നിയന്ത്രിക്കുന്നത് അഖിലേന്ത്യാതലത്തിൽ പ്രവർത്തിക്കുന്ന റ്റീ ബോർഡാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## II ചരമോപചാരം

മി. സ്പീക്കർ : കേരള നിയമസഭയിലെ അംഗങ്ങളായിരുന്ന ശ്രീ ഇറവങ്കര ഗോപാലക്കുറുപ്പ്, ശ്രീ. കെ. സി. സഖറിയ, ശ്രീ. വി. എ. അബ്ദുൾ അസ്സീസ് എന്നീ ബഹുമാന്യ വ്യക്തികൾ ഈയിടെ അന്തരിച്ച 9.30A.M] വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ. കേരളത്തിന്റെ വിദ്യാഭ്യാസ രാഷ്ട്രീയ സാമൂഹ്യമണ്ഡലങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഒരു വ്യക്തിയെയാണ് ശ്രീ. ഇറവങ്കര ഗോപാലക്കുറുപ്പിന്റെ നിര്യാണം മൂലം നമുക്ക് നഷ്ടമായിട്ടുള്ളത്. മാവേലിക്കരയിലെ ഒരു ഇടത്തരം കുടുംബത്തിൽ ജനിച്ച ശ്രീ ഗോപാലക്കുറുപ്പ് വിദ്യാഭ്യാസത്തിനുശേഷം ഇന്ത്യൻ റോയൽ നേവിയിലെ വയർലസ് വിഭാഗത്തിൽ ചേർന്നു. വളരെ ചെറുപ്പത്തിൽത്തന്നെ സംഘടനാപ്രവർത്തനത്തിൽ

ത്തിൽ ഉൽസുകിതനായിത്തീർന്ന അദ്ദേഹം 1946-ലെ ഇന്ത്യൻ നാവികസേനയുടെ പണിമുടക്കിൽ സജീവമായി പങ്കെടുത്തിരുന്നു. സംഘടനാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടതുമൂലം പോലീസ് വിഭാഗത്തിൽ ഉണ്ടായിരുന്ന ഉദ്യോഗവും നഷ്ടപ്പെട്ടു, അതിനുശേഷം ഒരു ഹൈസ്ക്കൂൾ അദ്ധ്യാപകനായിത്തീർന്ന അദ്ദേഹം അദ്ധ്യാപകസംഘടനയുടെ സമുന്നതനേതാവായി. 1960-ൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ നിന്നാണ് അദ്ദേഹം കേരളനിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ദീർഘകാലം കമ്മ്യൂണിസ്റ്റുപാർട്ടിയിൽ പ്രവർത്തിച്ച അദ്ദേഹം ഒടുവിൽ എ. ഐ. സി. പി. പ്രവർത്തകനായിരുന്നു. സി. പി. ഐ. സ്റ്റേറ്റ് കൗൺസിൽ അംഗം, നിയമസഭാ മെമ്പർ സർവ്വകലാശാലാ സിൻഡിക്കേറ്റ് മെമ്പർ, അദ്ധ്യാപകസംഘടനാനേതാവ് എന്നീ നിലകളിലെല്ലാമുള്ള അദ്ദേഹത്തിന്റെ സേവനം എക്കാലവും സ്മരിക്കപ്പെടും.

രാഷ്ട്രീയ പ്രവർത്തകൻ സാമൂഹ്യപ്രവർത്തകൻ, സഹകാരി, പത്രപ്രവർത്തകൻ എന്നീ നിലകളിലെല്ലാം മികച്ച സേവനം അനുഷ്ടിച്ചിട്ടുള്ള കെ. സി. സഖറിയ വിദ്യാഭ്യാസകാലത്തുതന്നെ രാഷ്ട്രീയ പ്രവർത്തനത്തിലേയ്ക്ക് ഇറങ്ങുകയാണുണ്ടായത്. മദ്ധ്യതിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളർത്തിയെടുക്കുന്നതിന് ഒട്ടും അപ്രധാനമല്ലാത്തപങ്ക് ആണ് അദ്ദേഹം വഹിച്ചിട്ടുള്ളത്. സി. പി. ഐ. അഖിലേന്ത്യാകമ്മിററി അംഗമായി അദ്ദേഹം പ്രവർത്തിച്ചിരുന്നു. പ്രശസ്തമായ നിലയിൽ നിയമബിരുദം നേടിയ സഖറിയ അഭിഭാഷകവൃത്തി ഉപേക്ഷിച്ച് പത്ര പ്രവർത്തനത്തിലേക്ക് വരികയും പൗരപ്രഭ, ചിത്രോദയം മാസിക, കേരളഭൂഷണം എന്നിവയുടെ പത്രാധിപരായി പ്രവർത്തിക്കുകയും ചെയ്തു. കേരളഭൂഷണ ദിനപത്രത്തിന്റെ ചീഫ് എഡിറററായി 20 വർഷത്തോളം കാലം സേവനമനുഷ്ടിച്ചിട്ടുണ്ട്. 1967-ൽ തൊടുപുഴ നിയോജകമണ്ഡലത്തിൽ നിന്നും കമ്മ്യൂണിസ്ററ് പിന്തുണയുള്ള ഒരു സ്വതന്ത്രനായിട്ടാണ് അദ്ദേഹം നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. നിയമസഭാസാമാജികനെന്നുള്ള നിലയിലും വ്യക്തി മുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. നിയമസഭാപെററീഷൻസ് കമ്മിററിയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ അദ്ദേഹം ചെയ്ത ശ്രമങ്ങൾ എന്നും സ്മരിക്കപ്പെടും.

തിരുവിതാംകൂർ നിയമസഭയിലും തിരു-കൊച്ചി നിയമസഭയിലും അംഗമായിരുന്ന ശ്രീ. വി. എ. അബ്ദുൾ അസ്സീസ് തിരുവനന്തപുരം ഒന്നാം നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്തിരുന്നു. കഴിവുററ നിയമജ്ഞനും വാഗ്മിയുമായിരുന്ന അദ്ദേഹം ശ്രദ്ധേയനായ ഒരു നിയമസഭാ സാമാജികനായിരുന്നു. പരേതരോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേററ് നിൽക്കാം.

(പരേതരോടുള്ള ബഹുമാനസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേററുനിന്നു)

## III അടിയന്തിരപ്രമേയം

### നേമം പഞ്ചായത്തിലെ ആഴാംതൽ എന്ന സ്ഥലത്ത് മുരളിയെന്ന സി. പി. ഐ. (എം.) പ്രവർത്തകനെ കുത്തികൊലപ്പെടുത്തിയതിനെ തുടർന്നുളവായിട്ടുള്ള ഗുരുതരാവസ്ഥ

മി. സ്പീക്കർ: നേമം പഞ്ചായത്തിൽപ്പെട്ട ആഴാംകൽ എന്ന സ്ഥലത്ത് മുരളിയെന്ന സി. പി. എം. പ്രവർത്തകനെ കുത്തിക്കൊലപ്പെടുത്തിയതിനെത്തുടർന്ന് ഉണ്ടായിയെന്ന് പറയപ്പെടുന്ന സ്ഥിതിവിശേഷത്തെക്കുറിച്ച്

ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാ നടപടികൾ നിർത്തി വയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് റൂൾ 50 അനുസരിച്ച് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ വയലാർ രവി) : സർ, ഈ കഴിഞ്ഞ 4-ാം തീയതി രാത്രി എട്ടേകാൽ മണിയ്ക്ക് ആഴാംകൽ എന്ന സ്ഥലത്തുവച്ച് മുരളീധരനെന്ന യുവാവിനെ അദ്ദേഹത്തിന്റെ ബന്ധുവായ ഗോപി കുത്തി മുറിവേല്പിക്കുകയുണ്ടായി. മുരളീധരനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും ഒൻപത് മണിയ്ക്ക് മരണപ്പെടുകയാണുണ്ടായത്. ബന്ധുക്കളായ ഇവർ തമ്മിൽ കുടുംബവഴക്കിനെ തുടർന്ന് വാക്കുതർക്കം ഉണ്ടായതായിട്ടാണ് അറിയുന്നത്. പ്രതി ഗോപി കമ്പിതപാൽ വകുപ്പിലെ ജീവനക്കാരനാണ്. കൊലകുററത്തിന് കേസ്സ് എടുക്കുകയും ക്രൈം ഡിററാച്ചുമെൻറ് അന്വേഷണം തുടരുകയുമാണ് ഇതിൽ എന്തെങ്കിലും രാഷ്ട്രീയമുള്ളതായി തോന്നുന്നില്ല.

ശ്രീ. കോലിയക്കോട് കൃഷ്ണൻനായർ : ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത് സത്യത്തിന് നിരക്കാത്തതാണ്. തിരുവനന്തപുരം സിററിയുടെ ആറ് കിലോമീററർ തെക്കുഭാഗത്ത് നേമം പഞ്ചായത്തിലെ കരുമം എന്ന പ്രദേശത്ത് ആഴാംകൽ എന്ന സ്ഥലത്ത് ഗോപി എന്ന പി ആൻറ് ടി. യിലെ ഒരു ഡ്രൈവർ സി. പി. എം. ബ്രാഞ്ച് ജോയിൻറ് സെക്രട്ടറിയായ 26 വയസ്സുള്ള മുരളിയെ കുത്തി കൊലപ്പെടുത്തുകയാണ് ചെയ്തത്. 4-ാം തീയതി രാത്രി 10 മണിയോടുകൂടി ഗോപി, മുരളിയുടെ വീട്ടിൽ ചെന്ന് അദ്ദേഹത്തെ ഉപദ്രവിക്കാൻ ശ്രമിച്ചു. ഗോപി ഇന്ദിരാ കോൺഗ്രസ്സിന്റെ പ്രവർത്തകനാണ്. ഒരു പ്രാവശ്യം അവർ ആക്രമിക്കാൻ ചെന്ന അവസരത്തിൽ ചുററുമുള്ള ആളുകൾ ഗോപിയെ പിടിച്ചുമാററി അദ്ദേഹത്തിന്റെ സ്ഥലത്തുകൊണ്ടാക്കി, ഗോപിയും മുരളിയും തമ്മിൽ പറയത്തക്ക ബന്ധങ്ങളൊന്നുമില്ല. അതുപോലെതന്നെ അര മണിക്കൂർ കഴിഞ്ഞപ്പോൾ ഗോപി വീണ്ടും വന്നു മുരളിയെ വിളിച്ചിറക്കി മൃഗീയമായി കുത്തുകയും ചെയ്തു. ഉടൻതന്നെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും മരിക്കുകയാണുണ്ടായത്. ഭരണമുന്നണിയുടെ പ്രധാന പ്രവർത്തകനായ ഈ ഗോപി ഭരണമുന്നണി ഭരിക്കുന്നുവെന്നുള്ള ഒററ കാരണംകൊണ്ട് മനപൂർവ്വം ഗൂഢഉദ്ദേശത്തോടുകൂടി മുരളിയെ വധിച്ചതാണ്. ഇപ്പോൾ ആ പ്രദേശത്ത് ആകെ ഗുരുതരാവസ്ഥ നിലനിൽക്കുകയാണ്. ഈ ഡ്രൈവറെ ഇതുവരെയും അറസ്ററ് ചെയ്തിട്ടില്ല. അറസ്ററ് ചെയ്യാൻ ബുദ്ധിമുട്ട് ഉണ്ടായിട്ടല്ല, കോൺഗ്രസ്സ് 'ഐ' യുടെ പ്രവർത്തകനായതുകൊണ്ടാണ് അറസ്ററ് ചെയ്യാത്തത്. ഗോപിയെ അറസ്ററ് ചെയ്യുന്ന കാര്യത്തിൽ പോലീസ് അലംഭാവം കാണിച്ചിരിക്കുകയാണ്. ഈ ഗുരുതരാവസ്ഥ കണക്കിലെടുത്തു ഈ സഭ റൂൾ 50 അനുസരിച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : പ്രതിയെ അറസ്ററ് ചെയ്യുന്നതിൽ യാതൊരു അലംഭാവവും കാണിക്കുകയില്ലെന്ന് മാത്രമല്ല പ്രതിയെ അറസ്ററ് ചെയ്യുന്നതും കൂടുതൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

മി. സ്പീക്കർ : പ്രതിയെ അറസ്ററ് ചെയ്യുന്നത് ഉൾപ്പെടെയുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിന്റെയടിസ്ഥാനത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

# IV. ശ്രദ്ധക്ഷണിക്കൽ

## (1) കേരളത്തിലെ വിദ്യാർത്ഥി സംഘടനകൾ സമര പരിപാടികൾ പ്രഖ്യാപിച്ചിരിക്കുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കേരളത്തിലെ വിദ്യാർത്ഥികളുടെഅടിയന്തിരപ്രാധാന്യമർഹിക്കുന്ന ചില ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വിവിധ വിദ്യാർത്ഥി സംഘടനകൾ പഠിപ്പ് മുടക്ക് ഉൾപ്പെടെയുള്ള സമര പരിപാടികൾ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്ക് ഗവൺമെൻറിൻെറ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ വർഷം കേരളത്തിലെ വിദ്യാർത്ഥികളുടെ മേൽ വമ്പിച്ച സാമ്പത്തിക ഭാരമാണ്. ഗവൺമെൻറ് അടിച്ചേൽപ്പിച്ചത്, ഒന്നര കോടി രൂപയുടെ അധിക സാമ്പത്തികഭാരമാണ് പാഠപുസ്തകങ്ങളുടെ വിലക്കയററത്തിൻെറ ഫലമായി ഉണ്ടായിട്ടുള്ളത്. 1.20 പൈസ ഉണ്ടായിരുന്ന ഒന്നാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പാഠപുസ്തകത്തിന് 2.20 പൈസയായി വർദ്ധിപ്പിച്ചു. നൂറു ശതമാനം വരെ ചില പാഠപുസ്തകങ്ങളുടെ മേൽ വിലക്കയററമുണ്ടായി. സബ്സിഡി നൽകി ചുരുങ്ങിയ നിരക്കിൽ പുസ്തകങ്ങൾ വിതരണം ചെയ്യാനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കേണ്ടതായിരുന്നു. പശ്ചിമ ബംഗാളിലും ത്രിപുരയിലും പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്ന സ്ഥിതി ഇന്ന് നിലനിൽക്കുന്നുണ്ട്. അതുപോലെ കേരളത്തിലെ ഗവൺമെൻറും പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെയെങ്കിലും പാഠപുസ്തകങ്ങളുടെ വിലക്കയററത്തിൻെറ ഫലമായി ഉളവായിട്ടുള്ള കെടുതിയിൽ നിന്ന് രക്ഷിക്കേണ്ടതാണ്. ഇതാണ് ഇന്ന് കേരളത്തിലെ വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിരിക്കുന്ന പ്രധാന മുദ്രാവാക്യം.

കേരളത്തിലെ വിദ്യാഭ്യാസരംഗത്തുള്ള മുഴുവൻ ആളുകളേയും ചിന്തിപ്പിക്കുന്ന ഒരു കാര്യമായി മാറിയിരിക്കുകയാണ്. കേരളത്തിലെ മാർക്ക് തട്ടിപ്പ് കേസ്. 0+0+2=428 ഈ സംസ്ഥാനത്ത് അവതരിപ്പിച്ച മാർക്ക് തട്ടിപ്പുകാരെ ഡിസ്മിസ് ചെയ്യണമെന്നാണ് കേരളത്തിലെ വിദ്യാർത്ഥികൾ ഇന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്.

കേരളത്തിലെ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ ഈ ഗവൺമെൻറ് തയ്യാറില്ല. ഗവൺമെൻറ് ക്രിമിനൽ കേസ് ചാർജ് ചെയ്തിട്ടുണ്ട്. അക്കാഡമിക് കുററം ചെയ്യുന്നവർക്കെതിരായി ക്രിമിനൽ കേസ് ചാർജ് ചെയ്യേണ്ട ആവശ്യമില്ല. യൂണിവേഴ്സിററി നിയമത്തിൽത്തന്നെ ആ വിദ്യാർത്ഥികളെ ഡിസ്മിസ് ചെയ്യാൻ വകുപ്പുണ്ടെന്നിരിക്കെ, കുററക്കാരെ രക്ഷിക്കുന്നതിനുവേണ്ടി ഈ ഗവൺമെൻറ് ശ്രമിക്കുകയാണെന്ന് വിദ്യാർത്ഥികൾ ആക്ഷേപം ഉന്നയിച്ചിരിക്കുകയാണ്. ശ്രീ. എം. കെ. കെ. നായർ മുതൽ ഡോക്ടർ ഗഫൂർ വരെയുള്ളവരുടെ പിന്തുണയോടുകൂടി അധികാരത്തിൽവന്ന ഈ ഗവൺമെൻറ് കൈക്കൊള്ളുന്ന നടപടികൾ കേരളത്തിലെ വിദ്യാർത്ഥികൾ ഉൽക്കണ്ഠയോടുകൂടിയാണ് വീക്ഷിച്ചുകൊണ്ടിരിക്കുന്നത്.

കേരളത്തിലെ വിദ്യാർത്ഥികൾ ആവശ്യപ്പെടുന്ന മറെറാരു പ്രധാനപ്പെട്ട മുദ്രാവാക്യം ഹരിജൻ വിദ്യാർത്ഥികളുടെ സ്റൈറപ്പെൻറ് വർദ്ധിപ്പിക്കണമെന്നും അത് കൃത്യസമയത്ത് വിതരണം ചെയ്യണമെന്നുമുള്ളതാണ്. അതുപോലെ തന്നെ സ്വകാര്യ കോളേജുകളിൽ അർഹതപ്പെട്ട വിദ്യാർത്ഥികൾക്കു

പോലും പ്രവേശനം നിഷേധിക്കുന്ന അവസ്ഥ ഇന്ന് നടന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ സെൻറ് സേവിയേഴ്സ് കോളേജിൽ പ്രീഡിഗ്രിക്കപേക്ഷിച്ച റൂബിൻ ഡിക്രൂസ് എന്ന് പറയുന്ന വിദ്യാർത്ഥി പ്രീഡിഗ്രി പ്രവേശനത്തിനുള്ള റാങ്ക് ലിസ്ററിൽ എട്ടാമത്തെ പേരുകാരനാണ്. ആ കുട്ടി എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് 361 മാർക്ക് നേടിയ വിദ്യാർത്ഥിയാണ്. ആ കുട്ടിക്ക് കോളേജിൽ പ്രവേശനം നിഷേധിച്ചു. കേരളത്തിലെ വിദ്യാർത്ഥികൾക്ക് സ്വകാര്യ കോളേജുകളിൽപോലും പ്രവേശനം നിഷേധിച്ചുകൊണ്ടിരിക്കുന്ന ഗുരുതരാവസ്ഥ കേരളത്തിലെ വിദ്യാർത്ഥികളുടെയിടയിൽ വമ്പിച്ച പ്രതിഷേധം ഉളവാക്കിരിക്കുന്നു.

അതുപോലെതന്നെ തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ കഴിഞ്ഞ മൂന്നു ദിവസമായി രണ്ട് വിദ്യാർത്ഥികൾ നിരാഹാര സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. 1958-ൽ ആരംഭിച്ച തൃശ്ശൂരിലെ എഞ്ചിനീയറിംഗ് കോളേജിൽ, അന്ന് കോളേജ് തുടങ്ങിയ കാലത്തുണ്ടായിരുന്ന സൗകര്യങ്ങൾ മാത്രമേ ഇന്നുമുള്ളു എന്ന് വിദ്യാർത്ഥികൾ പരാതിപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ അവിടെ 1200-ൽ അധികം വിദ്യാർത്ഥികളാണുള്ളത്. 600-ഓളം വിദ്യാർത്ഥികൾ ഉണ്ടായിരുന്ന, തുടങ്ങിയ കാലത്തുള്ള സൗകര്യങ്ങൾ മാത്രമേ ഇപ്പോഴും അവിടെയുള്ളു. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ ഇപ്പോൾ ഉന്നയിച്ചിരിക്കുന്ന ആവശ്യം അടിയന്തിരമായി അവരുമായി ചർച്ച ചെയ്തുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ തയ്യാറാകണം. ഈ പ്രശ്നം ഉന്നയിച്ചുകൊണ്ട് വിദ്യാർത്ഥികൾ പഠിപ്പു മുടക്കിയിരിക്കുകയാണ്.

വിദ്യാർത്ഥികളുടെ കോൺഫറൻസ് വിളിച്ചുചേർത്തുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി പറഞ്ഞത്, പാഠപുസ്തകങ്ങളുടെ വിലകുറയ്ക്കാൻ തയ്യാറില്ല എന്നാണ്. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറയുന്നത് സമരം ചെയ്യുന്ന വിദ്യാർത്ഥികളെ അടിച്ചമർത്തുമെന്നാണ്. നാളെ വിദ്യാർത്ഥികൾ പഠിപ്പുമുടക്കാൻ പോവുകയാണ്.

ഇന്നലെ സാജി എന്നു പറയുന്ന ഹരിജൻ വിദ്യാർത്ഥിയെ കൊല ചെയ്തതിന്റെ പേരിൽ പഠിപ്പുമുടക്കിയ ആലപ്പുഴ ഹൈസ്ക്കൂളിലെ വിദ്യാർത്ഥികളെ പോലീസ് നിഷ്ഠൂരമായി ലാത്തിചാർജ്ജ് ചെയ്തു. വിദ്യാർത്ഥികളെ ആ നിലയിൽ ലാത്തിചാർജ്ജ് ചെയ്തുകൊണ്ട്, അവരുടെ ആവശ്യങ്ങളെ ചോരയിൽ മുക്കികൊല്ലാനാണ് ഈ ഗവൺമെൻറ് തയ്യാറാകുന്നതെങ്കിൽ നമ്മുടെ സംസ്ഥാനത്ത് വമ്പിച്ച ഒരു വിദ്യാർത്ഥി സമരത്തെ വിളിച്ചുവരുത്തുകയായിരിക്കും ഫലം. അതുകൊണ്ട് അടിയന്തിരമായും വിദ്യാർത്ഥി സംഘടനകളെ വിളിച്ചുചേർത്തുകൊണ്ട്, ഈ പ്രശ്നം പരിഹരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോട് അഭ്യർത്ഥിക്കുന്നു

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ വിദ്യാർത്ഥി സംഘടനകളുടെ ചില ആവശ്യങ്ങളെക്കുറിച്ച് ഇവിടെ പരാമർശിക്കയുണ്ടായി വളരെ അനുഭാവപൂർവ്വമായ ഒരു നയമാണ് വിദ്യാർത്ഥികളുടെ കാര്യത്തിൽ ഈ ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തുടർന്നും അങ്ങനെതന്നെ മുന്നോട്ടു പോകണമെന്നാണ് ഗവൺമെൻറിന്റെ ആഗ്രഹം. വിദ്യാർത്ഥി സംഘടനകൾ പല ആവശ്യങ്ങളും ഗവൺമെൻറിന്റെ പക്കൽ ഉന്നയിച്ചിട്ടുണ്ട്. വളരെയേറെ വിദ്യാർത്ഥി സംഘടനകൾ നിരവധി ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇതിൽ ഒരു ഗവൺമെൻറിനെക്കൊണ്ട് ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ഇതിനകംതന്നെ പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുകയാണ്. 11-6-1932-ൽ ആറര

LIBRARY ARCHIVES Kerala Legislative Assembly

മണിക്കൂർ വിദ്യാർത്ഥി സംഘടനകളുമായി ചർച്ചകൾ നടത്തി. രണ്ടര മണിക്ക് ആരംഭിച്ച ചർച്ച രാത്രി ഒൻപത് മണിക്കാണ് അവസാനിച്ചത്. 25-ാം തീയതി ഞാനും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയും ധനകാര്യമന്ത്രിയും ട്രാൻസ്പോർട്ട് മന്ത്രിയും ഒരുമിച്ച് വിദ്യാർത്ഥി സംഘടനകളുമായി നാലര മണിക്കൂറിലേറെ സമയം ചർച്ചകൾ നടത്തുകയുണ്ടായി. അന്ന് വിദ്യാർത്ഥികൾ ഉന്നയിച്ച ആവശ്യങ്ങളെക്കുറിച്ച് പരാതികൾ പറഞ്ഞു. ആ പരാതികൾ ഗവൺമെൻറ് പരിശോധിക്കുകയും അവിടെ വച്ചുതന്നെ പരിഹാരമാർഗ്ഗം നിർദ്ദേശിക്കാൻ സാധിക്കുന്ന കാര്യങ്ങളിൽ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. മറേറതൊരു ഗവൺമെൻറ് ചെയ്തതിനേക്കാൾ കൂടുതൽ കാര്യങ്ങൾ ഈ ഗവൺമെൻറ് ചെയ്തുകൊടുത്തു എന്നുള്ള കാര്യം അഭിമാനത്തോടുകൂടി തന്നെ പറയാൻ സാധിക്കും.

ഇവിടെ പ്രധാനമായും ചൂണ്ടിക്കാണിച്ച വസ്തുത പാഠപുസ്തകങ്ങളുടെ വിലക്കയററത്തെ സംബന്ധിച്ച കാര്യമാണ്. ഈ ഗവൺമെൻറ് അധികാരമേററെടുത്തതിനുശേഷം പുതുതായി കൊണ്ടുവന്ന നയത്തിൻെറ അടിസ്ഥാനത്തിലല്ല ഈ സമീപനം സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് 300 ലക്ഷത്തോളം ടെക്സ്ററ് ബുക്കുകൾ ഈ വർഷം പ്രിൻറ് ചെയ്ത് വിതരണം നടത്തുന്നുണ്ട്. ടെക്സ്ററ് ബുക്കുകളുടെ വിതരണത്തിൽ കാര്യക്ഷമമായ പ്രവർത്തനമാണ് ഈ ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുന്നത്. മുൻകൊല്ലത്തിൽ ടെക്സ്ററ് ബുക്കുകൾ സമയത്തിന് കിട്ടുന്നില്ല എന്ന പരാതിയുണ്ടായിരുന്നുവെങ്കിൽ ഈ വർഷം അത് ഉണ്ടായില്ല; ഉണ്ടാവുകയുമില്ല. അത് വളരെ അഭിമാനത്തോടുകൂടി പറയാൻ സാധിക്കുന്ന ഒരു കാര്യമാണ്. 1981-82-ൽ നാൽപ്പത് ശതമാനത്തിലേറെ വില വർദ്ധനവ് പേപ്പറിൻെറ കാര്യത്തിൽത്തന്നെ ഉണ്ടായിട്ടുണ്ട്. 7-79-ൽ, 2,750 രൂപയായിരുന്ന ഒരു ടൺ പേപ്പറിൻെറ വില 3,000 രൂപയായി വർദ്ധിക്കുകയുണ്ടായി. 11-80-ൽ അത് 3,500 രൂപയായി വർദ്ധിച്ചു. 12-81-ൽ 4,200 രൂപയായി വർദ്ധിക്കുകയുണ്ടായി. അതുപോലെതന്നെ പ്രിൻറിംഗിൻെറ കോസ്ററിലും 25 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. ഈ കാര്യങ്ങളെല്ലാം പരിഗണനയിലെടുത്തുകൊണ്ടാണ് 21-4-1982-ൽ, അന്നത്തെ ഗവർണ്ണർ ഭരണകാലത്ത്, പാഠപുസ്തകങ്ങളുടെ വില നിശ്ചയിച്ചുകൊണ്ടുള്ള തീരുമാനമെടുത്തത്. 'നോ പ്രോഫിററ് നോ ലോസസ്സ് 'ബേസിസിലാണ്തീരുമാനമെടുത്തിരിക്കുന്നത്. ഇതിനുമുമ്പ് അധികാരത്തിലിരുന്ന ഗവൺമെൻറിൻെറ കാലഘട്ടത്തിൽ, 1980-81 അധ്യയനവർഷത്തിൽ 10 ശതമാനത്തിൻെറ വില വർദ്ധനവ് പാഠപുസ്തകങ്ങളുടെ വിലയിൽ മാത്രം ഉണ്ടായി. ആ 10 ശതമാനത്തിൻെറ വർദ്ധനവ് ഉണ്ടാക്കാനുള്ള കാരണം തന്നെ അന്ന് പേപ്പറിൻെറ മേലുണ്ടായ വിലവർദ്ധനവാണ്. അതുകൊണ്ട് ഇത് ഈ ഗവൺമെൻറ് അധികാരമേററെടുത്തതിനുശേഷം പുതുതായി കൊണ്ടുവന്ന സമീപനമല്ല. അന്ന് വിദ്യാർത്ഥികൾ പാഠപുസ്തകത്തിൻെറ വില കുറയ്ക്കണമെന്ന് പറഞ്ഞിരുന്നു.

ഇന്ന്, 1981-82-ലെ വിലയ്ക്ക് കൊടുക്കണമെന്നു പറഞ്ഞപ്പോൾ അതിൻെറ പ്രായോഗികമായ പ്രയാസങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒരിക്കലും വിദ്യാർത്ഥികളെ ബുദ്ധിമുട്ടിക്കുന്ന ഒരു സമീപനം ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല.

വിദ്യാർത്ഥികൾ ഉന്നയിച്ച മറെറാരാവശ്യം നോട്ടുബുക്കുകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന സെയിൽസ് ടാക്സ് പിൻവലിക്കണമെന്നുള്ളതായിരുന്നു. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്തും വിദ്യാർത്ഥികൾ ഈ ആവശ്യം ഉന്നയിക്കുകയുണ്ടായി.എന്നാൽ അന്നത്തെ ഗവൺമെൻറ് സെയിൽസ് ടാക്സ് പിൻവലിക്കുന്നതിനുള്ള സമീപനം സ്വീകരിച്ചില്ല. ഈ ഗവൺമെൻറ് നോട്ടു

LIBRARY ARCHIVES Kerala Legislative Assembly

ബുക്കുകൾക്ക് ഏർപ്പെടുത്തിയിരുന്ന സെയിൽസ് ടാക്സ് പിൻവലിക്കാനുള്ള തീരുമാനമെടുത്തു. അത് ബഡ്ജററ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് ഏററവും വലിയ കൺസഷനായി വിദ്യാർത്ഥികൾ കണക്കാക്കേണ്ടതാണ്. വലിയൊരു തുക സംസ്ഥാന ഗവൺമെൻറിന് ഈ കാര്യം കൊണ്ട് പ്രതിവർഷം നഷ്ടപ്പെടുമെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർമാർ അടക്കമുള്ള ആളുകൾ മനസ്സിലാക്കേണ്ടതുണ്ട്. ഇപ്പോൾതന്നെ നമ്മുടെ സംസ്ഥാനത്ത്, 170 സ്ക്കൂളുകളിൽ, മൂന്നു കോടിയോളം നോട്ടുബുക്കുകൾ ഒരു വർഷം നിർമ്മിച്ച് വിതരണം നടത്തുന്നുണ്ട്. ഫലപ്രദമായ നിലയിൽ നോട്ടുബുക്കുകളുടെ വിതരണത്തിൽ വളരെയേറെ കാര്യങ്ങൾ ചെയ്യാൻ ഈ ഗവൺമെൻറ് മുന്നോട്ടു വന്നിട്ടുണ്ട്. തീർച്ചയായും വിദ്യാർത്ഥികൾ ഈ കാര്യങ്ങൾ മനസ്സിലാക്കി എന്നാണ് എനിക്ക് തോന്നുന്നത്. അവർ ഉന്നയിച്ച പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്ന് ഇതായിരുന്നു. അത് ഗവൺമെൻറ് അംഗീകരിച്ചുകൊടുക്കുകയുണ്ടായി.

ഇവിടെ മാർക്ക് തട്ടിപ്പിനെക്കുറിച്ച് പറഞ്ഞു. ഇത്രയും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടും ഇനിയും ഗവൺമെൻറിനെ കുററപ്പെടുത്തുന്നത് ശരിയല്ല.

വിദ്യാർത്ഥികൾ പല കാര്യങ്ങളെക്കുറിച്ചും പറഞ്ഞു. സ്വകാര്യ കോളേജുകളിൽ പ്രവേശനം നിഷേധിക്കുന്ന കാര്യം ഉന്നയിക്കുകയുണ്ടായി. ഇതിന് നിയമപരമായി പല കാര്യങ്ങളും ഉണ്ട്. കോടതിയിൽ പല കേസുകളും നിലവിലുണ്ട്. ഈ ഗവൺമെൻറിനെക്കൊണ്ട് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളെല്ലാം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെൻറ് അധികാരമേറെറടുത്തതിനുശേഷമാണ് സ്പെഷ്യൽ കോടതി നിയമിക്കാനുള്ള തീരുമാനമെടുത്തത്. ആ തീരുമാനമെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എത്രയും പെട്ടെന്ന് ഇതുമായി ബന്ധപ്പെട്ട കേസുകൾ സ്പെഷ്യൽ കോടതിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന ആഗ്രഹം ഗവൺമെൻറിനുണ്ട്. അതിനുള്ള തീവ്രമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

അതുപോലെതന്നെ വിദ്യാർത്ഥിസംഘടനകൾ ഒരു ജഡ്ജിയെ കമ്മീഷനായി നിയമിക്കുന്ന കാര്യം അന്നു പറഞ്ഞു. കമ്മിഷനെ വയ്ക്കുന്നതിൽ കാലതാമസമുണ്ടാകരുതെന്ന് വിദ്യാർത്ഥികൾ പറഞ്ഞു. അതിൻെറ അടിസ്ഥാനത്തിൽ ജസ്ററിസ് എം. പി. മേനോനെ കമ്മീഷനായി നിയമിക്കാനുള്ള തീരുമാനം ഗവൺമെൻറ് എടുക്കുകയുണ്ടായി.

സർ, മന്നുരണ്ടു കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. വിദ്യാർത്ഥികൾ ഉന്നയിച്ച മറെറാരാവശ്യം ഗവർണ്ണറെ യൂണിവേഴ്സിററിയുടെ ചാൻസലർ സ്ഥാനത്തുനിന്നും മാററണമെന്നതാണ്. അതിൻെറ പ്രായോഗികത എത്രമാത്രമുണ്ടെന്നുള്ള കാര്യം ഇവിടെയിരിക്കുന്ന എല്ലാവർക്കുമറിയാം. ഇങ്ങനെയുള്ള അസാദ്ധ്യമായ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചാൽ അതെങ്ങനെ പരിഹരിക്കാൻ കഴിയും? ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകൾ ഇതെപ്പററി ചിന്തിക്കണം. അതുപോലെതന്നെ പ്രീഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കണമെന്നു പറഞ്ഞു. ഗവൺമെൻറു മാത്രമല്ല ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ആളുകൾ ഒന്നടങ്കം ഇരുന്നാലോചിച്ച് ഗൗരവമായി ചിന്തിച്ച് ഒരു തീരുമാനമെടുക്കാവുന്നതാണ്. ഒരു ഗവൺമെൻറിനെക്കൊണ്ടു മാത്രം തീരുമാനമെടുക്കാവുന്ന ഒരു സംഗതിയല്ല അത്. മറെറാരു കാര്യം കൺസഷൻ ടിക്കററിനെ സംബന്ധിച്ചാണ്. ഇപ്പോൾ 35 ദിവസത്തേക്കാണ് കൺസഷൻ പുതുക്കിക്കൊടുത്തുകൊണ്ടിരിക്കുന്നത്. അത് 25 ദിവസമാക്കി കുറയ്ക്കണമെന്നു പറഞ്ഞു. അത് ഗവൺമെൻറ് 30 ദിവസമാക്കി കുറച്ചുകൊടുത്തിട്ടുണ്ട്. അതുപോലെതന്നെ ഇൻറർ സ്റേററ്റ് ഓർഡിനറി ബസ്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസിൽ കൺസഷൻ അനുവദിക്കണമെന്നു പറഞ്ഞു. ആ കോൺഫറൻസിൽ വച്ചുതന്നെ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി അതു സമ്മതിക്കുകയും അതിനുള്ള തീരുമാനം അവിടെവച്ചുതന്നെ എടുക്കുകയും ചെയ്തു. മററൊരു പ്രധാനപ്പെട്ട കാര്യം അവരുടെ കൺസഷൻ ടിക്കററുകൾ വിദ്യാലയങ്ങൾ വഴി വിതരണം ചെയ്യണമെന്നതാണ്. ആ ഡിമാൻഡും ഗവൺമെൻറ് അംഗീകരിച്ചിരിക്കുകയാണ്. ഒരു കാര്യം മാത്രമേ ഗവൺമെൻറ് പറഞ്ഞിട്ടുള്ളു; അതായത് വിദ്യാലയങ്ങളിലെ ഏതെങ്കിലും അധികാരികൾ ബന്ധപ്പെട്ട ട്രാൻസ്പോർട്ട് ഡിപ്പോയെ സമീപിച്ചാൽ അതാതു സ്ക്കൂളിലെയോ കോളേജിലെയോ കൺസഷൻ ടിക്കററുകൾ കൊടുക്കാം എന്ന്. ഇതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറ് ഇതിനകംതന്നെ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ കൊച്ചിൻ സർവ്വകലാശാലയിലേക്ക് ബസ് സർവ്വീസ് ആരംഭിക്കണമെന്നു പറഞ്ഞു. ആ കോൺഫറൻസിൽവച്ചുതന്നെ അതിനുള്ള തീരുമാനവുമെടുത്തു. ട്രാൻസ്പോർട്ട് ബസ്സില്ലാത്ത സ്ഥലങ്ങളിലെ യാത്രാക്ലേശവും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അക്കാര്യം പ്രത്യേകമായി പരിശോധിച്ച് റിപ്പോർട്ടയയ്ക്കണമെന്ന് ആർ. ടി. ഒ. മാരോട് ഗവൺമെൻറാവശ്യപ്പെട്ടിരിക്കുകയാണ്. സർ, ഇപ്പോൾ യഥാർത്ഥത്തിലുള്ള യാത്രക്കൂലിനിരക്കിൻെറ 25 ശതമാനം മാത്രമേ വിദ്യാർത്ഥികൾ കൺസഷൻ ടിക്കററിനു കൊടുക്കേണ്ടതുള്ളു. ബാക്കി 75 ശതമാനവും കൺസഷനാണ്. ഇൻഡ്യയിൽ മററൊരു സംസ്ഥാനത്തും ഇങ്ങനെയൊരു സംവിധാനം നിലവിലില്ല. പ്രതിവർഷം ഏകദേശം നാലു കോടിയോളം രൂപ ഈ ഇനത്തിൽത്തന്നെ ട്രാൻസ്പോർട്ട് കോർപ്പറേഷന് നഷ്ടപ്പെടുന്നുണ്ട്.

ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച മററൊരു പ്രധാന പ്രശ്നം തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ കാര്യമാണ്. അവിടെ വിദ്യാർത്ഥികൾ നിരാഹാരസത്യാഗ്രഹം നടത്തുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടു. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ അവിടെ അയച്ചിട്ടുണ്ട്. അതെക്കുറിച്ച് ചർച്ച നടക്കുന്നുണ്ട്. അതുകൊണ്ടു തീരുന്നില്ലെങ്കിൽ 9-ാം തീയതി ഞാൻതന്നെ ഈ വിഷയത്തെക്കുറിച്ച് ചർച്ച നടത്താമെന്നും പരിഹാരമുണ്ടാക്കാമെന്നും വിദ്യാർത്ഥികളെ അറിയിച്ചിട്ടുണ്ട്. മററൊരു കാര്യം പുതിയ സർവ്വകലാശാല ആരംഭിക്കണമെന്നതാണ്. അതിനുള്ള തീരുമാനവും ഗവൺമെൻറ് എടുത്തിട്ടുണ്ട്. ഇങ്ങനെ, വിദ്യാർത്ഥികൾ ഉന്നയിച്ച ഡിമാൻഡുകൾ വളരെ അനുഭാവപൂർവ്വമാണ് ഗവൺമെൻറ് വീക്ഷിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനും ഞാനുമൊക്കെ വിദ്യാർത്ഥിസംഘടനകളുടെ നേതാക്കൻമാരെന്ന നിലയിൽ ഗവൺമെൻറുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. അന്നൊക്കെ എന്തു സമീപനമാണ് ഗവൺമെൻറ് സ്വീകരിച്ചിരുന്നതെന്ന കാര്യം നമുക്കറിയാം. അതിൽനിന്നു വിഭിന്നമായ ഒരു സമീപനം സ്വീകരിച്ചുകൊണ്ട്, വിദ്യാർത്ഥികളുന്നയിച്ച ആവശ്യങ്ങളിൽ ഒരു ഗവൺമെൻറിനെക്കൊണ്ട് എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ഈ ഗവൺമെൻറ് ചെയ്തുകൊടുത്തിട്ടുണ്ട്. ഇനിയും വളരെ അനുഭാവപൂർവ്വംതന്നെ അവരുടെ പ്രശ്നങ്ങളെ സമീപിക്കാനും അവ പരിഹരിക്കാനും ഗവൺമെൻറ് തയ്യാറാണ്. എത്ര മണിക്കൂർ വേണമെങ്കിലും അവർക്കുവേണ്ടി ചെലവാക്കാൻ ഞാൻ തയ്യാറാണ്, ഗവൺമെൻറ് തയ്യാറാണ്. അതുകൊണ്ട് ഞാൻ അഭ്യർത്ഥിക്കുന്നത് ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെയുള്ള ആളുകൾ നാളെ നടത്താൻ നിശ്ചയിച്ചിരിക്കുന്ന പണിമുടക്കിൽനിന്ന് പിന്തിരിയണം, വിദ്യാർത്ഥികളെ പിന്തിരിപ്പിക്കണം എന്നാണ്. നാളത്തെ പഠിപ്പുമുടക്ക് വിദ്യാർത്ഥികളുടെ അവകാശങ്ങൾ അംഗീകരിക്കാൻവേണ്ടിയുള്ള പഠിപ്പുമുടക്കാണെന്നു പറഞ്ഞാൽ അതംഗീകരിക്കാൻ എന്നെപ്പോലുള്ള ആളുകൾക്ക് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ദയവായി നാളെ നടത്താൻ



LIBRARY ARCHIVES Kerala Legislative Assembly

പോകുന്ന പണിമുടക്കിൽനിന്ന് വിദ്യാർത്ഥികൾ പിന്തിരിയണം. രാഷ്ട്രീയ പ്രേരിതമായിട്ടുള്ള പഠിപ്പുമുടക്ക് നമുക്കാവശ്യമില്ല, എന്തെങ്കിലും പ്രശ്നങ്ങൾ ചർച്ചചെയ്യണമെങ്കിൽ ഇനിയും ഗവൺമെൻറ് തയ്യാറാണ് എന്നാണ് എനിക്ക് പറയാനുള്ളത്.

## ഞാറയ്ക്കൽ പ്രദേശത്ത് രക്താതിസാരം പടർന്നു പിടിച്ചിരിക്കുന്നതു മൂലം ഉളവായിട്ടുള്ളതായ ഗുരുതരാവസ്ഥ

ശ്രീ. പി. കെ. വേലായുധൻ: സർ, വൈപ്പിൻകര എന്നറിയപ്പെടുന്ന ഞാറയ്ക്കൽ നിയോജക മണ്ഡലത്തിലെപള്ളിപ്പുറം,പുതുപ്പള്ളി,ഇടവനക്കാവ് തുടങ്ങിയ പഞ്ചായത്തുകളിൽ പൂർണ്ണമായും സമീപത്തുള്ള പഞ്ചായത്തുകളിൽ ഭാഗികമായും രക്താതിസാരം എന്നറിയപ്പെടുന്ന ഇപ്പോഴും കൃത്യമായും രോഗനിർണ്ണയം നടത്തിയിട്ടില്ലാത്ത മാരകരോഗം പിടിപെട്ടിരിക്കുകയാണ്. തീരദേശത്തുള്ള ആയിരക്കണക്കിനാളുകൾ ആശുപത്രിയെ ശരണം പ്രാപിച്ചതിൽ രണ്ടു പ്രായപൂർത്തിയായ ആളുകളുൾപ്പെടെ പതിനെട്ടുപേർ മരിച്ചു. ഈ ഗുരുതരമായ അവസ്ഥയിലേക്കാണ് ഞാൻ ഗവൺമെൻറിൻെറ ശ്രദ്ധ ക്ഷണിക്കുന്നത്. വൈപ്പിൻകരയിൽ മാത്രമുള്ള കാര്യമല്ല ഇത്. ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെമ്പർ വി. കെ. രാജനും വടക്കേക്കര മെമ്പർ അബ്ദുവും സിദ്ധാർത്ഥൻ കാട്ടുങ്ങലും എല്ലാം ഈ കാര്യം കഴിഞ്ഞ ഒരാഴ്ചയായി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. കൃത്യമായി രോഗനിർണ്ണയം നടത്താനോ കൃത്യമായി മരുന്നു നിശ്ചയിക്കാനോ സാധിച്ചിട്ടില്ലാത്ത ഈ രോഗം നമ്മുടെ സംസ്ഥാനത്ത് പല പ്രദേശങ്ങളിലും പടർന്നിരിക്കുകയാണ്. വൈപ്പിൻകരയിലെ ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളാണ് ചികിത്സയ്ക്ക് വിധേയരായിരിക്കുന്നത്. ഞാനും നാട്ടുകാരും പഞ്ചായത്തിൻെറ ഭരണസമിതിയംഗങ്ങളും ഉൾപ്പെടെയുള്ള ആളുകൾചേർന്നുകൊണ്ട് മെഡിക്കൽ ക്യാമ്പുകൾ ആരംഭിച്ച് രോഗശമനത്തിനുവേണ്ട നടപടികളൊക്കെ സ്വീകരിച്ചു. മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ നിന്നും ആളുകൾ വന്നത് വളരെ വൈകിയാണെങ്കിലും രോഗം നിയന്ത്രണാധീനമാക്കുന്നതിനുവേണ്ടി അവരും ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ട്. ഈ പ്രത്യേക പരിതസ്ഥിതിയിൽ കൽക്കട്ടയിൽ നിന്നും മെഡിക്കൽ വിദഗ്ദ്ധൻമാർ വന്ന് ഈ രോഗത്തെക്കുറിച്ച് പഠനം നടത്തുകയുണ്ടായി. ശുദ്ധജലദൗർലഭ്യവും പോഷകാഹാരക്കുറവുമാണ് ഈ രോഗത്തിനു പ്രധാനകാരണമെന്നാണ് ഈ പഠനത്തിൽ നിന്നും മനസിലാക്കാൻ സാധിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഈ രോഗം വ്യാപിക്കുന്നതെന്നാണ് മനസിലാക്കാൻ സാധിച്ചിട്ടുള്ളത്. ഈ പഞ്ഞമാസങ്ങളിൽ അവിടത്തെ മത്സ്യത്തൊഴിലാളികൾക്ക് തൊഴിലില്ലാത്തതുകൊണ്ട് അവർക്കിടയിൽ പടർന്നു പിടിച്ചിട്ടുള്ള ദാരിദ്ര്യവും പട്ടിണിയും ഈ രോഗത്തെ കൂടുതൽ മൂർച്ഛിപ്പിക്കുന്നതിടയാക്കുന്ന ഒരു സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. മെഡിക്കൽ റിപ്പോർട്ടും ആ സാഹചര്യവും കൂടി കണക്കിലെടുത്തുകൊണ്ട് തീരപ്രദേശത്ത് ശുദ്ധജലം ലഭ്യമാക്കാനും പോഷകാഹാരക്കുറവ് പരിഹരിക്കാനും എല്ലാ ആശുപത്രികളിലും ആവശ്യത്തിനുള്ള മരുന്ന് ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ഗവൺമെൻറിനോടാവശ്യപ്പെടുകയാണ്. അതോടൊപ്പം തന്നെ ഒരു കാര്യം കൂടി ഞാൻ ഗവൺമെൻറിനെ ഓർമ്മിപ്പിക്കുകയാണ്. അതായത് ഈ തീരപ്രദേശത്ത് ഒരു തരത്തിലുള്ള രോഗം ബാധിച്ചതിനുശേഷം വീണ്ടും മററു തരത്തിലുള്ള രോഗങ്ങളും ബാധിക്കുന്ന ഒരു പ്രവണത കണ്ടു വരുന്നുണ്ട്. അതുണ്ടാകാതിരിക്കാനുള്ള കരുതൽ നടപടികളും ഗവൺമെൻറ് കൈക്കൊള്ളേണ്ടതുണ്ട്. ഇത്തവണ രക്താതിസാരമാണ് പടർന്നുപിടിച്ചത്.

എങ്കിൽ കഴിഞ്ഞ തവണ മഞ്ഞപ്പിത്തമായിരുന്നു. അതിനു മുമ്പിലത്തെ വർഷം അഞ്ചാംപനിയായിരുന്നു. ഇങ്ങനെ ഓരോ സീസണിലും തീര പ്രദേശത്ത് പകർച്ചവ്യാധികൾ മാറിമാറി വന്നുകൊണ്ടിരിക്കുകയാണ്. അതിനുള്ള കാരണങ്ങളെന്താണെന്നുള്ളതിനെക്കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തി ശാശ്വതപരിഹാരം കണ്ടെത്താനുള്ള നടപടികളും ഗവൺമെൻറ് സ്വീകരിക്കേണ്ടതുണ്ട്. ഈ ദുരിതം ബാധിച്ച ആളുകൾക്ക് എല്ലാവിധത്തിലുള്ള സഹായസഹകരണങ്ങളും ചെയ്തുകൊടുക്കാൻ കരുണ കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. ജി. ആർ. കർത്താ) : സർ, കഴിഞ്ഞ വർഷവും ഇതിനുമുമ്പും ഉണ്ടായതുപോലെ ഈ വർഷവും ഈ രോഗം പടർന്നു പിടിച്ചു എന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ നമ്മുടെ വിദഗ്ദ്ധൻമാരായ ഡോക്ടർമാരെയും ഉദ്യോഗസ്ഥൻമാരെയും മററും വിളിച്ചുകൂട്ടുകയുണ്ടായി. അതിനുശേഷം വൈപ്പിൻകരപ്രദേശത്ത് ആവശ്യമായ വിദഗ്ദ്ധരായ ഡോക്ടർമാരെയും മററ് ആളുകളെയും അയയ്ക്കുകയുണ്ടായി. അവർ നല്ല രക്ഷാനടപടികൾ എടുത്തിട്ടുണ്ട്. തുടർന്ന് ഇതിനു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി നല്ല ഒരു ടീം വിദഗ്ദ്ധൻമാരെ അയയ്ക്കുകയും ചെയ്യുകയുണ്ടായി. അതിനുശേഷം അവർ മരുന്ന് സൗജന്യമായി നൽകുകയും വീടുകളിൽ തന്നെ മരുന്ന് എത്തിക്കുന്നതിനുവേണ്ടിയുള്ള ഏർപ്പാടും ചെയ്തിട്ടുണ്ട്. കൂടാതെ രോഗബാധിത പ്രദേശങ്ങളിലുള്ള എല്ലാ ആശുപത്രികളിൽ നിന്നും വേണ്ട സഹായസഹകരണങ്ങൾ നൽകുന്നതിനുള്ള ഏർപ്പാടും ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഈ കാര്യത്തിൽ ഗവൺമെൻറിൻെറ ശ്രദ്ധ പരിപൂർണ്ണമായി ഉണ്ടായിട്ടുണ്ട്. ഇത് ഇനി ഒരിക്കലും വരാത്തവിധം വളരെ ശക്തിമത്തായി നമുക്ക് നേരിടേണ്ട പ്രശ്നമാണെന്നുള്ള കാര്യവും ഗവൺമെൻറിൻെറൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെന്തെല്ലാം വേണമെന്ന് വിദഗ്ദ്ധൻമാരോട് ചോദിച്ച് നമുക്ക് മുന്നോട്ടു പോകാം.

ശ്രീ. പി. കെ. വേലായുധൻ : ഈ അഫക്ടഡ് ഫാമിലീസിനെങ്കിലും ആശ്വാസം നൽകുന്നതിനുവേണ്ടി സൗജന്യറേഷൻ ഉൾപ്പെടെ മരണപ്പെട്ട കുടുംബങ്ങൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകി അവരെ സഹായിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ജി. ആർ. കർത്താ : ഇതിനുള്ള മരുന്നുകൾ എത്തിച്ചുകൊള്ളാം.

# V പ്രസ്താവന

## (1) ശ്രീ. വർക്കല രാധാകൃഷ്ണൻ ചെയ്ത പ്രസ്താവന

ശ്രീ. വർക്കല രാധാകൃഷ്ണൻ : നിയമസഭാ നടപടി ചട്ടം 304-ാം വകുപ്പനുസരിച്ച് ഞാൻ ഈ പ്രശ്നം സഭയുടെ ശ്രദ്ധയിൽ ഉന്നയിക്കുകയാണ്. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആംഗ്ലോ-ഇന്ത്യൻ പ്രാതിനിധ്യത്തെ സംബന്ധിച്ച് ഇവിടെ ഉന്നയിച്ചതിനെ മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഭരണഘടന വ്യവസ്ഥയെ സംബന്ധിച്ചാണ് പറയുന്നത്. 333-ാം വകുപ്പനുസരിച്ച് "The Governor of state can nominate such member as he thinks appropriate" എന്നാണ് പറയുന്നത്. സർ, ഇത് ഭേദഗതി ചെയ്യപ്പെട്ട ഒരു ഭരണഘടനാവ്യവസ്ഥയാണ്. മുഖ്യമന്ത്രി പറഞ്ഞത് ഒന്നിലധികം മെമ്പറൻമാരെ നോമിനേററ് ചെയ്യാൻ ഗവർണ്ണർക്ക് അധികാരമുണ്ടെന്നാണ്. 1969-ൽ 23-ാം ഭരണഘടന ഭേദഗതി 4-ാം വകുപ്പനുസരിച്ച് സംസ്ഥാന ഗവർണ്ണർക്ക് ഒരാളിൽ കൂടുതൽ ആരേയും നോമിനേററ് ചെയ്യാൻ അധികാരമില്ല. അതുകൊണ്ട് ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത് ഭരണഘടന വ്യവസ്ഥ വിസ്മരിച്ചുകൊണ്ട് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഇങ്ങനെ ഒരു പ്രസ്താവന ചെയ്തത് ശരിയല്ല, ഭരണഘടന അനുവദിക്കുന്നില്ല. അതുകൊണ്ട് ഈ കാര്യം തിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു

ശ്രീ. കെ. കരുണാകരൻ: സർ, അത് അംഗീകരിക്കുണു. 333 നിയമസഭയ്ക്കും 331 പാർലമെൻറിലേയ്ക്കുമാണ്. ലോകസഭക്ക് രണ്ടു പേരാകാം. നിയമസഭക്ക് ഒന്നേ ആകാവൂ അതിൽ തർക്കമില്ല.

## (2) ശ്രീ. ബെന്നി ബഹനാൻ ചെയ്ത പ്രസ്താവന

ശ്രീ. ബന്നി ബഹനാൻ: സർ, നാവികസേനയിലേക്ക് റിക്രൂട്ട്മെൻറ് നടക്കുന്നു എന്ന് പറഞ്ഞ് കഴിഞ്ഞ ഒന്നാം തീയതിയും 5-ാം തീയതിയും തിരുവനന്തപുരത്തുവച്ചു നടന്ന ദാരുണമായ സംഭവങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണ് ഞാൻ ഇതു പറയുന്നത്. ഒന്നാം തീയതി 30,000 ത്തിലധികം വരുന്ന ഉദ്യോഗാർത്ഥികൾ ഇൻറർവ്യൂവിന് വരുകയും അവരെ ഉദ്യോഗസ്ഥൻമാർ തിരിച്ചയക്കുകയും വീണ്ടും 5-ാം. തീയതി അവർ വരുകയും വീണ്ടും ഉദ്യോഗസ്ഥൻമാർ തിരിച്ചയക്കുകയും ഉണ്ടായി. ഇത്തരം സംഭവങ്ങൾ ഉദ്യോഗസ്ഥൻമാരുടെ നിരുത്തരവാദപരമായ പെരുമാററംമൂലമാണുണ്ടായത്. തൊഴിലില്ലാത്ത ചെറുപ്പക്കാരെ വിളിച്ച് വരുത്തി പറഞ്ഞയക്കുന്ന നിരുത്തരവാദപരമായ നടപടി ഉണ്ടാകാതിരിക്കുന്നതിന് ഗവൺമെൻറ് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി):

ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് ഈ നിയമസഭയിലെ എല്ലാ അംഗങ്ങൾക്കും പൊതുവായ താൽപ്പര്യമുള്ള കാര്യമാണ്. കേരളത്തിൽ രണ്ടു സെൻററുകളിൽ വച്ചു മാത്രമാണ് ഇപ്പോൾ സായുധ സേനയിലേക്ക് റിക്രൂട്ടുമെൻറ് നടക്കുന്നത്. കോഴിക്കോടും തിരുവനന്തപുരവുമാണ് രണ്ടു സെൻററുകൾ. ഇതാകട്ടെ റേഡിയോയിൽ ഒരു പ്രസിദ്ധീകരണത്തിൻെറ അടിസ്ഥാനത്തിലുമാണ് ഉദ്യോഗാർത്ഥികൾ റിക്രൂട്ടുമെൻറിന് എത്തിയത്. ഇത്രയും ആളുകൾ എത്രപേരെ ആവശ്യമുണ്ടെന്ന് ഒന്നും അറിയാതെ തടിച്ചുകൂടിയ സ്ഥിതി വിശേഷമാണ് തിരുവനന്തപുരത്തും കോഴിക്കോട്ടും ഉണ്ടായിട്ടുള്ളത്. ഈ സമ്പ്രദായത്തിന് മാററം വരുത്തുകയും ഒരു റിക്രൂട്ടിംഗ് സെൻറർകൂടി എറണാകുളത്ത് ഉൾപ്പെടുത്തി എത്ര ഒഴിവുകളാണ് എന്ന് കൃത്യമായി പറയുകയും ചെയ്യാതെ ഈ ജനബാഹുല്യം നിയന്ത്രിക്കാൻ സാധ്യമല്ല. നിർഭാഗ്യവശാൽ ഇക്കഴിഞ്ഞ രണ്ടു ദിവസങ്ങളിലും അധികൃതർ നടത്തിയ നടപടി, അവർ എന്തിന് വിളിച്ചുകൂട്ടിയത് എന്ന കാര്യത്തെക്കുറിച്ചൊന്നും സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചില്ല. കേട്ടറിഞ്ഞു മാത്രമാണ് പോലീസിന് എത്തിച്ചേരാൻ കഴിഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു നടപടിക്രമം ഉണ്ടാകണമെന്ന് കേരള ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനെ അറിയിക്കുന്നതും ഇതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതുമാണ്.

## (3) ശ്രീ. ബേബിജോൺ ചെയ്ത പ്രസ്താവന

ശ്രീ. ബേബി ജോൺ: സർ, മുഖ്യമന്ത്രി നേരത്തെ പറയാൻ ഉദ്ദേശിച്ചതും ഇന്നലെ നടന്നതുമായ അതിദാരുണമായ, എല്ലാവരേയും വേദനിപ്പിക്കുന്ന സംഭവത്തെക്കുറിച്ച് മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ ഈ സബ്മിഷൻ നടത്തുന്നത്. സർ, പത്രങ്ങളിൽ ഇതിൻെറ പൂർണ്ണമായ വിവരങ്ങൾ വന്നു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. അതുകൊണ്ട് ആ സംഭവത്തെ സംബന്ധിച്ച് വിവരണം നടത്താൻ ഉദ്ദേശിക്കുന്നില്ല. ഇന്നലെ വെളുപ്പാൻ കാലത്ത് 4.10 മണിക്കാണെന്ന് തോന്നുന്നു, ഒരു കൊച്ചുകൂര എങ്ങനെയോ തീ പിടിച്ചു നശിച്ചു. അതിലുണ്ടായിരുന്ന അഞ്ച് ആളുകൾ വെന്തു മരിച്ചു. രക്ഷപ്പെടാൻ സാധിച്ചില്ല. മൂന്നു കുടുംബങ്ങളാണ് അതുകൊണ്ട് തകർന്നത്. ചവറ പഞ്ചായത്തിൽ നിന്ന് ഉപജീവനാർത്ഥം ശക്തികുളങ്ങര വന്ന് തൊഴിൽ ചെയ്ത് ജീവിക്കുന്ന ഒരമ്മയും മൂന്നു മക്കളും മരിച്ചു. സഹായത്തിനുണ്ടായിരുന്ന ഒരാളും മരിച്ചു. അതിൽ ഒരു മകൻ വിവാഹം കഴിച്ച ആളായിരുന്നു. ആയാളുടെ ഭാര്യ പൂർണ്ണഗർഭിണിയാണ്. ആ കുടുംബം ഇന്ന് അനാഥമായിരിക്കുന്നു. അവരെ സഹായിക്കാനുള്ള ബാദ്ധ്യത നമുക്കൊക്കെയുണ്ട്. ഗവൺമെൻറ് അതിന് പ്രത്യേകമായ താൽപ്പര്യം എടുക്കണം. മുഖ്യമന്ത്രി പ്രത്യേകമായ താൽപ്പര്യം എടുത്ത് ആ കുടുംബത്തെ സഹായിക്കണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. ഇന്നലെതന്നെ അത്യാവശ്യത്തിനുവേണ്ട സഹായം ചെയ്തു എന്ന വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ നമ്മുടെ സാധാരണ നടപടി ക്രമങ്ങൾ വച്ചുകൊണ്ട്, സാധാരണ നിലയിലുള്ള സഹായങ്ങൾ ആകുമ്പോൾ തകർന്ന ആ കുടുംബത്തെ നമുക്കു കാര്യമായി സഹായിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് സാധാരണ നടപടി ക്രമങ്ങളിൽ നിന്നും വ്യത്യസ്തമായി ബഹുമാന്യനായ മുഖ്യമന്ത്രി നമ്മെയെല്ലാം വേദനപ്പിക്കുന്ന ആ സംഭവംമൂലം തകർന്ന ആ കുടുംബത്തെ ഫലപ്രദമായി സഹായിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും കാര്യമായ സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ കരുണാകരൻ) : ബഹുമാനപ്പെട്ട മെമ്പർ ബേബി ജോൺ ഇവിടെ ഉന്നയിച്ച കാര്യം മനുഷ്യസ്നേഹികളായ എല്ലാവരേയും വേദനിപ്പിക്കുന്ന കാര്യമാണ്. നമുക്കെല്ലാം അതിൽ അഗാധമായ ദുഃഖമുണ്ട്. ഇന്നലെ ഇത് സംബന്ധിച്ച് കളക്ടറെ വിളിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ പറഞ്ഞിട്ടുണ്ട്, മൂന്നു കുടുംബങ്ങൾക്കും തൽക്കാലം നാമമാത്രമായ സഹായം 500 രൂപ വീതം കൊടുത്തിട്ടുണ്ട്. എന്നാൽ അതുകൊണ്ട് മതിയാവുകയില്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ആ കുടുംബത്തെ കാര്യമായി സഹായിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് കളക്ടറോട് റിപ്പോർട്ട് തരാൻ പറഞ്ഞിട്ടുണ്ട്. കളക്ടർ റിപ്പോർട്ട് അയക്കാമെന്നും പറഞ്ഞിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയ ഉടനെതന്നെ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ആ കുടുംബത്തിന് വേണ്ട സഹായങ്ങൾ ചെയ്യുന്ന കാര്യത്തിൽ ഗവൺമെൻറിന് വളരെ അധികം താൽപ്പര്യമുണ്ട്. വേണ്ടത് ചെയ്യും.

## (4) ശ്രീ.വി. കെ. രാജൻ ചെയ്ത പ്രസ്താവന

ശ്രീ. വി. കെ. രാജൻ : സർ, കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ കൊടുങ്ങല്ലൂർ മുനിസിപ്പാലിററി, അഴിക്കോട്, റിയാഡ് വില്ലേജ്, മേൽവില്ല പഞ്ചായത്തിലെ ആനാപ്പുഴ മേഖല ഈ ഭാഗങ്ങളിൽ അഞ്ഞൂറിൽപരം റോഡു പുറമ്പോക്കിലെ കുടികിടപ്പുകാർ പത്ത് പതിനഞ്ച് വർഷക്കാലമായി അവിടെ കുടിൽകെട്ടി താമസിച്ചു വരികയാണ്. ഇത്തരം ആളുകൾക്ക് ഈ കാലഘട്ടത്തിൽ പകരം ഭൂമി കൊടുക്കാതെ അവരെ ഇറക്കാൻ സംഘടിതമായി പോലീസും റവന്യൂ അധികാരികളുംകൂടി ശ്രമം ആരംഭിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രിയോട് ഞാൻ ഇക്കാര്യം സംസാരിച്ചു. അദ്ദേഹത്തോട് സംസാരിച്ചതിനുശേഷം ഇന്നലെയും പോലീസുകാർ അവരെ കുടിയിറക്കാനുള്ള ശ്രമത്തിലാണ്. പകരം ഭൂമി കൊടുക്കുന്ന സംരംഭത്തിന് നടപടി സ്വീകരിക്കാതെ യാതൊരു കാരണവശാലും അവരെ കുടിയിറക്കാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ : ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ ഇല്ല. അദ്ദേഹം വന്നിട്ട് മറുപടി പറയും.

## (5) ശ്രീ. പി. സി. ജോർജ്ജ് ചെയ്ത പ്രസ്താവന

ശ്രീ. പി. സി. ജോർജ്ജ് : സർ, നമ്മുടെ സംസ്ഥാന ഗവൺമെന്റ് ഒരു കോടി പത്തുലക്ഷം രൂപ ഗ്രാൻറ് കൊടുക്കുന്ന സ്പോർട്ട്സ് കൗൺസിലിൽ നടക്കുന്ന അഴിമതിയും തട്ടിപ്പും ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സ്പോർട്സ് കൗൺസിലിന് ഗ്രാൻറ് നൽകുന്നു എങ്കിലും അതിന്റെ പ്രവർത്തനങ്ങളിൽ ഗവൺമെൻറിന് യാതൊരുവിധ നിയന്ത്രണവും ഇല്ലാത്ത സാഹചര്യമാണ് ഭരണഘടന അനുസരിച്ച് ഇപ്പോഴുള്ളത്. ഇക്കഴിഞ്ഞ നമ്മുടെ ആൾ ഇന്ത്യാ അത്ലററിക് മീററിൽ—നമ്മുടെ സംസ്ഥാനത്തിലെ കുട്ടികളാണ് വിന്നേഴ്സ് ആയിട്ടുള്ളത്—പങ്കെടുക്കാൻ ഉള്ള സാഹചര്യം നമ്മുടെ സംസ്ഥാനത്തെ കുട്ടികൾക്ക് ലഭിച്ചില്ല, അതിനു കാരണം 46 കുട്ടികളെ കോച്ചിംഗ് ക്യാമ്പിൽനിന്നും നേരിട്ടുകൊണ്ടുപോകാനുള്ള സജ്ജീകരണങ്ങൾ ചെയ്തു വെങ്കിലും അസോസിയേഷനിലുള്ള ഒരു വിഭാഗം ആളുകൾ ടിക്കററ് മോഷ്ടിച്ചുകൊണ്ട് രക്ഷപ്പെട്ടതുകാരണം ഈ കുട്ടികൾക്ക് മീററിൽ പങ്കെടുക്കാൻ സാധിച്ചില്ലയെന്നതാണ്. സ്പോർട്സ് കൗൺസിൽ മുഴുവൻ അഴിമതിയുടെ കേളീരംഗമായി മാറിയിരിക്കുകയാണ്. സ്പോർട്സ് കൗൺസിലിൻറമേൽ ഗവൺമെൻറിന് നിർണ്ണായകമായ സ്വാധീനവും നിയന്ത്രണവും ഉണ്ടാക്കുന്നതിന് അടിയന്തിരമായി വേണ്ട നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതു സംബന്ധിച്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

# VI ധനകാര്യം

## 1982-83 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജററിനെക്കുറിച്ചുള്ള പൊതു ചർച്ച

ശ്രീ. എം. കുഞ്ഞിരാമൻ നമ്പ്യാർ : സർ, ഞാൻ ഈ ബഡ്ജററിനെ എതിർക്കുകയാണ്. ഈ ബഡ്ജററിനെ എതിർക്കുന്നത് പ്രതിപക്ഷത്തുള്ള ഒരു മെമ്പർ എന്നുള്ള നിലയിലല്ല. വസ്തുനിഷ്ഠമായ പരിശോധനയുടെ അടിസ്ഥാനത്തിൽത്തന്നെയാണ് ഇതിനെ എതിർക്കുന്നത്. 'പട്ടിൽ പൊതിഞ്ഞ പാഷാണം' എന്ന നിലയിലാണ് ഞാൻ ഇതിനെ കാണുന്നത്. സുന്ദരമായ വാഗ്ദാനങ്ങളും നിരാശയുടെ കയ്പ്പേറിയ ഫലവുമുൾക്കൊള്ളുന്ന കാര്യങ്ങളാണ്സുന്ദരമായ തലക്കെട്ടിന്എഴുതിച്ചേർത്തിരിക്കുന്നതായി വായിച്ചു നോക്കിയാൽ എനിക്കു കാണാൻ സാധിക്കുന്നത്. ആമുഖം തന്നെ പരസ്പര വൈരുദ്ധ്യത്തോടുകൂടിയാണ് തുടങ്ങുന്നത്. വിപുലമായ പിന്തുണയോടു കൂടി അധികാരത്തിൽവന്ന ഈ സർക്കാർ' എന്ന ആമുഖത്തോടുകൂടിയാണ് ആരംഭിക്കുന്നത്. എത്ര വിപുലമായ പിന്തുണയാണ് അപ്പുറത്തുള്ളതെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. അതിനെപ്പററി പലരും പരാമർശിച്ചു കഴിഞ്ഞു. ഒരു കഴഞ്ചിന്റെ തൂക്കംപോലും കൂടുതൽ ആ ഭാഗത്ത് ഉണ്ടോയെന്ന് ഞാൻ ബലമായി സംശയിക്കുകയാണ്. മാത്രമല്ല ഈ ബഡ്ജററ് അവതരിപ്പിച്ച ബഹുമാന്യനായ മന്ത്രി ശ്രീ. മാണിയാണ് ആ

LIBRARY ARCHIVES Kerala Legislative Assembly

പദപ്രയോഗം ഉപയോഗിച്ചതെന്നു കാണുമ്പോഴാണ് എനിക്ക് അത്ഭുതം തോന്നുന്നത്. ഒരുപക്ഷേ ശ്രീ. പി. ജെ. ജോസഫ് പറഞ്ഞിരുന്നുവെങ്കിൽ മനസിലാക്കാമായിരുന്നു. 9-ൽനിന്നും 6-ലേക്ക് പിൻതള്ളപ്പെട്ടു സ്വാധീനവും, ജനപിൻതുണപോലും നഷ്ടപ്പെട്ട ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. മാണി ഇതു പറഞ്ഞപ്പോഴാണ് അത്ഭുതം തോന്നുന്നത്. വാചക കസർത്തുകൊണ്ട് വിപുലമായ പിന്തുണ ഉണ്ടെന്ന് വരുത്തിത്തീർക്കാൻ ഉള്ള പാഴ്വേലയാണ് ഇതു വായിച്ചുനോക്കുമ്പോൾ നമുക്ക് മനസിലാക്കാൻ കഴിയുക.

എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. എം. എം. ഹസ്സൻ എന്നേയും എന്റെ പാർട്ടിയിലെ ചില സുഹൃത്തുക്കളേയും അപഹസിച്ചുകൊണ്ട് ചില കാര്യങ്ങൾ ഇവിടെ പരാമർശിച്ചു. ഞാൻ ഇവിടെ മാർക്സിസ്റ്റുകാരുടെ തടവുപുള്ളിയായി ഇരുഭാഗത്തും മാർക്സിസ്റ്റുകാരെ കാവൽ നിർത്തിക്കൊണ്ട് ഇവിടെ ഇരിക്കുകയാണെന്ന് പരിഹാസദ്യോതകമായി പറയുകയുണ്ടായി. അതുപോലെ ശ്രീ. സീതിഹാജിയും അങ്ങനെ പറഞ്ഞതായി എനിക്ക് കേൾക്കാൻ സാധിച്ചു. പ്രൊഫഷണൽ കോളേജുകളിൽ ആദ്യമായി ചേരുന്ന ജൂനിയർ വിദ്യാർത്ഥികളെ സീനിയർ വിദ്യാർത്ഥികൾ റാഗിംഗ് എന്ന് ക്രൂരവിനോദത്തിന് വിധേയരാക്കുന്നതുപോലെ അതിനു തുല്യമായി ആണ് ഞാൻ ഇതിനെ കാണുന്നത്. ഒരുകാര്യം അദ്ദേഹം ഓർക്കാതെ പോയെന്നാണ് എനിക്കു തോന്നുന്നത്. കഴിഞ്ഞ 21 മാസക്കാലം അദ്ദേഹം എവിടെ ഇരുന്നു എന്നുള്ള കാര്യം അദ്ദേഹത്തിന് മറന്നുപോയെന്നു തോന്നുന്നു. ഏതായാലും ഈ അവസരത്തിൽ എനിക്കു പറയാനുള്ളത് ഇവിടെ മാർക്സിസ്റ്റുകാരുടെ തടവുപുള്ളികളായി ഞങ്ങൾ ഇവിടെ ഇരിക്കുന്നു എന്ന് അദ്ദേഹം ഭാവനയിൽ കാണുന്നുണ്ടെങ്കിൽ അദ്ദേഹത്തിന്റെ നേതാവ് വയലാർ രവിയുടെ പോലീസിന്റെ സഹായമൊന്നും ഞങ്ങൾക്ക് ആവശ്യമില്ലെന്ന് ഞാൻ പറയട്ടെ. ഞാൻ എവിടെ ഇരിക്കണം, എന്ത് ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ശ്രീ. ഹസ്സന്റെ ഉപദേശമൊന്നും ആവശ്യമില്ല. കഴിഞ്ഞ 21 മാസക്കാലം അദ്ദേഹം ഇരുന്ന ആ നില വച്ചുകൊണ്ട് സംസാരിക്കുന്ന അവസരത്തിൽ ഞങ്ങളെക്കുറിച്ച് പറയുന്നത് കേൾക്കുമ്പോൾ വേശ്യ സദാചാരത്തെക്കുറിച്ച് പ്രസംഗിക്കുന്നതുപോലെ അതിന് തുല്യമായി ആണ് ഞാൻ ഇതിനെ കാണുന്നത്. ശ്രീ. സീതിഹാജി തലമുതിർന്ന ഒരു നേതാവാണ്. അദ്ദേഹവും ഇവിടെ ഞങ്ങളെക്കുറിച്ച് പരിഹാസദ്യോതകമായി ചിലത് പറയുന്നത് കേട്ടു. എനിക്ക് അത് മനസിലാക്കാൻ കഴിയും. അതിന്റെ കാരണം മറ്റൊന്നുമല്ല. അദ്ദേഹത്തിന്റെ അരുമ ശിഷ്യനെ പരാജയപ്പെടുത്താൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. കേന്ദ്രമന്ത്രിമാരും കർണ്ണാടക മന്ത്രിമാരുമെല്ലാം താവളം അടിച്ചുകൊണ്ട് എന്നെ പരാജയപ്പെടുത്താൻവേണ്ടി ശ്രമിച്ചിട്ടും ഗൾഫ് പണം ഒഴുക്കിയിട്ടും വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി എനിക്ക് ജയിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ അദ്ദേഹത്തിന് നിരാശയും ക്രോധവും തോന്നുന്നുണ്ടെങ്കിൽ എനിക്ക് അദ്ദേഹത്തെ കുററപ്പെടുത്താൻ കഴിയുകയില്ല. പക്ഷെ ''അങ്ങാടിയിൽ തോററതിന് അമ്മയോട്'' എന്ന ഉപമയാണ് എനിക്ക് ഇവിടെ ഉപയോഗിക്കാൻ തോന്നുന്നത്. എന്റെ വ്യക്തിത്വത്തിന് ഒരു പോറൽപോലും ഏൽക്കാത്ത നിലയിൽ എന്റെ നിയോജകമണ്ഡലത്തിലേയും അതുപോലെ കണ്ണൂർ ജില്ലയിലേയും ആത്മാർത്ഥതയും സത്യസന്ധതയുമുള്ള കോൺഗ്രസുകാർ, കരുണാകരന്റെ ആജ്ഞയും ശാസനയുമൊന്നും വകവയ്ക്കാതെ എനിക്കുവേണ്ടി പ്രവർത്തിച്ചിട്ടുള്ള അവരോടൊപ്പംതന്നെ നിന്നുകൊണ്ടു എന്നെ സഹായിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണിയോടുള്ള എന്റെ കടപ്പാടും ബാദ്ധ്യതയും നിറവേററിക്കൊണ്ട് ഞാൻ ഇവിടെത്തന്നെയിരിക്കുമെന്നുള്ള കാര്യത്തിൽ ആർക്കും സംശയംവേണ്ട-

LIBRARY ARCHIVES Kerala Legislative Assembly

പട്ടിൽപൊതിഞ്ഞ പാഷാണമാണ് ഈ ബഡ്ജററെന്ന് ഞാൻ ആദ്യം തന്നെ സൂചിപ്പിച്ചു. ഇതിനുമുമ്പു കൊടുത്തിരുന്ന പല ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തിയിരിക്കുന്ന ഒരു ബഡ്ജററായി മാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളു.

സർ, സുൽത്താൻബത്തേരിയിൽ ഒരു ട്രാൻസ്പോർട്ട് കമ്പനി പുതുതായി ആരംഭിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അത് നല്ലകാര്യമാണ്. പക്ഷെ കെ. എസ്. ആർ. ടി. സി.യുടെ ഇന്നത്തെ സ്ഥിതിയെപ്പററികൂടി നാം ആലോചിക്കണം. കെ. എസ്. ആർ. ടി. സി യെ കുഴിച്ചുമൂടാനുള്ള ആയിരക്കണക്കിനു തൊഴിലാളികളെ നശിപ്പിക്കാനുള്ള ഒരു പ്രക്രിയയുടെ ഭാഗമല്ലേ ഇതെന്നു ഞാൻ ചോദിക്കുകയാണ്. ഇതിനെപ്പററി ഗൗരവമായി ആലോചിക്കണം.

താലൂക്കതോറും വ്യവസായങ്ങൾ ആരംഭിക്കുമെന്ന് മന്ത്രി ബഡ്ജററിൽ പറഞ്ഞിട്ടുണ്ട്. ഇതിനുമമ്പു അവതരിപ്പിച്ച ബഡ്ജററിൽ പഞ്ചായത്തു തോറും വ്യവസായശാലകൾ ആരംഭിക്കുമെന്നുള്ളതായിരുന്നു. അത് മാററിയിട്ട് താലൂക്കിലേക്ക് എത്തിയിരിക്കുകയാണ്. ഇനി അടുത്ത ബഡ്ജററ് വരുമ്പോൾ ജില്ലയിൽ ആകാനാണ് സാദ്ധ്യത. അതിനുള്ള ഒരു സർവ്വേ പോലും നടത്തിയിട്ടില്ലെന്നുള്ള കാര്യം ആലോചിക്കുമ്പോൾ അടുത്ത തലമുറയിൽപോലും ഇതിന്റെ ആനുകൂല്യം കിട്ടുമോയെന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു.

വളരെ മർമ്മപ്രധാനമായ, മലയോരങ്ങളുടെ വികസനത്തിനുവേണ്ടിയുള്ള ഒരു ഹിൽഹൈവേ പദ്ധതി ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നുള്ള കാര്യം പ്രത്യേകം ഓർക്കേണ്ടിയിരിക്കുന്നു. കണ്ണൂർ ജില്ലയെ മൊത്തത്തിൽ ഈ ബഡ്ജററിൽ അവഗണിച്ചിരിക്കുകയാണ്. വയനാട് ജില്ലയ്ക്കും ഇടുക്കി ജില്ലയ്ക്കും വികസന അതോറിട്ടി കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ട്. കണ്ണൂരിന് കാണുന്നില്ല ചന്ദ്രഭാനു കമ്മീഷൻപോലും കണ്ണൂർജില്ല മൊത്തത്തിലും ഹോസ്ദുർഗ്ഗ് കാസർകോഡ് താലൂക്കുകൾ പ്രത്യേകിച്ചും വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശങ്ങളാണെന്ന് എടുത്തുപറഞ്ഞിട്ടുണ്ട്. പല പദ്ധതികൾക്കും രൂപം നൽകിയിട്ടുപോലും ഇന്നുവരെ യാതൊന്നും നടപ്പിലാക്കിയിട്ടില്ല. പി. ഡബ്ല്യു. ഡി.ക്ക് കഴിഞ്ഞകൊല്ലം മൊത്തം കണ്ണൂർ ജില്ലക്ക് 346 ലക്ഷം രൂപ നീക്കിവച്ചിട്ടുള്ള തുക വീതിച്ചുകൊടുത്തപ്പോൾ 37 ഉം 42 ഉം ലക്ഷം രൂപ മാത്രം കാസർകോട്, ഹോസ്ദുർഗ്ഗ് താലൂക്കുകൾക്ക് ചിലവഴിച്ചു. അതേ അവസരത്തിൽ കണ്ണൂരിന് 82 ഉം തലശ്ശേരിക്ക് 92 ഉം ലക്ഷം രൂപ കൊടുത്തു. പിന്നണിയിൽ നിൽക്കുന്ന ഈ പ്രദേശത്തെ ഏററവും കൂടുതൽ പിന്നണിയിലേക്ക് തള്ളിനിക്കുന്ന സംവിധാനമാണ് ഇവിടെ നിലനിൽക്കുന്നതെന്നുള്ളതു ഓർക്കണം.

എന്റെ നിയോജകമണ്ഡലമായ ഉദുമയിൽ ഒരു സ്പിന്നിംഗ്മിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് മന്ത്രി പറഞ്ഞു. സന്തോഷമുണ്ട്. അത് ഉടനടി നടപ്പിൽ വരുത്തണം. ഇപ്പോൾ കാട്ടുന്ന ചിററമ്മനയത്തിൽ മാററം വരുത്തിക്കൊണ്ട് കാസർകോട് ജില്ല രൂപീകരിക്കുകയെന്നുള്ളതുകൊണ്ടുമാത്രമേ ഈ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ആവുകയുള്ളു. ശാന്തരും സൗമ്യരുമായി കഴിഞ്ഞുകൂടുന്ന കാസർകോട് ഹോസ്ദുർഗ്ഗ് താലൂക്കുകളിലെ ആളുകളെ ഒരു അഗ്നിപർവതത്തിന്റെ പൊട്ടിത്തെറിയിലേക്ക് വലിച്ചിഴയ്ക്കുന്ന നീക്കത്തിലേക്ക് കൊണ്ടുപോകാൻ ഈ സർക്കാർ അനുവദിക്കരുതെന്നും അടിയന്തിരമായി കാസർകോട് ഹോസ്ദുർഗ്ഗ് താലൂക്കുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കാസർകോട് ജില്ല രൂപീകരിക്കണമെന്നും ഈ അവസരത്തിൽ വിനയപൂർവ്വം ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് അനുവദിക്കണം. ഗ്രാമോൽസവം നടത്തുമെന്ന് ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ആദ്യമായി ഈ സംസ്ഥാനത്ത് ഗ്രാമോൽസവം നടത്തിയത് എന്റെ പഞ്ചായത്തായ പനത്തടി പഞ്ചായത്തിലാണ്. 1980-ൽ ആണ് നടത്തിയത്. അതു വളരെയേറെ വിജയകരമായിരുന്നു. എല്ലാ മേഖലകളിലും ഉള്ള ഉദ്യോഗസ്ഥൻമാരെ അവിടെ വരുത്തി ജനങ്ങളുമായി സമ്പർക്കം പുലർത്തിക്കൊണ്ട് ചുവപ്പുനാടയിൽ കുടുങ്ങികിടക്കുന്ന പല പദ്ധതികളും വേഗത്തിൽ നടത്തിക്കൊണ്ടുപോകാൻ കഴിയത്തക്കവിധത്തിൽ ഒരു ജനസമ്പർക്കപരിപാടി നടപ്പിലാക്കിക്കൊണ്ട് ആ പ്രദേശത്തുള്ള ജനങ്ങൾക്ക് ആശ്വാസവും ആവേശവും ഉണ്ടാക്കികൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ പരിപാടി രണ്ടാമതു നടത്തിയത് പാലായിലുള്ള ഒരു പഞ്ചായത്തിലായിരുന്നു. അവിടെവച്ച് ബഹുമാനപ്പെട്ട ഇന്നത്തെ ധനകാര്യമന്ത്രി ഇതിനുവേണ്ടി ആണ്ടുതോറും ബഡ്ജററിൽ തുക കൊള്ളിക്കുമെന്ന് പറഞ്ഞതായി ആണ് മനസിലാക്കാൻ സാധിച്ചത്. പക്ഷെ ബഡ്ജററിൽ ഒരു പൈസ പോലും വകകൊള്ളിച്ചിട്ടില്ല. ഗ്രാമങ്ങളെ ആകെ അവഗണിച്ചുകൊണ്ട് ഗ്രാമങ്ങൾക്കു കിട്ടേണ്ട തുകപോലും കൊടുക്കാതെയുള്ള ഒരു നിലപാടാണ് ഈ ബഡ്ജററിൽ നമുക്കു കാണാൻ സാധിക്കുന്നത്; അതുകൊണ്ട് ആണ് ഈ ബഡ്ജററിനെ എതിർക്കുന്നത്. ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം ഗൗരവപൂർവം കണക്കിലെടുത്തുകൊണ്ടു ഗ്രാമപ്രദേശങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമരാജ്യം കെട്ടിപടുക്കാൻവേണ്ടി ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ മുമ്പോട്ടു വരണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജററിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സാം ഉമ്മൻ: സർ പരിചയസമ്പന്നനായ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭാവനാസമ്പന്നമായ ഈ ബഡ്ജററിനെ ഞാൻ അനുകൂലിക്കുകയാണ്. അദ്ദേഹം ഈ ബഡ്ജററിൽകൂടി സാമ്പത്തികാശ്വാസത്തിന്റെ കുളിർമ്മയും മാധുര്യവും പകർന്നുകൊടുക്കാത്ത ഒരൊററ പൗരനും കേരളത്തിൽ ഉണ്ടെന്നു ഞാൻ കരുതുന്നില്ല. ഈ സംസ്ഥാനത്ത് പണിയെടുക്കുന്ന കർഷകനും കർഷകത്തൊഴിലാളിക്കും വ്യവസായിക്കും വ്യവസായ തൊഴിലാളിക്കും വ്യാപാരിക്കും എൻ. ജി. ഒ മാർക്കും എല്ലാംതന്നെ ഈ ബഡ്ജററിൽക്കൂടി സാമ്പത്തികാശ്വാസം നൽകുന്നതിന് കിണഞ്ഞ് പരിശ്രമിച്ചിട്ടുണ്ട്. ഈ ബഡ്ജററിലെ ജനോപകാരപ്രദമായ നിരവധി കാര്യങ്ങളെക്കുറിച്ച് ഇവിടെ എടുത്തുപറയാമെന്നാഗ്രഹമുണ്ടെങ്കിലും സമയപരിമിതി എന്നെ അതിന് അനുവദിക്കുന്നില്ല.

സർ, ഈ ബഡ്ജററിനെ വിലയിരുത്തിക്കൊണ്ട് സംസാരിക്കുമ്പോൾ പ്രധാനമായും രണ്ടുകാര്യങ്ങളാണ് പരിഗണനയിൽ എടുക്കേണ്ടത്. ഒന്ന്, ഈ ഗവൺമെന്റ് എങ്ങനെ വിഭവം സമാഹരിച്ചിരിക്കുന്നുവെന്നുള്ളതും മറെറാന്ന് സമാഹരിക്കുന്ന വിഭവം എങ്ങനെ ചെലവഴിക്കുന്നുവെന്നുള്ളതുമാണ്. ഈ ബഡ്ജററ് സസൂക്ഷ്മം പരിശോധിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ദുർബ്ബല ജനവിഭാഗത്തേയും സാധാരണക്കാരേയും നൊമ്പരപ്പെടുത്താതെയാണ് ആ കൃത്യം അതായത് വിഭവസമാഹരണം നിർവ്വഹിച്ചിരിക്കുന്നത് എന്ന്. അതുപോലെതന്നെ സമാഹരിക്കപ്പെടുന്ന വിഭവം പങ്കുവയ്ക്കുമ്പോൾ ദുർബ്ബലവിഭാഗക്കാർക്കും സാധാരണക്കാർക്കും മുൻതൂക്കം കൊടുക്കുന്നുവെന്നുള്ളതും സന്തോഷകരമായ കാര്യമാണ്. ഇവിടെ സമാഹരിച്ച വിഭവങ്ങൾ പങ്കുവച്ചതിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു വിദഗ്ദ്ദനെന്നുള്ളതിനുപരി ഒരു സോഷ്യലിസ്ററ് കൂടിയാണെന്നു തെളിഞ്ഞിരിക്കുകയാണ്. അതിനെക്കുറിച്ച് ഈ ബഡ്ജററ് വായിക്കുന്ന ഏതൊരാൾക്കും

മനസ്സിലാക്കുവാൻ കഴിയും. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വികലാംഗരെ തലോടി, കുട്ടികളുടെ നോട്ടുബുക്കുകളിൽ ശ്രദ്ധിച്ച് യുവജനങ്ങൾ സവങ്ങളിൽ പങ്കുകൊണ്ട് തൊഴിലും തൊഴിലില്ലായ്മാവേതനവും കൊടുത്തുകൊണ്ട് ഒരു സാമ്പത്തിക വിദഗ്ദ്ധനുപരി, ഒരു സോഷ്യലിസ്റ്റിന് ഉപരി ഒരു മനുഷ്യസ്നേഹി കൂടിയാണെന്ന് കാണാൻ കഴിയും. ഈ ബഡ്ജററിനെ എതിർത്തുകൊണ്ട് അപ്പുറത്തുള്ള സ്നേഹിതൻമാർ സംസാരിച്ചു കേട്ടു. അവരുടെ സംസാരം കേട്ടപ്പോൾ എനിക്ക് ഖേദം തോന്നുകയാണ്. ഈ ബഡ്ജററിനെക്കുറിച്ച് പ്രതിപക്ഷനേതാവ് പത്രപ്രസ്താവന ഇറക്കി. അദ്ദേഹം നല്ല കാര്യങ്ങളെ സ്വാഗതം ചെയ്തിരുന്നു. എന്നാൽ ഇവിടെ ബഡ്ജററിന്റെ ചർച്ച ആരംഭിച്ചതിന്റെ പിറേറദിവസം പ്രസംഗിച്ച ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ അദ്ദേഹത്തിന്റെ കുഞ്ഞിക്കണ്ണുകളിൽക്കൂടി നോക്കിയപ്പോൾ മൂന്നു കാര്യങ്ങൾ മാത്രമേ കണ്ടുള്ളു. ഒന്ന്, സി. ഐ. ടി. യു. രണ്ട്, മാർക്സിസ്ററ് എന്നപദം, മൂന്ന്, ക്രമസമാധാനലംഘനം. സർ, ഈ മൂന്നു പദങ്ങളാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയ തിമിരം ബാധിച്ച കുഞ്ഞിക്കണ്ണുകളിൽക്കൂടി കാണാൻ കഴിഞ്ഞത്. അതുപോലെതന്നെ സി. പി. ഐ.യിലെ ശ്രീ. സുബ്ബറാവു പറഞ്ഞത് ഇപ്രകാരമാണ്. Mani is a magician who is deceiving his audience അതുപോലെതന്നെ മധുരം പ്രതീക്ഷിച്ചുകൊണ്ട് ബഡ്ജററ് തുറന്നുനോക്കിയ ശ്രീ. കെ. പി. രാമന് കാണാൻ കഴിഞ്ഞത് ഏതാനും കോഴികളുടെ ചിത്രമാണെന്ന് പറഞ്ഞു. അദ്ദേഹത്തിന് ഇത്രയും അല്ലാതെ മറെറാന്നും പറയാൻ കഴിഞ്ഞില്ല. അതുപോലെതന്നെ ശ്രീ. വി. സി. കബീറിന് ഇതൊരു ജൗക്കാളം മാത്രമായിട്ടാണ് കാണാൻ കഴിഞ്ഞത്. എന്നാൽ മറെറാരു സുഹൃത്ത് ഇതൊരു ഇറച്ചിവെട്ടുകാരന്റെ കഥയാണെന്നു പറഞ്ഞു. ഇതെല്ലാം പറഞ്ഞതുകേട്ടപ്പോൾ എനിക്ക് ഓർമ്മവന്നത് പള്ളിക്കൂടംകുട്ടികളോട് നിങ്ങളുടെ ഭാവനയ്ക്ക് അനുസരിച്ച് ഇഷ്ടമുള്ള പടം കാണണമെന്നു പറയുന്നതുപോലെ അവർ കണ്ടുവെന്നു മാത്രമേയുള്ളു.

പിന്നെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രതിസന്ധിയുണ്ടെന്നു പറഞ്ഞു. അത് ഞാനും സമ്മതിക്കുന്നു. ശ്രീ. ലോനപ്പൻ നമ്പാടൻ പറഞ്ഞത് പരമ്പരാഗത വ്യവസായങ്ങളെല്ലാം കഷ്ടകാല വ്യവസായങ്ങളായി മാറുകയാണ് എന്നാണ്. അതും ഞാൻ അംഗീകരിക്കുന്നു. ഈ ഗവൺമെൻറിന്റെ സൃഷ്ടിയാണോ ഈ പ്രതിസന്ധി എന്നുള്ളതിനെക്കുറിച്ച് മനസ്സിലാക്കണം; ഇന്നലെ പൊടുന്നനെ ഉണ്ടായ സംഭവമാണോ ഈ പ്രതിസന്ധിയെന്ന് മനസ്സിലാക്കണം. അവിടെ ഇരിക്കുന്നവരാണ് അതിനെല്ലാം ഉത്തരവാദികൾ. പരമ്പരാഗത വ്യവസായത്തിലെ പ്രതിസന്ധിയുടെ സൃഷ്ടികൾ അപ്പുറത്തിരിക്കുന്നവരാണ്. കഥ അറിയാതെ ആട്ടം കാണുന്ന രാഷ്ട്രീയ പാർട്ടികളുണ്ട്. സി. പി. ഐ. നേതാക്കളായ ശ്രീ. എം. എൻ. ഗോവിന്ദൻ നായരും ശ്രീ. ടി. വി. തോമസ്സും ശ്രീ. പി. കെ. വാസുദേവൻ നായരും ഒക്കെ കൈകാര്യം ചെയ്ത വകുപ്പാണ്. വ്യവസായവകുപ്പ്. ആ വകുപ്പ് അവർ കൈകാര്യം ചെയ്തിരുന്ന കാലത്ത് ദീർഘവീക്ഷണത്തോടുകൂടി കാര്യങ്ങൾ ചെയ്യാത്തതാണ് ഇതിനെല്ലാം കാരണം. ഇത്രയധികം ആക്ഷേപസ്വരങ്ങൾ അഴിച്ചുവിടുന്ന മറുചേരിയിലെ ആളുകളോട് ചങ്ങമ്പുഴയുടെ നീർച്ചുഴിയിലെ രണ്ടു വരികളാണ് ഓർമ്മിപ്പിക്കുവാനുള്ളത്.

"ചെടിയിലെ കീടമേ ലജ്ജയില്ലേ

ചിത്രശലഭത്തെ നോക്കി പഴിപറയുവാൻ"

ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. ദേവൂട്ടി : സർ, ഞാൻ ഈ ബഡ്ജററിനെ എതിർക്കുകയാണ്. ഈ ബഡ്ജററിൽ സാധാരണക്കാർക്ക് ആശ്വാസം നൽകുന്ന യാതൊന്നും തന്നെയില്ല. വെറും വ്യാമോഹം ജനിപ്പിക്കുന്ന വാക്കുകളുണ്ടെന്നുള്ളതൊഴിച്ചാൽ സാധാരണ ജനങ്ങൾക്ക് ഗുണപ്രദമായ ഒന്നും തന്നെയില്ലായെന്നാണ് മനസ്സിലാക്കുന്നത്.

ആയിരക്കണക്കിന് ഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന സംസ്ഥാനമാണ് കേരളം. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയിൽക്കൂടി ഗ്രാമജീവിതം പൂർണ്ണമായും തകർന്നുകഴിഞ്ഞിരിക്കുകയാണ്. കയർ, കൈത്തറി, കശുവണ്ടി, ബീഡി എന്നീ വ്യവസായങ്ങളിലെ തൊഴിലാളികളെ ഉയർച്ചയിലേക്ക് കൊണ്ടുവരണമെങ്കിൽ ഈ വ്യവസായത്തിന്റെ വളർച്ചയിൽക്കൂടി മാത്രമേ സാധിക്കൂ. കൈത്തറി വ്യവസായത്തെക്കുറിച്ച് പരിശോധിക്കുമ്പോൾ രണ്ടു മൂന്നു വർഷങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധി കാരണം ആ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളും അവരുടെ കുടുംബങ്ങളും മൂന്നുനേരം ആഹാരം കഴിക്കാത്ത കാലങ്ങൾ എത്രയായി എന്നുള്ളതിനെക്കുറിച്ച് നേരിട്ടറിയാവുന്നതാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള വ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഈ ബഡ്ജററിൽ ഒന്നുംതന്നെ പറഞ്ഞിട്ടില്ല. ഈ വ്യവസായം ഉയർത്താതെ ഗ്രാമീണ ജനതയുടെ ജീവിതനിലവാരം ഉയർത്തുവാൻ സാധ്യമല്ല. അതുപോലെതന്നെ പുതിയ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഇവിടെ പറയുന്നത് താലൂക്ക് അടിസ്ഥാനത്തിൽ ഒരു വ്യവസായം ഉണ്ടാക്കും അതിനുള്ള പരിശ്രമം ആരംഭിക്കുമെന്നാണ്. വ്യവസായം ഉണ്ടാക്കാനുള്ള പരിശ്രമമല്ല വ്യവസായം നടത്തുന്നതിനാവശ്യമുള്ള പരിശോധനയാണ്. കേരളത്തിൽ ദീർഘകാലമായിട്ടുള്ള മുദ്രാവാക്യമായിരുന്നു ഒരു പഞ്ചായത്തിൽ ഒരു വ്യവസായം, ഒരു വീട്ടിൽ ഒരാളിന് ജോലി എന്നുള്ളത്. ഇതെല്ലാം നമ്മുടെ നാട്ടിൽ കുറെനാൾ പ്രചരിച്ചിരുന്നു. ഓരോ പഞ്ചായത്തിനേയും എടുത്തു പരിശോധിക്കുകയാണെങ്കിൽ മിനി ഇൻഡസ്ട്രിയൽ എസ്റേററുകൾ ഒരു കാലഘട്ടത്തിൽ വളരെ വ്യാപകമായി നമ്മുടെ രാജ്യത്തുള്ള ജനങ്ങൾ വമ്പിച്ച പ്രചരണം നടത്തിയിട്ടാണ് സ്ഥാപിച്ചത്. ഇന്ന് അതിന്റെ സ്ഥിതി എന്താണ്? ഇതുപോലെ തകർന്നുവരുന്ന വ്യവസായങ്ങളെ സംബന്ധിച്ച് ഗവൺമെൻറ് ഈ ബഡ്ജററിൽ ഒന്നും തന്നെ പറഞ്ഞിട്ടില്ല. ആയിരക്കണക്കിനാളുകൾ മിനി ഇൻഡസ്ട്രിയൽ എസ്റേററുകൾ സ്ഥാപിക്കുന്നതിനുള്ള പരിശ്രമത്തിൽ സ്വന്തം വീട് പണയപ്പെടുത്തി. ഇന്ന് ആ വ്യവസായങ്ങൾ തകർന്നതിന്റെ നിരവധി കഥകൾ ഈ രാജ്യത്തുണ്ട്. അതെസംബന്ധിച്ച് ഒന്നുംതന്നെ ഈ ബഡ്ജററിൽ പറഞ്ഞിട്ടില്ല. അത് മാത്രമല്ല തൊഴിലില്ലാത്ത യുവജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് തൊഴിലില്ലായ്മാ വേതനം കൊടുക്കുമെന്നും അവർക്ക് തൊഴിൽ കൊടുക്കുന്നതിനു വേണ്ടിയാണ് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതെന്നും പറയുന്നു. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വമ്പിച്ച പരിശ്രമം നടത്തി. അത് രാജ്യത്ത് വിജയിച്ചില്ല. തൊഴിലില്ലായ്മാവേതനം കൊടുക്കുകയെന്നുള്ളത് പേരിനുമാത്രമായി ബഡ്ജററിൽ പറഞ്ഞിരിക്കുകയാണ്. തൊഴിലില്ലായ്മാവേതനം വ്യാപകമായി കൊടുക്കാൻ സാധ്യമല്ലയെന്ന തത്വത്തോടു യോജിക്കാം. അവർക്ക് തൊഴിൽ കൊടുക്കുന്നതിനുള്ള പരിപാടികൾ എന്താണ്? സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി നിരവധി ചെറുപ്പക്കാർ ഈ രാജ്യത്ത് പരിശ്രമിച്ചിരുന്നു. പക്ഷെ വിജയിച്ചില്ല. കാരണം ബാങ്കിൽനിന്ന് സഹായം കിട്ടുന്നില്ല. ദേശവൽക്കരിച്ച ബാങ്കിൽ സഹായത്തിനുവേണ്ടി ചെന്നാൽ കർശനമായ നിയമത്തിന്റെ പരിധയിൽപ്പെടുത്തിക്കൊണ്ട് പാവപ്പെട്ട യുവജനങ്ങൾക്ക് ബാങ്ക് കടം കൊടുക്കുന്നില്ല. ബാങ്കിൽനിന്ന് കടം കിട്ടണമെങ്കിൽ ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാർ ജാമ്യം നിൽക്കണം. അവർ ജാമ്യം നിൽക്കാൻ തയ്യാറായില്ലെങ്കിൽ സ്വയം തൊഴിൽ കണ്ടെത്തുകയെന്നുള്ളത് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം പ്രഹസനമായി മാറും. ഓരോ ജില്ലയുമെടുത്ത് പരിശോധിക്കുകയാണെങ്കിൽ വികസന സാധ്യതയുള്ള ധാരാളം വ്യവസായങ്ങളുണ്ട്. കണ്ണൂർ ജില്ലയിൽ പരമ്പരാഗത വ്യവസായങ്ങൾ കഴിഞ്ഞാൽ വികസന സാധ്യതയുള്ള ധാരാളം വ്യവസായങ്ങളുണ്ട്. ചൈനാക്ലേ പ്രധാനപ്പെട്ട വ്യവസായമാണ്. ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് ജോലി കൊടുക്കാനുള്ള തീരുമാനം എടുത്തുകൊണ്ട് അത്തരത്തിലുള്ള വ്യവസായങ്ങൾ വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കണം. കൈത്തൊഴിൽ പഠിച്ച നിരവധി ആളുകൾ 1973 മുതൽ ആവശ്യപ്പെട്ടതാണ് ആർട്ടിസാൻസ് ഡെവലപ്പുമെന്റ് കോർപ്പറേഷൻ രൂപീകരിക്കണമെന്ന്. നിരന്തരമായി സമരം ചെയ്തതിന്റെ ഫലമായിട്ടാണ് 1980-81-ൽ ആണെന്നാണ് എന്റെ ഓർമ്മ, ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചത്. ആർട്ടിസാൻസ് ഡെവലപ്പുമെന്റ് കോർപ്പറേഷനെ സംബന്ധിച്ച് യാതൊന്നുംതന്നെ ഈ ബഡ്ജററിൽ പറഞ്ഞിട്ടില്ല അത് മാത്രമല്ല അത്തരത്തിലുള്ള തൊഴിലാളികൾക്ക് പതിനായിരം രൂപ ആറു ശതമാനം പലിശയ്ക്ക് കൊടുക്കുമെന്നുള്ളതാണ്. ബാങ്കാണ് പതിനായിരം രൂപ കടം കൊടുക്കുന്നത് ? പണം കടം കൊടുക്കണമെങ്കിൽ ജാമ്യം നിൽക്കണം. ഇവർക്ക് അതിന് തക്കതായ ജാമ്യം കൊടുക്കാൻ പററുകയില്ല. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഈ രാജ്യത്തെ ആർട്ടിസാൻസിന്റെ കുലതൊഴിലിനെ അംഗീകരിച്ചത് ജനങ്ങൾക്ക് ആശാവഹമായ കാര്യമാണ്. അത് പൂർണ്ണമായും ഈ ഗവൺമെന്റ് എടുത്തുകളഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത്തരത്തിലുള്ള കോർപ്പറേഷൻ ഈ രാജ്യത്ത് പുനസ്സംഘടിപ്പിക്കുകയും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. എന്റെ നിയോജകമണ്ഡലത്തിൽ പാവപ്പെട്ട മൽസ്യത്തൊഴിലാളികളടക്കം ഉള്ളവർക്ക് അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ പണി പൂർത്തിയായാൽ ജോലി കൊടുക്കാൻ കഴിയുന്നതാണ്. എന്നാൽ അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ ഇന്നത്തെ സ്ഥിതി എന്താണ് ? ആ ഫിഷിംഗ് ഹാർബറിനെപ്പററി ഇതിൽ ഒന്നുംതന്നെ പറഞ്ഞിട്ടില്ല. കഴിഞ്ഞ വർഷവും ബഡ്ജററിൽ ഒന്നും ഉൾക്കൊള്ളിച്ചിരുന്നില്ല. ഇതെ സംബന്ധിച്ച് കഴിഞ്ഞപ്രാവശ്യവും ഞാൻ പറഞ്ഞതാണ്. ഇതെ സംബന്ധിച്ച് പരിശോധിച്ച് അതിന്റെ പ്രവർത്തനം എത്രയുംവേഗം പൂർത്തിയാക്കണം. പാവപ്പെട്ട ആളുകൾക്ക് ജോലി കൊടുക്കുന്നതിനുവേണ്ടി അത്തരത്തിലുള്ള വികസനസാധ്യതകൾ ഉപയോഗപ്പെടുത്താൻ സാധിക്കണം നമ്മുടെ രാജ്യത്ത് വനിതകൾ നടത്തുന്ന വ്യവസായം വളർന്നുവരുന്നതിനുവേണ്ടി ഏററവും കൂടുതൽ പ്രോൽസാഹനം കൊടുത്ത് പ്രചരണം നടത്തിയവരാണ് സ്ത്രീകൾ. വനിതാ വ്യവസായമെന്നുള്ള നിലയിൽ കേരളത്തിൽതന്നെ അഞ്ഞൂറിൽപരം വ്യവസായങ്ങൾ ഉണ്ടെന്നാണ് തോന്നുന്നത്. ഡ്രസ്സ് മേക്കിംഗ് മുതൽ എൻജിനീയറിംഗ്, കെമിക്കൽസ്, ബേബിഫുഡ്, തുടങ്ങിയവയെല്ലാം ഇവിടെ ഉണ്ടാക്കുന്നു. ഇതിൽ പലതും ഇന്ന് തകർന്നുകൊണ്ടിരിക്കുകയാണ്. ഈ ബഡ്ജററിൽ വനിതാവ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം യാതൊന്നും പറഞ്ഞിട്ടില്ല ഗവൺമെന്റ് പ്രോൽസാഹനം കൊടുത്ത് നടത്തിയിരുന്ന വ്യവസായമാണ്. അത്തരത്തിലുള്ള വ്യവസായശാലകളിൽകൂടി ഉൽപാദിപ്പിക്കുന്ന സാധനങ്ങൾക്ക് മാർക്കററ് ഇല്ല. മാർക്കററ് ഉണ്ടാക്കുന്നതിന് ഈ ഗവൺമെന്റ് നടപടികൾ സ്വീകരിക്കണമെന്ന് വ്യവസായങ്ങൾ നടത്തിയിരുന്നവർ നിരന്തരമായി ആവശ്യപ്പെട്ടിരുന്നു. അത്തരത്തിലുള്ള വ്യവസായങ്ങൾ ഈ രാജ്യത്ത് വളർത്തിയെടുക്കാൻ കഴിയണമെങ്കിൽ അതിന് മാർക്കററു കണ്ടുപിടിക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും സംവിധാനം ഉണ്ടാക്കണം. അത്തരം വ്യവസായങ്ങൾക്ക് നിലനിൽക്കാൻ കഴിയാത്ത അവസ്ഥ സംജാതമാ

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കുകയാണ്. സ്വയം തൊഴിൽ കണ്ടെത്തുകയെന്നു പറയുമ്പോഠം നില വിലുള്ള വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം അവ നിലനിൽക്കേണ്ട ആവശ്യകതയെ സംബന്ധിച്ച് എന്തെങ്കിലും കാഴ്ചപ്പാട് ഉണ്ടായിരിക്കണം. ജില്ലകളിൽ അത്തരം വ്യവസായങ്ങഠം നിലനിൽക്കാൻ പോകുന്നില്ല. ഈ ബഡ്ജററിൽ അത്തരം വ്യവസായങ്ങളെ സംബന്ധിച്ച് യാതൊന്നുംതന്നെ പറഞ്ഞിട്ടില്ല. വനിതാവ്യവസായങ്ങഠംക്ക് സെയിൽസ്ടാക്സ് ഇളവുചെയ്ത് കൊടുക്കണ മെന്ന് കഴിഞ്ഞവർഷവും ഞാൻ ആവശ്യപ്പെട്ടതാണ്. സെയിൽസ് ടാക്സ് ഈടാക്കുന്നതിന്റെ ഫലമായി അത്തരം വ്യവസായങ്ങഠം നടത്തുന്നവർക്ക് വളരെയധികം പ്രയാസം ഉണ്ടാകുന്നു. ഇതേ സംബന്ധിച്ച് ഗവൺമെൻറ് പരിശോധിക്കണം. അതുപോലെ മാർക്കററ് ഉണ്ടാക്കുന്നതിനെ സംബ ന്ധിച്ചും പരിശോധിക്കണം.

ഐ. ആർ. ഡി. പി. സ്കീം അനുസരിച്ച് ട്രെയിനിംഗ് കഴിഞ്ഞ പെൺകുട്ടികഠംക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ഗവൺമെൻറിൽ നിന്ന് സഹായംകൊടുക്കാത്തതുകൊണ്ട് ദേശവൽക്കരിച്ച ബാങ്കിനെയാണ് ആശ്രയിക്കുന്നത്. ദേശവൽക്കരിച്ച ബാങ്കിൽനിന്ന് സ്വന്തമായിട്ടുള്ള ജാമ്യത്തിൽ അല്ലാതെ മററു ജാമ്യത്തിൽ മാത്രമേ കൊടുക്കുകയുള്ളുവെന്ന് പറഞ്ഞാൽ സ്വയം തൊഴിൽ കണ്ടെത്തുകയെന്നുള്ള ഐ. ആർ. ഡി. പി. സ്കീം പരാജയപ്പെടുകയേ യുള്ളു. ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെയധികം പറഞ്ഞ ട്ടുണ്ട്. മുഴുവനും ചെയ്യാനുള്ളതല്ലെങ്കിലും വ്യാമോഹമാണെങ്കിലും വളരെയധികം കാര്യ ങ്ങഠം ഇതിൽ പറഞ്ഞിട്ടുണ്ട്. പാവപ്പെട്ട ഹരിജനങ്ങഠം അടങ്ങുന്നതാണ് അവശക്രൈസ്തവ കോർപ്പറേഷൻ. കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് അവ രുടെ പരാധീനതകളും ബുദ്ധിമുട്ടും മനസ്സിലാക്കിക്കൊണ്ട് അവരെ അഭി വൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയാണ് അവശക്രൈസ്തവ കോർപ്പറേഷൻ രൂപീകരിച്ചത്. ഈ ബഡ്ജററിൽ അതേപ്പററി യാതൊന്നും പറഞ്ഞിട്ടില്ല. അവശക്രൈസ്തവ കോർപ്പറേഷൻ അടിമകളെപോലെയുള്ള വിഭാഗങ്ങളെ ഉയർത്തിയെടുക്കുന്നതിന് ആവശ്യമാണെന്നുള്ളതുകൊണ്ട് അതെക്കുറിച്ച് ഗവൺമെൻറ് പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ക്രമസമാധാനത്തെ സംബന്ധിച്ച് പറഞ്ഞാണ് ഈ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിനെ തകർത്തത്. ഇന്ന് നമ്മുടെ രാജ്യത്തെ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ സ്കൂളിൽ പോകുന്ന, കോളേജിൽ പോകുന്ന ആൺകുട്ടികളായാലും പെൺകുട്ടികളായാലും അവർ തിരിച്ചുവരു മെന്നു രക്ഷകർത്താക്കഠംക്ക് ഉറപ്പില്ല. കുഞ്ഞുങ്ങളെ കൊല്ലുന്നതും യുവാക്കളെ കൊല്ലുന്നതും ഹരിജനങ്ങളെ കൊല്ലുന്നതും ഈ രാജ്യത്ത് നിത്യസംഭവങ്ങളാണ്. ഒരുകാലത്ത് ഡെൽഹിലും യു. പി. യിലും ആണ് സ്ത്രീകളെ ക്രൂരമായി അപമാനിക്കുകയും കൊലപാതകം ചെയ്യുകയും ചെയ്ത സംഭവങ്ങഠം ഉണ്ടായി ട്ടുള്ളത്. ഇന്ന് അത് കേരളത്തിലെ നിരന്തരസംഭവങ്ങളാണ്. ഒരു ദിവസത്തെ ഏത് പത്രമെടുത്ത് പരിശോധിച്ചാലും ഒന്നോ രണ്ടോ മൂന്നോ സ്ത്രീകളെ കൊല ചെയ്തതായോ അപമാനിച്ചതായോ തട്ടിക്കൊണ്ടുപോയതായോ ബലാൽ സംഗം ചെയ്തതായോ ഉള്ള വാർത്ത കാണാൻ കഴിയും. അങ്ങനെയുള്ള വാർത്ത യില്ലാത്ത ഒരു ദിവസംപോലും ഈ കേരളത്തിലുണ്ടോ ? കേരളത്തിന്റെ സാംസ്കാരിക മനഃസാക്ഷി ഇന്ന് എവിടെയാണ് ? ക്രമസമാധാനത്തിന്റെ പേരിൽ ഒരു ഗവൺമെൻറിനെ തകർത്തിട്ട് മറെറാരു ഗവൺമെൻറ് വന്നപ്പോഠം അത് തീർച്ചയായും ഈ രാജ്യത്ത് നടക്കാൻപാടില്ലാത്തതായിരുന്നു. ഇന്ന് ഈ രാജ്യത്ത് ക്രമസമാധാനം തകർന്നിരിക്കുന്നു; സ്ത്രീകഠംക്ക് രക്ഷയില്ല, വിദ്യാർത്ഥികഠംക്ക് രക്ഷയില്ല, ഹരിജനങ്ങഠംക്ക് രക്ഷയില്ല. അതുകൊണ്ട് ഈ ഗവൺമെൻറ് ഇവിടെ അവതരിപ്പിച്ച ബഡ്ജററിനെ ഒന്നുകൂടി എതിർത്തു കൊണ്ട് എന്റെ വാക്കുകഠം അവസാനിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : സർ, 1982-83 ലേക്കുള്ള, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിനെ ഞാൻ പിൻതാങ്ങുന്നു. ഐക്യ ജനാധിപത്യമുന്നണി ഈ തെരഞ്ഞെടുപ്പിൽ മൽസരിച്ചത് പ്രധാനമായും രണ്ട്-മൂന്ന് കാര്യങ്ങൾ ജനങ്ങളുടെമുമ്പിൽ സമർപ്പിച്ചുകൊണ്ടാണ്. നിയമസമാധാനം പരിപാലിക്കുമെന്നും തകർക്കപ്പെട്ട സാമ്പത്തികക്രമം തിരിച്ചുകൊണ്ടുവരുമെന്നും ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി വികസന പരിപാടികൾ മുന്നോട്ടു കൊണ്ടുപോകുമെന്നും കേരളത്തിലെ ജനജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുമെന്നും പ്രതിജ്ഞ ചെയ്തുകൊണ്ടാണ് ഐക്യജനാധിപത്യമുന്നണി ഈ തെരഞ്ഞെടുപ്പിൽ മൽസരിച്ചത്. ഐക്യജനാധിപത്യമുന്നണി തെരഞ്ഞെടുപ്പു സമയത്ത് ജനങ്ങളുടെ മുമ്പിൽ സമർപ്പിച്ച പ്രകടനപത്രികയിലെ ചില ലളിതമായ ഭരണപരവും രാഷ്ട്രീയവുമായ ദർശനങ്ങളുടെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പുതുക്കിയ ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്നത്. ഈ ബഡ്ജററിൽ വളരെ അൽഭുതങ്ങൾ ഇല്ലെങ്കിൽപ്പോലും, കേരളത്തിലെ ജനജീവിതത്തെ, കാർഷികമേഖലയെ, വ്യവസായികമേഖലയെ, വിദ്യാഭ്യാസ മേഖലയെ അതുപോലെ മററെല്ലാരംഗത്തും കഴിഞ്ഞകാലത്തെ ഗവൺമെൻറ് തകർത്തതെല്ലാം പുനഃസ്ഥാപിക്കാനുള്ള നടപടികളുണ്ട്. പുതിയ വ്യവസായങ്ങൾ തുടങ്ങാനുള്ള ശ്രമങ്ങൾ ആരംഭിച്ച്, ആയിരക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലവസരം നൽകാനുള്ള ശ്രമങ്ങളെക്കുറിച്ച് ബഡ്ജററിൽ പറയുന്നത് ആശ്വാസകരമാണ്.

അത്തരം സമീപനമുണ്ടാക്കുമ്പോൾ ഈ ഗവൺമെൻറിൻെറ മുമ്പിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ബഹുമാനപ്പെട്ട പല മെമ്പറൻമാരും ഇവിടെ സൂചിപ്പിച്ചപോലെ, ഉണ്ടാക്കുന്ന വ്യവസായങ്ങൾ നിലനിർത്താനുള്ള ബാദ്ധ്യതയും ഈ ഗവൺമെൻറ് ഏറെറടുക്കണമെന്നാണ്. വലുതും ചെറുതുമായ വ്യവസായ സ്ഥാപനങ്ങളുണ്ടാക്കുമ്പോൾ, ആ വ്യവസായസ്ഥാപനങ്ങളുടെ കാര്യക്ഷമതയെക്കുറിച്ചും, കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന കാര്യങ്ങൾ ആരായാനുള്ള ശ്രമങ്ങളും ഈ ഗവൺമെൻറ് നിർബന്ധമായും ഏറെറടുക്കണം. ഇതിനുമുമ്പും ചെറുതും വലുതുമായ പല വ്യവസായങ്ങളും ഇവിടെ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ആ സമയത്തൊന്നും കേരളത്തിലെ മുഴുവൻ ചെറുപ്പക്കാർക്കും, വിദ്യാഭ്യാസമുള്ളവർക്കും ഇല്ലാത്തവർക്കും തൊഴിൽ ലഭിക്കുന്നതിനുള്ള അടിസ്ഥാനപരമായ ഭാവനാപൂർണ്ണമായ ഒരു സമീപനം ഉണ്ടായിട്ടില്ല.

നിർഭാഗ്യമെന്നുപറയട്ടെ, ശ്രീ. ആർ. ശങ്കറിൻെറ മന്ത്രിസഭ ഉള്ള കാലത്ത് ഭാവനയോടും, പ്രതീക്ഷയോടുംകൂടി ശ്രീ. കെ. എ. ദാമോദരമേനോൻ കൊണ്ടുവന്ന വ്യവസായ സംരഭങ്ങൾ അല്ലാതെ കേരളത്തിലെ എല്ലാവിഭാഗങ്ങൾക്കും തൊഴിൽ ലഭിക്കുന്ന സമീപനത്തോടുകൂടിയ, പ്രതിഭയോടുകൂടിയ ഒരു വ്യവസായസമീപനം നമ്മുടെ സംസ്ഥാനത്ത് ഇതുവരെ ഉണ്ടായിട്ടില്ല. വരുന്ന ചെറുതും വലതുമായ വ്യവസായങ്ങളും താലൂക്ക് അടിസ്ഥാനത്തിലുള്ള അൻപത്തെട്ട് വ്യവസായ സ്ഥാപനങ്ങളും നിലനിർത്തണമെന്നാണ്, എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മറെറാന്ന്, ഈ തലസ്ഥാനനഗരിയിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട അംഗമെന്ന നിലയിൽ മാത്രം പറയുകയല്ല, കേരള സംസ്ഥാനത്തിൻെറ തലസ്ഥാനം കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും തലസ്ഥാനമാണ്. തലസ്ഥാന നഗരിയുടെ മുഖഛായ മാറേറണ്ട ആവശ്യം ഇപ്പുറത്തിരിക്കുന്നവരുടേയോ അപ്പുറത്തിരിക്കുന്നവരുടെയോ മാത്രം ആവശ്യമല്ല. അത് കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും ആവശ്യമാണ്. വളരെ നിർഭാഗ്യമെന്നു പറയട്ടെ, തലസ്ഥാനനഗരം നിൽക്കുന്ന ഈ ജില്ലയുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കാര്യമായി ഈ ബഡ്ജററിൽ ഒന്നും വയ്ക്കാത്തതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രി ഒന്ന് പര്യാലോചിക്കണമെന്നുള്ള അഭ്യർത്ഥന എനിക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നോ രണ്ടോ മിനിററ് മഴപെയ്താൽ ഈ തലസ്ഥാന നഗരിയിൽ ജന ജീവിതം സ്തംഭനത്തിലാകും. ആയിരക്കണക്കിന്, പതിനായിരക്കണക്കിന് ജനങ്ങൾ വന്നു പോകുന്ന കിഴക്കേക്കോട്ടയിലും തമ്പാനൂരും രണ്ട് മിനിട്ട് മഴ പെയ്താൽ വെള്ളം അടിഞ്ഞുകൂടി ജനങ്ങൾക്ക് നടന്നുപോകുന്നതിനും വാഹന ങ്ങൾക്ക് പോകുന്നതിനും സാധിക്കാതെ ഗതാഗതസ്തംഭനമുണ്ടാക്കുന്ന നില പാട്മാററിയെടുക്കുന്നതിനുവേണ്ടി ഈ ബഡ്ജററിൽ ഒന്നും ഉൾക്കൊളളിച്ചിട്ടില്ല.

ഇവിടെയൊരു വികസന അതോരിററിയുണ്ട്. ആ അതോറിററിയുടെ ജോലി എന്താണെന്ന് അറിയുകയില്ല. വികസന അതോറിററിയിലെ ഉദ്യോഗ സ്ഥൻമാർക്ക് ഇവിടെ താമസിക്കുന്ന പാവപ്പെട്ട ആളുകളെ ഒരു പരിധിവരെ ബുദ്ധിമുട്ടിക്കുന്ന സമീപനമുണ്ട്. നഗരവികസനവും ഗ്രാമവികസനവും ഒന്നുതന്നെയാണ്. പക്ഷേ അതിന്റെ പേരിൽ നാലും അഞ്ചും സെൻറുള്ള ആളുകളെ കുടിയൊഴിപ്പിച്ച് അവിടെ സമ്പന്നൻമാരെ കൊണ്ടുവന്ന് പാർപ്പി ക്കുന്ന സമീപനം ദയവുചെയ്ത് ഈ ഗവൺമെൻറ് മാററണം. ഒന്നും രണ്ടും ഏക്കർ ഭൂമിയുളള വമ്പൻമാരുടെ അടുത്ത് ഉദ്യോഗസ്ഥൻമാർ ചെല്ലും. നിർഭാഗ്യ മെന്നു പറയട്ടെ, അവസാനം അക്വിസിഷൻ നോട്ടീസ് നൽകുന്നത് ആദ്യം ചെന്ന ആളിനായിരിക്കുകയില്ല. ഞാൻ ഇത് വികസന അതോറിററിയുടെ പ്രവർത്തന വുമായി ബന്ധപ്പെടുത്തിക്കൊണ്ട് സംസാരിക്കുമ്പോൾ,തിരുവനന്തപുരം നഗര ത്തിന്റെ കാര്യത്തിൽ ഈ ഗവൺമെൻറിന്റെ ശ്രദ്ധയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുളളത്.

കണ്ടാൽ നഗരമെന്നുതോന്നും. പക്ഷേ രണ്ട് മിനിട്ട് മഴ പെയ്താൽ- പെയ്തില്ലെങ്കിൽ പോലും, ബണ്ടുകളുടെ സമീപത്തും പരിസരത്തും താമസി ക്കുന്ന ആളുകളുടെ സ്ഥിതി വളരെ ദയനീയമാണ്. അവിടെ രണ്ടോ മൂന്നോ മിനിട്ട് മഴ പെയ്താൽ, റോഡുകളുടെ സ്ഥിതി മാത്രമല്ല, വീടുകളിലും വെള്ളം കയറും. അതുകൊണ്ട് ഈ തലസ്ഥാന നഗരിയുടെ ജനജീവിതത്തെ നന്നാക്കുന്നതിനുളള ഒരു സമീപനം ഈ ബഡ്ജററിൽ ഉണ്ടാക്കണമെന്നുളള അഭ്യർത്ഥന ഉണ്ട്.

ഇവിടെ ചെറിയ ശമ്പളമുളളവരും വലിയ ശമ്പളമുളളവരുമായ ഉദ്യോഗ സ്ഥൻമാർ തിങ്ങിപ്പാർക്കുന്നു. വലിയ ശമ്പളമുളള ആളുകൾ പരിമിതമാണ്. ശമ്പളം കുറഞ്ഞ എൻ. ജി. ഒ മാരും സാധാരണ അദ്ധ്യാപകരും, സാധാരണ ജനങ്ങളും തിങ്ങിപ്പാർക്കുന്ന ഈ തലസ്ഥാന നഗരിയുടെ ജനജീവിതത്തെ മുന്നോട്ടു കൊണ്ടുപോകാൻ, അവർക്ക് സുഗമമായി നടന്നുപോകാൻ, സമാധാന മായി രാത്രി കിടന്നുറങ്ങാൻ ആവശ്യമായ സമീപനം കൈക്കൊളളണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുളളത്.

ഇതെല്ലാമാണെങ്കിൽപ്പോലും കാർഷികമേഖലയിൽ, വിദ്യാഭ്യാസമേഖലയിൽ വ്യവസായരംഗത്ത് ജനജീവിതത്തെ മുന്നോട്ട് കൊണ്ടുപോകുന്ന സമീപനത്തെ കുറിച്ച് ബഡ്ജററിൽ പറഞ്ഞിട്ടുളളതിനെ സ്വാഗതം ചെയ്യുന്നു.

മറെറാന്ന് ഈ ബഡ്ജററിൽ എടുത്തുപറഞ്ഞിട്ടുളളത്, സ്പോർട്ട്സ് കൗൺസിലിന്റെ പ്രവർത്തനത്തെ വി ക സി പ്പി ക്കു മെ ന്നു ള്ള താ ണ്. സ്പോർട്ട്സ് കൗൺസിൽ ഇന്ന് ഒരു വെള്ളാനയായി മാറിയിരിക്കുകയാണ്. സ്പോർട്ട്സ് കൗൺസിൽ ഇന്ന് വലിയ വമ്പൻമാർ കൈവശം വച്ചുകൊണ്ടിരി ക്കുന്ന ഒരു താവളമായി മാറിയിരിക്കുന്നു. അതിന്റെ പ്രവർത്തന പരിധിയെ ക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. നമുക്കറിയാം, ജോലികിട്ടുന്നതിന്, അഡ്മിഷൻ കിട്ടുന്ന തിന്, പലതരത്തിലും സാദ്ധ്യതയുളള സ്പോർട്ട്സ് കൗൺസിൽ, കുറെ ആളുകളുടെ കൈയിൽ വന്ന് നശിച്ചുകൊണ്ടിരിക്കുന്നു എന്ന്. യഥാർത്ഥ ത്തിൽ സ്പോർട്ട്സ് കൗൺസിലുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ട ഗുണം

LIBRARY ARCHIVES Kerala Legislative Assembly

അർഹരായ ആളുകഠംക്ക് ലഭിക്കുന്നില്ല.അതുകൊണ്ട് നിലവിലുള്ള സംവിധാനം പരിശോധിക്കാതെ, ഇന്നലെവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്താതെ, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന സർക്കാർ അധികമായി പണം വെള്ളാനകളുടെ കേന്ദ്രമായ സ്പോർട്ട്സ് കൗൺസിലിനുവേണ്ടി ചിലവഴിക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജററിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു.

ശ്രീ. എൻ. ശക്തൻ നാടാർ : സർ, കേരളവും ഇൻഡ്യയും ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രശ്നത്തിൻേറയും യാഥാർത്ഥ്യങ്ങളുടേയും നേരെ പുറം തിരിഞ്ഞുനിന്നുകൊണ്ട് തയ്യാറാക്കിയ ഈ ബഡ്ജററ് നിർദ്ദേശത്തെ ഞാൻ എതിർക്കുന്നു. 1980-ലും 1981-ലും നമ്മുടെ സമൂഹത്തിൻെറ അടിത്തട്ടിൽ കിടന്ന ദുർബലവിഭാഗങ്ങളുടെ ഉന്നമനത്തിന് ഉതകുന്ന നിരവധി ക്ഷേമപരിപാടികഠം ഉഠംക്കൊള്ളുന്ന ബഡ്ജററ് അവതരിപ്പിച്ച് സംസ്ഥാനത്തിലെ മുഴുവൻ ജനങ്ങളുടെയും ഈ സഭയിലെ ഇരുവിഭാഗത്തിൻേറയും മുക്തകണ്ഠമായ പ്രശംസ പിടിച്ചുപററിയ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് 1982-83-ലെ ബഡ്ജററിലൂടെ ഈ രാജ്യത്തെ ജനങ്ങളുടെ മാത്രമല്ല ഈ സഭയിൽ ഭരണപക്ഷത്തിരിക്കുന്ന അംഗങ്ങളുടെപോലും പ്രശംസ പിടിച്ചു പററാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ രണ്ടു തവണയും അദ്ദേഹം സ്വതന്ത്രവായു ശ്വസിച്ചുകൊണ്ട്, സ്വതന്ത്രമായ രീതിയിൽ കേരളത്തിൻെറയും ഇൻഡ്യയുടെയും സാമൂഹ്യസാമ്പത്തിക രംഗത്തെ നോക്കി കാണുന്ന ഒരു ധനകാര്യമന്ത്രിയായിരുന്നു. എന്നാൽ ഇന്നാകട്ടെ, കേന്ദ്രഗവൺമെൻറിൻെറ തെററായ നയങ്ങളുടേയും പരിപാടികളുടെയും രാഷ്ട്രീയ തടവറയിലെ കൂരിരുട്ടിൽ തപ്പിത്തടഞ്ഞ് തകരുന്ന സ്ഥിതിയാണ് നമുക്ക് കാണാൻ കഴിയുന്നത്.

ലോകമുതലാളിത്തത്തോടും, കുത്തക കമ്പനികളോടും കൂറും വിധേയത്വവും കാണിക്കലാണ്, കേരളത്തിലെ കൃഷിക്കാരുടെ നട്ടെല്ലൊടിക്കുന്ന തരത്തിലുള്ള തെററായ ഇറക്കുമതി നയംകൊണ്ട് ഉണ്ടായിരിക്കുന്നത്. റബ്ബർ, കൊക്കോ, വെളിച്ചെണ്ണ, കൊപ്ര തുടങ്ങിയുള്ള സാധനങ്ങഠം ഇറക്കുമതി ചെയ്ത് കേരളത്തിലെ കൃഷിക്കാരുടെ നട്ടെല്ലൊടിച്ചിരിക്കുകയാണ് കേന്ദ്ര സർക്കാർ. കഴിഞ്ഞ കാലമത്രയും കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി ആത്മാർത്ഥമായി വാദിച്ചിരുന്ന ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് കേന്ദ്ര ഗവൺമെൻറിൻെറ തെററായ ഇറക്കുമതി നയത്തിനെതിരായി ഒരൊററ വാക്കുപോലും ഈ ബഡ്ജററിൽ ഉഠംക്കൊള്ളിക്കാൻ കഴിയാതെ പോയത് അദ്ദേഹം ഇന്ന് ശ്രീമതി ഇന്ദിരാഗാന്ധിയുടെ അരുമശിഷ്യനായി മാറിയിരിക്കുന്നു എന്നുള്ളതിൻെറ ഏററവും വലിയ ഉദാഹരണമാണ്.

ബഡ്ജററിൻെറ 5-ാം ഖണ്ഡികയിൽ 'സമാനമായ സാമൂഹ്യചിന്താഗതിയും രാഷ്ട്രീയ സംസ്ക്കാരവുമുള്ള കക്ഷികഠം യോജിച്ചു നിന്നാൽ മാത്രമേ പുരോഗതിയിലേക്കുള്ള പ്രയാണം ത്വരിതപ്പെടുത്താനാവൂ എന്ന ചരിത്രസത്യം വിസ്മരിക്കാൻ വയ്യാ' എന്ന് പറഞ്ഞിരിക്കുന്നു. ഇതിൽ പറഞ്ഞിരിക്കുന്ന രാഷ്ട്രീയ സംസ്ക്കാരം ഏതാണെന്ന് ഞാൻ ചോദിക്കുകയാണ്. കേരള രാഷ്ട്രീയത്തിൽ അടുത്തകാലത്തുണ്ടായിട്ടുള്ള ഏററവും അപഹാസ്യമായ രണ്ട് പ്രയോഗങ്ങളാണ് 'കോൺഗ്രസ് സംസ്ക്കാരവും' 'കേരളാ കോൺഗ്രസ് സംസ്ക്കാരവും'. കോൺഗ്രസ് സംസ്ക്കാരമുള്ള കക്ഷികഠം ഒരുമിച്ച് ചേരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേരളാ കോൺഗ്രസ്സംസ്ക്കാരമുള്ളവർ ഒരുമിച്ചു ചേരണമെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും പറഞ്ഞിരിക്കുന്നു. ഈ ബഡ്ജററിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞിരിക്കുന്ന രാഷ്ട്രീയസംസ്ക്കാരം കേരളാ കോൺഗ്രസിൻെറ സംസ്ക്കാരമാണോ അതോ കോൺഗ്രസിൻെറ സംസ്ക്കാരമാണോയെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് കോൺഗ്രസ്സിന് പ്രത്യേകിച്ച് സംസ്ക്കാരമൊന്നുമുണ്ടെന്ന് എൻെറ പാർട്ടി കരുതുന്നില്ല. ഇന്ന് കോൺഗ്രസ്സിൻെറ സംസ്ക്കാരമായി പലരും തോളിലേററി നടക്കുന്നത് ശ്രീമതി ഇന്ദിരാഗാന്ധിയുടെ കുടുംബാധിപത്യത്തെയും ഏകാധിപത്യത്തെയുമാണ്. ഇതു രണ്ടിൻെറയും സംസ്കമാണ് സർ, ഇന്ന് കോൺഗ്രസ്സിൻെറ സംസ്ക്കാരം. ആ സംസ്ക്കാരം സമ്പന്നൻമാരുടെയും സവർണ്ണമേധാവികളുടെയും ആധിപത്യത്തിനുവേണ്ടി നിലകൊള്ളുന്ന സംസ്ക്കാരമാണ്. ആ സംസ്ക്കാരത്തിൻെറ പുനഃസ്ഥാപനത്തിനുവേണ്ടി ബോധപൂർവ്വം കൊണ്ടുവന്നിട്ടുള്ള നിർദ്ദേശങ്ങളാണ് ഈ ബഡ്ജററിലുടനീളം ഞാൻ കാണുന്നത്. ഈ ബഡ്ജററിലെ 19-ാം ഖണ്ഡികയിൽ മൽസ്യത്തൊഴിലാളികളുടെ പ്രശ്നത്തെപ്പററി പറഞ്ഞിട്ടുണ്ട്. മൽസ്യത്തൊഴിലാളികളുടെ പ്രശ്നത്തിൽ ഈ ഗവൺമെൻറിന് യാതൊരു താൽപ്പര്യവുമില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് ഇവിടെ അധികാരത്തിലിരുന്ന കാലഘട്ടത്തിൽ കൊണ്ടുവന്ന ബഡ്ജററിൽ മൽസ്യത്തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി നിരവധി നിരവധി പരിപാടികളാവിഷ്ക്കരിച്ചത് കേരളത്തിൻെറ ഇങ്ങേയററം മുതൽ അങ്ങേയററംവരെ ഈ ധനകാര്യമന്ത്രി പ്രസംഗിച്ചു നടന്നത് ഞാൻ ഇന്നും ഓർക്കുകയാണ്. എന്നാൽ ഈ ബഡ്ജററിലാകട്ടെ അദ്ദേഹം അവരെ പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. അറുപതു വയസ്സ് തികഞ്ഞ കർഷകത്തൊഴിലാളിക്ക് പെൻഷൻ കൊടുക്കുന്നതുപോലെ അറുപത് വയസ്സ് തികഞ്ഞ പാവപ്പെട്ട മൽസ്യത്തൊഴിലാളിക്കും പെൻഷൻ കൊടുക്കണം. കാററുംകോളും നിറഞ്ഞ കടലിൽ പോയി പകലന്തിയോളം കടലമ്മയോട് മല്ലടിച്ച് ഒരുതുള്ളി കഞ്ഞികുടിക്കാൻ പാടുപെടുന്ന പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് പെൻഷൻ കൊടുത്തുകൊണ്ട് അവരുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ ഗവൺമെൻറ് ശ്രമിക്കണം. ഹരിജനങ്ങളെയും ഗിരിജനങ്ങളെയുംപോലെ കഷ്ടപ്പെടുന്ന ഒരു വിഭാഗമാണ് മൽസ്യത്തൊഴിലാളികൾ. ലക്ഷക്കണക്കിന് മൽസ്യത്തൊഴിലാളികൾ കടൽത്തീരത്ത് താമസിക്കുന്നുണ്ട്. ഓലകൊണ്ടുമറച്ച കൊച്ചുവീടുകളിൽ, ചോർന്നൊലിക്കുന്ന വീടുകളിൽ നാലും അഞ്ചും കുടുംബങ്ങൾ ഒരുമിച്ചു താമസിക്കുന്ന ദയനീയസ്ഥിതിയാണുള്ളത്. കടലമ്മ കനിഞ്ഞാൽ മാത്രമേ അവർക്ക് ഒരു നേരത്തെ വിശപ്പടക്കാൻ സാധിക്കുകയുള്ളു. സർ, ആഴക്കടൽ മൽസ്യബന്ധനത്തിനുപോയി മരിച്ചുപോകുന്ന ആളുകളുടെ ശവം അടക്കാൻ സ്വന്തമായി ഒരിഞ്ചു ഭൂമിപോലും അവർക്കില്ല. ഇങ്ങനെയുള്ള ഇവർക്ക് പെൻഷൻ കൊടുക്കുന്നതിനും വെള്ളവും വെളിച്ചവും എത്തിക്കുന്നതിനുമുള്ള പരിപാടികൾ ധൃതഗതിയിൽ ആവിഷ്ക്കരിക്കണമെന്നഭ്യർത്ഥിക്കുന്നു. ജനദ്രോഹകരമായ പരിപാടികൾ മാത്രം ഉൾക്കൊള്ളുന്ന ഈ ബഡ്ജററിനെ ഞാൻ ശക്തിയുക്തം എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. വി. മുഹമ്മദ്: സർ, അതിരററ ആഹ്ളാദത്തോടും അകം നിറഞ്ഞ ആത്മസംതൃപ്തിയോടുംകൂടി ഞാൻ ഈ ബഡ്ജററിനെ സ്വാഗതം ചെയ്യുന്നു. നമ്മുടെ സംസ്ഥാനത്തെ അതിരൂക്ഷമായ പല പ്രശ്നങ്ങൾക്കും പരിഹാരം കാണുകയും അവശലക്ഷങ്ങൾക്ക് ആശ്വാസപദ്ധതികൾ എത്തിച്ചുകൊടുക്കുകയും ചെയ്ത ഈ ബഡ്ജററിൻെറ ശില്പികളെ കേരളത്തിലെ ജനങ്ങൾ കൈപൊക്കി അനുഗ്രഹിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രൈമറി ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മുതൽ പെൻഷൻപററി ജീവിക്കുന്ന ഉദ്യോഗസ്ഥൻമാർ വരെ ജീവിതത്തിൻെറ എല്ലാ തുറകളിലുമുള്ള ആളുകൾക്ക് സംരക്ഷണത്തിൻെറ തണൽ വാരിവിതച്ച ഒരു ബഡ്ജററാണിത്. ഈ കാലഘട്ടത്തിൽ അവതരിപ്പിക്കാൻ കഴിയുന്നതിൽവച്ച് ഏററവും നല്ല ബഡ്ജററ്! നികുതിയില്ലാത്ത, ഒരുപുതിയ അദ്ധ്യായം സൃഷ്ടിച്ച ഒരു ബഡ്ജററ്! ഈ സംസ്ഥാനത്ത് കഷ്ടതയനുഭവിക്കുന്നവർക്ക് കൈയും



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കണക്കുമില്ലാതെ വാരിക്കോരി കൊടുത്ത ബഡ്ജററ്! ബഹുമാന്യനായ ധനകാര്യമന്ത്രി ഈ ബഡ്ജററ് പ്രസംഗം നടത്തിയപ്പോൾ ഐക്യജനാധിപത്യമുന്നണിക്കുവേണ്ടി അദ്ദേഹത്തെപ്പിടിച്ചൊന്നുമ്മ വയ്ക്കാൻപോലും എനിക്കുതോന്നിപ്പോയി. നിയമസഭയിൽ അങ്ങനെയൊരു കീഴ്വഴക്കം ഇല്ലാത്തതുകൊണ്ട് ഞാൻ അതു ചെയ്തില്ലെന്നേയുള്ളൂ. ഈ ബഡ്ജററ് അവതരിപ്പിച്ചശേഷം ഞാൻ വീട്ടിൽ പോയിരുന്നു. അപ്പോൾ എന്റെ കുട്ടികൾ എന്നോടു പറഞ്ഞതെന്താണെന്നോ? ഞങ്ങളുടെ പ്രിയപ്പെട്ട മാണിയമ്മാവൻ മിഠായിക്കും ബിസ്കററിനുമൊക്കെ വില കുറച്ചിരിക്കുന്നു എന്ന്. എന്തൊരു സന്തോഷമാണ് കുട്ടികൾക്ക്. അപ്പുറത്തിരിക്കുന്നവരുടെ മക്കളും അതു പറഞ്ഞിട്ടുണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അവരുടെ മക്കൾ പറഞ്ഞില്ലെങ്കിൽ രാത്രിയിൽ അവരുടെ ഭാര്യമാരെങ്കിലും ചെവിയിൽ പറഞ്ഞുകാണും നല്ല ബഡ്ജററാണെന്ന്. അത് നിഷേധിച്ചിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഭൂതക്കണ്ണാടി വച്ചു നോക്കിയിട്ട് പറഞ്ഞു ചിലതെല്ലാം നല്ലതുണ്ടെന്ന്. സർ, അദ്ദേഹത്തെ വെറുതെ കുററം പറഞ്ഞിട്ടു കാര്യമില്ല. നല്ലവൻ തൊട്ടാൽ തൊട്ടതെല്ലാം പൊന്നാകും, കെട്ടവൻ തൊട്ടാൽ തൊട്ടതെല്ലാം മണ്ണാകും എന്ന് തമിഴിൽ ഒരു ചൊല്ലുണ്ട്. നല്ലവനായ കരുണാകരൻ വന്നുതൊട്ടപ്പോൾ തൊട്ടതെല്ലാം പൊന്നായി. നായനാർ തൊട്ടതെല്ലാം മണ്ണുമായി. കരുണാകരൻ മുഖ്യമന്ത്രിയായപ്പോൾ കേന്ദ്രവിഹിതങ്ങളെല്ലാം ജററുവിമാനത്തിന്റെ വേഗതയിലല്ലേ വരുന്നത്. നാവികത്താവളംവേറെ വിമാനത്താവളം. വേറെ. ഇതിലൊന്നും നിങ്ങൾ അസൂയപ്പെട്ടിട്ടു കാര്യമല്ല. പുതിയ നികുതികളൊന്നും ചുമത്താതെ ഉള്ളതുതന്നെ ഇളവു ചെയ്തുകൊണ്ട് ഈ രാജ്യത്തെ ആശ്വാസ പദ്ധതികൾക്ക് പണം കണ്ടെത്തിയ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ഈ ബഡ്ജററിനെ ഈ രാജ്യത്തെ കുഞ്ഞുങ്ങളുടെ പേരിലെങ്കിലും നിങ്ങൾക്ക് സ്വാഗതം ചെയ്തുകൂടെ? സർ, ഈ അവസരത്തിൽ എനിക്ക് ഒരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. അതായത് എത്രതന്നെ നല്ല പദ്ധതികൾ ഗവൺമെൻറ് കൊണ്ടുവന്നാലും അതിന്റെ ഗുണഫലങ്ങൾ ലഭിക്കേണ്ട ആളുകൾക്ക് അത് യഥാസമയം എത്തിച്ചേരാത്ത ഒരു അനുഭവമാണ് നമുക്കുള്ളത്. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെ ഊരാക്കുടുക്കിൽപ്പെട്ട് അവയൊക്കെ ഊർദ്ധ്വശ്വാസം വലിച്ചുപോകാതിരിക്കാൻ ശ്രദ്ധിക്കണം. ബ്യൂറോക്രസി നമ്മുടെ നാട്ടിന് ഒരു തീരാശാപമാണ് ചുവപ്പുനാട സമ്പ്രദായം ഇന്നും ഈ സംസ്ഥാനത്തുണ്ട്. ആ ചുവപ്പു നാടയിൽപ്പെട്ട് നമ്മുടെ പദ്ധതികളൊക്കെ അവസാനിച്ചുപോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുകയാണ്. അറച്ചുനിൽക്കാതെ, പതറാത്ത പാദത്തോടും ചിതറാത്ത ചിത്തത്തോടുംകൂടി കരുണാകരന്റെ ഈ സർക്കാർ മുന്നോട്ടു പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത് നായനാരുടെ സർക്കാരൊന്നുമല്ല. കേരളത്തിലെ എല്ലാ തുറയിലുംപെട്ട, എല്ലാസമുദായത്തിലുംപെട്ട ആളുകൾക്ക് പ്രാതിനിധ്യമുള്ള സർക്കാരാണിത്. കേരളത്തിലെ എല്ലാ സമുദായത്തിനും ഈ സർക്കാരിൽ പ്രാതിനിധ്യമുണ്ട്. നായനാർ സമുദായത്തിന് പ്രതിനിധ്യമുള്ള എൻ. ഡി. പി ഉണ്ട്. ഈഴവ സമുദായത്തിനു പ്രാതിനിധ്യമുള്ളഎസ്. ആർ. പി. ഉണ്ട്. മുസ്ലീംലീഗിന്റെ തനതായ പ്രാതിനിധ്യമുണ്ടെന്ന് നമ്പൂതിരിപ്പാടുപോലും സമ്മതിച്ച് മുസ്ലീംലീഗും ഇപ്പുറത്താണ് ഉള്ളത് ക്രിസ്തീയ സമുദായത്തിന് ആഭിമുഖ്യമുള്ള രണ്ടു കേരളാ കോൺഗ്രസും ഈ സർക്കാരിന്റെകൂടെയാണ്. ബഹുജനപിന്തുണയുള്ള കോൺഗ്രസ് എയുംകോൺഗ്രസ് ഐയും ഇവിടെയാണ്. ഇങ്ങനെ, എല്ലാവരുടെയും പിന്തുണയുള്ള ഒരു സർക്കാരാണിത്. ഞാൻ ചോദിക്കട്ടെ, അപ്പുറത്ത് ആരാണുള്ളത്? മാർക്സിസ്ററുപാർട്ടിയൊഴിച്ച് അപ്പുറത്താരാണുള്ളത് ? ഇൻഡ്യൻ വിപ്ലവകാരി എന്നവകാശപ്പെട്ട സി. പി. ഐ. അല്ലേ അപ്പുറത്തുള്ളത് ? ഡാങ്കേ ഇല്ലാത്ത കമ്മ്യൂ

ണിസ്റ്റ് പാർട്ടി. 'കയറുപിരിക്കും തൊഴിലാളിക്കൊരു കഥയുണ്ടുജ്വല സമരകഥ: ബഹുമാനപ്പെട്ട ബേബി ജോണിനറിയാം'. ആ മുദ്രാവാക്യം, ആ മുദ്രാവാക്യത്തിന്റെ നായകൻ ആരാണെന്ന്. തൊഴിലാളി വർഗ്ഗത്തിന്റെ അനിഷേധ്യനേതാവായ ശ്രീകണ്ഠൻ നായർ; അദ്ദേഹത്തിന്റെ ആർ. എസ്. പി. യാണ് ഇപ്പുറമുള്ളത്. ശ്രീകണ്ഠൻ നായർ ഇല്ലാത്ത ആർ. എസ്. പി. യാണ് അപ്പുറത്തുള്ളത്. എ.കെ. ആന്റണിയും കരുണാകരനുമില്ലാത്ത കോൺഗ്രസാണ് അപ്പുറത്തിരിക്കുന്നത്. സി. എച്ച്. മുഹമ്മദുകോയയും ശിഹാബ് തങ്ങളുമില്ലാത്ത ലീഗാണ് അപ്പുറത്തുള്ളത്. പിന്നാരാണുള്ളത്? നമ്പാടൻ മാസ്റ്റർ: കാലുമാററത്തിന്റെ മുഖംമൂടിയണിഞ്ഞ് ഞാൻ പാർട്ടിയുണ്ടാക്കിയിരിക്കുന്നു എന്നു പറഞ്ഞ നമ്പാടൻ മാസ്റ്ററെ നിങ്ങൾ ഉണ്ടാക്കിയത് പാർട്ടിയല്ല, രാഷ്ട്രീയവേശ്യാലയമാണ്. കുഞ്ഞിരാമൻ നായരും ഹംസയുമൊക്കെ ആ വേശ്യാലയത്തിൽ അന്തിയുറങ്ങിക്കോ. നിങ്ങൾ കാശുവാങ്ങിയിരിക്കുന്നു. കോഴ വാങ്ങിയിരിക്കുന്നു, എന്നതിനെപ്പററി പറഞ്ഞപ്പോൾ പത്രക്കാരോടു നമ്പാടൻ മാസ്റ്റർ പറഞ്ഞതെന്താണ്? ഒരു നെയ്റോസ്ററും ചായയും ആണെന്നാണ്. ഒരു നെയ്—റോസ്ററിനുവേണ്ടി ആരുടെകൂടെയെങ്കിലും അന്തിയുറങ്ങാൻ തയ്യാറായ നമ്പാടൻ മാസ്ററുടെ പാർട്ടിയേയും തൂക്കിക്കൊണ്ടു നടക്കുകയാണ് ഈ മാർക്സിസ്ററു പാർട്ടിക്കാർ. അറവുസിലും വച്ചുകെട്ടിയ ആട്ടിൻകുട്ടിയെപ്പോലെ നായനാർ നിങ്ങളെയൊക്കെ നല്ലനാളു നോക്കി അറുക്കും. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജിയുടെ പ്രസംഗം കേട്ടു. ഞാൻ ചിരിച്ചുപോയിസർ. അഖിലേൻഡ്യാ ലീഗ്പോലും. സർ, മുതലക്കുളം മൈതാനം എന്നു കേട്ടിട്ടുണ്ടോ സർ. കോഴിക്കോട്ട് മുതലക്കുളം മൈതാനം എന്ന ഒരു സ്ഥലമുണ്ട്. അവിടെപോകാത്ത ആളുകൾ വിചാരിക്കും അവിടെ മുതലയുണ്ട് എന്ന്. അവിടെ കളവും ഇല്ല:. മുതലയുമില്ല അതുപോലെ അഖിലേഡ്യാ ലീഗ്ആണ്. അഖിലേഡ്യയും ഇല്ല, ലിഗും ഇല്ല. ആരാണ് അഖിലേഡ്യാസെക്രട്ടറി. അഖിലേഡ്യാ ലീഗ് ലീഗാണെങ്കിൽ മിന്നാമിനുങ്ങും പൊന്നാണെന്നാണ് ഞങ്ങളുടെ നാട്ടിലൊക്കെ കുട്ടികൾ വിളിക്കുന്ന മുദ്രാവാക്യം. ലീഗിന്റെ പേരുകൊണ്ട് ലീഗാണെങ്കിൽ ഫുഡ്ബോൾ ലീഗും ല, ഗാ. പിന്നെ പച്ചക്കൊടി ആണ് കൈയിൽ എന്നതുകൊണ്ടാണ് നായനാർക്ക് ലീഗ് ആയത്. റയിൽവേ സ്റേറഷനിലെ സ്റേറഷൻ മാസ്ററുടെ കൈയിലില്ലേ പച്ചക്കൊടി? പച്ചക്കൊടിയുണ്ടെന്നും വിചാരിച്ച് നിങ്ങൾ പിടിച്ച് പിറകുവശത്ത് നിറുത്തുമോ? നമ്മുടെ അഖിലേഡ്യാ ലിഗ് എവിടെയുണ്ട്? അല്പം ചില ആളുകളുടെ ആശ്രയത്തിൽ ജീവിക്കുന്ന ഒരു ജീവി. നായനാരുടെ അടുത്ത് ഇരിക്കുകയാണ്- വർഗ്ഗനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അഖിലേഡ്യാലീഗിനെ പിടിച്ച് ഭക്ഷിച്ചുകളയരുത്: ഒരു അപൂർവ്വ ജീവിയാണ്. വെറുതെ തലമുറയ്ക്ക് കാണാനെങ്കിലും വയ്ക്കണം. മാർക്സിസ്ററ് പാർട്ടിയുടെ തിണ്ണയിൽ ഇരുന്നിട്ട് അവരിടുന്ന എച്ചിലിലകൾ നക്കി നക്കി, ചില കാര്യങ്ങൾ നേടിയെടുക്കുകയല്ലാതെ അഖിലേഡ്യാ ലീഗിന് എന്താണുള്ളത്? എന്നിട്ട് ഇടതുപക്ഷത്തേക്ക് വരണമെന്നു സി. എച്ച്. മുഹമ്മദുകോയയോടൊരുപദേശം. സർ, ഇബ്ലീസ് എന്നൊരാളുണ്ട്. അദ്ദേഹം ഒരിക്കലങ്ങനെ പോകുമ്പോൾ ഒരു ജീർണ്ണിച്ച കെട്ടിടത്തിൽ ഉറങ്ങുകയായിരുന്ന ഒരാളിനെ കണ്ടു. പേമാരിയും കൊടുങ്കാററുംകൊണ്ട് ആ കെട്ടിടം പൊളിഞ്ഞുപോകുമായിരുന്നു. ഇബ്ലീസ് അവിടെപ്പോയി ആ മനുഷ്യനെ വിളിച്ചുണർത്തി പറഞ്ഞു. എടോ എഴുന്നേൽക്കു. ഇപ്പോൾ കെട്ടിടം വീഴും. അയാൾ പുറത്തേക്കിറങ്ങി നോക്കിയപ്പോൾ കെട്ടിടം വീണു. അയാൾ വിചാരിച്ചു നല്ല മനുഷ്യനാണല്ലോ. എന്റെ ജീവൻ രക്ഷിച്ച നിങ്ങളാരാണ് പേര് പറയണം. പേര് തിരക്കിയപ്പോൾ അദ്ദേഹം പറഞ്ഞു "പോടോ എന്റെ പേരൊന്നും അറിയേണ്ട നിന്നെ രക്ഷിക്കാൻവേണ്ടി വിളിച്ചതല്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

കെടിടം വീണു നീ മരിച്ചാൽ നേരെ സ്വർഗ്ഗത്തിലേക്ക് പോകും, നിന്നെ രക്ഷിച്ചത് നരകത്തിലേയ്ക്ക് ആക്കാനാണ്. ഞാനാണ് ഇബ്‌ലീസ്. അതുകൊണ്ട് നീ പൊയ്ക്കോ.'' ഇതുപോലുള്ള ഇബ്‌ലീസിന്റെ ഉപദേശമാണ്. ഇടതുപക്ഷം വേണം എന്ന അബൂബേക്കർ സാഹിബ്ബിന്റെ ഉപദേശം. സെയിൽസിംഗ് ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട ആളല്ലേ, പിന്നെ എന്തിന് രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നു. ഈ രാജ്യത്ത് ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട എത്ര ആളുകൾ പ്രസിഡന്റ്മാരായി? നൂനപക്ഷ സമുദായത്തിൽപ്പെട്ട സെയിൽസിംഗ് നിന്നാലെങ്കിലും വോട്ട് ചെയ്തുകൂടെ ഞങ്ങളുടെ വോട്ട് അദ്ദേഹത്തിനിരിക്കട്ടെ എന്നു പറയാതെ പാറപോലെ അബൂബേക്കർ സാഹിബ് ഇരിക്കുകയല്ലേ. ഞാനൊന്നു ചോദിക്കട്ടെ. ഇൻഡ്യാ രാജ്യത്തിന്റെ ഭരണം ഇന്ദിരാ ഗാന്ധിയുടെ കൈയിൽ നിന്ന് എടുത്ത് അൽബിഹാരി വാജ്പൈയുടെ കയ്യിൽ കൊടുക്കണമെന്നാണോ ബഹുമാനപ്പെട്ട അബൂബക്കർ സാഹിബ് പറയുന്നത്. നിങ്ങളുടെ ഇടതുപക്ഷ പോക്ക് എവിടേയ്ക്കാണ്. അവസാനം ഇടതുപക്ഷം വരുന്നത് ബി. ജെ. പി. യുടെ പാളയത്തിലേയ്ക്കാണ്, ഇൻഡ്യാ രാജ്യത്ത് ഏതുപ്രദേശം എടുത്ത് നോക്കിയാലും ബി. ജെ. പി. യുടെ പാളയം ഉണ്ട്. ഖന്ന ആരാണ്? ആ, രാഘവാ ഒരു കയ്യിൽ നിങ്ങൾകൂടി പിടിച്ചല്ലോ, മറ്റൊരു കയ്യിൽ ബി. ജെ. പി. പിടിച്ചിരിക്കുന്നു.

സർ, അപ്പുറത്ത് കോടിയേരി ബാലകൃഷ്ണൻ ഇന്നലെ, എന്റെ നേതാവ് ശ്രീ. സി. എച്ച്. മുഹമ്മദ്കോയ ചികിൽസാർത്ഥം ലണ്ടനിൽ പോകുന്നത് സംബന്ധിച്ച് ചില പരാമർശങ്ങൾ ഇവിടെ നടത്തി. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പുതിയ മെമ്പറായതുകൊണ്ടായിരിക്കാം. യഥാർത്ഥത്തിൽ ഇവിടെ അങ്ങനെയുള്ള ഒരുപാടു ചരിത്രം ഇല്ലേ? നമ്പൂതിരിപ്പാട് കേരളത്തിൽ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ചികിൽസാർത്ഥം ജർമ്മനിയിലേയ്ക്ക് പോയിരുന്നത് സർക്കാർ ചെലവിലല്ലേ? അച്യുതമേനോൻ കേരളത്തിൽ മുഖ്യമന്ത്രിയായിരുന്നപ്പോൾ രണ്ടുതവണ ചികിൽസയ്ക്കുവേണ്ടി സർക്കാർ ചെലവിൽ പോയില്ലേ? പരേതനായ ശ്രീ. ഇ. ജോൺ ജേക്കബിനെ അയച്ചത് സർക്കാർ ചെലവിലല്ലേ ? മി. ബാലകൃഷ്ണൻ, മന്ത്രിമാർക്ക് മാത്രമല്ല എം. എൽ. എ. മാർക്കും ചില സൗകര്യങ്ങളൊക്കെയുണ്ട്. നമ്മുടെ മെഡിക്കൽ എയിഡ് മുഴുവനും സർക്കാരാണ് കൊടുക്കുന്നത്. കോടിയേരി ബാലകൃഷ്ണനും, അദ്ദേഹത്തിന്റെ കുടുംബത്തിനൊക്കെയും മരുന്നിന്റെ ബില്ല് കൊടുത്താൽ കാശുകിട്ടും. അങ്ങനെയൊക്കെയുള്ള കാര്യങ്ങൾ ശ്രീ. ഇ. കെ. നായനാർക്ക് പറഞ്ഞുകൊടുത്തുകൂടേ? വെറുതെ എന്തെങ്കിലും കൈ പ്രസംഗിപ്പിച്ചത് എന്തിനാണ് ? അതുകൊണ്ട് ഇത്തരം പരാമർശങ്ങൾ ബാലിശമാണെന്ന് പറയാൻ വേണ്ടിയാണ് ഞാൻ ഇത് പറഞ്ഞത്.

ഒന്നു രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ കൂടി പറയാനുണ്ട്. ബഡ്ജററ് പ്രസംഗത്തിൽ പിന്നോക്കസമുദായ സംവരണത്തിന്റെ ചാട്ടുളി എറിഞ്ഞ് മുറിവേൽപ്പിക്കുവാൻ അപ്പുറത്തുനിന്നു ഒരുപാട് ശ്രമിച്ചിട്ടുണ്ട്. എസ്. ആർ. പി. യുള്ള മുന്നണിയാണ് എൻ. ഡി. പി. യുള്ള മുന്നണിയാണ് അതുകൊണ്ട് സംവരണത്തിന്റെ കാര്യത്തിൽ പുറകോട്ടു പോകുമെന്നാണ് ധാരണ. പക്ഷേ എസ്. ആർ. പി. യും, എൻ. ഡി. പി. യും ഉണ്ടായിട്ടുപോലും അവരെ കൈകോർത്ത് പിടിച്ചുകൊണ്ട് പിന്നോക്ക സമുദായത്തിന്റെ സംവരണത്തിൽ യാതൊരു മാററവും വരുത്താതെ തുടരുമെന്ന് ഘോരം ഘോരം ഞങ്ങളുടെ മുഖ്യമന്ത്രി പ്രഖ്യാപിച്ചപ്പോൾ നായനാരുടെ കണ്ണിലൂടെ പൊന്നീച്ച പറക്കുന്നതാണ് സർ ഞാൻ കണ്ടത്. എസ്. ആർ. പി. യില്ലാതെ എൻ. ഡി. പി. യില്ലാതെ കഴിഞ്ഞ തെരഞ്ഞെടുപ്പിനു ശേഷവും അതിനുമുമ്പും പിന്നോക്കസമുദായങ്ങളുടെ സംവരണ വ്യവസ്ഥ പുനപരിശോധിക്കുമെന്നല്ലാതെ തുടരുമെന്ന് ഒരു വാക്കുപോലും നായനാർ മുഖ്യമന്ത്രി ആയിരുന്നപ്പോഴും അല്ലാതെയും പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്കു അഭ്യർത്ഥിക്കാനുള്ളത് ഈ നിയമസഭാ സമ്മേളനം കഴിയുന്നതിനു മുമ്പു തന്നെ പിന്നോക്കസമുദായ കമ്മിഷനെ നിയമിക്കണമെന്നാണ്.

ഇവിടത്തെ പൊതു മേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ഹരിജനങ്ങൾക്ക് സംവരണം അനുവദിച്ചേ തീരൂ, ആ ആനുകൂല്യം പൂർവ്വകാലാടിസ്ഥാനത്തിൽ നൽകണമെന്നു പറയുകയുണ്ടായി. ഞാനതിനെ സ്വാഗതം ചെയ്യുകയാണ്. കേരളത്തിലെ പൊതുമേഖലാ വ്യവസായം എടുത്തു പരിശോധിച്ചാൽ മുസ്ലീം സമുദായത്തിനും സംവരണം നീക്കിവച്ചിട്ടുണ്ടെങ്കിലും അതു പാലിക്കപ്പെടുന്നില്ലാ എന്നുള്ളതാണ് സത്യം. അതുകൊണ്ട് കേരളത്തിന്റെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ഈ രാജ്യത്തെ പിന്നോക്ക സമുദായങ്ങൾക്കും സംവരണം ഉറപ്പു നൽകുമെന്ന് പ്രഖ്യാപിക്കുകയല്ല അത് പ്രാവർത്തികമാക്കണമെന്ന് അപേക്ഷിക്കുകയാണ്. പ്രഗൽഭനായ കേരളത്തിലെ വ്യവസായമന്ത്രി ഈ രാജ്യത്തെ പിന്നോക്കസമുദായങ്ങളുടെ ഭാവി രൂപപ്പെടുത്താൻ ധീരമായ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ നിയമനം നിർത്തിവച്ചിരിക്കുകയാണ്. ആ ധീരമായ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക സമുദായങ്ങൾക്ക് അർഹിക്കുന്ന സംവരണം ഇനിയെങ്കിലും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ സമുദായത്തിന്റെ മുഖച്ഛായ മാററുന്ന ഈ ബഡ്ജററ് അവതരിപ്പിച്ച ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കും ഈ സർക്കാരിനും ദുരിതങ്ങൾ അനുഭവിക്കുന്ന അവശലക്ഷങ്ങൾക്കുവേണ്ടി അഭിനന്ദനത്തിന്റെ പൂച്ചെണ്ടു സമർപ്പിക്കുന്നു. ഈ ബഡ്ജററിനെ സ്വാഗതം ചെയ്യുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോസ് കുററിയാനി]

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, 1982-83-ലേക്കുള്ള പുതുക്കിയ ബഡ്ജററിനെ ഞാൻ എതിർക്കുകയാണ്. ഈ ബഡ്ജററ് വായിച്ചുനോക്കാതെയാണ് പ്രതിപക്ഷത്തിരിക്കുന്നവർ ഇത്രയും ദിവസം വിമർശനം നടത്തിയതെന്നാണ് ഭരണകക്ഷിക്കാർ ആക്ഷേപിച്ചത്. അതുകൊണ്ടുതന്നെ ഞാൻ ഒരിക്കൽകൂടി ബഡ്ജററ് വായിച്ചുനോക്കാൻ ശ്രമിച്ചുനോക്കി. അങ്ങനെ വായിച്ചു നോക്കിയിട്ട് വായിച്ചു നോക്കാതെതന്നെ ഈ ബഡ്ജററ് എതിർക്കപ്പെടേണ്ട ഒരു ബഡ്ജററാണെന്ന് ബോദ്ധ്യമാവുകയും ചെയ്തു. "ഈ ബഡ്ജററ് വാചാലതയിൽ പൊതിഞ്ഞ ഒരു ക്രൂരതയാണ് കേരളത്തിലെ ജനങ്ങളോട് കാണിച്ചത്". അങ്ങനെ പറഞ്ഞത് ഞാനല്ല. കഴിഞ്ഞ രണ്ടു ദിവസമായി ഈ നിയമസഭയിൽ ഭരണകക്ഷി അംഗങ്ങൾ തന്നെയാണ് അങ്ങനെ ആക്ഷേപിച്ചത്. ഇതിന്റെ ആമുഖത്തിൽ കേരളത്തിലെ പ്രശ്നങ്ങളെപ്പററി പറയുന്നുണ്ട്. വർദ്ധിച്ച ജനസാന്ദ്രത, അപര്യാപ്തമായ ഭക്ഷ്യോൽപ്പാദനം, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, വ്യവസായികമായ പിന്നോക്കാവസ്ഥ. ഈ വിഷയങ്ങളെപ്പററി ഭരണകക്ഷി അംഗങ്ങൾ സംസാരിച്ചപ്പോൾ അവർ ഓരോരുത്തരും ചൂണ്ടിക്കാണിച്ചത് ഈ മേഖലകളെയെല്ലാം ധനകാര്യമന്ത്രി അവഗണിച്ചു എന്നാണ്. കാർഷിക മേഖലയെപ്പററി കടുത്ത വിമർശനം ഈ സഭയിൽ നടന്നു. ഈ നിയമസഭയുടെ നടപടിക്രമം പരിശോധിച്ചു നോക്കിയാൽ നിങ്ങൾക്ക് അത് മനസ്സിലാക്കാൻ കഴിയും. എന്റെ ബഹുമാന്യനായ സുഹൃത്തു ശ്രീ. കെ. സി. ജോസഫ് പറഞ്ഞത് കാർഷിക കമ്മിഷൻ എന്നുള്ള നിർദ്ദേശം കേരളത്തിന്റെ സാഹചര്യത്തിന് അപ്രായോഗികം ആണെന്നാണ്, അത് മുന്നണിയോടുള്ള വിരോധം കൊണ്ട് പറഞ്ഞതാകുമോ ? ഈ ബഡ്ജററിലെ കാർഷികമേഖലയെ സ്പർശിച്ചുകൊണ്ട് സംസാരിച്ചപ്പോൾ തികച്ചും അപ്രായോഗികമായ, അപര്യാപ്തമായ നിർദ്ദേശങ്ങൾ ആണ് വച്ചിട്ടുള്ളതെന്ന് ഭരണകക്ഷിക്കാർക്ക് തോന്നിയതുകൊണ്ടാണോ അവർ അങ്ങനെ പറഞ്ഞത്? അതിനെക്കുറിച്ച് നിങ്ങളാണ് ആലോചിക്കേണ്ടത്. കാർഷികമേഖലയുമായി ബന്ധപ്പെട്ടു പറയുമ്പോൾ കേരള

ത്തിലെ നാണ്യവിളകളെക്കുറിച്ചും നാളികേര കർഷകരെക്കുറിച്ചും പറയണം. നാളികേര കൃഷിക്കാരെ അവഗണിക്കുന്നു, അതിനെല്ലാം വിലകിട്ടാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു. ഈ മേഖലയെ ഈ സർക്കാർ അവഗണിക്കുന്നു, ധനകാര്യമന്ത്രി ഈ മേഖലയെ അവഗണിച്ചു എന്ന് ആക്ഷേപിച്ചത് ശ്രീ. കെ. കെ. ശ്രീനിവാസനാണ്. ശ്രീ. കെ. കെ. ശ്രീനിവാസൻ ഭരണകക്ഷിയോടുള്ള നിഷേധം കൊണ്ടാണോ അങ്ങനെ പറഞ്ഞത്? ആ മേഖലയിലുള്ളവരോട് നീതികാണിക്കണം. നീതി കാണിക്കാത്ത സർക്കാരാണ് ഇതെന്ന് ബോദ്ധ്യമായതുകൊണ്ടാണ് ഇതിനെ എതിർക്കുന്നത്. അങ്ങനെയുള്ള ബഡ്ജററിനെ പ്രതിപക്ഷം പിന്താങ്ങണമെന്നോണോ ശ്രീ. കെ. എം. മാണി ഉൾപ്പെടെയുള്ള ഭരണകക്ഷിയിലുള്ളവർ ആഗ്രഹിക്കുന്നത്. അങ്ങനെയാണെങ്കിൽ അതിനെ പിന്താങ്ങാൻ സാദ്ധ്യമല്ല.

വ്യാവസായിക മേഖലയെപ്പററിയും വാചാലമായ കസർത്ത് തന്നെയാണ് ഇവിടെ നടത്തിയിട്ടുള്ളത്. സുന്ദരമായ ഭാവനകൾ അദ്ദേഹം ഇവിടെ വച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളെപ്പററി പറയുമ്പോൾ ഒരുകോടി രൂപ മുതൽമുടക്കുള്ള ഒരു വ്യവസായ സംരംഭം ഓരോ താലൂക്കിലും ആരംഭിക്കുമെന്നാണ്. ഇത് വളരെയധികം ആകർഷകമായ മുദ്രാവാക്യമാണ്. ഞാനും വലിയൊരു സ്വപ്നം കാണാറുണ്ട്. ശ്രീ. കെ. എം. മാണി എനിക്ക് 1 കോടി രൂപ തരുകയാണെങ്കിൽ അല്ലെങ്കിൽ ഹരിയാന ലോട്ടറി ടിക്കററ് എനിക്കു കിട്ടി. 10 ലക്ഷം രൂപ കിട്ടുകയാണെങ്കിൽ, അങ്ങനെ ഞാൻ ഏററവും വലിയ പണക്കാരനാവുകയാണെങ്കിൽ എനിക്ക് എന്തെന്ത് കാര്യങ്ങൾ ചെയ്യാൻ കഴിയും. അതുപോലെ ധനകാര്യമന്ത്രിയും സ്വപ്നം കാണുകയാണ്. ഇവിടെ ഗവൺമെൻറും ധനകാര്യ സ്ഥാപനങ്ങളും സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യുന്നതായാൽ—പ്രകടിപ്പിക്കുമെന്നുപോലും പറഞ്ഞിട്ടില്ല—എന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെ വാചാലമായ കസർത്ത് നടത്തി രക്ഷപ്പെടാനാണ് ധനകാര്യമന്ത്രി ശ്രമിച്ചിട്ടുള്ളത്.

തൊഴിലില്ലായ്മാ വേതനത്തെപ്പററി എൻെറ ചില സ്നേഹിതൻമാർ സംസാരിക്കുന്നതു കേട്ടു. കഴിഞ്ഞ ഗവർമ്മെൻറിൻെറ കാലത്ത് ഇവിടെ ഇതിനെപ്പററി നടന്ന ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് യുവസംഘടനകൾ പറഞ്ഞത് കൂടുതൽ കൂടുതൽ നൂലാമാലകൾ സൃഷ്ടിച്ചുകൊണ്ട് ചെറുപ്പക്കാർ ഈ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന നടപടികൾ ഉണ്ടാകാൻ പാടില്ലെന്നാണ്. അന്ന് അങ്ങനെ വാദിച്ച ആളുകളാണ് അവിടെ ഇരിക്കുന്നത്. കഴിഞ്ഞ വർഷം രണ്ടരലക്ഷത്തോളം ചെറുപ്പക്കാർക്ക് തൊഴിലില്ലായ്മ വേതനം ലഭിച്ചു. ഈ ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടാണ് തൊഴിലില്ലായ്മാ വേതനം കൊടുക്കുന്നതെങ്കിൽ ഈ പരിപാടിയിലൂടെ ഈ വർഷം എത്രപേർക്ക് തൊഴിലില്ലായ്മാ വേതനം കിട്ടുമെന്നുള്ള കാര്യം കണ്ടറിയേണ്ടിയിരിക്കുന്നു. തൊഴിലില്ലായ്മാവേതനം കിട്ടുന്ന ചെറുപ്പക്കാരുടെ എണ്ണം കുറയ്ക്കുകയാണ് ഈ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ പേരിൽ സമരം നടത്തി വിപ്ലവവീര്യം ഉണ്ടാക്കി അതിൻെറ പേരിൽ വളർന്നുവന്ന നേതാക്കൻമാരാണ് അവിടെ ഇരിക്കുന്നത്. അങ്ങനെയുള്ള ഈ ബഡ്ജററിനെ പിന്താങ്ങാൻ തൊഴിലില്ലാത്ത ആളുകളോടു താൽപ്പര്യമുള്ള എതെങ്കിലും പാർട്ടിക്കോ ഏതെങ്കിലും മുന്നണിക്കോ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുവെങ്കിൽ ആ പ്രതീക്ഷ അസ്ഥാനത്താണെന്നാണ് എനിക്കു പറയാനുള്ളത്.

കയർ മേഖലയുടേയും കശുവണ്ടിമേഖലയുടേയും പുനരുദ്ധാരണത്തിനു വേണ്ടി ഓരോ കോടി രൂപ വീതം കഴിഞ്ഞ വർഷം നീക്കിവയ്ക്കുകയുണ്ടായി. ഈ വർഷം അത് തുടർന്ന് നൽകാതെ മാററിവച്ചത് എന്തുകൊണ്ടാണ്? അതിന് അവരെ പ്രേരിപ്പിച്ചത് ഇപ്പോൾ അവർ നിൽക്കുന്ന മുന്നണിയുടെ

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗസ്വഭാവം അനുസരിച്ചാണോയെന്നുള്ളകാര്യം അവർ വ്യക്തമാക്കേണ്ട താണ്. ഇങ്ങനെ എല്ലാ മേഖലയേയും അവഗണിച്ചിരിക്കുകയാണെന്ന് കാണാൻ കഴിയും. ഓരോ പ്രശ്നത്തിനും പരിഹാരം കാണാൻ കാര്യമാത്രപ്രസക്തമായ നിർദ്ദേശങ്ങളൊന്നും വയ്ക്കാതെയുള്ള ബഡ്ജററാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ഗവൺമെൻറ് ജനകീയ പ്രശ്നങ്ങളോടു മുഖം തിരിഞ്ഞു നിൽക്കുന്ന ഒരുഗവൺമെൻറാണ്. ജനകീയപ്രശ്നങ്ങളോട് നിഷേധാത്മകമായ നയം സ്വീകരിക്കുന്ന ബഡ്ജററിനോട്, അല്ലെങ്കിൽ ഗവൺമെൻറിനോട്, ക്രിയാത്മകമായ സമീപനം സ്വീകരിക്കണമെന്ന് ഭരണപക്ഷം പറഞ്ഞാൽ അതിന് പ്രതിപക്ഷത്തിന് സാദ്ധ്യമല്ലെന്നുള്ള കാര്യം ചൂണ്ടിക്കാണിക്കാൻകൂടി ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാത്ത, ജനങ്ങളെ വഞ്ചിച്ച, വാചാലതയിൽ പൊതിഞ്ഞ വിഷലിപ്തമായ പ്രയോഗങ്ങളെന്ന് ഭരണകക്ഷിക്കാർതന്നെ ഈ ബഡ്ജററിനെ ആക്ഷേപിച്ചിരിക്കുകയാണ്. ആ ആക്ഷേപങ്ങൾ പരിഗണിച്ചുകൊണ്ട് ഈ നാട്ടിന് നൻമ ചെയ്യാൻ കഴിയുമാറാകട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഈ ബഡ്ജററിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. എൻ. സുന്ദരൻ നാടാർ: —സർ, ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിനുവേണ്ടി 1982-83-ലേക്ക് ശ്രീ. കെ. എം. മാണി അവതരിപ്പിച്ച പുതുക്കിയ ബഡ്ജററിനെ ഞാൻ അനുമോദിക്കുന്നു. കേരളത്തിൻെറ കുഴഞ്ഞു മറിഞ്ഞ സമ്പദ്ഘടന കണക്കിലെടുത്തുകൊണ്ട് വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന ജനവിഭാഗങ്ങൾക്കു സംരക്ഷണം നൽകത്തക്കവിധത്തിൽ ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള പലപരിപാടികളും ഈ ബഡ്ജററിൽ ഉണ്ടെന്നു പറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സമ്പദ്ഘടനയെന്നു പറയുമ്പോൾ വർദ്ധിച്ചുവരുന്ന ജനസാന്ദ്രത, അപര്യാപ്തമായ ഭക്ഷണ ദൗർലഭ്യം, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, വ്യവസായ തകർച്ച തുടങ്ങിയ വിവിധ കാര്യങ്ങളെ സ്പർശിച്ചുകൊണ്ട് അവയ്ക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിലുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. സമ്പദ്ഘടനയുടെ അടിസ്ഥാനഘടകമായ കാർഷികരംഗം പാടെ സംരക്ഷിക്കത്തക്കവിധത്തിലുള്ള പരിപാടികൾ ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ട്. ചിലത് ഊന്നി പറയാൻ കാരണം കാർഷികരംഗത്തെ സംബന്ധിച്ചിടത്തോളം അപ്പുറത്തിരിക്കുന്ന നേതാക്കൻമാർ പണ്ട് മന്ത്രിമാരായിരുന്ന കാലത്ത് കൈകാര്യം ചെയ്തിരുന്നത് എങ്ങനെയായിരുന്നു എന്നുള്ളതു നമുക്കറിയാം. T&V (ട്രെയിനിംഗ് &വിസിററ്) പ്രോഗ്രാം, കൊക്കോ കൃഷി വികസനം, നെൽകൃഷി വികസനം തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കുമ്പോൾ ഒന്നുരണ്ടുകാര്യങ്ങൾ ഊന്നി പറയാതിരിക്കാൻ നിവർത്തിയില്ല. T & V പ്രോഗ്രാം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമെന്ന് ഊന്നി പറഞ്ഞിട്ടുണ്ട് കഴിഞ്ഞ 21 മാസക്കാലത്തെ ഗവൺമെൻറിൻെറ ഭരണകാലത്ത് കരുത്തുററ കൃഷിമന്ത്രിയുടെ ഭരണപരിഷ്ക്കാരമായിരുന്നു ററി ആൻറ് വി പ്രോഗ്രാം. അന്ന് ഞാൻ അവരോട് സ്നേഹബുദ്ധ്യാ 208 ഐ.പി.ഡി. യൂണിററ് ഓഫീസുകളുടെ സ്ഥാനത്ത് 32 യൂണിററ് ഓഫീസുകൾ ആയി തരം തിരിച്ച് പാവപ്പെട്ട കർഷകരെ ആകമാനം തകർക്കുന്ന സംവിധാനംആണ് വേൾഡ് ബാങ്കിൻെറ സഹായത്തോടുകൂടി ചെയ്യുന്നതെന്ന് പറഞ്ഞപ്പോൾ അതിനെ അവഗണിക്കുകയാണ് ചെയ്തത്. എൻെറ സുഹൃത്ത് ശ്രീ. സിറിയക്ക് ജോൺ കൃഷിമന്ത്രിയായിരിക്കുന്ന ഈ സന്ദർഭത്തിൽ മുമ്പുണ്ടായിരുന്ന ഐ. പി. ഡി. യൂണിററുകൾ സംരക്ഷിച്ചുകൊണ്ടുതന്നെ ഈ പദ്ധതി നടപ്പിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാലിത്തീററയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ പരിപാടിയുണ്ട്. ക്ഷീര സംരക്ഷണത്തിനുവേണ്ടി 19.36 കോടി രൂപ ചെലവാക്കുന്നത് സ്വാഗതാർഹമാണ്. മൃഗസംരക്ഷണം കാലിത്തീററ വികസനം തുടങ്ങിയകാര്യങ്ങളും ഊന്നി പറഞ്ഞിട്ടുണ്ട്. തിരുവനന്തപുരം ജില്ലയെ

LIBRARY ARCHIVES Kerala Legislative Assembly

ആ കാര്യത്തിൽ അവഗണിച്ചിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ കലീത്തീററ വ്യവസായശാല ആരംഭിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

വ്യവസായ രംഗത്ത് അസൂയാർഹമായ പുരോഗതി ഉണ്ടാക്കുമെന്ന് വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്തും വ്യവസായ വികസനത്തിന് കാര്യമായ പരിപാടികൾ ഉണ്ടായിരുന്നുവെങ്കിലും അതെല്ലാം ചെയ്യാൻ കഴിയാതിരുന്നതിന് പ്രധാനമായ കാരണം ചുവപ്പു നാടയുടെ ശല്യവും ഉദ്യോഗസ്ഥ വൃന്ദങ്ങളെ ജനക്ഷേമപരിപാടികളുമായി യോജിപ്പിച്ച് കൊണ്ടുപോകാൻ കഴിയാതിരുന്നതും ആണ്. ഐക്യജനാധിപത്യ മുന്നണിരൂപം കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ വ്യവസായ സംരംഭങ്ങൾ അസൂയാർഹമായി പുരോഗമിപ്പിക്കുന്നതിനുവേണ്ടി ഇതിൽ പങ്കെടുത്തിട്ടുള്ള ഉദ്യോഗസ്ഥൻമാരെയെല്ലാം തന്നെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്കു വേണ്ടി താൽപ്പര്യമെടുക്കുവാൻ പ്രോൽസാഹനം നൽകണമെന്നു പറയുകയാണ്.

താലൂക്കടിസ്ഥാനത്തിൽ ഒരുകോടിരൂപ ചെലവഴിച്ച് വ്യവസായശാലകൾ ആരംഭിക്കുന്നു എന്നു പറയുന്നത് സ്വാഗതാർഹമാണ്. എന്നാൽ അത് മിനി വ്യവസായശാലകളെപ്പോലെ ആകരുതെന്ന് അഭ്യർത്ഥന ഉണ്ട്. നെയ്യാററിൻകര താലൂക്കിലെ പാറശാലയിൽ അവിടെ അസംസ്കൃത സാധനങ്ങൾ ധാരാളം ഉള്ളതുകൊണ്ട് അവിടെ ഒരു വ്യവസായശാല ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അവഗണിക്കപ്പെട്ടുകിടക്കുന്ന ഇടുക്കി ജില്ലയിലും വയനാട് ജില്ലയിലും സാങ്കേതികവിദ്യാഭ്യാസസൗകര്യത്തിനുവേണ്ടിപോളീടെക്ക്നിക്കുകളും ജൂനിയർ ടെക്ക്നിക്കൽ സ്കൂളുകളും ആരംഭിക്കുമെന്നുപറയുന്നത് സ്വാഗതാർഹമാണ്. അതോടൊപ്പംതന്നെ തിരുവനന്തപുരം ജില്ലയെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഈ ജില്ലയിലെ വിദ്യാർത്ഥികൾ സാങ്കേതിക വിദ്യാഭ്യാസം ലഭിക്കാൻ വേണ്ടി പരക്കം പായുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുളത്തൂരിൽ 1957-ൽ പൊന്നുംവിലയ്ക്കെടുത്ത 15 ഏക്കർ സ്ഥലം ഇന്ന് വെറുതെ കിടക്കുകയാണ്. കാർഷിക സ്കൂൾ സ്ഥാപിക്കാൻവേണ്ടി എടുത്തതാണ്. അത് വേണ്ടെന്നു വച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ അവിടെ പോളിടെക്ക്നിക്കും ജൂനിയർ ടെക്ക്നിക്കൽ സ്കൂളും സ്ഥാപിക്കണമെന്ന് പഞ്ചായത്തും അവിടത്തെ പ്രബുദ്ധരായ ജനങ്ങളും സമ്മർദ്ദം ചെലുത്തുന്നുണ്ട്. മുമ്പും അങ്ങനെ നിവേദനം നടത്തിയിട്ടുണ്ട്. ആ സ്ഥലത്ത് പോളീടെക്ക്നിക്കും ജൂനിയർ ടെക്ക്നിക്കൽ സ്കൂളും സ്ഥാപിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

പെൻഷൻകാരുടെ ദയനീയാവസ്ഥയ്ക്ക് പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ടെന്നുള്ളത് സ്വാഗതാർഹമാണ്. ഹരിജനങ്ങളുടെയും ഗിരിജനങ്ങളുടെയും പുരോഗതിക്കുവേണ്ടിയുള്ള പല പരിപാടികളും ഈ ഗവൺമെൻറ് ആസൂത്രണം ചെയ്തിട്ടുണ്ട്.ഈവകുപ്പ്മുഖ്യമന്ത്രികൈകാര്യംചെയ്യുന്ന വകുപ്പാണ്.

പാവപ്പെട്ട ഹരിജനങ്ങൾ ഭാഗ്യവശാലോ നിർഭാഗ്യവശാലോ കൃസ്ത്യാനികളായിപ്പോയാൽ അവർക്ക് പല ആനുകൂല്യങ്ങളും വിലക്കപ്പെടുകയാണ്. അത് ദൂരീകരിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ട് അവർക്ക് ഈ ആനുകൂല്യങ്ങൾ കിട്ടാനുള്ള ഏർപ്പാടുകൾ ഉണ്ടാകണം. ഈ ബഡ്ജററിനെ ഒരിക്കൽക്കൂടി ആത്മാർത്ഥമായി പിൻതാങ്ങികൊണ്ട് എന്റെ വാക്കുകൾഅവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. തോമസ്</u> (തിരുവല്ല):—സർ, പരിജയസമ്പന്നനായ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ഞാൻ അനുകൂലിക്കുകയാണ്. അതോടൊപ്പം അദ്ദേഹത്തെ അനുമോദിക്കുകകൂടി ചെയ്യുന്നു. കഴിഞ്ഞവർഷവും അദ്ദേഹം ഇതുപോലുള്ള ഒരു ബഡ്ജററ്

ഇവിടെ അവതരിപ്പിച്ചിരുന്നു. അന്ന് പ്രതിപക്ഷത്തിരുന്ന അംഗങ്ങൾ അത് കേൾക്കുകയും ചെയ്തു. അന്ന് ഞാൻ പ്രതിപക്ഷത്തായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി അന്നത്തെ പരിചയം വച്ചുകൊണ്ട് ന്യൂനതകൾ പരിഹരിച്ചുകൊണ്ട് കൂടുതൽ കാര്യങ്ങൾ ചേർത്തുകൊണ്ട് അവതരിപ്പിച്ചിട്ടുള്ള ഒരു ബഡ്ജററാണിത്. ഈ ബഡ്ജററ് ശരിയാംവണ്ണം നടപ്പിലാക്കണമെന്നുണ്ടെങ്കിൽ കേന്ദ്ര ഗവൺമെൻറിന്റെ സഹായവും പ്രതിപക്ഷത്തിന്റെ സഹായവും മററു ജനവിഭാഗങ്ങളുടെ സഹായവും ആവശ്യമാണ്. അതുകൊണ്ട് പ്രതിപക്ഷത്തിരിക്കുന്നവർ ആത്മാർത്ഥമായി സഹകരിച്ചാൽ ഇതിലെ പല കാര്യങ്ങളും പ്രാവർത്തികമാക്കുന്നതിന് സാധിക്കും.

എന്റെ നിയോജകമണ്ഡലം വ്യാവസായിരംഗത്തും കാർഷികരംഗത്തും വളരെ പിന്നോക്കമാണ്. ആശുപത്രിയുടെ കാര്യത്തിലും ശുദ്ധജലംകിട്ടുന്ന കാര്യത്തിലും എന്റെ മണ്ഡലം അവഗണിക്കപ്പെട്ടിരിക്കുകയാണ്. തിരുവല്ലായിൽ ആരംഭിക്കാനിരുന്ന ട്രാക്കോകേബിൾ കമ്പനി തിരുവല്ലയിൽ നിന്നും ചേർത്തലയിലേയ്ക്ക് കൊണ്ടുപോകാനുള്ള ശ്രമം നടക്കുകയാണ്. പക്ഷേ അതു ഇതുവരെ നടപ്പിലായി കണ്ടില്ല. അത് താമസംവിനാ തിരുവല്ലായിൽ സ്ഥാപിക്കുമെന്ന് വിശ്വസിക്കുകയാണ്.

തിരുവല്ലയിൽ ഒരു ഗവൺമെൻറ് ആശുപത്രി ഉണ്ട്. അതിനെക്കുറിച്ച് ഞാൻ കൂടുതലൊന്നും ഇവിടെ വിവരിക്കുന്നില്ല. സാംസ്ക്കാരികമായും മറെറല്ലാവിധത്തിലും മുമ്പോട്ട് നിൽക്കുന്ന തിരുവല്ലയെ പത്തുപതിനെട്ട് കൊല്ലങ്ങളായിട്ട് അവഗണിക്കുകയാണ്. അതുപോലെതന്നെ അവിടെയുള്ള റോഡുകളുടെ കാര്യത്തെക്കുറിച്ച് പറയുകയാണെങ്കിലും രണ്ടുമൂന്നു റോഡുകൾ നാഷണൽ ഹൈവേയായി എടുക്കുമെന്നറിയുന്നു. റോഡുകളുടെയെല്ലാം നില വളരെ ശോചനീയമാണ്. അതുപോലെതന്നെ എൻ. എച്ചിൽപ്പെട്ട P.W.D. റോഡുകൾപോലും ഇന്നുവളരെ ശോചനീയാവസ്ഥയിലാണ്. മിക്കറോഡുകളുടേയും ടെണ്ടർ വിളിച്ചിട്ട് കോൺട്രാക്ടർമാർ അത് നടപ്പിൽ വരുത്തിയിട്ടില്ല. അതിന് കാരണം കൂലിവർദ്ധനവും ട്രാൻസ്പോർട്ടിംഗ് ചാർജിന്റെ വർദ്ധനവുമാണ്. ഈ കാരണങ്ങളാൽ അവർക്ക് കൂടുതൽ നഷ്ടം വരുമെന്നാണ് കോൺട്രാക്ടർമാർ പറയുന്നത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ഇനി വിളിക്കുന്ന ലേലത്തിലെങ്കിലും റിവൈസ്ഡ് ഷെഡ്യൂൾ തയാറാക്കിയാൽ നന്നായിരിക്കുമെന്നാണ്. അപ്രകാരം ചെയ്താൽ മാത്രമേ ഇതുപോലുള്ള വർക്കുകൾ പൂർത്തീകരിക്കാൻ സാധിക്കൂ.

കുടിവെള്ളത്തിന്റെ കാര്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ എന്റെ നിയോജകമണ്ഡലത്തിലെ കവിയൂർ പഞ്ചായത്തിൽ മാത്രം വെള്ളം കിട്ടുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. എം. പി. ഗംഗാധരനോടും അപേക്ഷിക്കുന്നു. കവിയൂർ പ്രദേശത്തുവള്ളവർക്ക് കുടിവെള്ളം ലഭിക്കുന്നതിനാവശ്യമായ നടപടി സത്വരമായും സ്വീകരിക്കണമെന്ന്.

പുതുതായി ഒരു സർവ്വകലാശാല ആരംഭിക്കുന്നതാണെന്നുകേട്ടു. നമ്മുടെ സംസ്ഥാനത്ത് കേരളയൂണിവേഴ്സിററിയും കൊച്ചിൻ യൂണിവേഴ്സിററിയും കാലിക്കട്ട് യൂണിവേഴ്സിററിയും നിലവിലുണ്ട്. എന്നാൽ വിദ്യാഭ്യാസപരമായും സാംസ്ക്കാരികമായും മറെറല്ലാകാര്യങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന തിരുവല്ലയിൽ പുതിയ സർവ്വകലാശാല ആരംഭിക്കണമെന്ന ഞാൻ അഭ്യർത്ഥിക്കുകയാണ്.

കാർഷികാദായത്തിനും വിൽപ്പനനികുതിക്കും ആശ്വാസം നൽകുന്നുവെന്നു പറയുന്നു. ഇതിന്റെയെല്ലാം പരിധി നിശ്ചയിക്കുന്നത് കോഴ കൊടുക്കുന്നതനുസരിച്ചാണ്. കണക്കിൽ കാണിക്കുന്ന ആദായത്തെ കണക്കിലെടുത്തല്ലാ കാർഷികാദായ നികുതിയും വിൽപ്പനനികുതിയും ചുമത്തുന്നത്. ഇതിനൊരു പരിഹാരം കണ്ടെത്തണമെന്നപേക്ഷിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററ് കൈയടി വാങ്ങാനുള്ളതല്ലായെന്ന് അദ്ദേഹംതന്നെ പ്രസ്താവിച്ചിരിക്കുന്ന സ്ഥിതിക്ക് അടിസ്ഥാനമില്ലാതെ കയ്യടിക്കാനോ അന്ധമായി കല്ലെറിയാനോ ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ബഡ്ജററിൽ ഉടനീളം കാർഷികമേഖലയെ സ്പർശിക്കുന്ന ചില പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്താനുള്ള നേരിയ ശ്രമമുണ്ടെങ്കിലും അത് ഈ രാജ്യത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം "ആനവായിൽ അമ്പഴങ്ങാ" എന്നുപറയുന്നതുപോലെ അവരുടെ അടിയന്തിരാവശ്യങ്ങൾ പോലും കണക്കിലെടുക്കാതെയുള്ള തികച്ചും അവ്യക്തങ്ങളായ വസ്തുതകളാണിതിലുള്ളത്. കർഷകത്തൊഴിലാളിക്കും കാർഷികാദായനികുതി കൊടുക്കുന്ന വൻകിടക്കാർക്കും ഇടയിൽ അഷ്ടിക്ക് മുട്ടാതെയും അട്ടക്കാല് പിടിക്കാതെയും എന്നും കടത്തിലും കണ്ണീരിലും കഴിയുന്ന ചെറുകിട കർഷകരെ സംബന്ധിച്ചിടത്തോളം ഈ ബഡ്ജററിൽ ബഹുമാനപ്പെട്ട മന്ത്രി മറന്നുപോയിയെന്നാണ് എനിക്ക് തോന്നുന്നത്. കുട്ടനാട്ടിലെയും തൃശ്ശൂരിലെയും കൃഷിക്കാർക്ക് നൽകിയ ആ നക്കാപിച്ചാ ആനുകൂല്യം കേരളത്തിലെ മുഴുവൻ ചെറുകിട കൃഷിക്കാർക്കും നൽകേണ്ടതായിരുന്നു. ഒരവസരത്തിൽ ഈ ഗവൺമെൻറ് ആനയും അമ്പാരിയും സഹിതം കൊക്കോ കൃഷി പ്രചരിപ്പിക്കുകയുണ്ടായി. ഇന്ന് ആ പ്രചരണമെല്ലാം വെറും പാഴ്വേലയായിത്തീർന്നിരിക്കുകയാണ്. കോട്ടയത്ത് ഒരു കൊക്കോ സംസ്ക്കരണയൂണിററ് ആരംഭിക്കുന്നുവെന്ന് കേട്ടിരുന്നു. അതിനുള്ള സത്വര നടപടിയെടുത്തില്ലെങ്കിൽ കൊക്കോ കൃഷിയിൽ ഏർപ്പെട്ട് നശിച്ചുകൊണ്ടിരിക്കുന്ന കൊക്കോ കൃഷിക്കാരുടെ കൊക്കോകൾ വെട്ടിമാററാനുള്ള ആനുകൂല്യമെങ്കിലും ഗവൺമെൻറ് നൽകേണ്ടതാണ്.

ഈ രാജ്യത്തെ പാവപ്പെട്ട സാധാരണക്കാരായ ആളുകളുടെ മുഖ്യാഹാരം മരച്ചീനിയാണെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇന്ന് നമ്മുടെ രാജ്യത്ത് ഒന്നും ഒന്നരയും ഏക്കർ സ്ഥലമുള്ള കപ്പകൃഷിക്കാർ ആ സ്ഥലമെല്ലാം റബ്ബർതോട്ടങ്ങളായി മാററിക്കൊണ്ടിരിക്കുകയാണ്. ഈ സ്ഥിതി തുടർന്നാൽ ഒരു കാലത്ത് വിശാഖം തിരുനാൾ മഹാരാജാവ് തിരുവിതാംകൂറിൽ കൊണ്ടുവന്ന മരച്ചീനി എന്ന അനുഗ്രഹം ഈ രാജ്യത്ത് നിന്നും മാറി അപ്രത്യക്ഷമാവുകയും അതോടൊപ്പം ഭക്ഷ്യക്ഷാമം രൂക്ഷമാകുകയും ചെയ്യുമെന്നുള്ളത് ഒരു വസ്തുതയാണ്. ബഡ ജററിൽ പറഞ്ഞിരിക്കുന്ന നികുതി ഇളവ് മരച്ചീനി കൃഷിക്കാരെ രക്ഷിക്കാൻ പര്യാപ്തമായതല്ല. മരച്ചീനികൃഷിയുടെ ചെലവ് കണക്കിലെടുത്തുകൊണ്ട് താങ്ങുവില നിശ്ചയിച്ച് ഈ കൃഷിക്കാരെ രക്ഷിക്കേണ്ടതായിരുന്നു. ആ കാര്യം ഈ ബഡ്ജററിൽ ഉൾപ്പെടുത്തിയില്ല.

അതുപോലെതന്നെ വെള്ളപ്പൊക്കംമൂലവും ചുഴലിക്കാററുമൂലവും കൃഷിനാശം ഉണ്ടായിക്കൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്ത് കൃഷിക്കാർക്ക് അവരുടെ കാർഷികവിളയ്ക്ക് ഇൻഷ്വറൻസ് നൽകുന്നത് ആശ്വാസകരമാണ്. അതും ഈ ബഡ്ജററിൽ കാണുന്നില്ല.

വളരെ സദുദ്ദേശത്തോടുകൂടി ഒരു കാലത്ത് നടപ്പിലാക്കിയ പദ്ധതിയാണ് ലക്ഷംവീട് പദ്ധതി. സമൂഹത്തിലെ ഏററവും അവശതയനുഭവിക്കുന്ന ജനവിഭാഗം പട്ടിണിയിലാണെങ്കിലും സ്വന്തം കൂരയിൽ നീണ്ടുനിവർന്നു കിടക്കട്ടെ എന്നുള്ളതായിരുന്നു ആ പദ്ധതിയുടെ ലക്ഷ്യം. ആ ലക്ഷംവീട് പദ്ധതിയുടെ ശോച്യാവസ്ഥയെക്കുറിച്ച് ഞാൻ പറയാതെ തന്നെ എല്ലാവർക്കും അറിയാവുന്നതാണ്. വെറും പാഴ്തടികൾകൊണ്ട് മേൽക്കൂരയുണ്ടാക്കി സിമൻറും കുമ്മായവും മേൻപൊടിപോലും ചേർക്കാതെ

ചുമരുകൾ കെട്ടി കൊടുത്തിട്ടുള്ള വീടുകൾ ഇന്ന് തകർന്നുകൊണ്ടിരിക്കുകയാണ്. ഏതവസരത്തിലും എപ്പോഴും അപകടങ്ങൾ വരുത്തി വയ്ക്കുന്ന ഈ വീടുകൾക്കുള്ള അററകുററപ്പണികൾക്ക് ആവശ്യമായ തുക ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലെന്നുള്ളതും ഈ ബഡ്ജററിലെ ഒരു പോരായ്മയാണ്.

അതുപോലെതന്നെ ലക്ഷം വീടുകളിൽ കുടിവെള്ളം ഇല്ല, വെളിച്ചമില്ല. എന്തിന് ഈററയും കപ്പക്കോലും കൊണ്ട് നിർമ്മിച്ച് സർക്കാരിൽനിന്നും സബ്സിഡിയായി നൽകിയിട്ടുള്ള കക്കൂസുകൾ അസ്ഥിശേഷരായ ആളുകളുടെ ഭാരം വഹിക്കാൻ പോലും കഴിയാതെ മണ്ണിൽനിന്നും ആരംഭിച്ച് മണ്ണിൽതന്നെ അമരുന്ന സ്ഥിതിയാണ്. ഭക്ഷണത്തിന് വകയില്ലാത്തവർക്ക് എന്തിനാണ് കക്കൂസ് എന്ന നയമാണോ സർക്കാരിന്റെ ലക്ഷ്യം. ഈ ലക്ഷം വീടുകളുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരമുണ്ടാകണം. അതിനുള്ള വക ഈ ബഡ്ജററിൽ കൊള്ളിക്കേണ്ടതായിരുന്നു.

അതുപോലെതന്നെ മിനിമം പെൻഷൻ 150 രൂപയാക്കിയെന്നുള്ളത് ഒരു നല്ല നടപടിയിലേക്കുള്ള ആദ്യത്തെ കാൽവയ്പ് ആണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. എങ്കിലും ഈ രാജ്യത്തുള്ള 1979-ന് മുമ്പ് പെൻഷൻ പററിയ ആളുകളുടെ പെൻഷൻതുകയും ശേഷം പെൻഷൻ പററിയിട്ടുള്ളവരുടെ പെൻഷൻ തുകയും തമ്മിലുള്ള അന്തരം കുറക്കേണ്ടത് ആവശ്യമാണ്. എല്ലാ ഉദ്യോഗസ്ഥൻമാർക്കും ഫെസ്ററിവൽ അലവൻസ് നൽകുന്നുണ്ട്. എന്നാൽ ഈ നാട്ടിൽ ഐതിഹ്യത്തിൽ നിലനിന്നിരുന്ന സമത്വസുന്ദരമായ കേരളത്തെപ്പററി, അഴിമതിയില്ലാത്ത ഭരണത്തെപ്പററിയുള്ള ഓർമ്മകൾ അയവിറക്കുമ്പോൾ അയലത്തെ ഉദ്യോഗസ്ഥൻ ഫെസ്ററിവൽ അലവൻസ് വാങ്ങിച്ച് ഓണക്കോടിയും പഴപ്രഥമനുമൊക്കെയായിട്ട് ഓണം ആഘോഷിക്കുമ്പോൾ ജരാനര ബാധിച്ച് അശരണരായി കഴിയുന്ന ഈ വിഭാഗത്തിനു ഒരു കെട്ട് പപ്പടം വാങ്ങി ചുട്ടുതിന്ന് ഒരു കരിമ്പടം വാങ്ങി പുതക്കാനെങ്കിലും ഫെസ്ററിവൽ അലവൻസ് കൊടുക്കേണ്ടതാണ്. അതിനുള്ള യാതൊരു നിർദ്ദേശവും ഈ ബഡ്ജററിൽ കാണുന്നില്ല.

അതുപോലെ പ്രതിവർഷം അൻപതു കോടി രൂപ നഷ്ടം സഹിച്ചുകൊണ്ട് നടത്തുന്ന ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രശ്നം വളരെ ഗുരുതരമാണ്. അത് പരിഹരിക്കാൻ ഈ ബഡ്ജററിൽ ഉൾകൊള്ളിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ പര്യാപ്തമല്ല. ഇന്ന് ഡിസ്ട്രിക്ററ് ഡെവലപ്പ്മെൻറ് കമ്മിററിയിൽ അംഗങ്ങളായ ഞങ്ങളെപ്പോലെയുള്ളവർക്ക് എപ്പോഴും ഷെഡ്യൂൾ അനുസരിച്ചുള്ള സർവ്വീസ് നടത്തുന്നില്ലെന്നുള്ള പരാതികളാണ് കേൾക്കാനുള്ളത്. അതിനെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് ചോദിക്കുമ്പോൾ ആവശ്യത്തിനുള്ള ബസുകളില്ല, ഉള്ള ബസുകൾ നന്നാക്കൻ സ്പെയർപാർട്ടുകൾ ഇല്ല എന്നുള്ള മറുപടികളാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഒരു പൊതുജനോപകാരപ്രദമായ പ്രസ്ഥാനമായതുകൊണ്ട് അതിനെ ഒരു പബ്ലിക് യൂട്ടിലിററി സർവ്വീസായി പരിഗണിച്ച് അല്പം നഷ്ടം ഉണ്ടായാൽ തന്നെയും അത് കാര്യമായി പരിഗണിച്ച് വേണ്ട വിധത്തിൽ നടപ്പാക്കണമെന്നും, പൊതുജനോപകാരപ്രദമായ ഒരു പ്രസ്ഥാനമാക്കിത്തീർക്കണമെന്നുമാണ് എനിക്ക് ഈ അവസരത്തിൽ ഒരു അഭ്യർത്ഥനയുള്ളത്.

ധനനഷ്ടവും മാനഹാനിയും വരുത്തിവയ്ക്കേണ്ട ഒരു ആവശ്യവുമില്ല. വലിയ മുട്ടയിടുന്ന താറാവ് നിശബ്ദത പാലിക്കുമ്പോൾ ചെറിയ മുട്ടയിടുന്ന കോഴി പുരപ്പുറത്ത് കയറിനിന്ന് നാടാകെ കേൾക്കത്തക്ക വിധത്തിൽ കൊട്ടിഘോഷിക്കുന്നതുപോലെ വലിയ വാചക കസർത്തോടു

LIBRARY ARCHIVES Kerala Legislative Assembly

കൂടി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ബഡ്ജററ് സാധാരണക്കാരൻെറ ദൈനംദിന ജീവിതത്തിൽ മാററം വരുത്താൻ ഉതകുന്നതല്ലെന്ന് ഖേദപൂർവ്വം അറിയിച്ചുകൊള്ളട്ടെ.

എൻെറ നിയോജക മണ്ഡലത്തെപ്പററി ഒററ വാചകം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എൻെറ നിയോജകമണ്ഡലത്തിൽ അടിയന്തിരമായി നടത്തേണ്ട രണ്ടു മൂന്ന് കാര്യങ്ങളുണ്ട്. വളരെ നാളുകളായി ഈ ഗവൺമെൻറിനെ ഓർമ്മപ്പെടുത്തുന്നതും അതുപോലെതന്നെ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതും ഏതാനും നടപടികളെടുത്തിട്ടുള്ളതും രണ്ടു മൂന്ന് പ്രദേശങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതും ആയിരക്കണക്കിന് ആളുകൾക്ക് ഉപകാരമുള്ളതുമായ മുത്തേടത്തുകരി പാലത്തിൻെറ പണി വളരെ വേഗത്തിൽ നടത്തണമെന്ന് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. അതുപോലെതന്നെ മുടക്കാലി പാലം. കൂടാതെ വർഷങ്ങളായി മുറവിളിക്കൂട്ടിക്കൊണ്ടിരിക്കുന്ന് ഒന്നാണ് കടുത്തുരുത്തിയിൽ ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസ സ്ഥാപിക്കണമെന്നുള്ളത്. അതിനെപ്പററി കാര്യമായി 'പരിഗണിക്കുമെന്നുള്ള പ്രതീക്ഷയോടെ ഈ ബഡ്ജററിലെ ന്യൂനതകൾ പരിഹരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. സി. എഫ്. തോമസ്: സർ, ഞാൻ ഈ ബഡ്ജററിനെ വളരെയേറെ അഭിമാനത്തോടും സന്തോഷത്തോടുംകൂടിയാണ് പിൻതാങ്ങുന്നത്. ഐക്യജനാധിപത്യ മുന്നണി ഈ ബഡ്ജററിലൂടെ ആദ്യത്തെ അതിൻെറ സ്വർണ്ണമെഡൽ നേടിയിരിക്കുകയാണ്. വാസ്തവത്തിൽ പ്രതിപക്ഷത്തിലെ ശ്രീ. എ. കെ. ശശീന്ദ്രൻ ഇപ്പോൾ പ്രസംഗിച്ച ശ്രീ. പി. സി. തോമസിൻെറ പ്രസംഗം ശ്രദ്ധിച്ചു കാണുമെന്നു തോന്നുന്നു. അദ്ദേഹം പറഞ്ഞു മിനിമം പെൻഷൻ 150 രൂപയാക്കിയത് സ്വാഗതം ചെയ്യേണ്ട ഒരു നടപടിയാണെന്നാണ്. ആ രംഗത്തെ ബുദ്ധിമുട്ടുന്ന ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ആദ്യത്തെ നടപടിയായിട്ടാണ് ഞാനതിനെ സ്വാഗതം ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. ശ്രീ. പി. സി. തോമസ് തന്നെയല്ലേ അത് പറയുന്നത്. ഈ ബഡ്ജററിനെ സംബന്ധിച്ചുള്ള പ്രതികരണങ്ങൾ പിറേറ ദിവസം പത്രങ്ങളിൽവന്നത് ഞങ്ങൾ വായിച്ചു. പ്രതിപക്ഷ നേതാക്കൻമാരുടെ പ്രതികരണങ്ങളും ഞങ്ങൾ വായിച്ചു. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞു വളത്തിന് അനുവദിച്ചിരിക്കുന്ന സബ്സിഡി വളരെയേറെ സ്വാഗതാർഹമാണെന്നാണ്. പക്ഷേ വളത്തിന് വില വർദ്ധിപ്പിച്ചതിനെക്കുറിച്ച് പറഞ്ഞില്ല, ഇന്ദിരാഗാന്ധി വില വർദ്ധിപ്പിച്ചതിനെക്കുറിച്ച് പറഞ്ഞില്ലെന്ന് ഒരാക്ഷേപം കൂടിയുണ്ട്. സി. പി. ഐ. നേതാവായ ശ്രീ. കെ. വി. പ്രഭാകരൻെറ പ്രതികരണം ഞങ്ങൾ വായിച്ചു. അതിനകത്തു പറയുന്നത് നമ്മുടെ സ്ക്കൂൾ വിദ്യാർത്ഥികൾ വാങ്ങുന്ന ബുക്കിനും സ്ലേററിനുമൊക്കെ നികുതി പിൻവലിച്ചത് വളരെ നന്നായി. പക്ഷേ പാഠപുസ്തകത്തിൻെറ വില കുറക്കണം; അദ്ദേഹം പറഞ്ഞു. ശ്രീ. കെ. പങ്കജാക്ഷൻ, അദ്ദേഹവും വളത്തിൻെറ സബ്സിഡിയെ വളരെ സ്വാഗതം ചെയ്തു. പക്ഷേ അത് തിരുവനന്തപുരത്തേക്കുകൂടെ വ്യാപിപ്പിക്കണം. അപ്പോൾ ചുരുക്കത്തിൽ പ്രതിപക്ഷം പറയുന്നു ഈ ബഡ്ജററ് നിർദ്ദേശങ്ങളെ അവർ സ്വാഗതം ചെയ്യുന്നു, പക്ഷേ പ്രശ്നങ്ങൾ വേറെ പലതുണ്ട് അതുംകൂടി പരിഹരിക്കണമെന്ന്. തീർച്ചയായും അതിനോട് ഞങ്ങൾ യോജിക്കുന്നു. ഈ നാട്ടിൽ ഒരു പാട് പ്രശ്നങ്ങളുണ്ട്. ആരും ഇല്ലെന്ന് പറയുകയില്ല. ആ പ്രശ്നങ്ങളെല്ലാം ഒററയടിക്ക് പരിഹരിക്കാൻ പററുകയില്ല. പലതിനും ആരംഭമിടുക. അതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിക്കുകയെന്നുള്ളതാണ് ഈ ഗവൺമെൻറിൻെറ ലക്ഷ്യം. അതുകൊണ്ടുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

യാണ് പ്രതിപക്ഷത്തിലെ നേതാക്കൻമാരും ബഹുമാന്യരായ നിയമസഭാ സമാജികൻമാരും അവരുടെ പ്രസംഗങ്ങളിൽ പദ്ധതിയെയും സ്വാഗതം ചെയ്യുകയും എന്നാൽ ഇന്നതുകൂടി വേണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നത്.

സർ, ഞാൻ ഈ ചർച്ചയിൽ ഏററവും പ്രധാനമായിട്ട് പറയാനാഗ്രഹിക്കുന്ന ഒരു കാര്യം ബഡ്ജററിൽ പറയുന്ന കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്തെ ഏററവും വലിയ പരാധീനതയായിട്ടാണ് കാണുന്നത്. കഴിഞ്ഞ കാലങ്ങളിലെ ചരിത്രം പരിശോധിച്ചാൽ ബഡ്ജററിൽ കൊണ്ടുവരുന്ന പദ്ധതികൾ, പരിപാടികൾ ഒന്നുംതന്നെ ആ വർഷം നടപ്പാക്കാത്ത രീതിയിലാണ് നമ്മുടെനാട് മുന്നോട്ട് പോകുന്നത് അങ്ങനെയൊരു അവസ്ഥ ഉണ്ടാകാതിരിക്കാൻ എന്തുചെയ്യണമെന്ന് നാം ആലോചിക്കേണ്ടതാണ്. വാസ്തവത്തിൽ 1982-83 സാമ്പത്തിക വർഷം കടന്നുപോയിട്ട് അതിനെക്കുറിച്ചുള്ള വിലയിരുത്തൽ നടത്തിയിട്ട് കാര്യമില്ല. നിയമസഭയിൽ ഇപ്പോൾ ചർച്ച ചെയ്യുന്നതുപോലെ ഈ ബഡ്ജററിൽ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതിനെ സംബന്ധിച്ച്, അതിൻെറ പെർഫോർമെൻസിനെ സംബന്ധിച്ച് ഇടയ്ക്കിടക്ക് എങ്ങനെയൊന്ന് റിവ്യൂ ചെയ്യാമെന്നുള്ളത് നമ്മൾ എല്ലാവരും ആലോചിക്കേണ്ട കാര്യമാണ്. ഭരണകക്ഷിയും, പ്രതിപക്ഷവും ഈ സാമ്പത്തിക വർഷം കടന്നുപോകുന്നതിനു മുമ്പ് ആറു മാസം കഴിഞ്ഞെങ്കിലും ഈ ബഡ്ജററിൽ പറയുന്ന തുകകൾ എന്തൊക്കെ കാര്യത്തിനുവേണ്ടി ചിലവഴിച്ചു എങ്ങനെ കാര്യങ്ങൾ മുന്നോട്ടു പോകുന്നുയെന്നുള്ളത് ഈ നിയമസഭസമ്മേളനത്തിലോ അല്ലെങ്കിൽ നമ്മുടെ സബ്ജക്ററ് കമ്മിററികൾ മുഖാന്തിരമോ ഒന്നു ആലോചിക്കേണ്ടതല്ലേയെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. സബ്ജക്ററ് കമ്മിററികൾ ഉണ്ടായെങ്കിലും കഴിഞ്ഞ കാലത്ത് സബ്ജക്ററ് കമ്മിററിയിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ചർച്ച ചെയ്തില്ല. ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ ഏതെങ്കിലും ഒര് പരിപാടിക്ക് ആവശ്യമായ തുകൾ സംബന്ധിച്ചോ, അതിനാവശ്യമായ സഹായത്തെ സംബന്ധിച്ചോ ഒക്കെ ചർച്ചചെയ്യുകയും ഒരു പക്ഷേ കൂടുതൽ സാമ്പത്തിക സഹായം ആവശ്യപ്പെടുകയുമൊക്കെ ചെയ്തിട്ടുണ്ട്. പക്ഷേ ഇടക്കിടക്ക് നമ്മുടെ പദ്ധതികളുടെ, പരിപാടികളുടെ നിർവ്വഹണത്തെ സംബന്ധിച്ച നിയമസഭയിൽ ചർച്ച ചെയ്യാൻ സാധിക്കുന്നില്ല. സബ്ജക്ററ് കമ്മിററിയ്ക്ക് ചർച്ച ചെയ്യാൻ സാധിക്കുന്നില്ല നമ്മുടെ സബ്ജക്ററ് കമ്മിററികൾ പുതിയ ഒരു പരീക്ഷണമാണെങ്കിൽത്തന്നെയും തീർച്ചയായും നിയമസഭയുടെ ചുമതലയെന്നുള്ള നിലയിൽ പദ്ധതികളുടെ നിർവ്വഹണത്തെ സംബന്ധിച്ച് നാം വിലയിരുത്തുന്നതു നന്നായിരിക്കും.

പലപ്പോഴും ഒരുപാട് നല്ല കാര്യങ്ങൾ പ്രഖ്യാപിച്ചിട്ട് അതിൽ പലതും വെളിച്ചം കാണാതെ പോകുന്ന ഒരു പതിവ് നമ്മുടെ കേരളത്തിലുണ്ട്. നമ്മുടെ ബഡ്ജററിൽ പുതിയതായിട്ട് എത്രയോ നല്ല നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിരിക്കുന്നു. ഓരോ താലൂക്കിൽ ഓരോ വ്യവസായം എന്നൊക്കെ പറഞ്ഞപ്പോൾ നമ്മുടെ പ്രതിപക്ഷാംഗങ്ങൾ വളരെ ആക്ഷേപിച്ച് പണ്ടുകാലത്ത് ഒരു പഞ്ചായത്തിൽ ഒരു വ്യവസായം എന്ന പറഞ്ഞ് കൊട്ടും കുരവയുമായിട്ട് ആരംഭിച്ചതാണ്. ഇത് നടക്കാൻ പോകുന്നില്ലെന്നു പറഞ്ഞു. പക്ഷേ നമ്മുടെ ശ്രമം ഇത് എങ്ങനെ നടപ്പിലാക്കാം എന്നുള്ളതാണ്. തീർച്ചയായും ഒരു താലൂക്കിലേക്ക് ഒരു കോടി രൂപയുടെ വ്യവസായം എന്നുള്ളത് ഒരു സുന്ദരവാഗ്ദാനമായി മാററാതെ ഇവിടെ നടപ്പിലാക്കാൻ സാധിക്കുമോ എന്നുള്ളതിനെക്കുറിച്ച് ഈ ബഡ്ജററിൽ പറയുന്ന സമയത്തുതന്നെ കാര്യങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർ ശ്രമിക്കുമെന്ന് ഞങ്ങളൊക്കെ വിശ്വസിക്കുകയാണ്. എനിക്കു തോന്നുന്നു, നമ്മുടെ വ്യവസായ മന്ത്രിക്ക് ഈ പ്രാവശ്യം നല്ല ജോലി കാണുമെന്ന്. നമ്മുടെ വ്യവസായ മന്ത്രിക്ക് ഈ ബഡ്ജററ് വായിച്ചാൽ അദ്ദേഹത്തിന് പല സർക്കീട്ടുകളും

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രാവശ്യം കാൻസൽ ചെയ്യേണ്ടി വരുമെന്നു തോന്നുന്നു. ബഹുമാന്യനായ ശ്രീ. ഇ. അഹമ്മദ് വ്യവസായവൽക്കരണത്തിനുവേണ്ടി അടിസ്ഥാനപരമായി പല നിർദ്ദേശങ്ങളും മുന്നോട്ടു വച്ചിരുന്ന ഈ ബഡ്ജററിൽ അദ്ദേഹം ഒരുപാട് ബുദ്ധിമുട്ടേണ്ടിവരും. ഒരു താലൂക്കിൽ ഒരു വ്യവസായം എന്നു പറയുന്ന ആശയം, അതിന്റെ സർവ്വേ ഇന്ന സമയത്തിനുള്ളിൽ പൂർത്തിയാക്കണം. അതിന്റെ പ്രോജക്ററ് റിപ്പോർട്ടു തയ്യാറാക്കണം എന്നൊക്കെ പറഞ്ഞിരിക്കുന്നത് നമ്മുടെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഉൽക്കണ്ഠ ഉണ്ടാക്കുന്നതാണ്. കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ വ്യവസായങ്ങൾക്ക് വന്ന അവസ്ഥ ഇതിനുണ്ടാകാതിരിക്കത്തക്കവണ്ണം ഈ പറഞ്ഞിരിക്കുന്ന പരിപാടി, വാസ്തവത്തിൽ നമ്മുടെ രാജ്യത്ത് തൊഴിൽരഹിതരുടെ പടനീക്കം നടക്കുകയാണെന്ന് മനസ്സിലാക്കിക്കൊണ്ട്, ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ ഏററവും വലിയ സ്വപ്നമായ വ്യവസായവൽക്കരണം അത് സാധിതപ്രായമാക്കുന്നതിനുവേണ്ടി നിർദ്ദേശിക്കുകയും അതിനുത്തരവാദപ്പെട്ടവർ സമയത്തുതന്നെ കാര്യങ്ങൾ ചെയ്തു തീർക്കുകയും ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

ഈ ബഡ്ജററിൽ ധാരാളം നല്ല നിർദ്ദേശങ്ങളുണ്ട്. അതിനെക്കുറിച്ച് ഓരോന്നായി എടുത്തുപറയാൻ സമയപരിമിതി കാരണം സാധിക്കുകയില്ല. നമ്മുടെ ഭവന നിർമ്മാണ പദ്ധതിയെ സംബന്ധിച്ച് പറയുന്ന ഒരു കാര്യം എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ഭവനനിർമ്മാണത്തിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്. വാസ്തവത്തിൽ നമ്മുടെ കുടികിടപ്പുകാർക്ക് ഹൗസിങ്ങ് ബോർഡിൽ നിന്ന് നാലായിരം രൂപ വായ്പയും ആയിരം രൂപ ഗ്രാൻറും എന്ന പദ്ധതി ഉണ്ടായിട്ട് വളരെ നാളുകളായി. അവർ അപേക്ഷ കൊടുത്തിട്ട് വളരെനാളായി. പട്ടയവും കൊടുത്തിട്ടുണ്ട്. ഇപ്പോൾ പട്ടയവുമില്ല, ലോണും ഇല്ലാത്ത അവസ്ഥയാണ്. അതിന് എത്രയും നേരത്തെ ഒരു പരിഹാരം ഉണ്ടാക്കേണ്ടതുണ്ട്. അതുപോലെ നമ്മുടെ റെയിവേ പുറംമ്പോക്കിൽ ആയിരക്കണക്കിനാളുകൾ താമസക്കാരായിട്ടുണ്ട്. അവരും ഇന്ന് കുടിയിറക്ക് ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ആളുകൾക്ക് എത്രയുംവേഗം പുനരധിവാസ സൗകര്യം ഉണ്ടാക്കിക്കൊടുക്കാൻ തീർച്ചയായും നമ്മുടെ ഗവൺമെൻറ് ശ്രമിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. വളങ്ങളുടെ സബ്സിഡി എല്ലാവരും സ്വാഗതം ചെയ്ത കാര്യമാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു അഭ്യർത്ഥനയുണ്ട്. നമ്മുടെ സെയിൽടാക്സ് കഴിഞ്ഞ വർഷത്തിൽ ഇളവു ചെയ്തപ്പോൾ, അതിന്റെ ആനുകൂല്യം സിദ്ധിക്കുന്ന ഘട്ടം വന്നപ്പോൾ ചില വളങ്ങൾക്ക് എന്തുകൊണ്ടോ അതു ലഭിച്ചില്ല. ഈ വർഷം കട്ടനാട്ടിലെ കൃഷിക്കാർക്കും തൃശ്ശൂരിലെ കോൾ നിലങ്ങൾക്കും എല്ലാത്തരം വളങ്ങൾക്കും സബ്സിഡി കിട്ടാനാവശ്യമായ നടപടികൾ തീർച്ചയായും സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. പിന്നെ ഇവിടെ ബഹുമാന്യനായ ശ്രീമാൻ പി. സി. തോമസ് ഒരു ആശയം മുന്നോട്ടുവച്ചു. ഞാൻ അതു പറയുമ്പോൾ ഓരോ മെമ്പർമാരും എഴുന്നേററ് സർവ്വകലാശാലയെ സംബന്ധിച്ച് ഓരോ അഭിപ്രായം പറയുന്നത് ശരിയല്ലെങ്കിൽപ്പോലും വാസ്തവത്തിൽ ഇന്ന് നമ്മുടെ വികസനം സംബന്ധിച്ച് നമ്മുടെ കഴിഞ്ഞകാലത്തെ നയം ഒന്ന് തിരുത്തണമെന്ന് ബഹുമാനപ്പെട്ട ഗവൺമെൻറിനോട് എനിക്ക് അഭ്യർത്ഥനയുണ്ട്. എല്ലാ വികസനവുംകൂടി ചില കേന്ദ്രങ്ങളിൽ ഏതെങ്കിലും ഓഫീസ് അല്ലെങ്കിൽ പൊതു സ്ഥാപനം അനുവദിച്ചാൽ അതെല്ലാം ജില്ലാകേന്ദ്രത്തിൽ, ജില്ലാ തലസ്ഥാനത്തു വേണം എന്ന ഒരു പഴയ ധാരണയുണ്ട്. അതിന് ഒരു മാററം വരേണ്ട സമയം അതിക്രമച്ചിരിക്കുന്നു. നമ്മുടെ ജില്ലാ ആഫീസുകളെല്ലാം ജില്ലാ കേന്ദ്രത്തിൽ ആയിരിക്കതെ

LIBRARY ARCHIVES Kerala Legislative Assembly

76906·



ജില്ലാ ഓഫീസുകളെല്ലാം ജില്ലാ തലസ്ഥാനത്ത് വന്നുകൊള്ളട്ടെ. പക്ഷേ ജില്ലാ തലസ്ഥാനങ്ങളല്ലാതെ കേരളത്തിൽ നിരവധിയായ സ്ഥലങ്ങൾ വേറെയും ഉണ്ട്. നമ്മുടെ ചുരുക്കം ചില ജില്ലാ തലസ്ഥാനങ്ങൾപോയിട്ട് ബാക്കിയുള്ള നിരവധി സ്ഥലങ്ങളുടെയും കൂടി വികസനം കണ്ടുകൊണ്ട് ജില്ലാ ആഫീസുകളൊഴിച്ചുള്ള പൊതുസ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ ജില്ലാ ആസ്ഥാനത്തുതന്നെ വേണമെന്നുള്ള പഴയ ആശയത്തിന് ഒരു തിരുത്തൽ ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. യൂണിവേഴ്സിററിയെ സംബന്ധിച്ച് ശ്രീമാൻ പി. സി. തോമസ് തിരുവല്ലായിൽ വേണമെന്ന് ആവശ്യപ്പെട്ടു. വിദ്യാഭ്യാസ മന്ത്രി അതേപ്പററി വളരെ പഠിച്ചിട്ട് ആണെന്ന് തോന്നുന്നു, ഒരു പ്രസ്താവന അദ്ദേഹത്തിന്റേതായിട്ട് കണ്ടു. കോട്ടയത്തോ ചങ്ങനാശ്ശേരിയിലോ സ്ഥാപിക്കുമെന്ന്. അതിനുവേണ്ടി തീർച്ചയായും സ്പെഷ്യലാഫീസറെ വയ്ക്കാൻ പോകുന്നു; പഠിച്ച് അതിന്റെ റിപ്പോർട്ടുകൾ വയ്ക്കാൻ പോകുന്നു. അവസാനമായി ഒരു തീരുമാനമെടുത്തില്ലെങ്കിൽപ്പോലും ഈ കേരളത്തിലെ ഏററവും പ്രമുഖവിദ്യാഭ്യാസ കേന്ദ്രമായി അറിയപ്പെടുന്ന ചങ്ങനാശ്ശേരിയിൽ യൂണിവേഴ്സിററി സ്ഥാപിക്കണമെന്ന് പറയാൻ വളരെ അഭിമാനമുണ്ട് സർ. ഞാൻ ആ ആവശ്യം മുന്നോട്ടു വയ്ക്കുകയാണ്. ശ്രീമാൻ കോടിയേരി ബാലകൃഷ്ണൻ. ശ്രീമാൻ ആർ. ബാലകൃഷ്ണപിള്ളയെ പരാമർശിക്കുന്നതു കേട്ടു. ചില ആരോപണങ്ങൾ പറഞ്ഞു. എനിക്ക് എന്റെ സുഹൃത്ത് കോടിയേരി ബാലകൃഷ്ണനോട് പറയാനുള്ള ഒററ കാര്യം, അദ്ദേഹത്തിന്റെ നേതാവ്, ശ്രീമാൻ അനിരുദ്ധൻ കഴിഞ്ഞ നിയമസഭയിൽ ഇതുപോലെ ചില കാര്യങ്ങൾ ഇവിടെ പറഞ്ഞതാണ്. അതിന് മറുപടിയും കിട്ടി. വെറുതേ വടികൊടുത്തടി മേടിച്ചും ഇരുമ്പിനെ കടിച്ച് പല്ല് കളയരുത് എന്നു മാത്രമേ എനിക്കു പറയാനുള്ളു. അനിരുദ്ധൻ എവിടെപോയി എന്നുള്ളത് നമ്മൾ കണ്ടു. ഈ രാജ്യത്ത് കൊള്ളാവുന്ന നേതാക്കളെയൊക്കെയും വെറുതെ ചെളിവാരി എറിയാൻ ശ്രമം നടത്തിയാൽ അതിനെ ജനങ്ങൾ ശിക്ഷിക്കുമെന്നതിന് തെളിവാണ് അനിരുദ്ധൻ ഇന്ന് ഇവിടെയില്ലാ എന്നുള്ളത് എന്റെ സുഹൃത്ത് കോടിയേരി ബാലകൃഷ്ണനും അനിരുദ്ധന്റെ അനുഭവ ഉണ്ടാകും. അങ്ങനെ ഉണ്ടാകരുത് എന്നാണ് ആഗ്രഹിക്കുന്നതെങ്കിൽ ഈ മാതിരി ആവശ്യമില്ലാത്ത കാര്യങ്ങൾ പറയരുത്. അനിരുദ്ധന്റെ പ്രേതം കോടിയേരി ബാലകൃഷ്ണന് കൂടിയിട്ടുണ്ടെങ്കിൽ അത് അദ്ദേഹത്തിന് അപകടമാണ്. അനിരുദ്ധനുണ്ടായ അനുഭവം ബാലകൃഷ്ണനും ഉണ്ടാകും എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ബഡ്ജററിൽ വച്ചിരിക്കുന്ന എല്ലാ നല്ല നിർദ്ദേശങ്ങളേയും എല്ലാ കാര്യങ്ങളേയും ഞാൻ ആത്മാർത്ഥമായി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഈ ബഡ്ജററുമൂലം ഈ സംസ്ഥാനത്തിലെ സാമ്പത്തിക ഭദ്രത രണ്ട് കാരണങ്ങളാൽ പ്രത്യേകിച്ച് ഇല്ലാതാകുന്നുണ്ട്. ഇത് ഈ കൊല്ലം തുടങ്ങിവച്ചതാണെന്ന് ഞാൻ പറയുന്നില്ല. ഈ സംസ്ഥാനത്തിലെ പദ്ധതിച്ചെലവ് പദ്ധതി വിഹിതത്തിൽ നിന്നും കാണുന്നതിനുപകരം റവന്യൂ വരവിൽനിന്നും ചെലവാക്കാമെന്നാണ് അത് കുറേ ഭാഗം. അതുപോലെതന്നെ ഈ സംസ്ഥാനത്തിലെ വർഷാവസാന കമ്മി കാലാകാലത്ത് വർദ്ധിക്കുന്നു. സർ, 330 കോടി ഉറുപ്പികയുടെ പദ്ധതിക്ക് വേണ്ടി വാദിച്ചു എന്നെല്ലാം പറഞ്ഞെങ്കിലും അതിനുള്ളതായിട്ടുള്ള വിഭവങ്ങൾ എവിടെയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദ്യോത്തരവേളയിൽ ഞാൻ ചോദിച്ചപ്പോൾ അതിന് നോട്ടീസ് വേണമെന്നു പറഞ്ഞു. ഗവർണ്ണറുടെ പ്രസംഗത്തിലോ ബഡ്ജററ് പ്രസംഗത്തിലോ, ബഡ്ജററ് കടലാസ്സിലോ പദ്ധതിയെപ്പററി ഒന്നും സ്പർശിച്ച് കാണുന്നില്ല. അതിനുള്ള നിർദ്ദേശത്തെപ്പററിയും കാണുന്നില്ല. ഇവിടെ ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

13-ാം ഖണ്ഡികയിൽ 275 കോടി ഉറുപ്പികയുടെ പദ്ധതി, 274.95 കോടി രൂപയുടെ പദ്ധതിയാണ് കാണിച്ചിട്ടുള്ളത്. കഴിഞ്ഞവർഷം 30 കോടി അധികച്ചെലവ് വന്നു. ഇക്കൊല്ലം ഏതാണ്ട് മുപ്പത്തഞ്ച്, നാൽപ്പതുകോടി ഉറുപ്പിക പദ്ധതി ആവശ്യത്തിനുവേണ്ടി പറഞ്ഞ കണക്ക് വച്ചാൽ അധിക ച്ചെലവ് വേണ്ടിവരുമെന്ന് തോന്നിപ്പോകുകയാണ്. വർഷാവസാനകമ്മി 93.93 ആയിരുന്നു, 1981-82ൽ ഇപ്പോഴത്തെ കണക്കുപ്രകാരം 118.74 ആയി ഈ സാമ്പത്തിക വർഷാവസാനം ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. കണക്കുക ളെല്ലാം കൂട്ടിനോക്കുമ്പോൾ അതൊരു 125, 130 കോടിയായി വർദ്ധിച്ചിട്ടുണ്ടെ ങ്കിൽ അത്ഭുതപ്പെടാൻ ഒന്നുമില്ല. സർ, ഈ സംസ്ഥാനത്തിന്റെ പോക്ക് ഏത് തരത്തിലാണെന്നു നോക്കുക. 30 ലക്ഷം കിലോ വാട്ട് വിദ്യു ച്ഛക്തി ഈ സംസ്ഥാനത്ത് ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ആകെ ഉൽപ്പാദിപ്പി ക്കേണ്ട പുതിയ പദ്ധതികൾ കൂടെ ഉൾപ്പെടുത്തി ഉൽപ്പാദിപ്പിക്കേണ്ടതായിട്ടുള്ള വിദ്യുച്ഛക്തിയുടെ 60 ശതമാനം കണക്കാക്കിയാൽ ഇപ്പോൾ ഉൽപാദിപ്പിക്കു ന്നത്, അതിന്റെ മൂന്നിലൊന്നു മാത്രമാണ്. ഈ സംസ്ഥാനത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ലേബർ ഹിസ്റ്ററികളിൽ ഇന്ന് തൊഴിൽ രഹിതരായി രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ എണ്ണം 19 ലക്ഷമാണ്. ഈ സംസ്ഥാനത്തിലെ പട്ടികജാതിവർഗ്ഗക്കാർക്ക് പല ആനുകൂല്യങ്ങളും ഉണ്ടാകുന്നു എന്നു പറയുന്നു. വയനാട്ടിലെ തരിയോട് പഞ്ചായത്ത്, കോട്ടത്തറ പഞ്ചായത്ത് ഇതിലെല്ലാം ആദിവാസികൾക്ക് താമസിക്കുന്നതിന് വീടുകൾ കെട്ടിയിട്ടുണ്ട്. കെട്ടിയിട്ടുള്ള വീടുകളിൽ ഭൂരിപക്ഷവും ലൈററ് ഡിസൈൻ പ്രകാരമുള്ള വീടുകളുമല്ല എന്നാണ് എനിക്ക് പറയാനുള്ളത്. കൽപ്പററ ട്രൈബൽ മേലഖയിൽ ചെറിയ കിണറുകൾ ധാരാളം കുഴിക്കേണ്ടതുണ്ട്; കുഴിച്ചിട്ടുണ്ട്, എണ്ണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. രേഖപ്പെടുത്തിയിട്ടുള്ള എണ്ണത്തിന്റെ എത്രയോ കുറവു മാത്രമേ അവിടെ ചെറിയ കിണറുകളുള്ളു എന്നാണ് കണ്ടിരുന്നത്.

സർ, ബാണാസുരസാഗർ പദ്ധതിക്കുവേണ്ടി എടുത്ത സ്ഥലത്ത് ആദിവാസികളെ മാററിത്താമസിപ്പിക്കാൻ വേണ്ടി സ്ഥലം എടുത്തിട്ടുണ്ട്. ആ സ്ഥലം ഇന്ന് ചെന്നു നോക്കുമ്പോൾ താമസിക്കാൻ പററാത്തതായിട്ടുള്ള സ്ഥലമാണെന്നാണ് കാണുന്നത്. ഈ കാര്യങ്ങളിലെല്ലാം വ്യാപകമായ അഴിമതികൾ നടത്തിക്കാണുന്നുണ്ട് സർ. അരുണാചല മലയിലെ ആദിവാസി കളുടെ പ്രശ്നങ്ങൾ, പ്രധാനമായും ഇവർ കൈവശം വയ്ക്കുന്നതായിട്ടുള്ള ഭൂമികൾക്ക് പട്ടയമില്ല എന്നുള്ള ദുഃസ്ഥിതി ഇന്നും തുടരുകയാണ്.

സർ, കർഷകത്തൊഴിലാളി പെൻഷൻ വ്യവസ്ഥയിൽ മാററങ്ങൾ വരുത്തുന്നു എന്ന് ജൂലൈ 2-ാം തീയതിയിലെ മാതൃഭൂമിയിൽ കണ്ടു. ജൂലൈ ഒന്നാം തീയതി നടന്നതായിട്ടുള്ള മന്ത്രിസഭാ യോഗത്തിൽ എടുത്ത തീരുമാനം എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. സർ, ആ തീരുമാനം ഇന്നേ വരെ ഈ സഭയെ അറിയി ച്ചിട്ടില്ല. ആ തീരുമാനം ഈ സഭയിൽ നേരിട്ട് പറഞ്ഞിട്ടില്ല. മാററങ്ങൾ എന്താണെന്ന് മനസ്സിലാകുന്നില്ല. സർ, അത്തരത്തിൽ പോവുകയാണെ ങ്കിൽ കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാതിരിക്കാനോ കൊടുക്കുന്നത് നീട്ടികൊണ്ടു പോകാനോ ഉള്ളതായിട്ടു മാത്രമേ ഇതിനെ കണക്കാക്കാൻ സാധി ക്കുകയുള്ളു.

സർ, പല നികുതി നിർദ്ദേശങ്ങളും ഉണ്ട്. ആ നിർദ്ദേശങ്ങളിൽ പ്രത്യേകിച്ചും ഫൈനാൻസ് മിനിസ്ററുടെ പ്രസംഗത്തിൽ 83-ാം ഖണ്ഡിക യിലെ ആറാം ഐററത്തിൽപ്പെട്ടിട്ടുള്ള വീട്ട് ആവശ്യത്തിനുവേണ്ടിയിട്ടുള്ള ഗ്രയിൻറർ മുതലായ സാധനങ്ങൾ 9-ാം ഐററത്തിൽപ്പെട്ടിട്ടുള്ള സ്ററെയിൻ ലസ് സ്ററീൽ ഉൽപ്പന്നങ്ങൾ ഇതിനെല്ലാം അധികരിച്ചു വരുന്ന നികുതി

LIBRARY ARCHIVES Kerala Legislative Assembly

ചുമത്തുന്നത് തെററാണ്, അങ്ങനെ അധികരിച്ചുവരുന്ന നികുതി ചുമത്തുന്നതായിട്ടുള്ള ഏർപ്പാട് പ്രത്യേകിച്ചും പിൻവലിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

സർ, വടകര കോളേജിന്റെ ദു:സ്ഥിതി പല പ്രാവശ്യവും ഇവിടെ പരാമർശിച്ചിട്ടുണ്ട്. ഇന്ന് ആ കോളേജിൽ രണ്ടു മാസമായിട്ട് സ്ററാഫിന് ഒരാൾക്ക് ശമ്പളമില്ല. കാരണം എന്താണെന്ന് ആർക്കും അറിയില്ല. സർ, മൂന്നു മാസമായിട്ട് ആ കോളേജിൽ പ്രിൻസിപ്പലില്ല. പല പ്രാവശ്യവും ഇതിനെ സംബന്ധിച്ച് ഗവൺമെൻറിന്റെ അടുത്തു പറഞ്ഞു. മൂന്നു നിയോജക മണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന ഒരു താലൂക്കിന് വേണ്ടിട്ട് ആ പ്രദേശത്ത് നിലനിൽക്കുന്നതായിട്ടുള്ള ഏക കോളേജാണ് മടപ്പള്ളി കോളേജ്. ആ മടപ്പള്ളി കോളേജിന്റെ ദുഃസ്ഥിതി പരിഹരിക്കാനായിട്ടുള്ള പ്രവർത്തനങ്ങൾക്ക് തീർച്ചയായിട്ടും ഗവൺമെൻറു മുൻകൈ എടുക്കേണ്ടതാണ്. ഈ ബഡ്ജററിനെ ഞാൻ എതിർക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : ഞാൻ ഈ ബഡ്ജററിനെ സർവ്വാത്മനാ പിൻതാങ്ങുന്നു. ഈ സംസ്ഥാനത്തിന്റെ പ്രശ്നങ്ങളെ യാഥാർത്ഥ്യബോധത്തോടുകൂടി വിശകലനം ചെയ്ത് അവയ്ക്കെല്ലാം ശരിയായ പരിഹാരം കാണണമെന്ന് ഉൽക്കടമായ ആഗ്രഹം ഈ ബഡ്ജററിലുടനീളം കാണാം.

[അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. പങ്കജാക്ഷൻ]

സർ, സാമൂഹ്യനീതി ഉറപ്പുവരുത്തുക എന്ന തത്വം ഈ ബഡ്ജററിൽ പാലിച്ചിട്ടുണ്ട്. കർഷകത്തൊഴിലാളികൾക്കും വ്യവസായികത്തൊഴിലാളികൾക്കും ദുർബലവിഭാഗങ്ങൾക്കുമൊക്കെ ക്ഷേമകരമായ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം തന്നെ വ്യാപാരികൾക്കും വ്യവസായികൾക്കും നീതി ചെയ്യുക എന്ന സാമാന്യ മര്യാദ പാലിച്ചു എന്നത് സന്തോഷകരമാണ്. ഇവിടെ ചിലർ വ്യാപാരികളും വ്യവസായികളും പാപികൾ ആണെന്ന നിലയിൽ സംസാരിച്ചുകേട്ടു. പക്ഷേ പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർ കുമാരൻ ചോദിച്ചു, വ്യവസായികൾ കമ്മ്യൂണിസ്ററ് ആയാൽ അപകടകരമാണോ എന്ന്. ആ നിലയ്ക്ക് ഈ രാജ്യത്ത് വ്യാപാരികൾക്കും വ്യവസായികൾക്കും സാമാന്യജനങ്ങൾക്കുമൊക്കെ നീതി ചെയ്യുന്നതിന് സാമൂഹ്യനീതിക്ക് അനുകൂലമായ ഒരു സ്ഥിതി ഇന്ന് ഇവിടെ ഉണ്ട്. കാർഷിക രംഗത്തും വ്യവസായികരംഗത്തും ഒക്കെ സമതുലിതമായ വളർച്ചയെ ലക്ഷ്യമാക്കികൊണ്ടുള്ളതാണ് ബഡ്ജററ് നിർദ്ദേശങ്ങളൊക്കെതന്നെ.

സർ, നിത്യോപയോഗ സാധനങ്ങൾക്ക് അമിതമായ നികുതി വർദ്ധന ഇല്ലാതെ തന്നെ സാധാരണക്കാർക്ക് നികുതിഭാരം വർദ്ധിപ്പിക്കാതെ തന്നെയുള്ള നിർദ്ദേശങ്ങൾ ഇതിലുണ്ട്. അതുകൊണ്ടാണ് ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നത്. ഒരു നിർദ്ദേശം ഈ സന്ദർഭത്തിൽ എനിക്ക് പറയാനുണ്ട്. തെരഞ്ഞെടുപ്പിൽ വോട്ടിന്റെ കണക്കുകൾ ഇവിടെ പലരും പറഞ്ഞു. തെരഞ്ഞെടുപ്പു കഴിഞ്ഞ് വളരെയേറെ തെരഞ്ഞെടുപ്പ് ഹർജികൾ കോടതിയിൽ ഉണ്ട്. കള്ള വോട്ടുകളുടെ പ്രവാഹം ഈ രാജ്യത്തുടനീളം ഉണ്ടെന്നുള്ള ആരോപണം ഉയർന്നിട്ടുണ്ട്. എനിക്ക് പറയാനുള്ളത് ജനാധിപത്യത്തിന്റെ സത്ത ശരിക്കും ഫലപ്രദമാകണമെങ്കിൽ വോട്ടർമാരെ തിരിച്ചറിയാനുള്ള ഐഡൻറിററി കാർഡ് സമ്പ്രദായം അടിയന്തിരമായി നടപ്പിൽ വരുത്തേണ്ടത് ആവശ്യമാണെന്നാണ്. സഹകരണസംഘങ്ങളിൽ പോലും സംഘടിതവും വ്യാപകവുമായ തോതിൽ കള്ള വോട്ടുകൾ രേഖപ്പെടുത്തി ഈ രാജ്യത്തെ ജനാധിപത്യത്തിന്റെ തത്വങ്ങളെപ്പോലും ബലികഴിപ്പിക്കുമ്പോൾ ആവുന്നതും വേഗം ഐഡൻറിററി സമ്പ്രദായം ഈ രാജ്യത്ത് ഉണ്ടാകണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

പിന്നെ നിയമസമാധാനം ആരു ഭരിച്ചാലും ഇവിടെ നിയമസമാധാനം പ്രശ്നമാണ്. പക്ഷെ നിയമസമാധാന പാലകരായ പോലീസുകാരെപ്പററി ആരും പറയുന്നില്ല. അവരെ ആക്ഷേപിക്കാൻ സകലരും തയ്യാറാണ്. സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട രാമവർമ്മപുരത്ത് കെ. എ. പി. ക്യാമ്പിലും എ. ആർ. ക്യാമ്പിലും കിടക്കാൻ സ്ഥലമില്ല, കുടിക്കാൻ വെള്ളമില്ല. അവരുടെ കാര്യങ്ങൾ പരിഗണിക്കാൻ ഈ സർക്കാർ മുൻകൈ എടുക്കണം. ഈ ബഡ്ജററിൽ അവരുടെ ക്ഷേമകരമായ പരിപാടികൾക്ക് രൂപം കൊടുത്തിട്ടുള്ളത് ആശ്വാസകരമാണ്. പക്ഷേ ആ കാക്കി ഉടുപ്പുകാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം.

പിന്നെ കോടതിയുണ്ട്. മുനിസിഫ് കോടതികളുടെ തുക വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. പക്ഷേ ഈ രാജ്യത്ത് റവന്യൂവിൽ കൂടുതൽ സമ്പാദിക്കുന്ന കോടതികളിലെ അഭിഭാഷകരുടെയും ജുഡീഷ്യൽ ആഫീസറൻമാരുടെയും കാര്യം ഇവിടെ പരിഗണിക്കപ്പെട്ടിട്ടില്ല. ജുഡീഷ്യൽ ആഫീസറൻമാർക്ക് താമസസൗകര്യങ്ങളില്ല. കോടതികളിൽ വേണ്ടത്ര ഫർണിച്ചറുകളില്ല. പെൻഷൻകാർക്കുപോലും ആനുകൂല്യം കൊടുത്തിട്ടുള്ള സർക്കാർ അഭിഭാഷകരുടെ ക്ഷേമപദ്ധതിക്ക് ഫലപ്രദമായ നടപടി കൈക്കൊള്ളാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ പനങ്ങാട് കേസിനെപ്പററി പറഞ്ഞു. അതിന് അപ്പീൽ കൊടുത്തിട്ട് മാത്രം കാര്യമില്ല. കർത്തവ്യ നിർവ്വഹണത്തിൽ കൃത്യവിലോപം കാണിച്ച ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്യാനും മേലാൽ അത്തരത്തിൽ പ്രവർത്തിക്കാതിരിക്കാനും നടപടി വേണം.

മെഡിക്കൽ കോളേജിന് ഡയറക്ടറേററ് ആരംഭിക്കണമെന്ന നിർദ്ദേശം നല്ലതുതന്നെ. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പരിപാടിക്കുവേണ്ട സംഖ്യ ബഡ്ജററിൽ കൊള്ളിക്കാതിരുന്നത് പ്രതിഷേധാർഹമാണ്. കോളേജുകളുടെയും വിദ്യാർത്ഥികളുടെയും എണ്ണം വർദ്ധിപ്പിച്ചതുകൊണ്ടാണല്ലോ പുതിയ സർവ്വകലാശാല എന്ന നിർദ്ദേശം വന്നത്. ഇവിടെ പലരും പ്രസംഗിച്ചതു കേട്ടപ്പോൾ കേരള സർവ്വകലാശാല ബൈഫർക്കേററ് ചെയ്യുന്ന ഒരു പരിപാടിയായിട്ടാണ് എനിക്ക് തോന്നിയത്. ദീർഘവീക്ഷണത്തോടുകൂടി ആലോചിക്കുന്നവർ കേരള യൂണിവേഴ്സിററിയും കോഴിക്കോട് യൂണിവേഴ്സിററിയും ഉള്ളപ്പോൾ രണ്ടു യൂണിവേഴ്സിററിയിലേയും ചില പ്രദേശങ്ങൾ ചേർത്ത് കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനമായ തൃശ്ശിവപേരൂരിൽ വേണം പുതിയ സർവ്വകലാശാല സ്ഥാപിക്കേണ്ടത് എന്നാണ് എന്റെ അഭിപ്രായം.

പിന്നെ ഇവിടെ തൊഴിൽ നൽകാൻ ശ്രമിക്കുന്നതിനെക്കുറിച്ച് ചിലർ ആക്ഷേപം പറഞ്ഞു. തങ്ങൾ അധികാരത്തിൽ ഇരുന്നപ്പോൾ തൊഴിലവസരം സൃഷ്ടിക്കാതെ തങ്ങളുടെ കുഞ്ഞാടുകളെ തെരുവീഥിയിലൂടെ നടത്തുകയും ഡൽഹിയിലേക്ക് കള്ളവണ്ടി കയറുകയും ചെയ്ത ആളുകൾ സെൽഫ് എംപ്ലോയ്മെന്റ് സ്കീം കൊണ്ടുവരുമ്പോൾ ആക്ഷേപിക്കുന്നത് മനസിലാക്കാം. പക്ഷേ ഈ രാജ്യത്ത് യുവജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യാശ നൽകുന്ന ഒരു പരിപാടിയാണ് അത്. ഒരു കാര്യം കൂടി എനിക്ക് പറയാനുണ്ട്.

ഉദ്യോഗനിയമന രംഗത്ത് നിരവധി തസ്തികകൾ ഒഴിവുണ്ടായിട്ടും അത് റിപ്പോർട്ട് ചെയ്ത് റിക്രൂട്ട് ചെയ്യാനുള്ള കാലതാമസം മൂലം നൂറുകണക്കിന് ആയിരക്കണക്കിന് തൊഴിലില്ലാത്ത യുവജനങ്ങൾ ഈ രാജ്യത്ത് നടക്കുമ്പോൾ ഇവിടെ ഒഴിവുള്ള തസ്തികകളിൽ ആവശ്യാനുസരണം

നിയമനം നടത്താൻ സാധിക്കാതെ വരുന്നു. ഇലക്ട്രിസിററി ഡിപ്പാർട്ടുമെൻറിൽ റിട്ടയാർഡ് ഉദ്യോഗസ്ഥൻമാരെപോലും നിയമിക്കുന്നു. ഈ സ്ഥിതിക്ക് മാററം വരുത്താൻ ഒരു അഡ്വാൻസ് റിക്രൂട്ടുമെൻറ് എന്ന നിലയ്ക്ക് വരാവുന്ന ഒഴിവുകളെ മുൻകൂട്ടി കണ്ടുകൊണ്ട് ആൻറിസിപേററ് ചെയ്ത് കൊല്ലംതോറും റിക്രൂട്ട് ചെയ്യുന്ന ഒരു പരിപാടി ഇവിടെ ആവിഷ്കരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇവിടെ വിദ്യാഭ്യാസ രംഗത്തെപ്പററി പറഞ്ഞു. തൃശ്ശൂരിൽ ഒരു കോളേജ് ഉണ്ടാക്കിയിട്ട് കൊല്ലങ്ങൾ വളരെയായിട്ടും കുട്ടനെല്ലൂരിൽ സ്ഥലമെടുത്തിട്ട് അവിടെ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുപോലുമില്ല. ബുദ്ധിശക്തികൊണ്ട് മുന്നിൽ നിൽക്കുന്നവരാണ് കേരളീയരെങ്കിലും അഖിലേന്ത്യാ സർവ്വീസുകളിലും അഖിലേന്ത്യാ പരീക്ഷകളിലും പിന്നോക്കം നിൽക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. അതുകൊണ്ട് ചെറുപ്പക്കാർക്ക് തൊഴിൽ നൽകാനുള്ള കോംപിററിററീവ് എക്സാമിനേഷന് കൂടുതൽ മാർക്ക് കിട്ടാവുന്ന വിധം വേണ്ട ട്രെയിനിംഗ് കൊടുക്കാനുള്ള സെൻററുകൾ ഈ രാജ്യത്ത് ഉണ്ടാകണം.

ഈ രാജ്യത്ത് പത്രപ്രവർത്തകരുടെ ഭവനനിർമ്മാണം ഈ ബഡ്ജററിൽ കൊള്ളിക്കാത്തത് വളരെ ഖേദകരമായിപ്പോയി. ഇങ്ങനെ ഫലപ്രദമായ പലതും ഈ സർക്കാർ ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. സാധാരണക്കാരുടെയും ദുർബല വിഭാഗങ്ങളുടെയും യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും എല്ലാ വിഭാഗത്തിലുംപ്പെട്ട ആളുകളുടെയുമൊക്കെ പ്രശ്നങ്ങളെ യാഥാർത്ഥ്യബോധത്തോടുകൂടി കണക്കിലെടുത്തുകൊണ്ടുള്ള വസ്തുനിഷ്ഠമായ ഈ ബഡ്ജററിനെ ഞാൻ പരിപൂർണ്ണമായി പിന്താങ്ങുന്നു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, ഈ ബഡ്ജററ് നിർദ്ദേശത്തെ ഞാൻ എതിർക്കുന്നു. എതിർക്കണമെന്ന് വാശി ഉള്ളതുകൊണ്ടോ അക്ഷമ കൊണ്ടോ അല്ല അതു ചെയ്യുന്നത്. അങ്ങേയററം സഹതാപപൂർവ്വം ഈ നിർദ്ദേശങ്ങളെപ്പററി ആലോചിക്കാൻ തയ്യാറുള്ളവരാണ് ഈ ഭാഗത്തിരിക്കുന്നത്. ഇപ്പോൾ എതിർത്തേ തീരൂ, പിന്നെ ചാൻസ് കിട്ടുകയില്ല എന്നുള്ള തെററിദ്ധാരണയും ഞങ്ങൾക്കില്ല. ധാരാളം ചാൻസ് വിമർശിക്കുന്നതിനും എതിർക്കുന്നതിനും ഇനിയും ഞങ്ങൾക്ക് കിട്ടുമെന്നും അറിയാം. പക്ഷേ എതിർക്കാതിരിക്കാൻ നിർവാഹമില്ലാത്തവിധത്തിൽ വളരെ നിരാശാജനകമായ നിർദ്ദേശങ്ങളാണ് ഈ ബഡ്ജററ് നിർദ്ദേശങ്ങളിൽ അടങ്ങിയിരിക്കുന്നതെന്നുള്ളതാണ് സത്യം. ഇതിനിടയിൽ പറയട്ടെ എനിക്ക് വളരെ രസകരമായ ഒരനുഭവമുണ്ടായി. ധനകാര്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ ചെയ്ത പ്രസംഗവും 1951-ൽ അദ്ദേഹം തന്നെ ധനകാര്യമന്ത്രി ആയിരുന്നപ്പോൾ ചെയ്ത പ്രസംഗവും കൂടി ഒപ്പം ഞാൻ ഒന്നു വായിച്ചുനോക്കി. എല്ലാവരും അങ്ങനെ ചെയ്യണമെന്ന് ഞാൻ അപേക്ഷിക്കുകയും ചെയ്യുന്നു. ഇതിൽപ്പരം വളരെ നല്ല ഒരു എൻറർടെയിൻമെൻറ് നമുക്ക് കിട്ടാനില്ല. ഒരു പുഷ്ബട്ടൻ രീതിയിൽ ഒരു ബട്ടൺ അമർത്തിയാൽ ഉണ്ടാകുന്ന തരത്തിലുള്ള, ആവേശമുള്ള അദ്ദേഹത്തിൻെറ കഴിഞ്ഞകൊല്ലത്തെ പ്രസംഗത്തിൽ അദ്ദേഹം കേന്ദ്രഗവൺമെൻറ് നമ്മളോട് കാണിക്കുന്ന അനീതിയെപ്പററി നാലുഖണ്ഡികകൾ കാര്യകാരണ സഹിതം, യുക്തിപൂർവ്വം, വസ്തുതകൾ നിരത്തിവച്ച് പറഞ്ഞിരിക്കുന്നത് ഒരു വക്കീലിൻെറ രീതിയിൽ ആർഗ്യൂ ചെയ്തു. അദ്ദേഹം പാലായിലെ വക്കീൽതന്നെയാണ്. അതുപോലെ തന്നെ എത്ര ഭംഗിയായിട്ട് എത്ര നല്ല Chaste flowing language-ൽ ആണ് സൃഷ്ടിപരമായ സഹകരണത്തെപ്പററി (Constructive Corporation) യും ഒരു Strong Centre and happy state എന്നതിനും വേണ്ടി അദ്ദേഹം ഇപ്പോൾ പ്രസംഗിച്ചിരിക്കുന്നത്. അദ്ദേഹത്തിൻെറ ആ അത്ഭുത സിദ്ധിയുടെ

LIBRARY ARCHIVES Kerala Legislative Assembly

മുമ്പിൽ, കൂസലില്ലായ്മയുടെ മുമ്പിൽ ഒരു നമസ്കാരം, സർ. ഈ ബഡ്ജററിലെ നിർദ്ദേശങ്ങളെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മാനിഫസ്റേറാ വച്ചിട്ടേ ഞങ്ങളുടെ plate form നെ നയപരിപാടികളെ ഉരക്കല്ലായി, മാനദണ്ഡമായി, ഉപയോഗപ്പെടുത്തിക്കൊണ്ടോ വിമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതല്ല ഉദ്ദേശം. ഞാൻ ഈ ബഡ്ജററിനെപ്പററിയുള്ള അഭിപ്രായം രൂപികരിക്കുന്നതിൽ മറുഭാഗത്തുള്ളവരുടെ ചില അടിസ്ഥാന രേഖകൾതന്നെ എടുക്കാനാണാഗ്രഹിക്കുന്നത്. അതായത് ഗവർണ്ണറുടെ നയപ്രഖ്യാപനവും ഈ സർക്കാരിന്റെ നേതൃത്വത്തിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ "എക്കണോമിക്ക് റെവ്യൂ" എന്നു പറയുന്ന രേഖയും. ഇതു രണ്ടിനേയും എന്റെ frame ഓഫ് റഫറൻസ് ആക്കി വച്ചുകൊണ്ട് വിലയിരുത്തി ചില അഭിപ്രായങ്ങൾ ഈ സഭയിൽ പറയാനാണു ഞാൻ ആഗ്രഹിക്കുന്നത്. എക്കണോമിക്ക് റെവ്യൂവിൽ ഉള്ള വസ്തുതകൾ എടുത്തുനോക്കുകയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തിനു ആസന്ന ഭാവിയിൽ സംഭവിക്കാൻപോകുന്ന തകർച്ചയെപ്പററിയെല്ലാം വരെയധികം ഉൽക്കണ്ഠ നമുക്ക് ഉണ്ടാകുന്ന കാര്യങ്ങൾ ഇതിൽ എണ്ണിയെണ്ണി പറഞ്ഞിട്ടുണ്ട് എന്നു കാണാം. ആ വസ്തുതകൾ മാത്രം എടുത്താൽ മതിയാകും. ഒരു വസ്തുത നമ്മുടെ നാട്ടിലെ പ്രൈമറി സെക്ടറിൽ, സെക്കൻററി സെക്ടറിൽ ഒക്കെയുള്ള ഉല്പാദനം കീഴോട്ടുപോയിരിക്കുന്നു. ആധുനികവൽക്കരണരംഗത്തിൽ പഞ്ചാബിനോടൊപ്പം എത്തുകയില്ലെങ്കിലും കാര്യമായ പുരോഗതി നേടിയെടുത്ത കേരളത്തിലെ പ്രൈമറി സെക്ടറിൽ, അതായതു കാർഷിക മേഖലയിൽ ഉല്പാദനം നാലരശതമാനം 'റിയൽ ടേംസിൽ" നോക്കുകയാണെങ്കിൽ കീഴോട്ടു പോയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്ത വരുമാനം കീഴോട്ടുപോന്നിരിക്കുകയാണ് എന്നു സ്റേററ് പ്ലാനിംഗ് ബോർഡ് പറയുന്നു. വളരെ ചെറിയ, പോയിൻറ് വൺ പെർസൻറ് മാത്രം ആണെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ അതിനേക്കാൾ എത്രയോ കൂടുതൽ ഇടിവ് വന്നിരിക്കുകയാണ്. അതുപോലെ നമ്മുടെ സംസ്ഥാനത്തിലെ ആളോഹരി വരുമാനം അഖിലേന്ത്യാ ആവറേജുമായി താരതമ്യപ്പെടുത്തുമ്പോൾ അഖിലേന്ത്യാ ആവറേജ് 175 ആണെങ്കിൽ നമ്മുടെ ശരാശരി വരുമാനം 164 ആയി ചുരുങ്ങിയാരിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഉല്പാദിപ്പിച്ചുകൊണ്ടിരുന്ന എല്ലാചരക്കുകളുടെയും ഭൗതിക വസ്തുക്കളുടെയും(മെററീരിയൽ ഗുഡ്സിന്റെ)യും ഉല്പാദനം കുത്തനെ കീഴോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പ്രധാന വ്യവസായങ്ങളെല്ലാം കുഴപ്പത്തിലാണ്. ദീർഘകാലമായി കുഴപ്പത്തിൽ കിടക്കുന്ന കശുവണ്ടി, കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്കു പുറമേ നമ്മുടെയെല്ലാം ഒരു കാലത്തെ അഭിമാനമായിരുന്ന കേരളത്തിലെ തേയില വ്യവസായം ഇന്ന് അധോഗതിയിലായി തലകുത്തനെ വീണു കഴിഞ്ഞിരിക്കുകയാണ്.

നമ്മൾ 'ബിററർ ഷുഗറി'നെപ്പററി, ഇന്ത്യയിലെ കയ്പേറിയ പഞ്ചസാരയെപ്പററി കേട്ടിരുന്നു. ഇപ്പോൾ കേൾക്കുകയാണ് അതുപോലെ കയ്പേറിയ തേയിലയെപ്പററി. തേയില വ്യവസായം അടച്ചുപൂട്ടാറായി. തേയില ലേലം കോയംബത്തൂർ പോയതുമൂലം കുഴപ്പമായി. ഇങ്ങനെ മുടിഞ്ഞ ഒരു തറവാട്ടിലെ കാരണവരാണെന്നറിയാതെ ഞെളിഞ്ഞിരിക്കുകയാണ് ധനകാര്യമന്ത്രി. ഏതുവശം എടുത്തു പരിശോധിച്ചാലും ഈ തകർച്ച നമുക്ക് കാണാൻ കഴിയും. അങ്ങനെ തകർച്ചയുടെ കപ്പിത്താനായിട്ട് ധനകാര്യമന്ത്രി ഇരിക്കുകയാണ്. പ്രധാനമായിട്ട് മറെറാരു കാര്യംകൂടി പറയാനുണ്ട്. നമ്മുടെ സെക്കൻററി സെക്ടർ അതായത് വ്യവസായം ഉൾപ്പെടെയുള്ള മേഖലയിൽ ഉല്പാദനം കുറഞ്ഞുവരികയാണ്. അവിടെയും പുതിയതായി ഉരുവാക്കിയ മൂല്യം (Value added) നോക്കുകയാണെങ്കിൽ അതു രണ്ടു ശതമാനം കീഴോട്ടു വന്നിരിക്കുകയാണ്.

അങ്ങനെ സാർവ്വത്രികമായിട്ടുള്ള സാമ്പത്തിക തകർച്ചയുടെ നടുവിൽ നിന്നുകൊണ്ട് അവയുടെ ചുക്കാൻ പിടിക്കേണ്ട ആരം പാലിക്കേണ്ട പരിഗണനകരം ബഡ്ജററിന്റെ കാര്യത്തിൽ പാലിക്കേണ്ട തത്വമെന്തെന്നു പറയുന്നതിനുമുമ്പ് ഈ ഐക്യജനാധിപത്യ മുന്നണിയെന്ന ഓമനപേരിൽ അറിയപ്പെടുന്ന ഈ കൂട്ടുകെട്ട് എന്തൊാക്കയാണ് അവരുടെ നയങ്ങളെന്നു പ്രഖ്യാപിച്ചിരിക്കുന്നതെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ കാണിച്ചിട്ടുണ്ട്. അതൊന്നു പരിശോധിച്ചു നോക്കണം. രണ്ടു മൂന്നു കാര്യങ്ങളാണ് അതിൽ പ്രധാനമായും പറയുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. പ്രധാനമായും പറയുന്നത് ഇതിനുമുമ്പ് ഇവിടെ ഇരുന്ന സഖാവ് നായനാരുടെ നേതൃത്വത്തിലുണ്ടായിരുന്ന ഇടതുജനാധിപത്യമുന്നണി ഗവൺമെൻറിനെ ഇവിടെ നിന്ന് അടിച്ചിറക്കി പകരം വന്നപ്പോരം ജനങ്ങരം ഞങ്ങളെ ഏല്പിച്ച ജോലി, കർത്തവ്യം, ഈ വ്യവസായ തകർച്ചയിൽ നിന്നും സാർവ്വത്രികമായ സാമ്പത്തിക തകർച്ചയിൽനിന്നും ഈ രാജ്യത്തെ രക്ഷിക്കുക എന്നുള്ളതല്ല നേരേമറിച്ച് തകർച്ചയുടെ സ്ഥിതി എങ്ങനെയും ആയിക്കൊള്ളട്ടെ, ജനങ്ങളുടെ ജീവിതം എങ്ങനെയും പൊളിഞ്ഞു പോകട്ടെ, ജനങ്ങരം കഷ്ടപ്പെട്ടു കൊള്ളട്ടെ, തൊഴിലില്ലായ്മ വർദ്ധിക്കട്ടെ, ഞങ്ങളെ ഏല്പിച്ച ചുമതല നിയമവും സമാധാനവും ഏററവും കർശനമായി പാലിക്കുക എന്നുള്ളതാണ്. ലാത്തി ശ്രീമാൻ വയലാർ രവിയെ ഏല്പിച്ചിരിക്കുകയാണ്. രാജ്യം നന്നാക്കാൻ മുഖ്യ കടമയായിപറയുന്നത് നിയമസമാധാനം പാലിക്കുക മാത്രമാണ്. രണ്ടാമത്തെ കടമ ഉറച്ച "സ്റേറബിരം" ഗവൺമെൻറ് ആ സ്റേറബിരം ഗവൺമെൻറിനുള്ള മാർഗ്ഗങ്ങളും ഗവർണ്ണറുടെ പ്രസംഗത്തിനകത്ത് നിർദ്ദേശിക്കുന്നുണ്ട്. ആ സ്റേറബിരം ഗവൺമെൻറിന്റെ മാർഗ്ഗം എന്താണെന്നുവെച്ചാൽ കേന്ദ്രവുമായി ഉരസാതെ കേന്ദ്രത്തിനോട് കേരളത്തിന്റെ കാര്യങ്ങളെപ്പററി കണക്കു പറയാതെ കേന്ദ്രം പറയുന്നത് സമ്മതിച്ചുകൊണ്ട് സഹകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന, അതിൽകൂടി "സ്ററബിലിററി" കൈവരുത്തുന്ന, സ്റേറബിരം ഗവൺമെൻറ് ഇതുരണ്ടുമാണ് എഴുതിവച്ചിരിക്കുന്നത്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഇതിനു മുമ്പിരുന്ന ഇടതുപക്ഷ ഗവൺമെൻറിൽനിന്ന് വ്യത്യസ്തമായി പുതിയതായി അവതരിപ്പിക്കുന്ന നയം ഇതു രണ്ടുമാണ്. ഈ നയപ്രഖ്യാപനവും ഈ നാട്ടിലെ സാമ്പത്തിക സാമൂഹ്യ രംഗത്തുള്ള യാഥാർത്ഥ്യങ്ങളും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഇതൊക്കെ കേട്ടാൽ ഓർമ്മവരുന്നതു ഒരു പഴയ ഈരടിയാണ്. "God is in heaven and all is well with the world" ഇന്ദിരാഗാന്ധി ഡൽഹിയിൽ ഇരുപ്പുണ്ട്. അതുകൊണ്ട് കേരളത്തിൽ എല്ലാം അവരുടെ ഇഷ്ടംപോലെ നടക്കും എന്നുള്ള നിലയ്ക്കാണ് എത്തുന്നത്. ഇങ്ങനെ ഒരു നയപ്രഖ്യാപനത്തിൽ ഉറച്ചുനിന്നുകൊണ്ട് അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററാണ് ശ്രീമാൻ മാണി ഇത്തവണ ഐക്യജനാധിപത്യ മുന്നണിയുടെ പേരിൽ അവതരിപ്പിച്ചിരിക്കുന്നത് എന്താണു സർ ഇതുപോലൊരു സ്ഥിതിവന്നാൽ, ബഡ്ജററിൽ തന്നെ സമ്മതിക്കുന്നുണ്ട്. തൊഴിലില്ലായ്മ ഭീകരമായി വർദ്ധിച്ചിരിക്കുന്നു. തൊഴിലില്ലാത്തവർ 19 ലക്ഷമായി കൂടിയിരിക്കുന്നു. തൊഴിലില്ലായ്മ ഇന്ത്യയിൽ ആകെ ഉള്ളതിന്റെ പത്തു ശതമാനം കേരളത്തിലാണ്. കേരളത്തിൽ ലേബർ ഫോഴ്സിന്റെ അഞ്ചിലൊന്ന് തൊഴിലില്ലാത്തവരാണ്, ഇതൊക്കെ പറയുന്ന ഗവൺമെൻറുതന്നെ അംഗീകരിക്കുന്ന മറെറാരു കാര്യമുണ്ട്. ഈ സ്ഥിതിക്കു നിവാരണമുണ്ടാകേണ്ട നമ്മുടെ വികസന പ്ലാൻ ചുരുങ്ങി വന്നിരിക്കുകയാണ്. ആകെ ഇന്ത്യയ്ക്ക് ഒട്ടാകെ 74,000 കോടി രൂപയുടെ പ്ലാൻ ഉണ്ടായിരുന്ന കാലത്ത് കേരളത്തിനാകെ അനുവദിച്ചിരുന്ന തുകയിൽനിന്നും കുറവാണ്. ഇപ്പോരം 97,500 കോടി രൂപയായി പ്ലാൻ വർദ്ധിപ്പിച്ച ഈ സമയത്ത് കേരളത്തിനു തന്നിരിക്കുന്നത് വെറും 275 കോടി രൂപയാണ്. ഇതാണ് ഇപ്പോരം ഈ കൊല്ലം കിട്ടുന്നത്. റിസോഴ്സ്സ് ഇല്ല. ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. എന്റെ

LIBRARY ARCHIVES Kerala Legislative Assembly

സുഹൃത്ത് ശ്രീ. ശങ്കരനാരായണ പിള്ള മിനഞ്ഞാന്നു പറഞ്ഞതുപോലെ എല്ലാ വകുപ്പിലും ഇൻഡസ്ട്രി, കൃഷി പോലുള്ള എല്ലാ വകുപ്പുകളിലും അലോട്ടുമെൻറ് ചുരുക്കിയിരിക്കുകയാണ്. പകുതികണ്ടു ചുരുക്കിയിരിക്കുകയാണ്. പകുതി കണ്ടെന്നു പറഞ്ഞാലും പോര. ഇതു നടപ്പിലാകുമ്പോഠം വിലക്കയററം കൊണ്ട് പ്രൈസ് എക്സലേഷൻ മൂലം ഇത് നാലിലൊന്ന് ആയി കുറയും. അങ്ങനെ ചുരുങ്ങിച്ചുരുങ്ങി വരുന്ന സമയത്ത് ബഡ്ജററ് ഉണ്ടാക്കുന്ന ഒരാഠം സ്വീകരിക്കേണ്ട പ്രാഥമികമായ സമീപനം സ്വീകരിച്ചിട്ടില്ല എന്നുള്ളത് വളരെയധികം ഖേദകരമാണ്. ഞാൻ വളരെ ശക്തിയേറിയ ഭാഷ ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്നില്ല. വളരെ കഷ്ടമാണ് ഇതൊക്കെക്കൊണ്ട് രാഷ്ട്രീയമൊക്കെ എന്തായാലും ഈ രാജ്യത്തെ ഒക്കെ മുടിക്കുകയാണ്. ഏററവും പ്രധാനമായി സ്വീകരിക്കേണ്ട പ്രാഥമികമായ സംഗതി ചെലവു ചുരുക്കലാണ്. ചെലവു ചുരുക്കൽ സംബന്ധിച്ച് രണ്ടു മൂന്നു സ്ഥലത്ത് എന്തോ ഭംഗിവാക്കുകഠം പറഞ്ഞിട്ടുള്ളതൊഴിച്ചാൽ മററെന്തുണ്ട്? ചെലവു ചുരുക്കലാണോ ഈ ബഡ്ജററിന്റെ പ്രധാനപ്പെട്ട സ്വഭാവവിശേഷം. എല്ലാവർക്കും മനസ്സിലാകുന്ന ഒരു ചെറിയ കാര്യം ഞാൻ പറയാം. 19 മന്ത്രിമാരെ ഉണ്ടാക്കി ; സന്താന കമ്മിററി റിപ്പോർട്ടിന്റെ ശുപാർശ എവിടെ പോയി? 19 മന്ത്രിമാർക്കുംകൂടി പത്രത്തിലൊക്കെ വന്നു 419 പേരുണ്ടു പേഴ്സണൽ സ്ററാഫിൽ എന്നാണ്. പ്രൈവററ് സെക്രട്ടറി, സ്പെഷ്യൽ പ്രൈവററ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, അഡീഷണൽ പ്രൈവററ് സെക്രട്ടറി, അസിസ്ററൻറു പ്രൈവററ് സെക്രട്ടറി, പി. എ., സ്പെഷ്യൽ പി.എ. എന്നുവേണ്ട ഇതാണോ സർ ചെലവുചുരുക്കൽ? ഇതുചെയ്യുന്ന ആളുകഠംക്ക് ചെലവുചുരുക്കലുള്ള ബഡ്ജററ് ഉണ്ടാക്കാൻ കഴിയുമോ സർ. ഇതാണ് ചെയ്തിരിക്കുന്നത്. ഇവിടത്തെ ഭരണചെലവു കേരള സംസ്ഥാന രൂപീകരണ സമയത്ത് 5 കോടി രൂപ ആയിരുന്നു. ഇപ്പോഠം അതു 70 കോടി രൂപയാണ്. എന്റെ കണക്കല്ല. ഇവിടെ തന്ന "ബഡ്ജററ് ഇൻ ബ്രീഫ്" എന്നു പറയുന്ന ചിത്രങ്ങഠം അടങ്ങിയ പുസ്തകത്തിലെ കണക്കാണ്. 70 കോടി രൂപ. ഒരു കോടി രൂപ ആയിരുന്നു 1957-ൽ പോലീസ് ചെലവ് ഇന്നോ ? ഇന്ന് അത് 45 കോടി രൂപയാണ്. ഒരുപാട് ഇങ്ങനെ വിതരണം ചെയ്യുകയാണ്. ഞങ്ങളൊക്കെ ചരിത്രം പഠിച്ച കാലത്ത് ശ്രീമൂലം തിരുനാഠം വഴിക്കിണർ ഉണ്ടാക്കി, ചോലവൃക്ഷം നട്ടുപിടിപ്പിച്ചു, വഴിയമ്പലം ഉണ്ടാക്കി എന്നൊക്കെയുള്ള മഹാത്ഭുതങ്ങഠം!അതുപോലെ ശ്രീമാൻ മാണിയുടെ പേരും ഭാവിചരിത്രത്തിൽ വരണമെന്നായിരിക്കും.

മിതവ്യയത്തെക്കുറിച്ച് യാതൊരു സമീപനവും ഇതിലില്ല. ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്, ഉള്ള പണം വളരെ സൂക്ഷിച്ച് ബുദ്ധിപൂർവ്വം ചെലവാക്കുമെന്ന്. അത് തീരെ ഇല്ല ഇതിനകത്ത്. മൂന്നാമതായി ഒരു പ്രയോറിട്ടി സമ്പ്രദായം സ്വീകരിക്കേണ്ട മൗലികമായ പരിഗണന സ്വീകരിക്കുന്നുണ്ടോ എന്നതാണ്. പണം ഇല്ലാത്തപ്പോഠം, വിഭവശേഷി (Resources) വളരെ ചുരുങ്ങിയിരിക്കുമ്പോഠം വികസനപരമായ കാര്യങ്ങഠംക്കുവേണ്ടി പണം ചുരുക്കേണ്ടിവരുന്ന ഒരു അവസരത്തിൽ എന്തെങ്കിലും ഒരു മുൻഗണനാക്രമം വേണ്ടതാണ്; അത്യന്താപേക്ഷിതമാണ്. എന്ത് മുൻഗണനയാണ് സർ ഇവിടെയുള്ളത്. പുതിയ പുതിയ എത്ര കമ്മീഷനുകളാണ്, എത്ര പുതിയ കമ്മിററികളാണ്, എത്ര സർവ്വേകളാണ്, എത്ര സ്പെഷ്യൽ ആഫീസറൻമാരാണ് ഇതിനുവേണ്ടിയൊക്കെ ഉണ്ടായിട്ടുള്ളത്. ഇതുവരെ കമ്മീഷനും പരിപാടിയും ഒന്നും ഇല്ലാഞ്ഞിട്ടാണോ ഒന്നും നടപ്പാക്കാത്തത്. ഈ രാജ്യത്ത് ഇതുവരെ ഉണ്ടാക്കിയ എല്ലാ കമ്മീഷനുകളുടെയും റിപ്പോർട്ടുകഠം എടുത്താൽ ഈ അസംബ്ലി മന്ദിരം നിറഞ്ഞുപോകും. പിന്നെയും കമ്മീഷനുണ്ടാക്കുകയാണ്. ഇപ്പോഠം കൊണ്ടുവന്നിരിക്കുന്നത് ഡയറക്ടോററ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആണ്. എന്തിനാണ് സർ. മദ്രാസിൽ പ്രയോഗിച്ചിട്ട് പ്രയോജന

LIBRARY ARCHIVES Kerala Legislative Assembly

മില്ല എന്നുകണ്ട് പരാജയപ്പെട്ടു. അവർ മതിയാക്കാൻ ആലോചിക്കുന്ന കാര്യമാണ്. എന്തിനാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ആരെയെങ്കിലും സഹായിക്കാനായിരിക്കും. ആയിക്കൊള്ളട്ടെ. പക്ഷേ മററന്തെങ്കിലും തരത്തിൽ സഹായിച്ചാൽ പോരേ. അതുപോലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ സംബന്ധിച്ച് പാസാക്കിയ ഒരു ആക്ററ് ഉണ്ട്. 1950-ൽ പാസ്സാക്കിയതാണ്. അതാണ് നിലവിലുള്ള പാററേൺ. മുമ്പ് ട്രാൻസ്പോർട്ട് ഒരു സർക്കാർ ഡിപ്പാർട്ടുമെൻറായിരുന്നു. ഡിപ്പാർട്ടുമെൻറായിരുന്നപ്പോഴ് കേന്ദ്ര ഗവൺമെൻറ് നിർബന്ധിച്ചാണ് കോർപ്പറേഷനാക്കിച്ചത്. എന്നിട്ട് ഇപ്പോഴ് കമ്പനി ഉണ്ടാക്കുന്നു. പബ്ലിക് സെക്ടർ എന്ന വാക്ക് എഴുതിവച്ചിട്ടുണ്ട്. അങ്ങനെ എഴുതിവച്ചാൽ പബ്ലിക് സെക്ടറാകുമോ? പബ്ലിക് സെക്ടർ എന്നു പറയുമ്പോഴ് എംപ്ലോയീസിനും ദുർബലവിഭാഗങ്ങഴക്കും ഷെയർ എടുക്കുന്നതിന് പണം കൊടുത്ത് ഗവൺമെൻറ് സഹായിക്കുമെന്നാണ് പറയുന്നത്. അതുപോലെ ഏററവും പ്രധാനപ്പെട്ട പ്ലാനിംഗ് ബോർഡിൻെറ കാര്യം. പ്ലാനിംഗ് ബോർഡ് അനാഥമാണ്. പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഇല്ല, മെമ്പർമാർ ഇല്ല, സെക്രട്ടറിയില്ല, ആരുമില്ല. ഈ തരത്തിൽ അത് നടത്തുന്ന ഏർപ്പാടുകൊണ്ട് ഈ രാജ്യം രക്ഷപ്പെടുകയില്ല. ഇപ്പോഴ് വ്യവസായവ്യാപാരികളുടെ കുറെ ഡിമാൻറുകഴ അനുവദിച്ചുകൊടുത്തിട്ടുണ്ട്. ഗുലാത്തി കമ്മീററിയുടെ റിപ്പോർട്ടിലെ ശുപാർശകഴ ഒരു പ്ലാൻ അനുസരിച്ച് നടപ്പാക്കണമെന്ന് കഴിഞ്ഞ രണ്ടുമൂന്ന് കൊല്ലമായി ആവശ്യപ്പെട്ടിട്ട് അത് പരിഗണിക്കാതെ haphazard ആയിട്ട് തോന്നുന്നതുപോലെ വ്യാപാര വ്യവസായസംഘത്തിൻെറ സമ്മർദ്ദത്തിന് വഴങ്ങിക്കൊണ്ട് അവർക്ക് അനവധി ആനുകൂല്യങ്ങഴ ചെയ്തുകൊടുക്കുകയാണ് ചെയ്തത്. അഗ്രിക്കഴച്ചറൽ ഇൻകംടാക്സിന് സീലിംഗ് വർദ്ധിപ്പിച്ചുകൊടുത്തു. സെയിൽസ് ടാക്സിന് എക്സംപ്ഷൻ കൊടുത്തു. സെയിൽസ് ടാക്സ് scale down ചെയ്തുകൊടുത്തു. ഇങ്ങനെ സംഘടിതരായി നിൽക്കുന്ന സ്ഥാപിത താത്പര്യക്കാർക്ക് അനവധി ആനുകൂല്യങ്ങഴ ചെയ്തുകൊടുത്തു. അതു കൊണ്ട് ഇത് സ്ഥാപിതതാൽപര്യക്കാരുടെ ഒരു ബഡ്ജററാണ്. സ്റ്റൌവിൻെറയും പെൻസിലിൻെറയും സെയിൽസ് ടാക്സ് എടുത്തുകളഞ്ഞു കൊണ്ട്, അതുപോലെതന്നെ നോട്ടുബുക്കിൻെറ സെയിൽസ് ടാക്സ് എടുത്തുകളഞ്ഞുകൊണ്ട്, അങ്ങനെയുള്ള ചില്ലറ ചെപ്പടിവിദ്യ കാണിച്ച് ആളുകളുടെ കണ്ണിൽ മണ്ണിടുക എന്നുള്ളതല്ലാതെ ഇതിൻെറ യഥാർത്ഥ സ്വഭാവം പരിഗണിക്കുകയാണെങ്കിൽ ഈ രാജ്യത്തിൻെറ താൽപര്യം പരിഗണിക്കാത്തതും ഈ രാജ്യത്ത് സ്ഥാപിതതാൽപര്യക്കാർക്ക് ഈ ഇല്ലായ്മയിൽ നിന്ന് വീണ്ടും വീണ്ടും എടുത്ത് ദാനംകൊടുക്കുകയും ചെയ്തിട്ടുള്ള ഒരു ജനവിരുദ്ധ ബഡ്ജററാണിതെന്ന് യാതൊരു സംശയവുമില്ല. സമയമില്ലാത്തതുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ഡോക്ടർ കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. സർ, 103 കോടി രൂപയുടെ കമ്മിയുമായി ആണ് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നത്. ആ സാമ്പത്തികഭാരത്തിൽ നിന്നുകൊണ്ട് കേരളത്തിലെ കാർഷികവ്യവസായവ്യാപാരമേഖലയിലാകെ ആശ്വാസം പകരുവാൻ ഉതകുന്ന ഒരു ബഡ്ജററ് ഇവിടെ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ ഗവൺമെൻറിന് ആഹ്ലാദിക്കാനായി വഴിയുണ്ട്. ഒരു ബഡ്ജററിനെക്കുറിച്ച് പറയുമ്പോഴ് ആ ബഡ്ജററ് ഈ രാജ്യത്തെ പ്രശ്നങ്ങളോട് സ്വീകരിക്കുന്ന സമീപനങ്ങളെക്കുറിച്ച് കാണേണ്ടിയിരിക്കുന്നു. ഇവിടത്തെ പ്രശ്നങ്ങളുടെ നേരെ കണ്ണടയ്ക്കുന്ന ഒരു മനോഭാവമാണ് കഴിഞ്ഞ ഇടതുപക്ഷ ഗവൺമെൻറ് കാണിച്ചുവന്നത്. ഈ രാജ്യത്തെ പ്രധാന പ്രശ്നം തൊഴിലില്ലായ്മയാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്ന് എല്ലാ വിഭാഗത്തിൽ പെട്ട ആരംക്കാരും പറയുന്നു. അവർക്ക് തൊഴിൽ സന്ദർഭം ഉണ്ടാക്കാൻ ഇവിടെ വ്യവസായവൽക്കരണം ആവശ്യമാണ് എന്ന് എല്ലാവരും എല്ലാക്കാലവും പറയാറുണ്ട്. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെൻറിന്റെ കാലത്ത് മുൻകാലങ്ങളിലുണ്ടായിരുന്നതിനെക്കാരം തുക കുറയുന്ന ഒരു സ്ഥിതിയാണ് ഉണ്ടായിരുന്നത്. 1981-82-ൽ വ്യവസായവകുപ്പിന് ആകെ പദ്ധതിഅടങ്കലിന്റെ 4 ശതമാനം മാത്രമാണ് നീക്കിവച്ചത്. അത് ഈ വർഷം 1982-83-ൽ 5 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇവിടത്തെ വികസനത്തിനുവേണ്ടി റോഡുകളും, പാലങ്ങളും നിർമ്മിക്കുവാൻ ഉള്ള പദ്ധതിവിഹിതം കഴിഞ്ഞ 1979-80-ൽ 6 ശതമാനം ഉണ്ടായിരുന്നത് 1980-81-ൽ ഇടതുപക്ഷഗവൺമെൻറിന്റെ കാലത്ത് 5 ശതമാനമായും 1981-82-ൽ 4 ശതമാനമായും കുറച്ചുകൊണ്ട് ഇവിടത്തെ പുതിയ വികസനത്തിനുള്ള നീക്കം തടയുകയാണുണ്ടായത്. എന്നാൽ ഈ വർഷം 1982-83-ൽ അത് 5 ശതമാനമാക്കി വീണ്ടും ഉയർത്തിയിരിക്കുന്നു. ഇവിടെ വിദ്യാഭ്യാസവകുപ്പിന് എല്ലാ കാലഘട്ടങ്ങളിലും ഏററവും കൂടുതൽ തുക അനുവദിച്ചുവന്നിട്ടുണ്ട്. ഒരു കാലഘട്ടത്തിൽ ആകെ പദ്ധതിയുടെ 53 ശതമാനം വിദ്യാഭ്യാസവകുപ്പിനുവേണ്ടി നീക്കിവച്ചിരുന്നു. എന്നാൽ 1979-80-ൽ അത് 48 ശതമാനമായിരുന്നത് ഇടതുപക്ഷ മുന്നണിയുടെ കാലത്ത്, 1980-81-ൽ, 43 ശതമാനമായി കുറച്ചു. 1981-82-ൽ അത് 42 ശതമാനമായി കുറയ്ക്കുകയാണുണ്ടായത്. എന്നാൽ ഈ വർഷം വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് 44 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുന്നു. പ്രശ്നങ്ങളോടുള്ള സമീപനം ഇതിൽ നിന്നും വ്യക്തമാകുന്നതാണ്. കാർഷികമേഖലയിൽ നിരവധി ആനുകൂല്യങ്ങരം ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട്. സർ, കാർഷിക മേഖലയിൽ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങരം എന്താണെന്നു നോക്കണം. കഴിഞ്ഞ പ്രാവശ്യത്തെക്കാരം അടങ്കൽ തുകയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല എന്നത് ശരിയാണ്. എന്നാൽപോലും കാര്യമായി പല പദ്ധതികളും ഇവിടെ ഒരു കാർഷിക കമ്മീഷനെ നിയമിക്കുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതേക്കുറിച്ച് പ്രതിപക്ഷം വളരെ മോശമായി സംസാരിച്ചത് ഖേദകരമായിപ്പോയി. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് ഇതുവരെ കർഷകർക്ക് എന്നും ഒരു ഭീഷണിയായിട്ട് ഉണ്ടായിരുന്നതാണ്. എന്നാൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന വിലയിടിവ് നിയന്ത്രിക്കാൻ, ഉണ്ടാകുന്ന ഏററക്കുറച്ചിലുകളുടെ അടിസ്ഥാനത്തിൽ പാരിററി ഇൻഡക്സ് നിശ്ചയിച്ചുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ വില നിയന്ത്രിക്കാനായി ഒരു കാർഷിക കമ്മീഷനെ നിയമിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : കേന്ദ്രഗവൺമെൻറിന്റെ അഗ്രിക്കംച്ചറൽ വിഭാഗത്തിന്റെ ഭാഗമായി തിരുവനന്തപുരത്തു തന്നെ ഒരു പുതിയ കോസ്ററ് ഓഫ് പ്രൊഡക്ഷൻ യൂണിററ് പ്രവർത്തിക്കുന്നു എന്നത് ബഹുമാനപ്പെട്ട മെമ്പറോ ധനകാര്യമന്ത്രിയോ അറിയുന്നുണ്ടോ ?

ഡോക്ടർ കെ. സി. ജോസഫ് : ഇതിനുമുമ്പ് ഈ കമ്മിഷൻ ഉണ്ടായിരുന്നെങ്കിൽ അതിനെക്കുറിച്ച് എന്തെങ്കിലും അന്വേഷിച്ചിട്ടുണ്ടോ ? ഇടതുപക്ഷ ഗവൺമെൻറ് ഭരിച്ചിരുന്ന കാലത്തുപോലും കാലാകാലങ്ങളിൽ ഉണ്ടായിരുന്ന വിലയിടിവ് നിയന്ത്രിക്കാൻ ഒന്നും ചെയ്തിരുന്നില്ലെന്നുള്ളത് പരിഗണിച്ചുകൊണ്ട് ഇനിമേലിലെങ്കിലും ഉണ്ടാകുന്ന കാർഷികോൽപ്പന്നങ്ങളുടെ അസ്ഥിരമായ വില നിയന്ത്രിക്കാൻ, വിലയിടിവ് തടയുവാൻ കാർഷിക കമ്മീഷന്റെ നിയമനം സഹായകരമാകുമെന്നുതന്നെയാണ് എന്റെ അഭിപ്രായം. അതുപോലെ തന്നെ കുട്ടനാട്ടിലെ കൃഷിക്കാർക്കും തൃശ്ശൂർ കോരംനിലങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്കും 25 ശതമാനം വളം സബ്സിഡി ഏർപ്പെടുത്തിയിരിക്കുന്നത് ഏററവും പ്രയോജനകരമാണ്. അതുപോലെ കുട്ടനാട്ടിൽ മൽസ്യം

LIBRARY ARCHIVES Kerala Legislative Assembly

വളർത്തുന്നതിന് ചെയ്തുകൊടുക്കുന്ന സഹായവും വളരെ പ്രാധാന്യമർഹിക്കുന്നു. ഇതെല്ലാംകൊണ്ടുതന്നെ കുട്ടനാടിന്റെ അവികസിത അവസ്ഥയ്ക്ക് ഒരു പരിഹാരമുണ്ടാകുമെന്ന അഭിപ്രായം എനിക്കുണ്ട്. അവികസിതമായി നിൽക്കുന്ന മേഖലയാണ് കുട്ടനാടൻ മേഖല. 14 നിയോജകമണ്ഡലമടങ്ങുന്ന കുട്ടനാടൻമേഖലയെ സംബന്ധിച്ചിടത്തോളം വെള്ളത്താൽ ചുററപ്പെട്ടു കിടക്കുന്ന ഒരു പ്രദേശമാണ്. ആ പ്രദേശത്തിന് സമഗ്രമായ ഒരു വികസനം ഉണ്ടാകണമെങ്കിൽ ഒരു മാസ്ററർപ്ലാൻ ഉണ്ടാക്കി ഓരോ പദ്ധതിയിലും സമഗ്രമായ പരിപാടികൾ തന്നെ ആവിഷ്കരിക്കേണ്ടതുണ്ട്. അതിനുവേണ്ടി കുട്ടനാട് ഡവലപ്പ്മെന്റ് അതോറിററിയെ ശക്തിപ്പെടുത്തി ഇത് പ്രവർത്തിപഥത്തിൽ കൊണ്ടുവരണം എന്നാണ് എനിക്ക് ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

കർഷകരുടെ നേരെയുള്ള അനുഭാവപൂർണ്ണമായ ഈ നയം തന്നെ ഈ ഗവൺമെന്റ് കർഷകത്തൊഴിലാളികളോടും കാണിക്കുന്നു എന്നുള്ളത് സ്വാഗതാർഹമാണ്. കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച കർഷകത്തൊഴിലാളി പെൻഷനിൽ അപാകതയുണ്ടെന്നു മനസ്സിലാക്കിക്കൊണ്ട് ആ ഗവൺമെന്റ് തന്നെ ഇടക്കാലത്ത് നിർത്തിവച്ചതാണ് കർഷകത്തൊഴിലാളി പെൻഷൻ. ആ അപാകത തിരുത്തിക്കൊണ്ട് ഇടത്തട്ടുകാരിൽ നിന്നും കർഷകർക്ക് മോചനം കൊടുത്തുകൊണ്ട് അവർക്ക് നേരിട്ട് കർഷകത്തൊഴിലാളി പെൻഷൻ വേഗം എത്തിച്ചുകൊടുക്കാനുള്ള നടപടി ഈ ഗവൺമെന്റ് കൈക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ഇവിടെ മെഡിക്കൽ ഡയറക്ടറേററ് രൂപീകരിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട നെടുമങ്ങാട് മെമ്പർ പറയുകയുണ്ടായി. അദ്ദേഹം പൈ കമ്മിററി റിപ്പോർട്ട് നടപ്പാക്കിയിട്ടില്ല എന്നു പറഞ്ഞു. പൈ കമ്മിററി റിപ്പോർട്ടിലുണ്ടായ ശുപാർശയിലുള്ള ഒരിനമാണ്; മെഡിക്കൽ ഡയറക്ടറേററ് ഇവിടെ ഉണ്ടാകണമെന്നുള്ളത്. അതിനകത്ത് ഒന്നുമാത്രമേ പറയുന്നുള്ളൂ. ഈ സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസവും പാരാമെഡിക്കൽ വിദ്യാഭ്യാസവും ഒരു ഡയറക്ടറുടെ കീഴിലാകുമ്പോൾ ആ ഡയറക്ടർക്ക് ആ കാര്യങ്ങളുമായി നേരിട്ട് ബന്ധപ്പെടാനുള്ള ഒരു അധികാരം ഉണ്ടാകണമെന്ന് മാത്രമേ പറയുന്നുള്ളു. ആ ഡയറക്ടർ സെക്രട്ടറിയുടെ കീഴിൽ അല്ലാതെ സെക്രട്ടറിയിൽ കൂടി അല്ലാതെ ഗവൺമെന്റുമായി ബന്ധപ്പെടാൻ, മന്ത്രി കാര്യാലയവുമായി ബന്ധപ്പെടാനുള്ള സൗകര്യം ഉണ്ടാക്കണം. ഇങ്ങനെയൊരു തടസ്സം ഉണ്ടാകരുതെന്നു മാത്രമേ പൈകമ്മിററി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളൂ. പൈകമ്മററി റിപ്പോർട്ട് നടപ്പിലാക്കേണ്ടത് കേരളത്തിലെ ആരോഗ്യമേഖലയെ സംബന്ധിച്ചിടത്തോളം വളരെ ആവശ്യമാണ്. എന്തായാലും ഒരു പ്രധാന ഇനമായ മെഡിക്കൽ ഡയറക്ടറേററ് രൂപീകരിക്കാനുള്ള നീക്കം വളരെ സ്വാഗതാർഹമാണെന്ന് പറയുവാൻ ഞാനാഗ്രഹിക്കുന്നു.

സർ, കേരളത്തെ സംബന്ധിച്ചിടത്തോളം ഏതു ഗ്രാമത്തിൽ ചെന്നാലും രൂക്ഷമായിക്കൊണ്ടിരിക്കുന്ന ശുദ്ധജല ദൗർലഭ്യത്തെക്കുറിച്ചു മാത്രമേ പറയുവാനുള്ളൂ. ഏതു നിയോജക മണ്ഡലത്തിലും ഏതു ഗ്രാമങ്ങളിലും ചെന്നു കഴിഞ്ഞാൽ ജനങ്ങൾ ഇന്ന് ഏററവും കൂടുതൽ ആവശ്യപ്പെടുന്നത് ശുദ്ധജലത്തെക്കുറിച്ചാണ്. കുട്ടനാട്ടിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട തോമാസ് ജോൺ എം. എൽ. എ. ആയിരുന്ന കാലംമുതൽ കുട്ടനാട്ടിലെ ശുദ്ധജല വിതരണ പദ്ധതിയെക്കുറിച്ച് സംസാരിക്കാറുണ്ട്. വെള്ളത്തിൽ ആണ്ടുകിടക്കുന്ന പ്രദേശമാണ് കുട്ടനാട്. അവിടത്തെ സ്ഥിതിയെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ "വെള്ളം വെള്ളം, സർവ്വത്ര വെള്ളം, കുടിക്കാൻ വെള്ളമില്ലത്രെ" അതാണ് സ്ഥിതി. അവിടത്തെ ജനങ്ങൾക്ക് മരിക്കുമ്പോഴെ



LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും ശുദ്ധജലം കുടിക്കാനുള്ള ഒരവസരം ഉണ്ടാക്കാൻ വേണ്ടിയെങ്കിലും ശുദ്ധജല വിതരണ പദ്ധതി ഊർജസ്വലമായി നടപ്പാക്കണമെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു.

കുട്ടനാട്ടിലെ കർഷകർക്ക് മാത്രമല്ല, കേരളത്തിലെ കർഷകർക്ക് മുഴുവനും പലവിധ ആനുകൂല്യങ്ങളും ഈ ഗവൺമെൻറ് നൽകുന്നുണ്ട്. ആ ആനുകൂല്യങ്ങൾ മുഴുവനായിതന്നെ കർഷകരിൽ എത്തിച്ചേരാത്ത ഒരു പരിതസ്ഥിതിയാണ് അവിടെയുള്ളത്. മദ്ധ്യവർത്തികൾ, ഇടത്തട്ടുകാർ അത് ചൂഷണം ചെയ്യുന്നു. കർഷകർക്ക് മുഴുവനായി എത്തിക്കുന്നില്ല. കൊടുക്കുന്ന ആനുകൂല്യങ്ങൾ മുഴുവനായിതന്നെ കർഷകരിൽ എത്തിച്ചേരാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി അത് നടപ്പാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ കാലഘട്ടങ്ങളിൽതന്നെ പമ്പിംഗ് സബ്സിഡി കുട്ടനാട്ടിലെ കർഷകർക്ക് അനുവദിച്ചു. നീണ്ടുനിന്ന കർഷകസമരങ്ങളുടെ അടിസ്ഥാനത്തിൽ ആ സമരങ്ങളുടെ പേരിൽ സമ്മർദ്ദങ്ങൾക്കു വിധേയമായി ഗവൺമെൻറ് അനുവദിച്ചിരുന്ന സബ്സിഡി അതിൽപോലും മായം ചേർക്കാനാണ് കഴിഞ്ഞ ഗവൺമെൻറു നടപടി സ്വീകരിച്ചത്. അന്ന് ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥ അനുസരിച്ച് ഉണ്ടാക്കിയ പമ്പിംഗ് സബ്സിഡി പൂർണ്ണമായി കർഷകർക്ക് എത്തിച്ചേരുന്ന വിധത്തിലുള്ള ഓർഡറല്ല കഴിഞ്ഞ ഗവൺമെൻറ് ഉണ്ടാക്കിയത്. 100 ശതമാനം സബ്സിഡി കൊടുക്കാനുള്ള ആ തീരുമാനം പരിപൂർണ്ണമായിതന്നെ നടപ്പാക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്. ഒന്നാം കൃഷിക്കു കൊടുക്കുന്ന ആനുകൂല്യങ്ങൾ രണ്ടാം കൃഷിക്കും നടപ്പാക്കേണ്ടതായിട്ടുണ്ട്. ഒന്നാം കൃഷിക്ക് കൊടുക്കുന്നതുതന്നെ 100 ശതമാനം കൊടുക്കുന്നില്ല. അതുകൊണ്ട് കുട്ടനാട്ടിലെ കർഷകർക്ക് കാര്യമായ പരിഗണന ഉണ്ടാകണമെന്ന് ഞാൻ പറയുകയാണ്. കാർഷിക, വ്യാവസായിക വ്യാപാര മേഖലകൾക്ക് ആകെ, വിദ്യാഭ്യാസ മേഖലകൾക്കാകെ ആശ്വാസം പകരുന്ന ഈ ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി]

<u>ശ്രീ. പി. എം. അബൂബക്കർ</u> : സർ, ബഹുമാനപ്പെട്ട ശ്രീ. കെ എം. മാണി അവതരിപ്പിച്ച ബഡ്ജററ് നിർദ്ദേശങ്ങളോട് ഞാൻ വിയോജിപ്പ് പ്രകടിപ്പിക്കുകയാണ്. ശ്രീമാൻ മാണി ഈ നിയമസഭയിൽ ബഡ്ജററ് അവതരിപ്പിക്കുന്നത് ഇത് ആദ്യത്തെ തവണ അല്ല. ഈ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞപോലെതന്നെ നാലാമത്തെ തവണയാണ്. 1980-ലും 1981-ലും ഇടതുപക്ഷജനാധിപത്യ മുന്നണിക്കുവേണ്ടി ശ്രീമാൻ മാണി ഇവിടെ ബഡ്ജററുകൾ അവതരിപ്പിച്ചു. ഏററവും ഒടുവിൽ 1981 മാർച്ചിൽ ഈ സഭയിൽ ശ്രീമാൻ മാണി ഇടതുപക്ഷജനാധിപത്യ മുന്നണിയിൽ നിന്നുകൊണ്ട് ബഡ്ജററ് അവതരിപ്പിച്ചപ്പോൾ ആ ബഡ്ജററിനെക്കുറിച്ച് അന്ന് ഇപ്പുറത്തിരിക്കുകയും ഇന്ന് അപ്പുറത്തിരിക്കുകയും ചെയ്യുന്ന ശ്രീ. കരുണാകരൻ പറഞ്ഞിരുന്നത് ഈ വാചകമായിരുന്നു സർ, "ചലനമററ ഗവൺമെൻറിന്റെ പ്രതികരണം അർഹിക്കാത്ത ബഡ്ജററ്, ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ യാതൊരു ആത്മാർത്ഥമായ ശ്രമവും ഈ ബഡ്ജററിൽ കാണുന്നില്ല എന്നാണ്." ശ്രീ. കരുണാകരൻ അന്നു നടത്തിയ പ്രതികരണം അതായിരുന്നു. ശ്രീ. മാണി 1981 മാർച്ച് 20-ാം തീയതി ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജററ് ഒരു സ്ററാററസ്കോ ബഡ്ജററ് മാത്രമാണ്. പൊള്ളയായ വാഗ്ദാനങ്ങളുടെ ഘോഷയാത്ര മാത്രമേ ഈ ബഡ്ജററിൽ ഉള്ളൂ; "മല എലിയെ പ്രസവിച്ച അനുഭവം മാത്രം, പ്രഖ്യാപിതമായ നിസ്സാര നികുതി സൗജന്യം, കൃഷിചെലവ് വർദ്ധനവിന് നൽകുന്ന ആനുകൂല്യം

കാര്യമായ ആശ്വാസമായി അനുഭവപ്പെടുന്നില്ല ; എന്നൊക്കെ അന്ന് ഇപ്പുറത്തിരിക്കുകയും ഇപ്പോൾ അപ്പുറത്തിരിക്കയും ചെയ്യുന്ന ജനാബു സി. എച്ച്. മുഹമ്മദുകോയ സാഹിബ് അഭിപ്രായപ്പെട്ടു. ബഡ്ജററിൽ പ്രത്യുല്പാദനപരമായ പ്രവർത്തനങ്ങളെ പാടെ അവഗണിച്ചിരിക്കുകയാണ്. എന്നാണ് അന്ന് ഇപ്പുറത്തിരിക്കയും ഇന്ന് അപ്പുറത്തിരിക്കയും ചെയ്യുന്ന ശ്രീമാൻ പി. ജെ. ജോസഫ് അഭിപ്രായപ്പെട്ടിരിക്കുന്നത്. അവർ അന്ന് പ്രകടിപ്പിച്ചിട്ടുളള ഈ അഭിപ്രായങ്ങളും പ്രതികരണങ്ങളും എല്ലാം ഒന്നായി ചേർത്തു അതുകൊണ്ടൊരു തൊപ്പിയുണ്ടാക്കിയാൽ ആ തൊപ്പി ഇന്ന് ശ്രീമാൻ മാണി ഇവിടെ അവതരിപ്പിച്ച ബഡ്ജററിനായിരിക്കും ഏററവും യോജിക്കുക എന്ന് ഒററ വാചകത്തിൽ മാത്രം പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ സെക്രട്ടേറിയററ് എന്നുളള കണ്ണാടികൂട്ടിൽ കഴിഞ്ഞ 40 ദിവസമായി ശ്രീ. കരുണാകരൻ നടത്തിക്കൊണ്ടിരിക്കുന്ന സർപ്പയജ്ഞ സർക്കാരിന് വേണ്ടിയാണ് ശ്രീ. മാണി ഇവിടെ ഒരു ബഡ്ജററ് അവതരിപ്പിച്ചിട്ടുളളത്. ഇവിടെ കഴിഞ്ഞ ദിവസം ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം സഭയിൽ നടന്ന ചർച്ചാവേളയിൽ തന്നെ പാമ്പിൻ മാളങ്ങളെക്കുറിച്ചും ഇഴജന്തുക്കളെക്കുറിച്ചും എല്ലാം പലവിധത്തിലുളള ഉപമകളെല്ലാം ഇവിടെ നടന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ശ്രീമാൻ കരുണാകരൻ നടത്തുന്ന സർപ്പയജ്ഞ സഹവാസത്തിന്റെ യജ്ഞത്തിൽ പല പാമ്പുകളും ഉണ്ട്. ഈ സർപ്പകൂട്ടിൽ—ശ്രീ. കരുണാകരന്റെ സർപ്പകൂട്ടിൽ രാജവെമ്പാലയുണ്ട്, കരിമൂർഖനുണ്ട്, ചേനത്തണ്ടനുണ്ട്, എട്ടടിമൂർഖനുണ്ട്, നീർകോലിയുണ്ട്, പച്ചില പാമ്പുണ്ട്, ചുരുട്ടയുണ്ട്, പെരുമ്പാമ്പുണ്ട്, എല്ലാമുണ്ട്. പക്ഷെ ഈ പാമ്പുകൾ ഇന്ന് ഈ കൂട്ടിൽ ഇരുന്നുകൊണ്ട് പരസ്പരം കടിപിടി കൂടുകയും കൊത്തുകൂടുകയും ചെയ്യുന്നത് കാണാൻ സാധിക്കുന്നു. സുൽത്താൻബത്തേരി കേന്ദ്രമാക്കികൊണ്ട് ഒരു ട്രാൻസ്പോർട്ട് കമ്പനി രൂപീകരിക്കണമെന്ന പ്രശ്നത്തെച്ചൊല്ലി രാജവെമ്പാലയും കരിമൂർഖനും തമ്മിൽ കൊത്തുകൾ നടന്നു എന്ന് നാട്ടിൽ ഇന്ന് അങ്ങാടിപ്പാട്ടാണ്. ഏതാനും ദിവസം മുമ്പ് ഈ നിയമസഭ ആരംഭിച്ച സന്ദർഭത്തിൽ, ഈ സഭയിൽ ഗവർണ്ണർ ശ്രീമതി ജോതിവെങ്കടചെല്ലം ചെയ്ത നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്ന പാലക്കാട് വികസന അതോറിററിയെ സംബന്ധിച്ച് ഈ ബഡ്ജററിൽ ഒന്നും പരാമർശിക്കാത്തതിൽ രാജവെമ്പാലയോട് പ്രതിഷേധിച്ചുകൊണ്ട് നീർക്കോലി ഏതോ മാളത്തിൽപോയി ഒളിച്ചുവെന്നുളള വർത്തമാനം കേൾക്കാൻ കഴിഞ്ഞു. ഈ പാമ്പിൻകൂട്ടിൽ മററു പലതിനെയും കാണാൻ സാധിക്കുന്നുണ്ട്. എന്തു തല്ലും കുത്തും കൊണ്ടാലും അനങ്ങാതെ ചമിങ്ങി പതുങ്ങി ഇരിക്കുന്ന പെരുമ്പാമ്പ് എന്ന പേരിൽ അറിയപ്പെടുന്ന യൂണിയൻ മുസ്ലീംലീഗ് എന്നുളള ഈ പെരുമ്പാമ്പും ഈ കൂട്ടിൽ കാണാൻ കഴിയും. ഞാൻ ഏതായാലും അതിന്റെ വിശദാംശത്തിലേക്ക് കടക്കുന്നതിന് ഈ സന്ദർഭത്തിൽ ആഗ്രഹിക്കുന്നില്ല. ഈ പാമ്പുകൾ തമ്മിൽ കൊത്തി, മുമ്പ് സർപ്പയജ്ഞം നടത്തിയിരുന്ന ടോംതമ്പിയും, വേലായുധനും, സർപ്പവിഷമേററ് അവർ ആ സർപ്പയജ്ഞം അവസാനിപ്പിച്ചതുപോലെ ഇവരും എപ്പോഴാണ് പിരിയുക എന്നു മാത്രമേ ഞങ്ങൾ ഉററുനോക്കിക്കൊണ്ടിരിക്കുന്നുളളു. ഏതായാലും ആ സർപ്പധ്വംസനപരിപാടിയിൽ ഞങ്ങൾ യാതൊരുവിധ പങ്കാളിത്തവും വഹിക്കുന്നതിന് ആഗ്രഹിക്കുന്നില്ല. അപ്പുറത്തിരിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവർക്കറിയാം. ശ്രീ. കെ. എം. മാണിയും, ശ്രീ. പി. ജെ. ജോസഫും ഒന്നുചേർന്ന ഒരു മുന്നണി തീർച്ചയായും തച്ചടി പ്രഭാകരൻ പുറത്തും വയലാർ രവി അകത്തും ഇരിക്കുന്ന കൂട്ടുകെട്ട്, അതേസമയം തന്നെ മന്ത്രിസഭകളെ പടച്ചുണ്ടാക്കുകയും മന്ത്രിസഭകൾ തകർക്കുകയും ചെയ്യുന്ന കാര്യത്തിൽ അവ്യാചമായ ആനന്ദാനുഭൂതി അനുഭവിക്കുന്ന ശ്രീ. എ. കെ. ആൻറണി

LIBRARY ARCHIVES Kerala Legislative Assembly

ഉറക്കൊള്ളുന്ന ഒരു മുന്നണി പരസ്പരം തല്ലിപ്പിരിഞ്ഞാൽ, 'ഐ' മന്ത്രിസഭയ്ക്ക് അകാലചരമം ഉണ്ടായാൽ ആ അകാലചരമത്തിൽ അനുശോചനം രേഖപ്പെടുത്താൻ മാത്രമേ ഞങ്ങൾ ഉണ്ടാകുകയുള്ളൂ എന്നും അതിന്റെ ഉദക്രിയ നടത്തുന്നതിനുവേണ്ടിയുള്ള കരങ്ങൾ അപ്പുറത്തു മാത്രമാണുള്ളതെന്നും മാത്രമേ, ഞാൻ ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുന്നുള്ളൂ.

സർ, ഈ ബഡ്ജററിന്റെ വിശദാംശങ്ങളെക്കുറിച്ച് സമയമില്ലാത്തതുകൊണ്ട് ഞാൻ കൂടുതലായിട്ടൊന്നും പറയുന്നില്ല. എനിക്കുമുമ്പു സംസാരിച്ചിട്ടുള്ള ചില സുഹൃത്തുക്കൾ ഞാൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയെ സ്പർശിച്ചുകൊണ്ട് ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. അഖിലേന്ത്യാ മുസ്ലീംലീഗും യൂണിയൻ മുസ്ലീംലീഗും തമ്മിലുള്ള ആ അലക്കുന്ന ഏർപ്പാടുണ്ടല്ലോ, ആ ഏർപ്പാടിന് ഈ സഭാവേദി ഉപയോഗപ്പെടുത്തണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇത് ഇവിടെ നിർത്തുന്നതാണു നല്ലത്. ഇതിനു ധാരാളം വേറെ വേദികളുണ്ടല്ലോ ? ആ വേദികളിൽവച്ചു പോരേ ഈ ഏർപ്പാട് ? പല കാര്യങ്ങളെക്കുറിച്ചും ഇവിടെ പറഞ്ഞു. ആ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് മറുപടി പറയാനറിയാഞ്ഞിട്ടല്ല, പദദാരിദ്ര്യമുണ്ടായിട്ടുമല്ല. മുസ്ലീം സമുദായത്തിൽപ്പെട്ടവരുടെ താല്പര്യം സംരക്ഷിക്കുമെന്നുള്ള ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കുന്നു എന്നവകാശപ്പെടുന്ന യൂണിയൻ മുസ്ലീംലീഗ് ജനാബ് സി. എച്ച്. മുഹമ്മദുകോയ നേതൃത്വം കൊടുക്കുന്ന മുസ്ലീംലീഗ് അവുക്കാദർകുട്ടി നഹ ഉറക്കൊള്ളുന്ന മുസ്ലീംലീഗ് ഞാൻ മററുള്ളവരെക്കുറിച്ചൊന്നും പറയുന്നില്ല. മുഹമ്മദ് ശിഹാബ് തങ്ങൾ നേതൃത്വം കൊടുക്കുന്ന മുസ്ലീംലീഗ്, മുസ്ലീം സമുദായത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനമാണോ നടത്തുന്നത് ?

ഇന്ത്യയിലുടനീളം മുസ്ലീം സമുദായത്തിന്റെ നേരെ നടന്നുകൊണ്ടിരിക്കുന്ന ചെയ്തികൾക്കെതിരായി ധീരമായി ശബ്ദം ഉയർത്തുന്നതിനുള്ള തൻേറടമെങ്കിലും അവർ കാണിക്കുന്നുണ്ടോ? പരിശുദ്ധമായ ബാങ്ക്വിളിയ്ക്ക് ഉച്ചഭാഷിണി കൊടുക്കുന്നത് പൂനയിലും ഷോലാപൂരിലുമെല്ലാം നിരോധിക്കപ്പെട്ടിട്ടുള്ളതാണ്. എന്നിട്ട് അതേക്കുറിച്ച് 'കമാ' എന്നൊരക്ഷരം പറയാൻ ധൈര്യപ്പെട്ടിട്ടില്ല. അപ്പുറത്തിരിക്കുന്നയാളുകൾ.

നമ്മുടെ സംസ്ഥാനത്തെ തൊട്ടടുത്ത തമിഴ്നാട്ടിലെ കണയനെല്ലൂരിലും അതുപോലെ തന്നെ പുളിയാംകുടിയിലും എല്ലാംതന്നെ മുഹമ്മദുകോയയും ഞാനുമെല്ലാം ഉറക്കൊള്ളുന്ന "ലാ ഇലാ ഹാ ഇല്ലല്ലാഹു മുഹമ്മദു റസൂലുല്ലാ എന്ന കലിമത്ത് തൗഹീദിൽ" വിശ്വസിക്കുന്ന മുസ്ലീം സഹോദരൻമാർ യാതനകളും വേദനകളും അനുഭവപ്പെട്ടുകൊണ്ടും അവിടെ കഴിച്ചുകൂട്ടുമ്പോൾ അവരെയൊന്ന് ആശ്വസിപ്പിക്കുന്നതിനുള്ള നിലപാടെങ്കിലും അപ്പുറത്തിരിക്കുന്ന മസ്ലീംലീഗ് കൈക്കൊണ്ടിട്ടുണ്ടോ ?

ശ്രീ. പി. സീതിഹാജി : നേതാവ് അവിടെ പോയിരുന്നോ ?

ശ്രീ. പി. എം. അബുബേക്കർ : ഞാൻ അവിടെ പോയിരുന്നു; ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി പോയിരുന്നു. നിങ്ങൾക്ക് കമ്പിയടിച്ചിട്ട് നിങ്ങൾ പോയോ ? നിങ്ങളുടെ പാർട്ടിക്കാരെ അവിടെ അറസ്ററു ചെയ്ത് വിട്ടയച്ചു. നിങ്ങളാരും അവിടെ പോയിട്ടില്ല. തമിഴ്നാട് നിയമസഭയിൽ നിങ്ങളുടെ പാർട്ടിയെ പ്രതിനിധീകരിക്കുന്ന എം. എൽ. എ. യെ അറസ്ററുചെയ്ത് വിട്ടയച്ചു. അതേക്കുറിച്ച് അന്വേഷിക്കുന്നതിനുള്ള സൻമനസ്സുപോലും നിങ്ങളുടെ ഭാഗത്തുനിന്നും കണ്ടില്ല. ഞാനും എ. വി. അബ്ദുറഹിമാൻഹാജിയുമെല്ലാം അവിടെ പോയിരുന്നു. ഞങ്ങൾ ചെന്ന് ആ കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തിരുന്നു. ഇതൊന്നും ചെയ്യാതെ അധികാരത്തിന്റെ അപ്പക്കഷണങ്ങൾക്കുവേണ്ടി അള്ളിപ്പിടിച്ചുനിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ജനാബ് മുഹമ്മദുകോയ നേതൃത്വംകൊടുക്കുന്ന മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം മുസ്ലീമുമില്ല, ലീഗുമില്ല എന്നു പറഞ്ഞാൽ എന്നോടു പരിഭവിക്കരുത് എന്നു മാത്രമേ ഈ സന്ദർഭത്തിൽ ഞാൻ പറയുന്നുള്ളു. (ബഹളം) അഖിലേന്ത്യാ മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം അഖിലേന്ത്യാടിസ്ഥാനവുമില്ല, മുസ്ലീംലീഗുമില്ല എന്നു പറയുന്ന യൂണിയൻ മുസ്ലീംലീഗിന്റെ ആളുകളോട് മുസ്ലീമുമില്ല, ലീഗുമില്ല എന്നു പറയേണ്ടിവന്നതിൽ എനിക്കു ഖേദമുണ്ട്. അതു പറയിപ്പിക്കരുത് എന്നു മാത്രമേ ഈ സന്ദർഭത്തിൽ ഞാൻ പറയുന്നുള്ളു.

ശ്രീ. എം. എം. ഹസ്സൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ദൈവവിശ്വാസികളായ ഇസ്ലാം മതത്തിൽ വിശ്വസിക്കുന്ന ആളുകളെ സംബന്ധിച്ച് മുസ്ലീമുമില്ല, ലീഗുമില്ല എന്നു പറയുന്നത് ഓർഡറിലാണോ സർ? (ബഹളം).

മി. ചെയർമാൻ: അങ്ങനെയുള്ള പരാമർശങ്ങൾ കഴിയുന്നതും ഒഴിവാക്കുന്നതാണു നല്ലത്.

ശ്രീ. പി. എം. അബൂബേക്കർ: സർ, ന്യൂനപക്ഷസമുദായ അംഗമായ സെയിൽസിംഗിന് എന്തുകൊണ്ട് വോട്ട്..............................

ശ്രീ. പി. സീതിഹാജി: സർ, ഒരു ചോദ്യം, ഇങ്ങനെയുള്ള ഇസ്ലാം.... ..

ശ്രീ. പി. എം. അബൂബേക്കർ: എന്തിനാണ് സീതിഹാജി ആവശ്യമില്ലാത്തത് പറയാൻ നടക്കുന്നത്? കണ്ണാടിക്കൂട്ടിലിരുന്ന് കല്ലെറിയേണ്ട, കേട്ടോ? നൊയ്മ്പുമാസമാണ്. വ്രതാനുഷ്ഠാനത്തിന്റെ കാലമാണിത്. സീതിഹാജി കണ്ണാടിക്കൂട്ടിലിരുന്ന് കല്ലെറിയരുതെന്നുമാത്രം അപേക്ഷിക്കുന്നു. (ബഹളം)

സെയിൽസിംഗിന് പ്രസിഡൻറു തെരഞ്ഞെടുപ്പിൽ എന്തുകൊണ്ടു വോട്ട് ചെയ്യുകയില്ല എന്നു നിങ്ങൾ ചോദിക്കുന്നു? സ്വേച്ഛാധിപത്യത്തിന്റെ പ്രതീകമായ ശ്രീമതി ഇന്ദിരാഗാന്ധി കൊണ്ടുവന്ന ഒരു സ്ഥാനാർത്ഥിക്ക് വോട്ടുചെയ്യാൻ ഞങ്ങളെ കിട്ടുകയില്ല, നിങ്ങൾ വോട്ടുചെയ്തുകൊള്ളു എന്നു മാത്രം പറയാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ അപ്പുറത്തിരിക്കുന്ന ആളുകളെപ്പററി കൂടുതലൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല.

ഉപമുഖ്യമന്ത്രി എന്നാൽ, മുഖ്യമന്ത്രി എന്നുള്ള പദത്തിന്റെ പിന്നിൽ രണ്ടക്ഷരം കൂടുതലുള്ളതുകൊണ്ട് അത് മുഖ്യമന്ത്രിയേക്കാൾ വലുത് എന്നു വിശ്വസിക്കുന്ന പാർട്ടിക്കാരായ നിങ്ങളെക്കുറിച്ച് കൂടുതലൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഞാൻ ഈ ബഡ്ജററിലെ നിർദ്ദേശങ്ങളെ എതിർക്കുന്നു.

ശ്രീ. വി. എം. സുധീരൻ: സർ, ഞാൻ ഈ ബഡ്ജററിനെ പിന്താങ്ങുകയാണ്. പ്രസിദ്ധ സാമ്പത്തിക ശാസ്ത്രജ്ഞനായ പ്രൊഫസർ കാനഡോറിന്റെ അഭിപ്രായത്തിൽ ജനങ്ങളുടെ പ്രതീക്ഷകളുടെ കണ്ണാടിയാണ് ബഡ്ജററ് എന്നാണ് പറഞ്ഞിട്ടുള്ളത്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. മാണി അവതരിപ്പിച്ച ഈ ബഡ്ജററ് കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷകളുടെ കണ്ണാടിയാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

സർ, ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം കേരളത്തിലെ സങ്കീർണ്ണമായ സമ്പദ്‌വ്യവസ്ഥയെ യാഥാർത്ഥ്യബോധത്തോടുകൂടി നോക്കികാണുകയും പ്രായോഗികമായ സമീപനം പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം പ്രകടമാക്കുകയും ചെയ്തിട്ടുള്ള ഒരു ബഡ്ജററാണിത്. ഈ ബഡ്ജററ്

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം കൊല്ലാവസാനം 25.27 കോടി രൂപ കമ്മി കാണിക്കുന്നുണ്ടെങ്കിലും അതു നികത്തുവാൻ പുതിയ നികുതി നിർദ്ദേശങ്ങൾ ഒന്നും അദ്ദേഹം സമർപ്പിച്ചിട്ടില്ല എന്നുള്ളത് ആശ്വാസകരമാണ്.

ഈ നാടിനെ സംബന്ധിച്ചിടത്തോളം പാവപ്പെട്ട ജനങ്ങളെ കൂടുതൽ ബുദ്ധിമുട്ടിക്കാതെ തന്നെ ചെലവിനങ്ങൾ പരമാവധി കുറച്ചുകൊണ്ട് അതോടൊപ്പം തന്നെ ഭരണം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകുന്നതിന് നികുതിയിതര വരുമാനങ്ങളിലൂടെ വരുമാനം വർദ്ധിപ്പിക്കുക എന്നുള്ള സമീപനമാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. ഒരു ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം വളരെ ദുഷ്ക്കരമായ ഒരു കാര്യമാണിത്. വളരെ ആത്മാർത്ഥമായ പരിശ്രമത്തിലൂടെ മാത്രമേ ഈ ലക്ഷ്യം നേടിയെടുക്കാൻ കഴിയൂ എന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. നികുതിയിതര വരുമാനങ്ങളിൽ കൂടി വരവിനങ്ങൾ കണ്ടെത്താനും അതേ സമയം ചെലവു ചുരുക്കാനും ശ്രമിക്കുമ്പോൾ അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ അടി മുതൽ മുടി വരെയുണ്ടായാലേ മതിയാകു എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. തീർച്ചയായിട്ടും നമ്മുടെ ഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്ന ശക്തമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. സമീപനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു, കൂടുതൽ കൂടുതൽ നേട്ടങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

സർ, ഒരു നിയമസഭാംഗം എന്നുള്ള നിലയിൽ ഇവിടെ പ്രവർത്തിക്കുമ്പോൾ ഞാൻ കാണുന്ന പ്രത്യേകത നമ്മുടെ മന്ത്രിമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും വളരെയേറെ സമയം അനാവശ്യമായിപ്പോകുന്നത് സ്ഥലം മാററത്തെ സംബന്ധിച്ചുള്ള തീരുമാനം എടുക്കുന്നതിനു വേണ്ടിയാണ്. ഓരോ നിയമസഭാ സമ്മേളനകാലത്തും എത്ര എത്ര ആയിരങ്ങൾ തിരുവനന്തപുരത്തേയ്ക്ക് തീർത്ഥയാത്രയായി വരുന്നു. കാരണം ഗവൺമെൻറുദ്യോഗസ്ഥൻമാരുടെ സ്ഥലം മാററത്തെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഒരു പൊതു മാനദണ്ഡം ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമായ ഒരു കാര്യമാണ്. അങ്ങനെ വരുകയാണെങ്കിൽ അനാവശ്യമായ സമയം എത്രയോ ചുരുക്കാൻ സാധിക്കും. എം. എൽ. എ. മാർ ഉൾപ്പെടെയുള്ള ആളുകൾ അവരുടെ സമയം എത്രയോ ലാഭിക്കാൻ സാധിക്കും. യാതൊരു സംശയവുമില്ല. സമ്മർദ്ദങ്ങൾക്ക് വിധേയമായി പലർക്കും പലപ്പോഴും പോകേണ്ടി വരും.

അതുപോലെ തന്നെ സർക്കാർ ജീവനക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം അത് പരിഗണിക്കുന്നതിന്, പരിശോധിക്കുന്നതിന് ഒരു സർവ്വീസ് ട്രൈബ്യൂണൽ ഏർപ്പെടുത്തുന്നതിനുള്ള കാര്യം വളരെക്കാലമായി ആവശ്യപ്പെടുകയാണ്. അതുണ്ടാകേണ്ടത് ആവശ്യവുമാണ്. അതിന് ഈ ഗവൺമെൻറ് വ്യക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

സർ, ഇവിടെ നമ്മുടെ രാജ്യത്ത് സമൂഹത്തിൽ കാണുന്ന ഏററവും പ്രകടമായിട്ടുള്ള ഒരു കാര്യം വർദ്ധിച്ചുവരുന്ന അഴിമതിയാണ്. ഔദ്യോഗികതലത്തിലും അനൗദ്യോഗികതലത്തിലും പൊതുരംഗത്തും കാണുന്ന അഴിമതിക്കെതിരെ ശക്തമായ ബഹുജനാഭിപ്രായം, രൂപപ്പെടുത്തുന്നുണ്ടെങ്കിലും കാര്യക്ഷമമായ നടപടികൾ അതു സംബന്ധിച്ച് ഉണ്ടായിട്ടില്ല എന്നുള്ള സത്യം ഞാൻ വിസ്മരിക്കുന്നില്ല. പാർലമെൻറിൽ അവതരിപ്പിക്കപ്പെട്ട ലോക്പാൽ ബില്ല് അതിൻെറ പരിധി സംബന്ധിച്ചിടത്തോളം പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ വഴിമുട്ടി നിന്നു. ശ്രീ. എ. കെ. ആൻറണി മുഖ്യമന്ത്രിയായിരുന്നപ്പോൾ കേരളത്തിൽ പൊതുപ്രവർത്തകരുടെ പെരുമാററദൂഷ്യം സംബന്ധിച്ച ഒരു ബില്ല് ഈ സഭയിൽ അവതരിപ്പിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പിന്നീട് അത് കാണാനില്ല. ഏതായാലും ഈ നാടിന്റെ വിവിധ രംഗങ്ങളിൽ, ഔദ്യോഗികതലങ്ങളിൽ അഴിമതിയുടെ വേരുകൾ കൂടുതൽ കൂടുതൽ ആഴത്തിൽ ഊന്നിപോകുന്നു എന്നുള്ള വസ്തുത നിഷേധിക്കാനാവാത്ത ഒരു കാര്യമാണ്. പൊതുപ്രവർത്തകൻമാരെ സംബന്ധിച്ചിടത്തോളവും ഇത്തരം സ്വാധീന വലയത്തിൽപ്പെടുന്ന പൊതുപ്രവർത്തകൻമാരുടെ പങ്കിനെ ഞാൻ വിസ്മരിക്കുന്നില്ല. അതുകൊണ്ട് പൊതുപ്രവർത്തകൻമാരുടെ പെരുമാററദൂഷ്യം സംബന്ധിച്ചുള്ള ശക്തമായിട്ടുള്ള അഴിമതി നിരോധനനിയമം സമഗ്രമായ നിയമം ഈ നിയമസഭയിൽ അവതരിപ്പിക്കാൻ ഈ മുന്നണി ഗവൺമെൻറ് മുൻകൈയെടുക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാർക്കെതിരെ കർശനമായ നടപടിയെടുക്കാൻ കഴിയണമെങ്കിൽ അതിനു പററിയ അന്തരീക്ഷം ഉണ്ടായേ മതിയാകൂ. അതുണ്ടായിട്ടില്ലെങ്കിൽ എത്ര ശ്രമിച്ചാലും ഗവൺമെൻറ് ആവിഷ്ക്കരിക്കുന്ന നല്ല കാര്യങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കാനും സ്വാധീനമില്ലാത്ത ജനങ്ങൾക്ക് സാധാരണക്കാരായ ജനങ്ങൾക്ക് അതിന്റേതായ ഗുണഫലം ലഭിക്കാത്ത ഒരവസ്ഥ ഈ സംസ്ഥാനത്ത് ഉണ്ടാകുമെന്നുള്ളത് ഒരു വസ്തുതയാണ്.

മററൊരു പ്രധാനകാര്യം എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് കേരളം പുരോഗമനപരമായ പല നിയമനിർമ്മാണങ്ങൾക്കും മുൻകൈയെടുത്ത സംസ്ഥാനമാണ്. നിയമം നടപ്പാക്കിയ ഭൂപരിഷ്ക്കരണനിയമം ഇന്ത്യയ്ക്കൊട്ടാകെ മാതൃകയാക്കിയ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. പക്ഷെ ഇന്നും ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഓരോ ഘട്ടങ്ങളും കടന്നുപോകുമ്പോഴും ഓരോ ഘട്ടങ്ങളിലും സമ്പത്തിന്റെ അക്യുമിലേഷൻ നിയന്ത്രിക്കേണ്ടത് വളരെ ആവശ്യമായിട്ടുള്ള കാര്യമാണ്. ഭൂപരിഷ്ക്കരണനിയമം ഒരു പരിധിവരെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും ഇന്നും പല മേഖലകളിലും നിയന്ത്രണങ്ങൾക്ക് വിധേയമല്ലാതെ മുന്നോട്ടു പോകുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. ഞാനുദ്ദേശിക്കുന്നത് പ്ലാൻറേഷനെ സംബന്ധിച്ചാണ്. പ്ലാൻറേഷൻ രംഗത്തു കൂടുതലും ചെറുകിടക്കാരുണ്ടെങ്കിലും ഒരു വിഭാഗം വരുന്ന വൻകിടക്കാർ ആയിരക്കണക്കിന് പതിനായിരക്കണക്കിന് ഏക്കർ തോട്ടങ്ങൾ കൈവശം വയ്ക്കുന്ന സ്ഥിതി വിശേഷത്തിന് മാററം ഉണ്ടാകേണ്ടേ ? ഇതിനൊരു പരിധി ഏർപ്പെടുത്തുന്നതിനാവശ്യമായ നിയമമുണ്ടാകണം. എന്നുള്ളതാണ് എന്റെ അഭിപ്രായം. അതോടൊപ്പം തന്നെ നഗരസ്വത്തിന് പരിധി ഏർപ്പെടുത്തണമെന്നുള്ള ഒരു പ്രമേയം ഈ നിയമസഭ പാസാക്കിയിട്ടുണ്ട്. ഇന്ന് നഗരങ്ങളിൽ സ്വത്ത് ഇഷ്ടംപോലെ കുന്നുകൂടുന്ന സ്ഥിതി നിലവിലുണ്ട്. യാതൊരു നിയന്ത്രണവുമില്ല. അതുകൊണ്ട് നഗരസ്വത്തിന് പരിധി ഏർപ്പെടുത്തുന്ന നിയമം ഈ ഗവൺമെൻറ് കൊണ്ടുവരാൻ ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ഈ ബഡ്ജററിൽ പറഞ്ഞിട്ടുള്ള നിരവധി കാര്യങ്ങൾ സ്വാഗതാർഹമാണ്. ഈ ബഡ്ജററിൽ ഈ രാജ്യത്തെ വിവിധവിഭാഗം ജനങ്ങൾക്ക് പരമാവധി ആശ്വാസം നൽകാൻ അങ്ങേയററം ധനകാര്യമന്ത്രി ശ്രമിച്ചിട്ടുണ്ടെന്നുള്ളത് സന്തോഷകരമായിട്ടുള്ള ഒരു കാര്യമാണ്. കേരളത്തിലെ തൊഴിൽ രഹിതരായ ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് ആശ്വാസകരമായ രീതിയിൽ സ്വയം തൊഴിൽ കണ്ടെത്താൻ കഴിയുന്ന പരിശ്രമങ്ങൾ സെൽഫ് എംപ്ലോയ്മെൻറ് ഏജൻസികൾ നല്ലതാണ്. പക്ഷെ പ്രഗത്ഭനായ സഖാവ് ടി. വി. തോമസിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ള പതിനായിരം വ്യവസായങ്ങളുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനും സ്വയം തൊഴിൽ കണ്ടെത്താനുമുള്ള ചെറു

LIBRARY ARCHIVES Kerala Legislative Assembly

പ്പക്കാരുടെ പരിശ്രമങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സമീപനം ഉണ്ടാകണം. സ്വയം തൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യവുമായി ആവേശത്തോടുകൂടി കടന്നുവരുന്ന ആ ആളുകൾക്ക് നൈരാശ്യം ഉണ്ടാക്കാൻ ഇടവരരുത്. അതിനാവശ്യമായ റാമെററീരിയൽ കാപ്പിററൽ ഫോർമേഷൻ അതുപോലെ ഉല്പന്നങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ മാർക്കററിംഗ് സാദ്ധ്യതകളെ സംബന്ധിച്ചൊക്കെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാനുള്ള ഒരു സമീപനം ഉണ്ടായില്ലെങ്കിൽ തീർച്ചയായും കൂടുതൽ കൂടുതൽ ബുദ്ധിമുട്ടിലേക്ക് വരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. തൊഴിൽരഹിതരായ ചെറുപ്പക്കാർ ധാരാളമുള്ള ഈ സംസ്ഥാനത്ത് ഏററവും വലിയ തൊഴിൽ ദായകരായ സർക്കാരിന്റെ കീഴിൽ എത്രയോ വേക്കൻസികൾ ഫില്ലപ്പ് ചെയ്യാതെ കിടക്കുന്നു. പി. എസ്. സി. യുടെ ഭാഗത്തു നിന്നുണ്ടാകുന്ന കാലതാമസം എത്രയോ ചെറുപ്പക്കാർക്ക് തൊഴിലവസരം നിഷേധിക്കുന്നു. ഇതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണ്.

സർ, നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള ഒരു മേഖലയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. ആ പൊതുമേഖലാ സ്ഥാപനങ്ങൾ പലതും നഷ്ടത്തിലാണ്. അവിടെ ഉദ്യോഗസ്ഥൻമാരായ വെള്ളാനകളുടെ ധൂർത്തിന്റെ ഫലമായി പല പൊതുമേഖലാ സ്ഥാപനങ്ങളും ആഗ്രഹിക്കുന്ന പ്രതീക്ഷിക്കുന്ന വരുമാനം ഉണ്ടാക്കാൻ കഴിയുന്നില്ല. നഷ്ടത്തിൽ ഓടുന്ന പൊതുമേഖലയെ സംബന്ധിച്ചിടത്തോളം വ്യക്തമായ പരിശോധന നടത്തി സമഗ്രമായ അന്വേഷണം നടത്തി കുററക്കാരെ കണ്ടുപിടിച്ച് ആ നഷ്ടം നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ രാജ്യത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള എല്ലാ മേഖലകളിലും അനാവശ്യമായ സമരങ്ങൾ ഒഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ രാജ്യത്തോടും ജനങ്ങളോടും സ്നേഹമുള്ള പ്രബുദ്ധരായ തൊഴിലാളി പ്രസ്ഥാനങ്ങൾ തീർച്ചയായും ഈ കാര്യങ്ങളിൽ പൂർണ്ണമായി സഹകരിക്കുമെന്നാണ് എന്റെ വിശ്വാസം. അനാവശ്യമായ സമരങ്ങൾ തീർച്ചയായും ഒഴിവാക്കപ്പെടേണ്ടതാണ്. നമുക്കറിയാം രണ്ടു ദിവസം മുമ്പ് ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പു മന്ത്രി ഒരു മറുപടിയിൽ പറഞ്ഞകാര്യം. ഇടുക്കിയും ഇടമലയാറും കേരളത്തിന്റെ തനതായ സമ്പത്താണെന്നും വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാൻ കഴിയുന്ന അവിടെ വൈദ്യുതി ഉല്പാദന പ്രോജക്ടസ് കമ്മീഷൻ ചെയ്യാൻ കാലതാമസം ഉണ്ടാകുന്നത് ഒരു കോൺട്രാക്ററുടെ കീഴിൽ ജോലി ചെയ്യുന്ന ആളുകളെ ഇലക്ട്രിസിററി ബോർഡിൽ അബ്സോർബ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് നടത്തിയ സമരത്തിന്റെ ഫലമായിട്ടാണെന്നുള്ളത് ഏററവും ഖേദകരമായ ഒരു കാര്യമാണ്. കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്തെ പവർകട്ട് ഉണ്ടാകേണ്ടി വരിക എന്നു പറഞ്ഞാൽ അത് ഏററവും വലിയ ക്രിമിനൽ കുററമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല- അതിനിട വരുത്തുന്ന സാഹചര്യത്തിലേക്ക് സംസ്ഥാനത്തെ നയിക്കുന്ന ആളുകൾ ആരായാലും അവരെ തള്ളിപറയാൻ എല്ലാ പ്രബുദ്ധ തൊഴിലാളി പ്രസ്ഥാനങ്ങളും തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ദേശസ്നേഹപരമായ ആ സമീപനം ഉണ്ടായാലേ മതിയാകു.

സർ, മറെറാരു പ്രധാനകാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, പലപ്പോഴും കാണുന്ന മിന്നൽ പണിമുടക്കുകളാണ്. രണ്ടു ദിവസം മുമ്പ് തിരുവനന്തപുരത്ത് ഒരു സമരം ഉണ്ടായി. ഒരു ആട്ടോറിക്ഷാ ഡ്രൈവറും ഒരു കെ. എസ്. ആർ. ററി. സി. ഡ്രൈവറും തമ്മിലുള്ള പ്രശ്നം വൈകു

ന്നേരം ഏററവും തിരക്കുകൂടിയ സമയത്ത് സാധാരണക്കാരായ ആളുകളെ വിഷമിപ്പിച്ചുകൊണ്ട് എത്രയോ സമയം നീണ്ടുപോയ ഒരു സമരം. ഇത്തരം ഒരു പ്രശ്നം ഉണ്ടായാൽ ടാക്സി ഡ്രൈവറുമായോ ട്രാൻസ്പോർട്ടു ഡ്രൈവറുമായോ അതല്ലെങ്കിൽ ആട്ടോറിക്ഷാ ഡ്രൈവറുമായോ എന്തെങ്കിലും പ്രശ്നം ഉണ്ടായാൽ ആ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ത്വരിതഗതിയിൽ തീരുമാനങ്ങൾ എടുക്കുന്നതിന് യൂണിയൻ പ്രതിനിധികളും പോലീസ് ഉദ്യോഗസ്ഥൻമാരും ലേബർ വകുപ്പിലെ ഉദ്യോഗസ്ഥൻമാരും ചേർന്നുള്ള കൺസൾട്ടേററീവ് കമ്മററികൾ രൂപീകരിക്കണം. പെട്ടെന്നുള്ള സംഭവം ഉണ്ടായാൽ കൺസൾട്ടേററീവ് കമ്മററികളുടെ പരിശോധനയ്ക്ക് വിധേയമാക്കി പെട്ടെന്ന് തീരുമാനങ്ങളെടുക്കാൻ കഴിയണം. എല്ലാ ഭാഗങ്ങളിൽ നിന്നും നീതി നിഷേധിച്ചെങ്കിൽ മാത്രമേ തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് സമരത്തിന് ആഹ്വാനം കൊടുക്കാവൂ എന്നൊരു പെരുമാററചട്ടം രൂപീകരിക്കുന്നത് ഏററവും നല്ലതാണ്. എത്രയോ സ്ത്രീകൾ കുഞ്ഞുങ്ങൾ പള്ളിക്കൂടത്തിൽ പോകുന്ന കുട്ടികൾ ബസു കിട്ടാതെ വിഷമിച്ച് നാലു മണി മുതൽ ഏഴുമണി വരെ ഒരു സ്തംഭനാവസ്ഥ നിലനിന്നതിനെപ്പററി ഓർക്കുകയാണ്. ഇതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പരിശോധിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

സർ, പി. ഡബ്ലിയു. ഡി. റോഡിനെ സംബന്ധിച്ചിടത്തോളം ഈ ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ എം. എൽ. എ. മാരിൽ നിന്നും ഈ രണ്ടു റോഡുകളുടെ കാര്യങ്ങളെങ്കിലും ഏററു വാങ്ങും ശരിയാണ്. പക്ഷെ ഒരു കാര്യം ശ്രദ്ധിക്കേണ്ടത് ഇതിൽ പലതും ഈ ബഡ്ജററ് രേഖകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ചിലത് കുറെ കൂടെ കഴിയുമ്പോൾ ബഡ്ജററ് രേഖകളിൽ കാണാനുമില്ല. അതുകൊണ്ട് പി. ഡബ്ലിയു. ഡി. യെ സംബന്ധിച്ചിടത്തോളം അടിയന്തിരമായി ഒരു സമയബന്ധിതപരിപാടി നിശ്ചയിച്ചുകൊണ്ട് ജില്ലാതലങ്ങളിൽ കാര്യങ്ങൾ ചെയ്യാനുള്ള നടപടികൾ ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് ഏററവും ഗുരുതരമായ പ്രശ്നമാണ് ശുദ്ധജലപ്രശ്നം. സർ, ഇത് അന്തർദേശീയ ശുദ്ധജലവിതരണ ശുചീകരണ ദശകമായി ലോകം ആചരിക്കുകയാണ്. ഈ സന്ദർഭത്തിൽ നമ്മുടെ കായലോരങ്ങളിലും കടലോരങ്ങളിലും തിങ്ങിപ്പാർക്കുന്ന പാവപ്പെട്ട ജനങ്ങൾക്ക് ശുദ്ധജലം 1990 ആകുമ്പോഴേക്കും ഈ ദശകത്തിന്റെ അവസാനം ആകുമ്പോഴേക്കും എത്തിക്കാൻ കഴിയുന്ന സമഗ്രമായ സമയബന്ധിത പരിപാടി ഈ ഗവൺമെൻറ് ആവിഷ്ക്കരിച്ചാൽ ഈ സർക്കാരിൻെറ തൊപ്പിയിലെ ഏററവും വലിയ തൂവൽ അതായിരിക്കുമെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമില്ല. അതിനുള്ള പരിശ്രമങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, നമ്മുടെ ജലസേചന പദ്ധതികൾ ഈ രാജ്യത്തിൻെറ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പങ്കിനെകുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമുക്കാകെയുള്ള ജലസേചന പദ്ധതികൾ ഏതാണ്ട് പതിനെട്ടോളം വരും. ആ പതിനെട്ടോളം ജലസേചന പദ്ധതികളിൽ ഏഴുഎണ്ണം മൂന്നാം പഞ്ചവത്സര പദ്ധതികാലത്ത് ആരംഭിച്ചതാണ്. ഇനിയും പൂർത്തിയായിട്ടില്ല. രാമേശ്വരത്തെ ക്ഷൗരംപോലെ പൂർത്തിയാകാതെ കിടക്കുന്ന ഈ പദ്ധതികൾ നമ്മുടെ സംസ്ഥാനത്തിന് അഭിമാനിക്കത്തക്കതാണോ? അല്ലെന്നാണ് എൻെറ അഭിപ്രായം. അതുകൊണ്ട് എത്രയും പെട്ടെന്ന് ഇത്തരം കാര്യങ്ങൾ പൂർത്തിയാക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കണം. മാത്രമല്ല



LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ഫലമായി വരുന്ന ഗുരുതരമായ സ്ഥിതിവിശേഷം ബഡ്ജററിലുള്ള എസ്ററിമേററിനെക്കാൾ ചിലവ് എത്രയോ കൂടുന്നു എന്നുള്ളതാണ്. തൃശ്ശൂരിലെ കോൾനിലങ്ങളെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ചിമ്മിനി പദ്ധതി. 1976-ൽ പദ്ധതിയുടെ ഒറിജിനൽ എസ്ററിമേററ് ആറുകോടി രൂപയായിരുന്നെങ്കിൽ ഇന്ന് അത് 23.43 കോടി രൂപയായി മാറിയിരിക്കുന്നു. എന്തൊരു നിർഭാഗ്യകരമായ അവസ്ഥ! സമയത്തിന് പൂർത്തിയാക്കാൻ കഴിഞ്ഞാൽ തീർച്ചയായും ഈ വർദ്ധിച്ച തുക ഒഴിവാക്കാൻ കഴിയുന്ന കാര്യമാണ്.

ഈ ഗവൺമെൻറ് പ്രഖ്യാപിച്ച മറെറാരു പ്രധാനപ്പെട്ട കാര്യം നിയമസമാധാനപാലനത്തിന് കൊടുത്തിട്ടുള്ള പ്രാധാന്യമാണ്. എന്റെ ബഹുമാനപ്പെട്ട മെമ്പർ സുരേന്ദ്രനാഥ് അത് ചൂണ്ടിക്കാണിക്കുകയുണ്ടായി. ശരിയാണു സർ. ഈ ഗവൺമെൻറിന്റെ ഏററവും പ്രധാനപ്പെട്ട കാര്യം നിയമസമാധാനം ഈ സംസ്ഥാനത്ത് നിലനിറുത്തുക എന്നതുതന്നെയാണ്. യാതൊരു സംശയവുമില്ല. പക്ഷെ ഈ ഗവൺമെൻറിന്റെ പ്രത്യേക സംഭവങ്ങൾ ഉണ്ടാകുമ്പോൾ, ആക്രമങ്ങൾ ഉണ്ടാകുമ്പോൾ, കുററവാളികളുടെ മുഖം നോക്കാതെ, കുററവാളികൾ പ്രതിപക്ഷങ്ങളാകട്ടെ ഭരണികക്ഷികളാകട്ടെ വ്യത്യാസം കൂടാതെ അവരുടെ നേർക്ക് നിയമത്തിന്റെ ശക്തമായ കരങ്ങൾ നീട്ടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

സർ, രണ്ടു ദിവസം മുമ്പ് എറണാകുളത്ത് കോടതിയിൽ പനങ്ങാട് സംഭവത്തെക്കുറിച്ചുള്ള വിധി ഉണ്ടായി. എന്തു നിർഭാഗ്യകരമാണ് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥ. കോടതിപോലും പരാമർശിച്ചു. പോലീസുകാർ മന:പൂർവ്വം ചെയ്തതാണെന്ന അഭിപ്രായം എനിക്കില്ല. ഏതെങ്കിലും രാഷ്ട്രീയമായ സമ്മർദ്ദം ഇല്ലായിരുന്നെങ്കിൽ അത്തരത്തിലുള്ള ഒരു സമീപനം ഒരു സാധാരണപോലീസുകാരന്റെ ഭാഗത്തുനിന്നു ഉണ്ടാകുമെന്നു വിശ്വസിക്കുന്ന ഒരു വ്യക്തിയല്ല ഞാൻ. പക്ഷെ നമുക്കറിയാം ഉണ്ടായത്. എറണാകുളം കോടതിപോലും പറഞ്ഞു ഇത് തികച്ചും മോശമായ ഒരു കാര്യമാണെന്ന്, ആ പരമാർശനം ഉണ്ടായി. കഴിഞ്ഞ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെൻറിന്റെ തെററായ പോലീസുനയങ്ങളുടെ പ്രകടമായ ഉദാഹരണമാണ് ഈ പനങ്ങാട് സംഭവത്തെ കുറിച്ചുള്ള വിധിയിൽ പ്രകടമായിട്ടുള്ളത്. ഞാൻ കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല. അത്തരം കാര്യങ്ങൾ മാററി ഈ രാജ്യത്ത് എല്ലാ ജനങ്ങൾക്കും പ്രതിപക്ഷമെന്നോ ഭരണകക്ഷിയെന്നോ വ്യത്യാസം കൂടാതെ തുല്യമായി നീതി നൽകാനുള്ള വ്യക്തമായ പരിപാടികൾ ഉണ്ടാക്കണം.

ഒരു കാര്യം കൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. ജയിൽ പരിഷ്ക്കരണത്തെ സംബന്ധിച്ചിടത്തോളം ജയിൽ പരിഷ്ക്കരണം നടത്താൻ ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്ററിസ് ബഹുമാനപ്പെട്ട സുബ്രഹ്മണ്യൻ പോററി ചെയർമാനായി ഒരു കമ്മററി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മററിയുടെ പ്രവർത്തനം ഒന്നും നടന്നിട്ടില്ല. ജയിൽ വകുപ്പിന്റെ പ്രയാസങ്ങൾ ദൂരീകരിക്കാനും അതിന്റെ പരിഷ്ക്കരണത്തെ സംബന്ധിച്ച് നിർദ്ദേശിക്കാനുമാണ് പലതും ഉണ്ടായിട്ടുള്ളത്. പക്ഷെ യാതൊരു കാര്യവും ഇതിനെ സംബന്ധിച്ച് ഉണ്ടായിട്ടില്ലെന്നുള്ളത് നിർഭാഗ്യകരമായ ഒരു കാര്യമാണ്. ഈ കാര്യം പ്രത്യേകമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജററിനെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ബേബി ജോൺ: സർ, ബഹുമാന്യനായ ധനകാര്യമന്ത്രി 1982-83-ലേക്കുള്ള പുതുക്കിയ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് ചെയ്ത പ്രസംഗവും ബഡ്ജററ് രേഖകളും ഇവിടെ പരാമർശിക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചില വസ്തുതകളുണ്ട്. നയപ്രഖ്യാപനപ്രസംഗത്തിൽ സൂചിപ്പിച്ചത് ആദ്യമായി ഈ ഗവൺമെൻറിൻെറ സ്വഭാവത്തെക്കുറിച്ചും ജനപിന്തുണയെക്കുറിച്ചുമാണ്. പിന്നീട് അദ്ദേഹം ഞാൻ അവതരിപ്പിക്കുന്ന—ഗവൺമെൻറ് അല്ല ഐക്യജനാധിപത്യമുന്നണി ഗവൺമെൻറല്ല, കെ.എം. മാണി അവതരിപ്പിക്കുന്ന—ബഡ്ജററ് എന്നാണ് പറയുന്നത്. പിന്നെ വരവുചെലവു കണക്കുകളും നികുതി ഇളവുകളും, നികുതിവർദ്ധനവിനെ കുറിച്ചുള്ള സംക്ഷിപ്തമായ രൂപവും. ഇത് മൂന്നുമാണ് പ്രധാനമായി ഇതിലുള്ളത്. ഐക്യജനാധിപത്യമുന്നണിയുടെ ഗവൺമെൻറിന് തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടിയെന്നുള്ള വസ്തുത എല്ലാപേരും അംഗീകരിക്കുന്നതാണ്. പിന്നെ അതിൻെറ ജനപിന്തുണയെക്കുറിച്ച് ഊററംകൊള്ളുമ്പോഠം ഞാൻ കഴിഞ്ഞ ദിവസം സൂചിപ്പിച്ചു ഈ ഗവൺമെൻറിൻെറ സ്വഭാവത്തെപ്പററി. സ്ഥാപിതതാൽപര്യക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി മാത്രം നിൽക്കുന്ന ഒരു ഗവൺമെൻറാണ് ഇത്. സർ, ഇന്ന് കൊടുവള്ളി മെംബറുടെ പ്രസംഗംകൂടി കഴിഞ്ഞപ്പോഠം കഴിഞ്ഞ പ്രാവശ്യത്തെ എൻെറ പരാമർശനം എത്ര ശരിയായിരുന്നെന്ന് ഇവിടെ വ്യക്തമായിക്കഴിഞ്ഞു. ഞാൻ അതുകൊണ്ട് അതിലേക്ക് കടക്കുന്നില്ല.

സർ, നമ്മുടെ ധനകാര്യമന്ത്രിയുടെ പ്രസംഗത്തിലുടനീളം ഈഗോയിസം വന്നതുകൊണ്ട് എന്തെല്ലാം പ്രയാസങ്ങഠം നമ്മുടെ മുഖ്യമന്ത്രിക്കുണ്ടായി. വാസ്തവത്തിൽ ധനകാര്യമന്ത്രിയുടെ പ്രസംഗം കഴിഞ്ഞ ഉടൻ തന്നെ, ഇവിടെ പത്രങ്ങളിൽ വന്ന വാർത്തകളാണ്, അദ്ദേഹം അത് നിഷേധിക്കുമായിരിക്കാം. പത്രങ്ങളിൽ വന്നു, മന്ത്രിമാർക്ക് പലർക്കും അസംതൃപ്തിയുണ്ട്; അവരോട് ആലോചിക്കാതെ അവരുടെ അഭിപ്രായം അറിയാതെ ധനകാര്യമന്ത്രി പല വകുപ്പുകളിലും കൈയിടുന്നു എന്ന്. അടിയന്തിരമായിട്ട് ക്യാബിനററ് കൂടി അതിന് പരിഹാരം കണ്ടു എന്ന് പത്രറിപ്പോർട്ട് വന്നു. മനോരമയിലാണ് വന്നത്. മുഖ്യമന്ത്രി അങ്ങനെ പ്രശ്നമൊന്നുമില്ലെന്ന് പറഞ്ഞു എങ്കിലും മനോരമ പത്രം പോലും റിപ്പോർട്ട് ചെയ്തു, അടിയന്തിരമായി ക്യാബിനററ് കൂടി, അഭിപ്രായവ്യത്യാസമെല്ലാം തീർന്നിരിക്കുന്നെന്ന്. സർ, ഒരു കൂട്ടുകക്ഷി മന്ത്രിസഭയുടെ പ്രവർത്തനങ്ങഠം എങ്ങനെയാണെന്ന് നമുക്കൊക്കെ അറിയാം ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. അത് നിങ്ങളുടെ തലവേദനയാണ്, നിങ്ങഠം നടത്തിക്കൊള്ളുക. ഈ ക്യാബിനററ് തീരുമാനം വിശദീകരിച്ചുകൊണ്ട് പത്രക്കാരോട് നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു ഒരു മന്ത്രിയേയും കയർ പൊട്ടിച്ച് പോകാൻ അനുവദിക്കുകയില്ലെന്ന്; അതൊക്കെ മുമ്പായിരുന്നു കയർ പൊട്ടിച്ച് പോകുന്നത്. ഏതായാലും ഇപ്പോഠം കയർ പൊട്ടിച്ചു പോകാൻ അനുവദിക്കില്ലെന്ന് പറഞ്ഞു. ശരിയാണ് സർ. ആരാ അവിടെ കയർ പൊട്ടിച്ച് പോകാൻ? ആരും പോവുകയില്ല. ഒന്നാമത് നല്ല മൂക്കുകയറിട്ട് നിർത്തിയിരിക്കുകയാണ് മുഖ്യമന്ത്രി. നല്ല ബലമുള്ള കയർ. ഇതൊക്കെ ഇല്ലെങ്കിൽ, കയർ ഇല്ലെങ്കിൽ തന്നെ ആരാണ് പോകുന്നത്? സർ, പ്രസിഡൻറ് സ്ഥാനാർത്ഥി തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് പറഞ്ഞു. ശ്രീ. ഗോപാലൻ നേതൃത്വം കൊടുക്കുന്ന ജനതാ പാർട്ടി ഒരു തീരുമാനം എടുത്തു; മന:സാക്ഷി അനുസരിച്ച് വോട്ട് ചെയ്യണമെന്ന്. ഇന്നലെ വേറെ തീരുമാനമെടുത്ത് അവരോട് പറഞ്ഞു കോൺഗ്രസ് (ഐ) യുടെ സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യണമെന്ന്. ബഹുമാന്യനായ മന്ത്രി ശ്രീനിവാസനോട് ഇന്നലെ ഒരു ചോദ്യം ചോദിച്ചപ്പോഠം പറഞ്ഞു, എസ്.ആർ പി.ക്കാർ എന്തു പറഞ്ഞാലും ഞാൻ എന്താ മറുപടി പറയേണ്ടത് എന്ന്?

ഞാൻ കുററപ്പെടുത്തുന്നതിനുവേണ്ടി പറയുന്നതല്ല. തൻെറ കക്ഷി നികുതി നിർദ്ദേശത്തെക്കുറിച്ച് പ്രസ്താവന പുറപ്പെടുവിച്ചു എന്ന് പറഞ്ഞപ്പോഠം തൻെറ കക്ഷിക്കുള്ള പ്രതിഷേധം ആണെന്നുള്ളതിനെ സംബന്ധിച്ച് 2 ആ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും എന്തെങ്കിലും പറഞ്ഞാൽ അതെന്തു സമീപനമാണ്. അപ്പുറത്ത് ശ്രീ. സുന്ദരം ഇല്ല, എന്തോ സുഖക്കേട് പ്രമാണിച്ച് പോയതാണെന്നാണ് അറിയുന്നത്. അദ്ദേഹം ഇല്ലാത്തതുകൊണ്ട് അദ്ദേഹത്തെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. സുന്ദരവും ശിവദാസനുമൊക്കെ എതിർത്തിരിക്കുന്നു; ഈ ധനകാര്യമന്ത്രി എല്ലാ വകുപ്പുകളിലും കൈയിടുന്നു, പ്രവർത്തനം നടക്കുന്നത് തടയുന്നു എന്ന്. അത് ഞങ്ങൾക്കറിയാം. പോരെങ്കിൽ മുഖ്യമന്ത്രിയുടെ ചാട്ടവാറും ഉണ്ട്, അപ്പോൾ പിന്നെ കയർ പൊട്ടിക്കുന്ന പ്രശ്നമേയില്ല. അതാണ് ഞാൻ പറഞ്ഞത് അതങ്ങനെ തുടർന്ന് പോകുകയാണെന്ന്. ഇവിടെ ബഡ്ജററ് പ്രസംഗത്തിൽ അദ്ദേഹം സൂചിപ്പിച്ചു കാർഷിക വ്യാവസായികമേഖലയിൽ സമഗ്രമായ വികസത്തിനുവേണ്ടിയാണ് ബഡ്ജററിൽ ഊന്നൽ നൽകുന്നതെന്ന്. അതൊന്ന് പരിശോധിച്ചു നോക്കാം. കഴിഞ്ഞ 1980-81-ലും 1981-82-ലും ഈ മേഖലയിലുള്ള ഗ്രോത്ത് റേററ് 1982-83-ൽ കിട്ടുമോ? പദ്ധതി പ്രവർത്തനങ്ങൾക്കായി ഈ വർഷം ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന തുക നിങ്ങളൊന്ന് പരിശോധിക്കുക. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സന്ദർഭവശാൽ പ്രസംഗത്തിന്റെ ഒരു ഭാഗത്ത് പറഞ്ഞിട്ടുണ്ട്, രൂപയുടെ മൂല്യശോഷണം. വിലക്കയററം, നാണയപ്പെരുപ്പം ഇതെല്ലാം കൂടി ഉണ്ടായിരിക്കുന്ന സ്ഥിതിയിൽ കഴിഞ്ഞ വർഷത്തെപ്പോലെ 2.75 കോടി രൂപയുടെ പദ്ധതികൊണ്ട് നമ്മുടെ ഫിസിക്കൽ അച്ചീവ്മെൻറ് എന്തായിരിക്കുമെന്ന്. നമ്മുടെ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ സാധിക്കുമോ? എന്നാൽ ഗവർണ്ണറുടെ പ്രസംഗത്തിലാണെന്നു തോന്നുന്നു—എനിക്ക് നല്ല ഓർമ്മയില്ല—പറയുന്നു മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും കൂടി കേന്ദ്രഗവൺമെൻറിനെ സമീപിച്ചതിന്റെ ഫലമായി ഈ 93 കോടി രൂപയുടെ കമ്മി മിഡ്ടേം ലോണായിട്ട് കൺവർട്ട് ചെയ്യുമെന്ന് പറഞ്ഞുവെന്ന്. കേരളത്തിന്റെ പ്രത്യേകതകളൊക്കെ വിശദീകരിച്ചു പറഞ്ഞപ്പോൾ ഞാൻ വിചാരിച്ചു കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടുള്ള ഒരു പ്രത്യേക സൗജന്യവും സഹായവുമായിരിക്കും അതെന്ന്. പക്ഷേ ഈ രാജ്യത്തുള്ള എല്ലാ സംസ്ഥാന ഗവൺമെൻറുകൾക്കും ഇന്നത്തെ ആഴമേറിയ സാമ്പത്തികപ്രതിസന്ധിയിൽ നിന്നും കരകയറാൻ സാധിക്കാതെ വലയുന്ന അവസരത്തിൽ എല്ലാ സംസ്ഥാന ഗവൺമെൻറുകൾക്കും നൽകിയിട്ടുള്ളതാണ് ഇത്. അല്ലാതെ കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് എന്തെങ്കിലും പ്രത്യേകമായി നൽകിയിട്ടുള്ളതാണെന്ന് എനിക്ക് അഭിപ്രായമില്ല. വളരെയേറെ പ്രയാസമേറിയ സാഹചര്യമാണ് സാമ്പത്തികരംഗത്തുള്ളതെന്ന് നമുക്ക് അറിയാം. ധനകാര്യമന്ത്രി കേരളം പോലെയുള്ള ഒരു ദരിദ്ര സംസ്ഥാനത്ത് പുതിയ ഇളവ് അനുവദിച്ചിരിക്കുന്നത് ആർക്കാണ്. അഗ്രിക്കൾച്ചർ ഇൻകംടാക്സ് പരിധി പതിനയ്യായിരത്തിൽ നിന്നും ഇരുപതിനായിരമാക്കി ഉയർത്തിയിരിക്കുന്നു. അത് കേരളത്തിൽ ആരെയാണ് സഹായിക്കുന്നത്. ദരിദ്ര കർഷകനെയോ, പാവപ്പെട്ടവനെയോ അതോ ധനികകർഷകനെയോ? അപ്പോൾ ഈ ഗവൺമെൻറിന്റെ വർഗ്ഗസ്വഭാവം കാണിക്കുന്നത് അതാണ്. ഈ നാട്ടിലെ സാധാരണക്കാരനെ ചെറിയ കർഷകനെ സഹായിക്കുകയല്ല മറിച്ച് ധനികകർഷകനെ സഹായിക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ് പതിനയ്യായിരത്തിൽ നിന്ന് ഇരുപതിനായിരമായി പരിധി ഉയർത്തിയതുമൂലം ഉണ്ടായിരിക്കുന്നത്.

അതുപോലെതന്നെ കുട്ടനാട്, തൃശൂർ കോൾനിലങ്ങൾക്ക് വളം സബ്സിഡി അനുവദിച്ചു. 5 ഹെക്ടർ വരെ നെല്ലുൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകന്റെ പ്രയാസങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ഇങ്ങനെ നടപടികൾ സ്വീകരിച്ചതെന്ന് പറഞ്ഞു. ഞങ്ങൾ സമ്മതിക്കുന്നുണ്ട്. കുട്ടനാടും തൃശൂരും കോൾകൃഷിക്കാർക്ക് ചില പ്രത്യേകം പ്രശ്നങ്ങളുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ നെല്ലുൽപാദകനെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

മൊത്തത്തിൽ കണക്കിലെടുക്കുന്ന അവസരത്തിൽ മററുള്ളവരുടെ പ്രത്യേക പ്രശ്നങ്ങൾക്ക് പ്രത്യേക സമീപനവും ഉണ്ട് നമുക്കൊക്കെ. അങ്ങനെ അക്കാര്യത്തിൽ പ്രത്യേകമായ സൗജന്യങ്ങളും നൽകുന്നുണ്ട്. 5 ഹെക്ടർ വരെയുള്ള കൃഷിക്കാർക്ക് വളത്തിന് 25 ശതമാനം സബ്സിഡി നൽകുന്നതിന് തീരുമാനിച്ചുവെന്ന് പറയുന്നു. അതിനിപ്പോൾ കേരള സംസ്ഥാനത്ത് തൃശൂർ കോൾനിലവും കുട്ടനാട് കായൽനിലവുമല്ലാതെ വേറെ കൃഷിസ്ഥലമില്ലേയെന്ന് ഞാൻ ചോദിക്കുകയാണ്. സാധാരണ കർഷകനെ സഹായിക്കാനാണെങ്കിൽ, ചെറുകിട കർഷകനെ സഹായിക്കാനാണെങ്കിൽ 2 ഹെക്ടർ വരെയുള്ള നെൽകൃഷിക്കാർക്കൊക്കെ ഈ 25 ശതമാനം വളം സബ്സിഡി കൊടുക്കുമെന്ന് പറഞ്ഞിരുന്നെങ്കിൽ മനസിലാക്കാമായിരുന്നു. അതിനു പകരം കുട്ടനാടും തൃശൂരും 6, 5 ഹെക്ടർ വരെയുള്ള കർഷകർക്കാണ് നിങ്ങൾ ഇളവ് നൽകാൻ തീരുമാനിച്ചിരിക്കുന്നത്. സാധാരണക്കാരായ കർഷകനെ സഹായിക്കുന്ന നടപടിയാണോ ഇത് ?

നിങ്ങൾ പറഞ്ഞിരിക്കുന്നു സ്ലേററിനും നോട്ടുപുസ്തകത്തിനും പെൻസിലിനും നികുതി ഇളവ് ചെയ്തിരിക്കുന്നുവെന്ന്. നല്ല കാര്യമാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നമുക്കൊക്കെ അറിയില്ലേ ഈ വർഷത്തേക്ക് കുഞ്ഞുങ്ങൾക്ക് അവരുടെ രക്ഷിതാക്കൾക്ക് വല്ല പ്രയോജനവും ഇതുകൊണ്ട് ഉണ്ടാകുമോ ? നോട്ടുപുസ്തകവും സ്ലേററുമൊക്കെ വാങ്ങിച്ചുകഴിഞ്ഞു. എന്നാൽ അടുത്ത വർഷത്തേയ്ക്കാണോ അതിന്റെ പ്രയോജനം എങ്കിൽ ഞാൻ സമ്മതിച്ചു. എന്നിട്ട് ഈ വർഷം ചെയ്യുന്ന വലിയൊരു ഇളവാണോ നോട്ടുപുസ്തകങ്ങൾ വാങ്ങിച്ചുകഴിഞ്ഞ കുട്ടികളോട് കാണിച്ചിരിക്കുന്നത്.

ഗവൺമെൻറിന്റെ വർഗ്ഗസ്വഭാവം ഒന്നുകൂടി കാണിക്കുന്ന കാര്യമാണ് സുൽത്താൻബത്തേരിയിൽ ഒരു ട്രാൻസ്പോർട്ട് കമ്പനിയെപ്പററി പ്രസംഗത്തിൽ പറഞ്ഞത്. എന്നാൽ ധനകാര്യമന്ത്രി അത് ക്ലാരിഫൈ ചെയ്യാൻ ശ്രമിച്ചു. പ്രസംഗം വായിച്ചു നോക്കിയപ്പോൾ കെ. എസ്. ആർ. ടി. സി. കുഴിച്ചുമൂടാൻ നിങ്ങൾ തീരുമാനിച്ചിരിക്കുന്നുയെന്നാണ്. വകയ്ക്കു കൊള്ളാത്ത ഒരു സ്ഥാപനമാണെന്നാണ് നിങ്ങൾ പ്രസംഗത്തിൽ എഴുതി വച്ചിരിക്കുന്നത്. അതിന് പരിഹാരമാർഗ്ഗം നിങ്ങൾ നിർദ്ദേശിച്ചിരിക്കുന്നത് സുൽത്താൻബത്തേരിയിൽ ഒരു കമ്പനി. എന്നിട്ട് പറയുന്നത് പബ്ലിക് സെക്ടറിൽ ആണെന്നാണ്. എഴുതി വച്ചിരിക്കുന്നത് പബ്ലിക് സെക്ടർ എന്നല്ല, ഡീനാഷലൈസേഷന്റെ തുടക്കമാണ് ഇത്.

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി) : ഇവിടെ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം ബഡ്ജററിൽ ഡീനാഷലൈസ് ചെയ്യാനുള്ള ഉദ്ദേശത്തോടുകൂടിയല്ല, പബ്ലിക് സെക്ടറായിട്ടാണ് വിഭാവന ചെയ്യുന്നതെന്ന് ഗവൺമെൻറിനുവേണ്ടി ഞാൻ ഇവിടെ വിശദമാക്കിയതിനു ശേഷം ഈ പ്രസ്താവനയുടെ, പ്രസംഗത്തിന്റെ ആവശ്യമുണ്ടോ, അതിന് പ്രസക്തിയുണ്ടോ സർ ?

ശ്രീ. കെ. പങ്കജാക്ഷൻ : പബ്ലിക് സെക്ടറിൽ ആണെന്ന് പ്രസംഗത്തിൽ എവിടെയെങ്കിലും ട്രാൻസ്പോർട്ട് കമ്പനി രൂപീകരണത്തെ സംബന്ധിച്ച് പരാമർശനം ഉണ്ടോ ?

ശ്രീ. ബേബി ജോൺ : തൊഴിലാളികൾക്ക് ഷെയർ കൊടുക്കുമെന്ന് പറയുമ്പോൾ ദുർബലവിഭാഗത്തിന് ഷെയർ എടുക്കാൻ സഹായധനം നൽകും ഈ കമ്പനിക്ക് എന്നു പറഞ്ഞുകൊണ്ട് ഇത് പബ്ലിക് സെക്ടറാണെന്ന് ധനകാര്യമന്ത്രി ആരോടാണ് പറയുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : വർക്കേഴ്സിൽ ദുർബലവിഭാഗം ഉണ്ടെങ്കിൽ അവർക്ക് കൊടുക്കുന്നതാണ്.

ശ്രീ. ബേബി ജോൺ : ഞാൻ ആ പദം ഉപയോഗിക്കുന്നില്ല. അത് മോശമാണെന്നുള്ളതുകൊണ്ട് ഞാൻ ആ പദം ഉപയോഗിക്കുന്നില്ല. ഇങ്ങനെ ആളുകളെ തെററിദ്ധരിപ്പിക്കാൻ വേണ്ടിയുള്ള നടപടികൾ നടത്തുകയാണ്. നിങ്ങൾ ഡീ-നാഷണലൈസേഷൻ തുടങ്ങിയിരിക്കുന്നു അല്ലെങ്കിൽ നിങ്ങൾതന്നെ പറയണം. പബ്ലിക് സെക്ടറിൽ എന്ന് എന്തുകൊണ്ട് നിങ്ങൾ പറഞ്ഞില്ല ശരിക്കുപറഞ്ഞാൽ ജോയിൻറ് സെക്ടറിലേക്കാണ് നിങ്ങൾ വരുന്നത് എന്ന് കാണാൻ കഴിയും.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : ജോയിൻറ് സെക്ടറിനെക്കുറിച്ച് കേരളത്തിൽ ശ്രീ. അച്യുതമേനോൻെറ കാലത്തുതന്നെ തീരുമാനമെടുത്ത് ചർച്ച നടത്തിയിട്ടുള്ളതാണ്.

ശ്രീ. ബേബി ജോൺ : അത് പറയണം. അത് വളരെ സത്യസന്ധമായി പറഞ്ഞാൽ മതി മനസിലാക്കാൻ കഴിയും. അതിനുപകരം അത്, ഇത് പബ്ലിക് സെക്ടറിലാണ്, വർക്കേഴ്സിന് ഷെയറ്, ദുർബല വിഭാഗത്തിന് ഷെയർ എന്നൊക്കെ പറയുന്നത്.........

ശ്രീ. സി. ജി. ജനാർദ്ദനൻ : പോയിൻറ് ഓഫ് ഓർഡർ. സർ, ഈ ഗവൺമെൻറിൻെറ ഒരു മന്ത്രി പറയുന്നത് ഇത് പബ്ലിക് സെക്ടറിലാണെന്ന്. പോലീസ് മന്ത്രി പറയുന്നു പബ്ലിക് സെക്ടറിലല്ല അത് ഗവൺമെൻറിൻെറ നയം ജോയിൻറ് സെക്ടറിലാണെന്ന് ഇത് ക്യാബിനററിൻെറ കൂട്ടുത്തരവാദിത്വത്തിന് യോജിച്ചതാണോ ? ഇത് ഓർഡറിലാണോ ?

മി. ചെയർമാൻ : ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ആ പൊസിഷൻ ക്ലാരിഫൈ ചെയ്താണ്. ബഹുമാനപ്പെട്ട ഹോം മിനിസ്ററർ ഇതിനകത്ത് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടെന്നുള്ള അർത്ഥത്തിലല്ല പറഞ്ഞത്, അദ്ദേഹം അത് ക്ലാരിഫൈ ചെയ്തു എന്നേയുള്ളു.

ശ്രീ ബേബി ജോൺ : പിന്നെ പറയുന്നത് ഇപ്പോൾ അധികവിഭവസമാഹരണം 35 കോടിയിലധികം പോയിരിക്കുന്നു. എന്നാണ് എങ്ങനെയെന്നത് സൂചിപ്പിച്ചിട്ടില്ല. ബഡ്ജററ് പ്രസംഗത്തിൻെറ ഒരു ഭാഗത്ത് പറയുന്നത്, വളരെയേറെ സമ്മർദ്ദങ്ങളൊക്കെ ഉണ്ടായിട്ടും പുതിയ നികുതികളൊന്നും തന്നെയുണ്ടാകാതെ കൊണ്ടുവന്നിരിക്കുന്നു എന്നാണ്. 35 കോടി രൂപയുടെ അധിക വിഭവ സമാഹരണത്തെക്കുറിച്ച് ഇവിടെ അവ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. അധിക വിഭവസമാഹരണത്തെക്കുറിച്ച് പറയുകയാണെങ്കിൽ അത് എവിടെ നിന്നാണെന്നു പറയേണ്ടേ? പ്ലാനിംഗ് കമ്മീഷനുമായി ചർച്ച നടത്തിയപ്പോൾ നിങ്ങൾ അത് പറഞ്ഞു കാണുകയില്ല. അല്ലെങ്കിൽ ഒരുപക്ഷേ പദ്ധതി വിഹിതം കൂടുതൽ കിട്ടുമായിരുന്നു. അധിക വിഭവ സമാഹരണത്തെക്കുറിച്ച് അതിൻെറ റിസോഴ്സസ് എന്തൊക്കെയാണ്, എങ്ങനെയൊക്കെയാണ് എന്ന് നിങ്ങൾ പറഞ്ഞിരുന്നു വെങ്കിൽ ഒരുപക്ഷേ പദ്ധതി വിഹിതം നമുക്കു കൂടുതൽ കിട്ടുമായിരുന്നു. സർ, കമ്മി ബഡ്ജററിന് ഞാൻ എതിരൊന്നുമല്ല. കണക്കുകൾ ശരിയായിട്ട് പറയണ്ടേ? ധനകാര്യമന്ത്രിയുടെ പ്രത്യേകതയാണോ കണക്കുകളൊന്നും ശരിയായിട്ട് പറയുകയില്ലെന്നുള്ളത്? 119 കോടി ഉറുപ്പികയുടെ കമ്മി എന്നു പറഞ്ഞു. അതിൻെറ കൂടെ താഴെപ്പറയുന്നു, ഇനികൊടുക്കാൻ വേണ്ടിവരുന്ന ഡി. എ. പതിനാറിൽ ചില്വാനം കോടിയും ഇന്ന്പുതുതായി പ്രഖ്യാപിച്ച 5 കോടിയിൽ ചില്വാനം ഉറപ്പികയുടെ അധികചെലവും കൂടിയിട്ടില്ല. അപ്പോൾ അത് രണ്ടുംകൂടി വരുമ്പോൾ 140 കോടിരൂപ

ആകുകയില്ലേ ? അതുരണ്ടും കൂട്ടിച്ചേർത്ത് 140 കോടി എന്നു പറഞ്ഞുകൂടേ ? അതിനുപകരം 119 കോടി രൂപയാണ് കമ്മി എന്നു പറഞ്ഞിട്ട് അതിൽക്കൂടെ ത്തന്നെ രണ്ട് ഡി. എ. കൂടി നിൽക്കുമോ ? നിങ്ങളുടെ പ്രസംഗത്തിൽ ത്തന്നെയുണ്ട്, രൂപയുടെ മൂല്യശോഷണത്തെക്കുറിച്ച്; വിലക്കയററത്തെക്കുറിച്ച്. അപ്പോൾ ആ കണക്കുകൾ അയാഥാർത്ഥമല്ലേ? ഇങ്ങനെ അയാഥാർത്ഥമായ കണക്കുകൾ ആരെ സഹായിക്കാനാണെന്ന് ഞാൻ ചോദിക്കുന്നു. ആരെ കമ്പളിപ്പിക്കാനാണ് ? തെററായ വസ്തുതകൾ നിങ്ങൾ ഈ പ്രസംഗത്തിൽ സൂചിപ്പിക്കുന്നു. അതുപോലെ വളരെയധികം പ്രകീർത്തിക്കുന്ന കാർഷിക കമ്മിഷൻ. അതുകൊണ്ട് എന്തു ചെയ്യാൻ സാധിച്ചു ? കാർഷികോൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കാൻവേണ്ടിയാണ് ബഹുമാന്യനായ ധനകാര്യമന്ത്രി ഇതു വച്ചിട്ടുള്ളത്. നമ്മുടെ നാണ്യവിളകളുടെ വില കുറയാൻ കാരണം എന്താണ് ? അങ്ങ് കഴിഞ്ഞ പ്രാവശ്യം പ്രസംഗിച്ചത് ഓർക്കുന്നില്ലേ ? നമ്മുടെ നാണ്യവിളകളെക്കുറിച്ച്, നാളികേരത്തിന്റെ, കൊക്കയുടെ, റബ്ബറിന്റെ ഇതിന്റെയൊക്കെ വിലകുറവിന് കാരണമെന്ത് ? കമ്മിഷൻ വരാതിരുന്നതുകൊണ്ടാണോ ? കേന്ദ്രഗവൺമെൻറിന്റെ ഇറക്കുമതി നയംമൂലമാണ് കേരളത്തിന്റെ സമ്പദ്ഘടന തകരുമാറാകുന്ന രീതിയിലുള്ള നമ്മുടെ നാണ്യവിളകളുടെ വില ഇടിയുന്നത് എന്ന് നമ്മുടെ ധനകാര്യമന്ത്രി പറഞ്ഞിട്ടുള്ളതല്ലേ? പുതിയ സാഹചര്യം കൊണ്ടായിരിക്കും ഒരു പക്ഷേ അതു പറയാൻ ശ്രീമാൻ കെ. എം. മാണി തയ്യാറാകാത്തത് കേരള സംസ്ഥാനത്തിന്റെ സമ്പദ്ഘടനക്ക് ഇന്ന് തകരാറുണ്ടാകുന്നതിന്റെ പ്രധാന ഉത്തരവാദിത്വത്തിൽനിന്ന് കേന്ദ്ര ഗവൺമെൻറിന്റെ ഇറക്കുമതി നയത്തിന് ഒഴിഞ്ഞു നിൽക്കാൻ കഴിയുമോ എന്നു ഞാൻ ചോദിക്കുകയാണ്. അല്ലെങ്കിൽ നിങ്ങൾ അന്ന് പറഞ്ഞത് തെററാണെന്നു പറയണം. അന്ന് റബ്ബർ ഇറക്കുമതി ചെയ്യുന്നത് നമ്മുടെ സമ്പദ്ഘടനയ്ക്ക് ദോഷമാണെന്നു പറഞ്ഞു. വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര ഗവൺമെൻറിന്റെ നയം തെററാണെന്നു പറഞ്ഞു കൊക്കൊ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര ഗവൺമെൻറിന്റെ നയം തെററാണെന്നു പറഞ്ഞു. ബഡ്ജററ് പ്രസംഗത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ശക്തമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് നടത്തിയിട്ടുള്ള രൂപരേഖയിലോ പ്രസംഗത്തിലോ എവിടെയെങ്കിലും നമ്മുടെ നാണ്യവിളകളുടെ വിലയിടിവിനെതിരായി, അതിന്റെ കാരണങ്ങളെക്കുറിച്ച് ഒരു സൂചനയെങ്കിലും നൽകാൻ കഴിഞ്ഞിട്ടുണ്ടോ ?

സർ, അതുപോലെ വ്യാവസായികനയം. വ്യാവസായിക നയത്തെക്കുറിച്ച് പറയുമ്പോൾ 58 താലൂക്കുകളിൽ 58 വ്യവസായങ്ങൾക്കായി 58 കോടി രൂപ ചെലവഴിക്കുമെന്നു പറഞ്ഞിട്ടുണ്ട്. അതു വളരെ നല്ലതാണ്. അക്ഷരത്തെററുണ്ടെന്നു തോന്നുന്നു, പ്രസംഗത്തിൽ. ഞാൻ വായിച്ചുനോക്കിയതുകൊണ്ടു പറയുകയാണ്. 16-ാമത്തെ പേജിൽ വ്യവസായത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ''ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പ് പ്രോജക്ററ് നിർണയിക്കുക. അടുത്ത ആറുമാസത്തിനകം സ്പെഷ്യലൈസ്ഡ് ഏജൻസികളെക്കൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക, തുടർന്ന് 18 മാസത്തിനകം നിർമ്മാണം പൂർത്തിയാക്കുക എന്നിങ്ങനെ ആയിരിക്കും'' എന്ന്.

എനിക്ക് തോന്നുന്നത് ഈ വർഷംകൊണ്ട് ചെയ്യുമെന്നാണ്. ഇതിൽ ഒരു കാര്യം പറഞ്ഞതിലേയുള്ളു എനിക്ക് എതിർപ്പ്. കേരളത്തിന്റെ വ്യവസായവൽക്കരണമാണ് നമ്മുടെ പ്രശ്നമെങ്കിലും സംസ്ഥാനത്ത് വ്യവസായങ്ങൾ സ്ഥാപിക്കാൻ സന്നദ്ധമായവർക്ക് നൽകാൻവേണ്ടി പ്രവർത്തനക്ഷമമായ വ്യാവസായിക പദ്ധതികൾ നാം തയ്യാറാക്കിയിട്ടില്ല എന്നാണ് പറഞ്ഞിട്ടുള്ളത്, അത് ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതാണ്. എന്നാൽ ഇവിടെ വിതരണം ചെയ്തിട്ടുള്ള എക്കണോമിക് റിവ്യൂവിൽ പറഞ്ഞിട്ടുള്ളതെന്താണ് ? അതിൽ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

"The number of project ideas with KSIDC has increased from 138 to 170 during the year. Efforts are on to identify more projects in the field of rubber industry, electronics, light engineering, chemicals and drug industry". എന്നാണ്.

ധനകാര്യവും നിയമവും വകപ്പുമന്ത്രി (ശ്രീ.കെ.എം. മാണി) : സ്പെഷ്യൽ കാററഗറിയെ ഉദ്ദേശിച്ചുള്ളതാണ്. അതിൽ രാജ്യമാസകലം ഓരോ താലൂക്കിന്റെയും പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് പോകണം. അതിനുവേണ്ടി സ്പെഷ്യൽ സ്ററഡി വേണം. ബഹുമാനപ്പെട്ട ബേബി ജോണിന് അത് അറിയാൻ പാടില്ലേ ?

ശ്രീ. ബേബി ജോൺ : ഓരോ താലൂക്കിലുമുള്ള പ്രത്യേകതകൾ ഇനി പഠിക്കണമോ ? ഇപ്പോൾ ഇരിക്കുന്ന ഓരോ താലൂക്കിലാക്കിയാൽ ഒക്കുകയില്ല അല്ലേ? അതു മോശമാണോ ? ഇതു മൂന്നാമത്തെ കൊല്ലത്തേക്കു വരുന്ന ഏർപ്പാടാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ മറുപടി പറഞ്ഞിരുന്ന കൂട്ടത്തിൽ ഒരു കാര്യം പറഞ്ഞിരുന്നു തൊഴിലാളി പ്രശ്നം സംബന്ധിച്ച്, തൊഴിലാളി താൽപ്പര്യം സംബന്ധിച്ച്, തൊഴിലാളികളോട് ഈ ഗവൺമെന്റിന്റെ സമീപനം സംബന്ധിച്ച് ഒക്കെ സൂചിപ്പിച്ചു. എനിക്ക് അതിലൊന്നും തർക്കമില്ല. ഈ ബഡ്ജററിൽ തൊഴിലാളികൾക്ക് സഹായകമായി എന്തെല്ലാം പരിപാടികളുണ്ട് ? പുതിയ എന്തെങ്കിലും പരിപാടിയുണ്ടോ? കഴിഞ്ഞ പ്രാവശ്യം കശുവണ്ടി, കയർ, കൈത്തറി തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾക്ക് വേണ്ടി ഓരോ കോടി രൂപ വകകൊള്ളിച്ചിരുന്നില്ലേ മാണിയുടെ ബഡ്ജററിൽ ? അതിൽ കശുവണ്ടിയെ സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ബഡ്ജററിൽ കൊള്ളിച്ചു എന്നു പറഞ്ഞത് എത്ര കോടി ? എന്തു ചെയ്തു നിങ്ങൾ ? ആളുകളെ പററിക്കാൻ വേണ്ടി ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. ബേബി ജോൺ : ആ ഗവൺമെൻറ് അന്ന് പോയി.

ശ്രീ. കെ. കരുണാകരൻ : ഏപ്രിൽ 1-ാം തീയതി മുതൽ നിങ്ങൾക്ക് നടപ്പിലാക്കാമായിരുന്നത് ഒക്ടോബർ മാസം വരെ നിങ്ങൾ അധികാരത്തിലിരുന്നിട്ട് എന്തുചെയ്തു ?

ശ്രീ. ബേബി ജോൺ : ഒക്ടോബർമാസം 2-ാം തീയതി കശുവണ്ടിത്തൊഴിലാളികളുടെ ക്ഷേമനിധിയെ സംബന്ധിച്ചുള്ള ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തി.

ശ്രീ. കെ. കരുണാകരൻ : അഞ്ചു പൈസ നിങ്ങൾ ചെലവഴിച്ചോ ?

ശ്രീ. ബേബി ജോൺ : ശ്രീമാൻ കരുണാകരന്റെ നേതൃത്വത്തിൽ വന്ന ഗവൺമെൻറ് അഞ്ചുപൈസ ചെലവാക്കിയിട്ടില്ല. അതാണ് എന്റെ ആക്ഷേപം. ഇപ്പോൾ നിങ്ങൾ എന്തുചെയ്തിരിക്കുന്നു? ഓരോ ലക്ഷം രൂപയല്ലേ നീക്കിവച്ചിരിക്കുന്നത്. കയർ തൊഴിലാളികൾക്ക് ക്ഷേമനിധിക്കുവേണ്ടി, കശുവണ്ടിത്തൊഴിലാളികൾക്ക് ക്ഷേമനിധിക്കുവേണ്ടി ഓരോലക്ഷം രൂപയല്ലേ നീക്കിവച്ചിരിക്കുന്നത് ? ഇതാണോ നിങ്ങളുടെ തൊഴിലാളി സ്നേഹം ? തുകയില്ലെങ്കിലും ഇനിയും ആവശ്യം വരുമ്പോൾ ചെലവാക്കാൻ കഴിയുകയില്ലേ എന്നു ചോദിക്കും. എനിക്കറിയാം. അതല്ല. ഈ ഇരുപതിനായിരം ഉറുപ്പിക അഗ്രിക്കൾച്ചർ ഇൻകംടാക്സ് ഇളവു ചെയ്തുകൊടുക്കുന്ന ഈ ഗവൺമെൻറ് ഈ നാട്ടിലെ സാധാരണ തൊഴിലാളികൾക്ക് സഹായം നൽകുന്ന പരിപാടിക്ക് കഴിഞ്ഞ ഗവൺമെൻറ് ഓരോ കോടി രൂപ വകയിരുത്തിയെങ്കിൽ ഈ ഗവൺമെൻറ് ഓരോ ലക്ഷമാണ് വകയിരുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതുപോലെതന്നെ നമ്മുടെ ഉൽപ്പാദനവർദ്ധനവിനെ സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്തെ പൊതു സ്ഥിതി നോക്കു. ഞാൻ ആരേയും കുററപ്പെടുത്താൻവേണ്ടി പറയുകയല്ല. നമ്മുടെ വ്യവസായശാലകൾ ഇന്ന് എത്രഎണ്ണമാണ് പൂട്ടിയിട്ടിരിക്കുന്നത് ? പല കാരണങ്ങൾ കാണും. തൊഴിൽത്തർക്കം മാത്രമായിരിക്കുകയില്ല. ഇതിനുള്ള പരിഹാരം കണ്ടില്ലെങ്കിൽ എങ്ങനെയാണ് വ്യാവസായിക വളർച്ച ഉണ്ടാകുന്നത് ? ആകെക്കൂടി നോക്കുമ്പോൾ, പുതിയ നികുതി വർദ്ധനവ്, പുതിയ നികുതി ഇളവുകൾ, ബാററിക്ക് വിലവർദ്ധിപ്പിച്ചാൽ ട്രാൻസ്പോർട്ടിലെ സ്ഥിതി എന്തായിരിക്കുമെന്ന് ആലോചിക്കുക. മാത്രമല്ല, മററ് ലോറി ട്രാൻസ്പോർട്ടിനുമൊക്കെ ഇത് ബാധിക്കുകയില്ലെങ്കിൽ വളരെ നല്ലത്. അതുപോലെതന്നെ സ്ററെയിൻലസ്സ് സ്ററീലിനും ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നികുതികുറവ് എന്നതിനെ സംബന്ധിച്ച് സൂചന നൽകിയിരുന്നു വ്യാവസായിക വ്യാപാരത്തിന്റെ വളർച്ചയ്ക്ക് സഹായകമാണ് നികുതിയെങ്കിൽ കുറവു വരുത്തേണ്ടത് മററു സംസ്ഥാനങ്ങളുമായി തുല്യമായി നിലനിറുത്തിക്കൊണ്ടാണ്. അപ്പോൾ വ്യാവസായിക വളർച്ചയ്ക്ക് സഹായകരമാണെന്നാണ് ഈ നികുതി കുറവുചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞത്. അങ്ങനെയാണെങ്കിൽ ഇപ്പോൾ ആ തത്വം ഉദ്യോഗസ്ഥൻമാരിൽ തന്നെയുള്ളിടത്ത് എന്തിനാണ് കൂട്ടുന്നത് ? നമ്മുടെ വ്യാവസായിക വ്യാപാരത്തിന്റെ വളർച്ചയ്ക്ക് സഹായകരമായിരിക്കുകയില്ലേ ഇപ്പോഴത്തെ നിലയ്ക്കു നിന്നാൽ ? കൂടുതൽ പാരിററിതന്നെ വേണമെന്ന് എവിടെ പറഞ്ഞിരിക്കുന്നു ?

ആകെക്കൂടി നോക്കുമ്പോൾ സ്ഥാപിതതാൽപ്പര്യക്കാരെ സഹായിക്കുന്നതിനുവേണ്ടി, ധനികവർഗ്ഗത്തെ സഹായിക്കുന്നതിനുവേണ്ടി തൊഴിലാളിവർഗ്ഗതാൽപ്പര്യം തീരെ ഇല്ലാത്ത ഈ ഗവൺമെൻറിന്റെ ബഡ്ജററ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ.കെ. നായർ : സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച അദ്ദേഹത്തിന്റെ ബഡ്ജററ് പ്രസംഗം ആദ്യന്തം സശ്രദ്ധം ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ആ പ്രസംഗത്തിന്റെ അവസാനഭാഗം കേട്ടുകഴിഞ്ഞപ്പോൾ എനിക്ക് ഒരു സംശയമാണുണ്ടായത്. കേരളത്തിൽ മദ്ധ്യതിരുവിതാംകൂറിലെ എം. സി. റോഡിന് കിഴക്കുഭാഗത്തുള്ള ജനങ്ങൾ അല്ലെങ്കിൽ ആ പ്രദേശങ്ങൾ കേരള സംസ്ഥാനത്തിൽ ഉൾപ്പെട്ടതല്ലേ എന്ന് എനിക്കു തോന്നിപ്പോവുകയാണ്. ബാക്കി എല്ലാ പ്രദേശങ്ങളേയും പരാമർശിച്ചുകൊണ്ടുള്ള കാര്യങ്ങൾ ഈ ബഡ്ജററിനകത്ത് പറഞ്ഞിട്ടുണ്ട്. എട്ടുകോടി രൂപ ചെലവാക്കി ഒരു ഇൻഡോ-സ്വിസ് പ്രോജക്ട് മലബാർ പ്രദേശത്ത് നടപ്പാക്കുമെന്നും 600 ക്ഷീരവികസന സംഘങ്ങൾ അവിടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അതിനകത്ത് നിർദ്ദേശമുണ്ട്. അതുപോലെ ആലപ്പുഴ ജില്ലയിലെ ഇൻഡസ്ട്രീസ് കോംപ്ലക്സ് പോലുള്ള ഒരു കോംപ്ലക്സ് മലപ്പുറം ജില്ലയ്ക്ക് സംഭാവന ചെയ്യുമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വയനാട് ജില്ലയ്ക്ക് വികസന അതോറിററിയും പോളിടെക്നിക്കും ജൂനിയർ ടെക്നിക്കൽ സ്കൂളും അദ്ദേഹം വാഗ്ദാനം ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ ഇ. എസ്. ഐ. ആശുപത്രികളും അതുപോലെ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളുമെല്ലാം മലബാർ പ്രദേശത്തേക്ക് റിസർവ്വ് ചെയ്തിരിക്കുകയാണ്. ഇടുക്കി ജില്ലയ്ക്കും വികസന അതോറിട്ടിയും ജൂനിയർ പോളിടെക്നിക്കിനും അദ്ദേഹം വാഗ്ദാനം ചെയ്തിട്ടുണ്ട് കുട്ടനാടൻ പ്രദേശത്തും അതുപോലെ തൃശൂർ കോൾ നിലങ്ങൾക്കും വളത്തിന് സബ്സിഡിയും അദ്ദേഹം വാഗ്ദാനം ചെയ്തിരിക്കുന്നു. ഒരു സർവ്വകലാശാലയുമായി അദ്ദേഹം കോട്ടയത്ത് വന്ന് അവിടെ അവസാനിപ്പിച്ചിട്ട് നേരെ തീര



LIBRARY ARCHIVES Kerala Legislative Assembly

പ്രദേശത്തേക്ക് മാറുകയാണ്. അവിടെ കശുവണ്ടി, കൈത്തറി അതുപോലെ കയർ വ്യവസായങ്ങളെ പുനരുദ്ധരിപ്പിക്കുവാനുള്ള ഒരു പദ്ധതിയും മൽസ്യത്തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്താനുള്ള പദ്ധതി നിർദ്ദേശങ്ങളുമൊക്കെ ആ പ്രദേശത്തുണ്ട്. ഈ ബഡ്ജററ് ആകെ വായിച്ചു നോക്കിയപ്പോൾ മദ്ധ്യ-തിരുവിതാംകൂറിലെ കിഴക്കൻപ്രദേശങ്ങളെപ്പററി ഒന്നുംതന്നെ കാണുവാൻ കഴിഞ്ഞിട്ടില്ല. പ്രസംഗത്തിൽവന്ന ആ അപാകത പ്രവർത്തനത്തിൽകൂടി പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട ധനമന്ത്രിയോടും ഗവൺമെൻറിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. എനിക്ക് രണ്ടുമൂന്നു നിർദ്ദേശങ്ങളാണ് ഇക്കാര്യത്തിൽ ഗവൺമെൻറിൻെറ മുമ്പാകെ വയ്ക്കാനുള്ളത്. ഈ ബഡ്ജററിൽ 15 ആയുർവേദ ഡിസ്പെൻസറികളും 10 ഹോമിയോ ഡിസ്പെൻസറികളും തുടങ്ങാൻ നിർദ്ദേശമുണ്ട്. അവയിൽ ഓരോന്ന് ഈ മലയോര പ്രദേശങ്ങൾക്കുവേണ്ടി മാററിവയ്ക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ടെക്സ്ററയിൽ കോർപ്പറേഷൻ 5 സ്പിന്നിംഗ്മിൽസ് തുടങ്ങാനുള്ള നിർദ്ദേശത്തിൽ ഒരെണ്ണം ഈ കിഴക്കൻ പ്രദേശത്തിനുവേണ്ടി മാററിവയ്ക്കുമെന്നാണ് എൻെറ പ്രതീക്ഷ.

കണ്ണൂരിലും പാലക്കാട്ടും പുതിയ കെൽട്രോൺ യൂണിററ് തുടങ്ങാനുള്ള നിർദ്ദേശം ഇന്ന് ഗവൺമെൻറിൻെറ മുമ്പിലുണ്ട്. അതിൽ കണ്ണൂരിലുള്ള പ്രോജക്ടിൻെറ ഉദ്ഘാടനം കഴിയുകയും ചെയ്തിട്ടുണ്ട്. ഈ കെൽട്രോണിൻെറതന്നെ ഒരു യൂണിററ് മദ്ധ്യ-തിരുവിതാംകൂറിലെ കിഴക്കൻ മലയോര പ്രദേശങ്ങൾക്കുവേണ്ടി മാററി വയ്ക്കുന്നതിനുവേണ്ടി ഞാൻ ഗവൺമെൻറിനോട് ആവശ്യപ്പെടുകയാണ്.

അതുപോലെതന്നെ അടുത്ത ബഡ്ജററ് പ്രസംഗത്തിൽ വരുമ്പോൾ മറവി പററാതെ പുതിയ വികസന അതോറിററിയും പോളിടെക്നിക്കും ജൂനിയർ ടെക്നിക്കൽ സ്കൂളുമൊക്കെ പ്രസ്താവ്യയോഗ്യമാക്കത്തക്കതുപോലെ ഈ കിഴക്കൻ മലയോരപ്രദേശത്തിന് ഒരു പുതിയ റവന്യൂ യൂണിററിൻെറ പ്രഖ്യാപനവും വലിയ താമസമില്ലാതെതന്നെ നടത്തണമെന്ന് ഈ ഗവൺമെൻറിനോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മറെറാരുകാര്യം സൂചിപ്പിക്കാനുള്ളത് റെയിൽവേയെപ്പററിയാണ്. ഇന്നത്തെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ പല ഭാഗങ്ങളിലും ബസ്സുകളുടെ സൗകര്യവും റെയിൽവേ സൗകര്യവും അനുഭവിക്കാൻ ജനങ്ങൾക്ക് കഴിയുന്നു. എന്നാൽ കിഴക്കൻ മലയോര പ്രദേശങ്ങളിലുള്ള ജനങ്ങൾ തികച്ചും ബസ്സ് സർവ്വീസുകളെ ആശ്രയിച്ചാണ് കഴിയുന്നത്. രാവിലെയും വൈകുന്നേരവുമൊക്കെ ബസ്സ് സ്ററാൻറുകളിൽ ചെന്നാൽ ഉത്സവപറമ്പിൻെറ പ്രതീതിയാണ് അവിടെ തോന്നാറുള്ളത്. ഇതിന് ഒരു പരിഹാരം കാണുന്നതിനുവേണ്ടി കിഴക്കൻ മലയോരപ്രദേശങ്ങളെ ബന്ധിച്ചുകൊണ്ടുള്ള റെയിൽവേ സർവ്വീസ് ആ പ്രദേശത്തിൻെറ ഒരു അടിയന്തിരാവശ്യമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ചെങ്ങന്നൂർ നിന്ന് ആരംഭിച്ച് പത്തനംതിട്ട-പുനലൂർ വഴി അഞ്ചൽ-കുളത്തൂപ്പുഴ-നെടുമങ്ങാട് പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തിരുവനന്തപുരത്തേക്ക് ഒരു റെയിൽവേ സർവ്വീസ് തുടങ്ങുന്ന കാര്യം ഗവൺമെൻറ് സത്വരമായി പരിഗണിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ ശബരിമലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് പത്തനംതിട്ട നിന്നും ചാലക്കയത്തേക്ക് ഒരു എക്സ്ററൻഷനോടുകൂടിയുള്ള സർവ്വീസ് അടുത്ത പദ്ധതിയിലെങ്കിലും നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തണമെന്നും ഈ ഗവൺമെൻറിനോട് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള മറ്റൊരു കാര്യം ഉണ്ട്. കഴിഞ്ഞ പല വർഷങ്ങളിലേയും ബഡ്ജററ് പ്രസംഗം കേട്ടപ്പോഴും അതിനകത്ത് മറക്കപ്പെടുന്ന ഒരു വിഭാഗം ഇതിനകത്തുണ്ട്. അതായത് കായികാദ്ധ്വാനം മാത്രം കൈമുതലായി കഴിയുന്ന ഒരു വലിയ വിഭാഗം ജനങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. ഈ വലിയ വിഭാഗത്തെപ്പററി ഇക്കഴിഞ്ഞ കൊല്ലത്തിലെ ബഡ്ജററിലോ ഗവർണ്ണറുടെ പ്രസംഗത്തിലോപോലും പരമാർശിക്കുന്നതായി കാണുന്നില്ല. ഇക്കാര്യത്തിൽ ഒരു മാററം ഉണ്ടാക്കണമെന്നാണ് ഈ അവസരത്തിൽ എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഈ പാവപ്പെട്ട അല്ലെങ്കിൽ കായിക അദ്ധ്വാനംകൊണ്ട് കഴിയുന്ന ആളുകൾക്ക് അവരുടെ ജീവിതത്തിൽ എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായി കഴിഞ്ഞാൽ പിന്നീട് ജീവിതം തുടർന്ന് പോകാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഇന്ന് അവരുടെ മുമ്പിലുള്ളത്. സർക്കാർ സർവ്വീസിലുള്ള ആളുകൾക്ക് മെഡിക്കൽ റിഇംപേഴ്സുമെൻറിനുവേണ്ടിയുള്ള ബില്ലുകൾ തയ്യാറാക്കുമ്പോൾ ഈ പാവപ്പെട്ട മനുഷ്യർ അവരുടെ ബന്ധുക്കൾക്കോ അല്ലെങ്കിൽ അവരുടെ ഭാര്യമാർക്കോ ഒക്കെ സുഖക്കേടു ഉണ്ടായി കഴിഞ്ഞാൽ മരുന്നിനുള്ള ചീട്ടുമായി അലഞ്ഞുതിരിഞ്ഞു നടക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഈ പാവപ്പെട്ട ജനങ്ങളുടെ കാര്യങ്ങൾകൂടി ഈ ബഡ്ജററിൽ ഇല്ലെങ്കിൽപോലും ഇനിയുള്ള പദ്ധതികളിലെങ്കിലും കണക്കിലെടുക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ടും ഞാൻ നിർദ്ദേശിച്ച കാര്യങ്ങൾ പരിഗണനയിൽ എടുക്കുമെന്നുള്ള പ്രതീക്ഷയോടുകൂടിയും ഈ ബഡ്ജററിനെ ഞാൻ പിൻതാങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. ടി. എച്ച്. മുസ്തഫ : സർ, സംസ്ഥാനത്തിൻെറ സമഗ്രമായ വികസനം ലക്ഷ്യമാക്കിക്കൊണ്ട് ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്കും പരിപാടികൾക്കും രൂപം നൽകിക്കൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെബഡ്ജററിനെ അവതരിപ്പിച്ചിട്ടുള്ളഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്യുകയുംഅതിനെ പിൻതാങ്ങുകയും ചെയ്യുന്നു. കാര്യമാത്രപ്രസക്തമായ ഒരു സമീപനമാണ് പ്രശ്നങ്ങളോട് അദ്ദേഹംകാണിച്ചിട്ടുള്ളതെന്ന്ഈ ബഡ്ജററ് ആദ്യാവസാനം വായിക്കുന്ന ആർക്കും ബോദ്ധ്യമാകും. പക്ഷേ വായിച്ചാലും വായിച്ചിട്ടില്ലെന്ന് നടിക്കുകയും മനസ്സിലായാലും മനസ്സിലാക്കിയിട്ടില്ലെന്നു നടിക്കുകയും ചെയ്യുന്ന ചില ആളുകൾ ഇതിനെക്കുറിച്ച് വിമർശനംനടത്തിയപ്പോൾ ഇതിൽ ഒന്നുമില്ലെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇതിൽ എല്ലാ രംഗങ്ങളും എടുത്തു പറഞ്ഞിട്ടുണ്ട്. സർ ഓരോ രംഗവും അക്കമിട്ട് അക്കമിട്ട് പറഞ്ഞിരിക്കുന്നു. ഹരിജനങ്ങളുടെയും തൊഴിലാളികളുടെയും അവശദുർബല ജനവിഭാഗങ്ങളുടെയും വിദ്യാർത്ഥികളുടെയും എന്നുവേണ്ട സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ആവശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുമുള്ള പരിപാടികൾ ഈ ബഡ്ജററിൽ അങ്ങോളമിങ്ങോളം വിവരിക്കപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ കാർഷിക വ്യാവസായിക രംഗങ്ങളിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കാർഷിക വ്യാവസായിക വ്യാപാരരംഗങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ പരിപാടികൾ ഈ ബഡ്ജററ് പ്രസംഗത്തിലൂടെ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും പരമ്പരാഗത തൊഴിലുകൾ സംരക്ഷിക്കുന്നതിനുംആവശ്യമായ നടപടികൾ ഈ ബഡ്ജററിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ കുഴഞ്ഞുമറിഞ്ഞ നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക നില ഭദ്രമാക്കി എടുത്തുകൊണ്ട് ഈ രാജ്യത്തിൻെറ ആവശ്യങ്ങൾ നിറവേററുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം കേന്ദ്രത്തിൽനിന്ന്ലഭ്യമാക്കുന്നതിന് കേന്ദ്രത്തോട് സഹകരണമനോഭാവം ഉണ്ടാകത്തക്കവിധത്തിലുള്ള സമീപനം ഈ ബഡ്ജററിലൂടെ നമുക്ക് കാണാൻ കഴിയും. കഴിഞ്ഞ കാലങ്ങളിൽ പുതിയ പ്രഖ്യാപനങ്ങൾ നടത്തുകയും കേന്ദ്രത്തിനെതിരായ പ്രചരണ വേദിയായി

നിയമസഭയേയും ബഡ്ജററ് പ്രസംഗത്തേയും ഉപയോഗിക്കുകയും ചെയ്യാറുള്ളതിന് വിപരീതമായി കേന്ദ്രത്തോട് സഹകരണ മനോഭാവം പുലർത്തിക്കൊണ്ട്, കേന്ദ്രത്തിന്റെ സഹായം പരിപൂർണ്ണമായി ലഭ്യമാക്കിക്കൊണ്ട് രാജ്യത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു സമീപനം ധനകാര്യമന്ത്രി ഇതിൽ കാണിച്ചിരിക്കുന്നു എന്നത് സ്വാഗതാർഹമാണ്. കാർഷിക രംഗത്ത് ഇന്ന് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരുണ്ട് കാർഷികരംഗത്ത് കുട്ടനാട്ടിലും തൃശ്ശൂർ കോൾ നിലങ്ങളിലുമുള്ള കർഷകർക്ക് വളത്തിന് 25 ശതമാനം സബ്സിഡി നൽകിക്കൊണ്ടുള്ള ബഡ്ജററ് നിർദ്ദേശം സ്വാഗതാർഹമാണ്. ഒന്നുമാത്രമാണ് എനിക്ക് ധനകാര്യമന്ത്രിയേയും ഗവൺമെൻറിനേയും ഓർമ്മിപ്പിക്കാനുള്ളത്. കാർഷിക രംഗത്ത് ഇന്ന് ദുരിതമനുഭവിക്കുന്ന കർഷകർ കുട്ടനാട്ടിലും തൃശ്ശൂരിലും മാത്രമല്ല ഉൽപ്പാദന ചെലവിന്റെ പകുതിപോലും തിരിച്ചുകിട്ടാൻ ഇല്ലാതെ കഷ്ടപ്പെടുന്ന യാതന അനുഭവിക്കുന്ന കർഷകർ ഇന്ന് അവരുടെ കാർഷികവൃത്തി നെൽകൃഷിയിൽനിന്നും മററു പലതിലേക്കും മാററിക്കൊണ്ടു പോവുകയും ആ ഭൂമി മുഴുവൻ വ്യാവസായിക ആവശ്യങ്ങൾക്കുവേണ്ടി മാററിമറിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആവശ്യത്തിന്റെ പകുതി ഭക്ഷ്യധാന്യംപോലും ഉൽപ്പാദിപ്പിക്കപ്പെടാത്ത ഈ സംസ്ഥാനത്തിന്റെ ഭാവിയെ കരുതി തകർന്നുപോയ കർഷകന്റെ നട്ടെല്ല് നിവർത്തി എടുക്കുന്നതിനുവേണ്ടി ഈ സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും വളത്തിന് 25 ശതമാനം സബ്സിഡി നൽകുമെന്ന് ഈ ഗവൺമെൻറ് പ്രഖ്യാപിക്കണമെന്ന് വിനയപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുകയാണ്.

അതുപോലെതന്നെ വ്യാവസായികരംഗത്ത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് യാതൊരു നിർദ്ദേശവുമില്ലെന്ന് ഇവിടെ ആക്ഷേപിക്കുന്നത് കേട്ടു. 2,500 ചെറുകിട വ്യവസായങ്ങൾ ഈ വർഷത്തിൽ ആരംഭിക്കുന്നതിനും 64,000 ത്തിലേറെ തൊഴിലാളികൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ ബഡ്ജററിൽ നിർദ്ദേശമുണ്ട്.

അതുപോലെതന്നെ ഈ രാജ്യത്തെ പരമ്പരാഗത വ്യവസായങ്ങളെ ഉണർത്തികൊണ്ട് വരുന്നതിന്, ഇതിനെ നിലനിറുത്തുന്നതിന് ആവശ്യമായ സഹായങ്ങൾ ഇതിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. കൈത്തൊഴിലുകൾ പോഷിപ്പിക്കുന്നതിന് ഈ ബഡ്ജററിൽ നിർദ്ദേശം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. വ്യാവസായികമായ പുരോഗതി നേടി എടുക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഈ ബഡ്ജററിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭാഗം ഒന്ന് വായിക്കാൻ പ്രതിപക്ഷം സൻമനസ്സ് കാണിക്കാതിരിക്കുന്നതിൽ അങ്ങേയററത്തെ ഖേദമുണ്ട്. ഇവിടെ പുതുതായി ഒരു താലൂക്കിൽ ഒരു വ്യവസായം തുടങ്ങുന്നതിനുള്ള നടപടിയെക്കുറിച്ച് ഈ ബഡ്ജററിൽ നിർദ്ദേശിച്ചതിനെ അപ്പുറത്തുനിന്ന് ആക്ഷേപിക്കുന്നത് കേട്ടു. എന്റെ ബഹുമാന്യനായ സ്നേഹിതൻ ബേബിജോൺ പ്രസക്തമായ ഭാഗം വായിച്ചത് കൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഞാൻ അത് വായിക്കണമെന്ന് വിചാരിച്ചിരുന്നതാണ്. ഈ സാമ്പത്തിക വർഷത്തിൽത്തന്നെ അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും 18 മാസം കൊണ്ട് അതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പ്രവർത്തനം തുടങ്ങുന്നതിനുള്ള ഒരു നടപടിയാണ് സർ ഈ ബഡ്ജററിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ കാലങ്ങളെപ്പോലെ അധര വ്യായാമം നടത്തുന്നതിന് വേണ്ടിയുള്ള ഏർപ്പാടല്ല ഈ ബഡ്ജററിലൂടെ നമുക്ക് കാണാൻ കഴിയുന്നതെന്ന് ഈ ബഡ്ജററ് സസൂക്ഷ്മം പഠിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്.

അതുപോലെതന്നെ ഇവിടെ ഹരിജനക്ഷേമത്തിനുവേണ്ടി യാതൊന്നും ചെയ്തിട്ടില്ലെന്ന് അപ്പുറത്ത് നിന്ന് ആക്ഷേപം ഉന്നയിക്കുന്നത് കേട്ടു. നമ്മുടെ സംസ്ഥാനത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇടം. പ്രഥമമായി നമ്മുടെ സെക്രട്ടറിയേററിൽ ഹരിജനങ്ങൾക്ക് വേണ്ടി ഒരു പ്രത്യേക വകുപ്പ് ആരംഭിച്ചിരിക്കുന്നു. മുഖ്യമന്ത്രിതന്നെ ഹരിജന ക്ഷേമവകുപ്പിന്റെ നേരിട്ടുള്ള ചുമതല നിർവ്വഹിക്കുകയും ചെയ്യുന്നു. ഹരിജനങ്ങൾ തിങ്ങിവസിക്കുന്ന ഹരിജൻ കോളനികളിലും അതുപോലെ തന്നെ ഹരിജനങ്ങൾ കൂട്ടായി താമസിക്കുന്ന പ്രദേശങ്ങളിലും അടിയന്തിരമായി ശുദ്ധജലം എത്തിക്കുന്നതിനും വൈദ്യുതി എത്തിക്കുന്നതിനും വെള്ളം എത്തിക്കുന്നതിനും പാർപ്പിട സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും അവരുടെ തൊഴിലുകൾ പോഷിപ്പിക്കുന്നതിനും ആവശ്യമായ പരിപാടികൾ ആവിഷ്ക്കരിച്ചിരിക്കുകയാണ്.

ഇതിനുവേണ്ടിയുള്ള പരിപാടിയുടെ പ്ലാനുകൾ ജില്ലാതലങ്ങളിൽ തയ്യാറാക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകികൊണ്ട് ഈ രാജ്യത്തെ ഹരിജനങ്ങളെ ഉദ്ധരിക്കുന്നതിന് സമഗ്രമായ ഒരു പരിപാടിക്ക് രൂപം നൽകികൊണ്ട് ആ പരിപാടി പ്രാവർത്തികമാക്കുകയാണ്. സർ ഇന്നോളം ഹരിജന രംഗത്ത് ഇത്രയേറെ ക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകികൊണ്ടുള്ള പ്രവർത്തനം ഒരിക്കലും ഉണ്ടായിട്ടില്ലന്ന് കഴിഞ്ഞ കാല അനുഭവങ്ങൾ ഓരോന്നായി പരിശോധിക്കുന്ന ആർക്കും അതു ബോദ്ധ്യമാകും.

സർ, അതുപോലെതന്നെ ഇന്നലെ ഇവിടെ മറ്റൊരു കാര്യം ആക്ഷേപിക്കുന്നത് കേട്ടു. മൽസ്യത്തൊഴിലാളികളെക്കുറിച്ച് ഈ ബഡ്ജററിലെങ്ങും ഒന്നും പറഞ്ഞിട്ടില്ലെന്ന ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. മൽസ്യത്തൊഴിലാളികളെക്കുറിച്ച് പറയുന്ന ഭാഗം ഒന്നെടുത്ത് വായിച്ചുനോക്കാൻ ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. മൽസ്യത്തൊഴിലാളിക്ഷേമ സഹകരണ സംഘങ്ങൾ ഗ്രാമീണ സഹകരണ സംഘങ്ങൾ ഇവ ഉണ്ടാക്കുന്ന നടപടികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനും അതുപോലെ മൽസ്യത്തൊഴിലാളികൾ തിങ്ങി താമസിക്കുന്ന പ്രദേശങ്ങളിൽ റോഡുകൾ നിർമ്മിക്കുന്നതിനും അവർക്ക് ശുദ്ധജലം എത്തിക്കുന്നതിനും വെളിച്ചം എത്തിക്കുന്നതിനും അവർക്ക് അർഹമായ ഭൂമി പതിച്ചു കൊടുക്കുന്നതിനും ഉള്ള സമഗ്രമായ നടപടികൾ ബഡ്ജററിൽ തന്നെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ അവർക്ക് ഇൻഷ്വറൻസ് സഹായം ഏർപ്പെടുത്തുന്നതിനുള്ള അടിയന്തിര നിർദ്ദേശം ആ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ഇതിനകം നൽകി കഴിഞ്ഞിരിക്കുന്നു. അതുപോലെതന്നെ അവർക്ക് അവരുടെ ഉപകരണങ്ങൾ സംരക്ഷിക്കുന്നതിനും, അവരുടെ തൊഴിൽ സംരക്ഷിക്കുന്നതിനും തൊഴിലിൽ ഏർപ്പെടുന്നതിന് ആവശ്യമായ യന്ത്രവൽകൃത സാമഗ്രികൾ എത്തിച്ചു കൊടുക്കുന്നതിനും ഉള്ള നടപടികൾ ഈ സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടായിരിക്കുന്നു. മൽസ്യത്തൊഴിലാളികളുടെ കുട്ടികളുടെ ഗ്രാൻറ് വർദ്ധിപ്പിക്കാനും അപകടമരണങ്ങളിൽ പെടുന്നവരുടെ കുട്ടിക്കുള്ള സൗജന്യ വിദ്യാഭ്യാസം തുടങ്ങി ഒരു കാലഘട്ടത്തിലും ഈ രാജ്യത്തെ മൽസ്യത്തൊഴിലാളികൾക്ക് നൽകിയിട്ടില്ലാത്ത ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് അതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് ഇവയുടെ ക്ഷേമത്തിനുവേണ്ടിയുള്ള കാഴ്ചപ്പാടോടുകൂടിയ ഒരു പ്രവർത്തനം ഈ ഗവൺമെൻറ് ആരംഭിച്ചിരുക്കുന്നു എന്ന് ഈ ബഡ്ജററിലൂടെ നമുക്ക് കാണാൻ കഴിയും.

സർ, ഇത് ഏഴാം കേരള നിയമസഭയുടെ ആദ്യത്തെ ബഡ്ജററാണ്. കഴിഞ്ഞ 21 മാസക്കാലം ഈ രാജ്യം ഭരിച്ചിരുന്നത് ആരാണെന്ന് നമുക്കറിയാം. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിനുള്ള ഭരണമാണ് ഇവിടെ നടന്നിരുന്നത് അന്നും ധനകാര്യമന്ത്രി, ശ്രീ. കെ. എം. മാണിയായിരുന്നെന്ന് പറഞ്ഞിട്ട് കാര്യമില്ല. അന്ന് ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ബഡ്ജററ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയരൂപീ

LIBRARY ARCHIVES Kerala Legislative Assembly

കരണത്തിന്റെ അടിസ്ഥാനത്തിലുള്ള ബഡ്ജററാണ്; ആ ബഡ്ജററിൽ ആനുകൂല്യങ്ങൾ പാവപ്പെട്ടവർക്ക് ആയിരുന്നു. ഈ ബഡ്ജററിൽ ആനുകൂല്യങ്ങൾ സ്ഥാപിത താല്പര്യക്കാർക്കാണെന്ന് പറയുന്ന പ്രതിപക്ഷത്തിരിക്കുന്നവർ ആർക്കൊക്കെ ആനുകൂല്യമുണ്ട് ഇതിൽ എന്നുള്ളത് ഒന്ന് പരിശോധിച്ച് നോക്കണം. പക്ഷേ ഇതിൽ പെപ്പടാച്ചി ഇല്ല സർ, ഇതിൽ വാചകക്കസർത്ത് ഇല്ല. സർ, വാചകക്കസർത്ത് മാത്രം നടത്തി പരിശീലിച്ചിട്ടുള്ള,അധര വ്യായാമം നടത്തി ശീലിച്ചിട്ടുള്ള ആളുകൾക്ക് ആ വാചകങ്ങൾ ഓർമ്മ വരുന്നെങ്കിൽ അതിന് ഇപ്പുറത്തിരിക്കുന്നവരെ കുററം പറഞ്ഞിട്ട് കാര്യമില്ല. ഈ രാജ്യത്ത് പണ്ട് പാടിയതും പറഞ്ഞതുമായ കാര്യങ്ങൾ എത്രയെത്ര അധികാരത്തിൽ വന്നപ്പോൾ നടപ്പിലാക്കി എന്ന് നിങ്ങൾ ഓർക്കണം.

സർ, ഈ രാജ്യത്ത് അവശ ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത് ഇപ്പുറത്തിരിക്കുന്നവർ അധികാരത്തിൽ വന്നപ്പോഴാണ്. വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ, വികലാംഗപെൻഷൻ, ക്ഷയരോഗികൾക്കുള്ള പെൻഷൻ, തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിയത് ഇപ്പുറത്ത് ഇന്ന് അധികാരത്തിലിരിക്കുന്നവർ മുമ്പ് അധികാരത്തിലിരുന്നപ്പോഴാണ്. തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി ഇന്നലെ ഡി. വൈ. എഫ്. കാർ ഈ സെക്രട്ടറിയേററിനുമുമ്പിൽ സത്യാഗ്രഹം നടത്തുന്നത് കാണാൻ കഴിഞ്ഞു. ആരാണ് സർ ഈ രാജ്യത്ത് തൊഴിലില്ലായ്മ വേതനം ഏർപ്പെടുത്തിയത്. 1977-ൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്ന കാലത്ത് ഏർപ്പെടുത്തിയ തൊഴിലില്ലായ്മാ വേതനത്തിന്റെ പിതൃത്വം നേടാൻ ഇടക്കാല ഇടതുപക്ഷ ഗവൺമെന്റ് നടക്കുന്നത് ഖേദകരമാണ്. അവർ പറയുന്നത് 21 മാസക്കാലം ഞങ്ങൾ ഭരിച്ചു കർഷകത്തൊഴിലാളി പെൻഷൻ ഏർപ്പെടുത്തി എന്നാണ്. സർ, ഈ രാജ്യത്ത് ആദ്യമായി, ഇന്ത്യയിൽ ആദ്യമായി പാടത്ത് പണിയെടുക്കുന്ന തൊഴിലി കറുത്ത വർഗ്ഗത്തിന്റെ കൈ പിടിച്ച് ഉയർത്തികൊണ്ട് എട്ടണയും ഇടങ്ങഴി നെല്ലും കൂലി നൽകിയിരുന്ന കാലഘട്ടത്തിൽ നിന്ന് അവരെ മോചനത്തിന്റെ പാതയിലേയ്ക്ക് നയിച്ചത് അങ്ങ് തൊഴിൽകാര്യമന്ത്രി ആയിരുന്നപ്പോൾ ഈ സംസ്ഥാനത്ത് കൊണ്ടുവന്ന കർഷകത്തൊഴിലാളി നിയമമാണ് സർ. മിനിമം വേജസ് ആക്ടിന്റെ പരിധിയിലേക്ക് അവരെ കൈപിടിച്ച് ഉയർത്തിയത് അന്ന് 1977 കാലഘട്ടത്തിലാണ്. സർ, ആ തൊഴിലാളികളെ അയിത്തത്തിന്റെ പേരിൽ മാററി നിർത്തി ചിരട്ടയിൽ ചായ കൊടുത്തിരുന്ന കുമ്പിളിൽ കഞ്ഞി കൊടുത്തിരുന്ന ആ കാലഘട്ടത്തിൽ നിന്ന് അവർക്ക് മിനിമം കൂലി ഉറപ്പു വരുത്തികൊണ്ട്, മിനിമം കൂലി നൽകാൻ തയ്യാറാകാതിരുന്ന, വീട്ടുമുററത്തേയ്ക്ക് കടത്താൻ തയ്യാറാകാതിരുന്ന ജൻമിമാരെ രാജ്യരക്ഷാനിയമം ഉപയോഗിച്ച് അറസ്ററ് ചെയ്ത് തടങ്കലിൽ വച്ചത് കർഷകതൊഴിലാളിയുടെ അവകാശം സംരക്ഷിച്ചു കൊടുത്തത് ഈ കാലഘട്ടത്തിലായിരുന്നു ഈ രാജ്യത്ത് കർഷകത്തൊഴിലാളികൾക്ക് ക്ഷേമം കൈവരുത്തുന്നതിന് വ്യവസായതൊഴിലാളിക്ക് ലഭിക്കുന്ന പ്രോവിഡന്റു ഫണ്ട് ആനുകൂല്യം കർഷകതൊഴിലാളിക്കും ലഭിക്കുന്നതിനുവേണ്ടി അന്നേ ഏർപ്പെടുത്തിയ ക്ഷേമനിധി നടപ്പിലാക്കാതെ ആ പാവപ്പെട്ട കർഷകത്തൊഴിലാളികളെ വഞ്ചിക്കുന്നതിന് വേണ്ടിയല്ലേ. യഥാർത്ഥത്തിൽ കർഷകത്തൊഴിലാളി പെൻഷൻ കൊണ്ടുവന്നത്. ഞങ്ങൾക്കാക്ഷേപമില്ല. കർഷകത്തൊഴിലാളികൾക്ക് ആശ്വാസം നൽകാൻ ഇത് ഉപകരിക്കുമെങ്കിൽ ഞങ്ങൾ അതിനെ സഹർഷം സ്വാഗതം ചെയ്യുന്നു. എന്താണു സർ ചെയ്തത്, എങ്ങനെയാണ് പിന്നെ കർഷകത്തൊഴിലാളി പെൻഷൻ നിരുത്തിയത്. ഞങ്ങളാണോ നിറുത്തണമെന്നു പറഞ്ഞത്, നടപ്പാക്കിയവർതന്നെ, അത് നടപ്പിലാക്കിക്കഴിഞ്ഞപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അവർക്കുതന്നെ ആക്ഷേപം ഉണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ ഈ സഭയിൽ തന്നെ പറഞ്ഞിരുന്നു. ഈ കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിൽ ക്രമക്കേടുകൾ ഉണ്ട്. ആക്ഷേപങ്ങളുണ്ടെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ നിറുത്തിവച്ചിരിക്കുന്നു എന്ന് ശ്രീ. നായനാർ ഈ കസേരയിൽ ഇരുന്നുകൊണ്ട് പ്രഖ്യാപിച്ചതാണ്. ഇന്ന് അദ്ദേഹം ഇപ്പോൾ പറയുന്നത്, അദ്ദേഹം രാജിവച്ച് രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തിക്കഴിഞ്ഞപ്പോൾ കർഷകത്തൊഴിലാളി പെൻഷൻ വീണ്ടും കൊടുക്കണമെന്ന്. രക്തസാക്ഷി മണ്ഡപത്തിൽ നിന്നു പറഞ്ഞു എന്നാണ് പറയുന്നത്. സർ അവിടെ വച്ച് പറഞ്ഞാൽ സർക്കാർ ഉത്തരവ് ആവുകയില്ല. രാജിവയ്ക്കുന്നതിന് മുമ്പ്, നിറുത്തിവച്ച കർഷകത്തൊഴിലാളി പെൻഷൻ തുടർന്ന് നൽകുന്നതിനെക്കുറിച്ച് ഒന്ന് ആലോചിക്കാൻ പോലും അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല; ചെയ്തില്ല.

ഇവർ 1957-ൽ 67-ൽ 80-ൽ മൂന്ന് പ്രാവശ്യം അധികാരത്തിൽ ഇരുന്നപ്പോൾ ഈ രാജ്യത്ത് പാവപ്പെട്ടവന് ആശ്വാസം നൽകാൻ അവർ ശ്രമിച്ചിട്ടില്ല. കർഷകത്തൊഴിലാളികൾക്കോ, കർഷകർക്കോ യാതൊരു ആനുകൂല്യങ്ങളും നൽകാൻ കഴിഞ്ഞിട്ടില്ല. 1957-ലും 67-ലും ഭരിച്ചപ്പോൾ ഇന്ന് കാർഷിക ബന്ധ ബില്ലിനെക്കുറിച്ച് ഊററം കൊള്ളുന്നവർ എന്തു ചെയ്തു എന്ന് ഈ രാജ്യത്തുള്ളവർ ഓർക്കുന്നു സർ.

> "നിങ്ങളുകൊയ്യും വയലെല്ലാം,
> നിങ്ങളുടേതാകും പൈങ്കിളിയേ"

എന്നു പാടി പഠിപ്പിച്ച മാർക്സിസ്ററുകാരേ, കമ്മ്യൂണിസ്ററുകാരേ വിനയപൂർവ്വം ഞാൻ ചോദിക്കട്ടെ, നിങ്ങൾ 1957-ൽ 67-ൽ 80-ൽ ഭരിച്ചപ്പോൾ ആ പൈങ്കിളികൾക്ക് വേണ്ടി എന്ത് ചെയ്തിട്ടുണ്ടെന്ന് ഓർക്കണം. വയലാർ പുന്നപ്രയിൽ സർ സി. പി. രാമസ്വാമി അയ്യർക്ക് എതിരായി വാരിക്കുന്തമേന്തി വിപ്ലവം നടത്തി വീരമൃത്യു പ്രാപിച്ച പാവപ്പെട്ട ആ സഖാക്കളുടെ കുടുംബത്തിന് ഭൂമി നൽകിയത് 1970-ൽ അധികാരത്തിൽ വന്ന കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഗവൺമെൻറ് ആണെന്ന് നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ് ............. (ബഹളം) ഞങ്ങൾ ഈ രാജ്യത്തെ പാവപ്പെട്ടവരുടെ കൂടെ, ഞങ്ങൾ ഈ രാജ്യത്തെ കഷ്ടപ്പെടുന്നവരുടെ കൂടെ വേദന അനുഭവിക്കുന്നവരുടെ കൂടെയാണ്. ഞങ്ങൾക്ക് മാർക്സിസം ഇല്ല. ഞങ്ങൾക്കിവിടെ രാഷ്ട്രീയ കക്ഷിഭേദമില്ല. അവശത അനുഭവിക്കുന്നവർ, ദുരിതം അനുഭവിക്കുന്നവർ, കഷ്ടത അനുഭവിക്കുന്നവർ അവർ ആരായിരുന്നാലും സർ അവരുടെ മോചനത്തിനുവേണ്ട പാത ഒരുക്കുക അവരുടെ മോചനത്തിനുവേണ്ടി പ്രവർത്തിക്കുന്ന, ഐശ്വര്യപൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കുവാൻ ശ്രമിക്കുന്ന ഒരു ഗവൺമെൻറാണ് ഇന്ന് ഇവിടെ അധികാരത്തിലുള്ളത്. സർ, ഞാൻ ഇവിടെ അവസാനിപ്പിക്കുകയാണ്. ഇന്ന് ഇവിടെ ശാന്തിയുടെയും സമാധാനത്തിന്റെയും അന്തരീക്ഷം ഉണ്ടാകണം കഴിഞ്ഞ കാലങ്ങളെപ്പോലെ പാടങ്ങൾ പടക്കളങ്ങളാക്കി മാററി, ഫാക്ടറികളും വ്യാവസായിക വ്യാപാര കേന്ദ്രങ്ങളും സംഘർഷത്തിന്റേയും സംഘട്ടനത്തിന്റെയും സങ്കേതങ്ങളാക്കി മാററി, കലാലയങ്ങൾ കലാപകേന്ദ്രങ്ങളാക്കി മാററി, കൊലപാതകങ്ങളും പിടിച്ചുപറിയും, ബലാൽസംഗവും കൊള്ളയും നിത്യസംഭവങ്ങളാക്കി ജനജീവിതം ദുസ്സഹമാക്കിക്കൊണ്ട് ഈ രാജ്യം മുമ്പോട്ടു കൊണ്ടു പോകാനാവില്ല. സർ, ഈ രാജ്യത്ത് ശാന്തി ഉണ്ടാകണം, സമാധാനം ഉണ്ടാകണം അതാണ് ഈ രാജ്യത്തെ ജനങ്ങൾ ആഗ്രഹിക്കുന്നത്. ഈ ബഡ്ജററ് പ്രസംഗത്തിൽ നാം അതിന് നിർദ്ദേശങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങളോട് എനിക്ക് വിനയപൂർവ്വം ഒരു കാര്യ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണ് ഓർമ്മിപ്പിക്കുവാനുള്ളത്. ഈ രാജ്യത്തെ കരുതി ഈ രാജ്യത്തെ ജനങ്ങളെക്കരുതി, പാവപ്പെട്ടവരെക്കരുതി ഈ ഗവൺമെൻറിനോട് സഹകരിക്കുകയും സമാധാനപൂർണ്ണമായ അന്തരീക്ഷത്തിലൂടെ ഐശ്വര്യസമ്പൂർണ്ണമായ കേരളം കെട്ടിപ്പടുക്കുന്നതിനു വേണ്ടിയുള്ള ശ്രമത്തിൽ പങ്കാളികളാകുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ഈ തെരഞ്ഞെടുപ്പിൽ കിട്ടിയതിനേക്കാൾ വലിയ തിരിച്ചടി വരാൻപോകുന്ന കാലങ്ങളിൽ കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ നിങ്ങൾക്ക് നൽകുമെന്ന് ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഈ രാജ്യത്ത് നാം ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു മാററം ഉണ്ടാകണമെങ്കിൽ, സാമ്പത്തികമായ വളർച്ച ഉണ്ടാകണമെങ്കിൽ, സമാധാനപരവും ഐശ്വര്യ സമ്പൂർണ്ണവുമായ കേരളം കെട്ടിപ്പടുക്കണമെങ്കിൽ, അതിനുവേണ്ടി സമാധാനം പുനസ്ഥാപിക്കണമെങ്കിൽ ജനാധിപത്യ ശക്തികളുടെ പുനരേകീകരണം ഉണ്ടാകണം. ഈ തെരെഞ്ഞെടുപ്പിലൂടെ ഉരുത്തിരിഞ്ഞു വന്നത് അതാണ്. ജനാധിപത്യ ശക്തികളുടെ പുനരേകീകരണം. ആ പ്രക്രിയയ്ക്കുള്ള ജനങ്ങളുടെ അംഗീകാരമാണ് കരുണാകരൻെറ നേതൃത്വത്തിലുള്ള ഈ ഗവൺമെൻറ്. ഈ ഗവൺമെൻറിനെ ശക്തിപ്പെടുത്തണം എന്നത് കേരളത്തിലെ ജനങ്ങളുടെ ആവശ്യമാണ്. അപ്പുറത്തിരിക്കുന്ന ജനാധിപത്യവാദികളോട് വിനയപൂർവ്വം എനിക്ക് ഓർമ്മിപ്പിക്കുവാനുള്ളത് അന്ധമായ വ്യക്തിവിരോധം വച്ച് ഈ രാജ്യത്തെ ജനങ്ങൾക്കെതിരായി ചിന്തിക്കാതെ ഇപ്പുറത്തുള്ള ജനാധിപത്യ ശക്തികളുമായി ഒരു പുനരാലോചന നടത്തുകയും ജനാധിപത്യം ശക്തമാക്കുന്നതിന്, ഈ രാജ്യത്തെ ഉയർച്ചയിലേക്ക് നയിക്കുന്നതിനുവേണ്ടി നിങ്ങൾ ജനാധിപത്യ ചേരിയിലേക്ക് തിരിച്ചുവരണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.]

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ ഈ ബഡ്ജററിനെ എതിർക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച എൻെറ സ്നേഹിതൻമാരിൽ അപ്പുറത്തിരിക്കുന്ന ചില മെമ്പറൻമാർ ഈ ബഡ്ജററിലെ പല പരിപാടികളും പഴയ ഗവൺമെൻറ് നടത്തിയിട്ടുള്ള പരിപാടികളാണല്ലോ, അതുകൊണ്ട് നിങ്ങൾക്ക് സഹകരിച്ചുകൂടേ എന്ന് ചോദിക്കുകയുണ്ടായി. അതിലേക്ക് ഞാൻ പിന്നീട് വരാം. ഈ ബഡ്ജററിൽ ധനകാര്യമന്ത്രി കേരളത്തിൻെറ ചിത്രം പ്രത്യേകം വരച്ചുകാണിച്ചിട്ടുണ്ട്. ഇതിൽ കേരളത്തിൻെറ പ്രത്യേകതയായി പറഞ്ഞിരിക്കുന്നത് കേരളത്തിലെ ജനസാന്ദ്രത, തൊഴിലില്ലായ്മ, വ്യവസായത്തിൻെറ പിന്നോക്കാവസ്ഥ, ഭക്ഷ്യസാധനങ്ങളുടെ അപര്യാപ്തത ഇവയാണ്. നമ്മുടെ കുറഞ്ഞ ചിലവിൽ കിട്ടുന്ന വൈദ്യുതി, ജലഗതാഗതസൗകര്യങ്ങൾ, അസംസ്കൃത വിഭവങ്ങൾ ഇവയും യുവജനങ്ങളുടെ കഴിവും കൂട്ടിയിണക്കി നമ്മുടെ നാട്ടിൽ കൂടുതൽ ഉത്പാദനമുണ്ടാക്കി കാർഷികരംഗത്തും അതുപോലെ വ്യാവസായികരംഗത്തും കൂടി പ്രശ്നങ്ങൾക്ക് ഒരതിരുവരെ പരിഹാരം കാണുമെന്നാണ് പറഞ്ഞിരിക്കുന്നത്. സർ, ഈ ഗവൺമെൻറിന് അത് സാദ്ധ്യമാണോ ? സാദ്ധ്യമല്ല എന്നാണ് എൻെറ അഭിപ്രായം. ഇത് പറയാൻ കാരണം നിങ്ങളുടെ നയവും നടപടിയുമാണ്. നിങ്ങൾ തുടങ്ങിയതുതന്നെ, തൊഴിലാളിവിരുദ്ധരായിട്ടാണ്. തൊഴിലാളികളെക്കുറിച്ച് പറയുക, അവരുടെ അവകാശസമരങ്ങളെ അടിച്ചമർത്തുക—ഈ നയം നിങ്ങളെ എവിടെ എത്തിക്കുമെന്ന് ഓർക്കണം. തൊഴിലാളി എന്നാൽ സി. ഐ. ററി. യു. ആണ്. സി. ഐ. ററി. യു വിനെ ഗുണ്ടാകൾ എന്നുള്ള നിലയിൽ ചിത്രീകരിച്ച് തൊഴിലാളിവിരുദ്ധ നടപടികളാണ് നിങ്ങൾ സ്വീകരിക്കുന്നത്. ഇത് തൊഴിലാളിവിരുദ്ധമായ ഒരു ഗവൺമെൻറാണ്. അതുപോലെതന്നെ കമ്മ്യൂണിസ്ററുവിരുദ്ധ ഗവൺമെൻറ്. ഇടതുപക്ഷജനാധിപത്യമുന്നണി പാർട്ടികൾക്കെതിരായ ഗവൺമെൻറ്. നമ്മുടെ നാട്ടിൽ പകുതിയോളം വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ജനതയെമാററിനിർത്തി നമ്മുടെ സംസ്ഥാനത്ത് പ്രശ്നങ്ങൾ നിങ്ങൾ മാത്രമായി പരിഹരിച്ചുകളയുമെന്നുള്ള അഹന്തയിലാണ് നിങ്ങൾ നീങ്ങുന്നത്. കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് നമ്മുടെ സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ വരാതിരുന്നതിന്, ഉൽപാദനം വർദ്ധിക്കാതിരുന്നതിന് എന്ത് കാരണമാണ് പറഞ്ഞിരിക്കുന്നത്. കഴിഞ്ഞ 21 മാസക്കാലം ശ്രീ. ടി. കെ. രാമകൃഷ്ണൻ പോലീസുമന്ത്രിയായിരുന്നതുകൊണ്ട് നമ്മുടെ നാട്ടിൽ അക്രമങ്ങൾ കൂടി. അതുകൊണ്ടാണ് ഇവിടെ വ്യാവസായികോൽപാദനം വർദ്ധിക്കാത്തതെന്നാണ്. അതുകൊണ്ടാണ് ഈ നാട്ടിൽ വ്യവസായ ഉൽപ്പന്നങ്ങൾ വർദ്ധിക്കാത്തത്, വ്യവസായങ്ങൾ പുതുതായി തുടങ്ങാത്തത്, അതുപോലെതന്നെ കാർഷികോല്പന്നങ്ങൾ വർദ്ധിക്കാത്തത് എന്ന്. നിങ്ങൾ ചെന്നെത്തിയിരിക്കുന്ന നിഗമനം ഇതാണ്. ഇത് കഴിഞ്ഞതിനുശേഷം, കഴിഞ്ഞ 21 മാസക്കാലത്തെ ഭരണത്തിനുശേഷമുള്ള സ്ഥിതി എന്താണ്. വയലാർ രവി, ആഭ്യന്തരമന്ത്രിയായിരുന്ന് ഭരിക്കുന്നതുകൊണ്ടാണ് ഈ നാട്ടിൽ ഇന്നക്രമമുണ്ടാകുന്നെന്ന് ഞാൻ പറയുകയില്ല. ഇന്ന് നമ്മുടെ നാട്ടിലെ സ്ഥിതിയാണ് അതിന് കാരണം. ഇൻഡ്യയിലെ സ്ഥിതി എന്താണ്, കേരളത്തിന്റെ സ്ഥിതി എന്താണ് ? കഠിനമായ സാമ്പത്തികത്തകർച്ചയിലാണ് നാം ചെന്നെത്തിയിരിക്കുന്നതും. ജനങ്ങൾ സാമ്പത്തികത്തകർച്ചയെ നേരിടുകയാണ്. ആ സാമ്പത്തിക തകർച്ചയിൽ നിന്നും നമ്മൾ കരകയറണമെങ്കിൽ ഈവിധത്തിലുള്ള പോക്കുകൊണ്ട് നടക്കുമോ ? നടക്കുകയില്ല. ഈ സാമ്പത്തികത്തകർച്ചമൂലമുണ്ടായിട്ടുള്ള പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ, അരാജകത്വം ഇവയുടെ ഫലമായിട്ടാണ് അക്രമങ്ങൾ, കൂട്ടായ്മക്കവർച്ച, പിടിച്ചുപറി, കൊലപാതകം ഇവ പെരുകുന്നത്. മറുവശത്ത് സംഘടിതതൊഴിലാളിവർഗ്ഗം ജീവിക്കാൻ വേണ്ടി കൂലികൂടുതലിനുവേണ്ടിയുള്ള സമരങ്ങൾ നടത്തുന്നു. ഈ സംസ്ഥാനത്ത് കഴിഞ്ഞ 21 മാസക്കാലം ശ്രീ. ടി. കെ. രാമകൃഷ്ണൻ ഭരിച്ചുപോയതുകൊണ്ട് കേരളത്തിലെ ക്രമസമാധാനനില അപകടത്തിലായി, രവിയും ഐക്യജനാധിപത്യമുന്നണിയും ഭരിക്കുന്നതുകൊണ്ട് സ്ഥിതിഗതികൾ എല്ലാം ഭദ്രം, ശാന്തം എന്നെല്ലാം എന്തിന് വീമ്പിളക്കുന്നു. എല്ലാ പ്രശ്നങ്ങളും പരിഹരിച്ചുകളയുമെന്നാണ് പറയുന്നത്, നടക്കുകയില്ലാത്ത കാര്യമാണ് ; മിഥ്യയായിട്ടുള്ള കാര്യമാണ്. ജനങ്ങളെ തെററിദ്ധരിപ്പിക്കുവാനുള്ള അടവാണ്. ഈ പ്രസംഗം ഉടനീളം വായിച്ചാൽ ഇതുപോലുള്ള ചപ്പടാച്ചിപറയലാണ് കാണുന്നത്. അതേക്കുറിച്ച് ഞങ്ങൾ പറയുകയാണെങ്കിൽ ഇത് വെറും ജഗ്ഗറി എന്ന് പറയും. അതുപോലുള്ള ചില കാര്യങ്ങൾ പറഞ്ഞുകൊണ്ട് ജനങ്ങളെ പററിക്കുന്നതിനുള്ള അടവാണുള്ളത്. അടുത്തത് നമ്മുടെ ഭക്ഷ്യക്കമ്മി പരിഹരിക്കുന്നത് എങ്ങനെ എന്നു പറഞ്ഞിരിക്കുന്നത് വിചിത്രമായിരിക്കുന്നു. എങ്ങനെയാണ് ഇവിടെ ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുക ? നമ്മുടെ പ്രധാന ആഹാരം അരിയാണ്.

കഴിഞ്ഞകാലത്ത് ഭക്ഷ്യരംഗത്ത് നമുക്കുണ്ടായ ബുദ്ധിമുട്ടിന്റെ കാരണം പരിഗണിച്ച് ഈ അസുഖകരമായ സ്ഥിതിവിശേഷത്തിൽനിന്ന് രക്ഷപ്പെടാൻ ചില നടപടികൾ എടുത്തിരുന്നു. കേരളത്തിൽ 1974-75 കാലഘട്ടം മുതൽ നെല്ല് ഉൽപാദിപ്പിക്കുന്ന പ്രദേശങ്ങൾ കുറഞ്ഞുകുറഞ്ഞുവരുന്നു. നെല്ല് ഉൽപാദനവും കുറയുന്ന സാഹചര്യം നാം പരിശോധിക്കണം. നെൽക്കൃഷി ലാഭകരമല്ലാത്ത കൃഷിയായി മാറിയിരിക്കുന്നു. നെൽക്കൃഷിക്കാരന് അനേകം വിഷമതകൾ നേരിട്ടുകൊണ്ടിരിക്കുകയാണെന്ന വസ്തുത കഴിഞ്ഞ ഇടതുപക്ഷജനാധിപത്യഗവൺമെൻറ് അംഗീകരിച്ചു. അതുകൊണ്ടാണ് കഴിഞ്ഞ ഗവൺമെൻറ് നെൽക്കൃഷിക്കാർക്ക് അനേകമനേകം ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തത്. പലിശയിളവ് കൊടുത്തു. കുട്ടനാട്ടിലെ നിലങ്ങൾ, തൃശ്ശൂരിലെ കോൾനിലങ്ങൾ, തിരുവനന്തപുരത്തെ വെള്ളായണിയിലെ കായൽപ്രദേശങ്ങൾ തുടങ്ങിയവ വെള്ളം വററിച്ച് കൃഷി ചെയ്യുവാൻ പമ്പിംഗ് സബ്സിഡി



LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ അനുവദിച്ചുകൊടുത്തു. ഇതിനുംപുറമെ നെൽകൃഷിക്കാർക്ക് ഇൻകംടാക്സ് വേണ്ടെന്നുവച്ചു. നെൽകൃഷിക്കാർ ഉപയോഗിക്കുന്ന വളത്തിന് സെയിൽസ്ടാക്സ് വേണ്ടെന്നുവച്ചു. നെൽകൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി എടുത്ത നടപടികളാണ് ഇതെല്ലാം. ഇതുകൊണ്ടും തീർന്നില്ല. ഒടുവിൽ ശ്രീ. ജനാർദ്ദനൻ നായരെ ഏകാംഗകമ്മിഷനായി നിയമിച്ച് ഈ മേഖലയിൽ എന്തെല്ലാം പ്രശ്നങ്ങളുണ്ടെന്ന് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടു. കമ്മിഷനെ നിയമിച്ചത് 5-2-1981-ലാണ്. ആ കമ്മിഷൻ 1981 സെപ്റ്റംബർ മാസത്തിൽ റിപ്പോർട്ട് സമർപ്പിച്ചതാണ്. ആ റിപ്പോർട്ടിൽ നെൽക്കൃഷി ലാഭകരമാക്കാൻ അനേകം നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. നമ്മുടെ നാട് ഭക്ഷണക്കാര്യത്തിൽ കമ്മിയാണ് പലപ്പോഴും. നമ്മുടെ ആവശ്യത്തിന് ഭക്ഷണം ഇല്ലാതെവന്നിരിക്കുന്നു. കേരളത്തിന് ആവശ്യമുള്ള അരി കേന്ദ്രം അലോട്ടുചെയ്യുന്നില്ല, അലോട്ടുചെയ്യുന്ന അരി ഇവിടെ സമയത്തിന് എത്തിക്കുന്നുമില്ല. ഈ പരിതസ്ഥിതിയിൽ നമ്മുടെ നെൽക്കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ മററു കൃഷികൾ ചെയ്യാതിരിക്കാനും നെൽക്കൃഷിസ്ഥലങ്ങളെ മററ് കൃഷിയിടങ്ങളാക്കി മാററാതിരിക്കാനും നെൽക്കൃഷി പ്രോൽസാഹിപ്പിക്കാനുംവേണ്ടി അനേകം കാര്യങ്ങൾ recommendation ആയി ആ committee report-ൽ ഉണ്ട്. അങ്ങനെയുള്ള റെക്കമെൻഡേഷൻസിൽ ഒന്നുമാത്രം അടർത്തിയെടുത്ത് അത് വികൃതമാക്കി ഈ ഗവൺമെൻറിന്റെ നെൽക്കൃഷി പ്രോൽസാഹിപ്പിക്കാനുള്ള സഹായം എന്ന നിലയിൽ Budget-ൽ പറഞ്ഞിരിക്കുകയാണ്. ആ റിപ്പോർട്ടിൽ വളം subsidy പറഞ്ഞിരിക്കുന്നത് എല്ലാ നെൽക്കൃഷിക്കാർക്കും 50 ശതമാനം വളം സബ്സിഡി കൊടുക്കണമെന്നാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ 50 ശതമാനം രാസവളത്തിന് സബ്സിഡി കൊടുക്കണമെന്നാണ് ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ആ രാസവളം സബ്സിസി, കുട്ടനാട്ടിലേയും തൃശ്ശൂരിലേയും കൃഷിക്കാർക്ക് മാത്രമായി, പ്രത്യേകം ചില ആളുകളെ തൃപ്തിപ്പെടുത്താൻവേണ്ടി മാത്രമായി നടപ്പാക്കുമെന്നാണ് ഈ ഗവൺമെൻറ് പറയുന്നത്. നമ്മുടെ നാട്ടിൽ നെല്ല് ഉൽപ്പാദിപ്പിക്കുന്നത് എത്രയാണെന്നോ? 12,47,000 ടൺ. അതിൽ പാലക്കാട്ട് ആണ് 3,78,000 ടൺ ഉൽപ്പാദിപ്പിക്കുന്നത്. ആലപ്പുഴ ജില്ലയിൽ കുട്ടനാട് ഉൾപ്പെടെ മുഴുവൻ ഉൽപ്പാദിപ്പിക്കുന്നത് 1,17,000 ടൺ ആണ്". തൃശ്ശൂർ ജില്ല മുഴുവൻ ഉൽപാദിപ്പിക്കുന്നത് 1,48,000 ടൺ ആണ്. നെൽക്കൃഷി അഭിവൃദ്ധിപ്പെടുത്താൻ പാലക്കാട് ജില്ല ഒഴിച്ചുനിർത്തി കുട്ടനാട്ടിലേയും Trichur ലേയും കൃഷിക്കാർക്ക് മാത്രമായി subsidy ഒതുക്കിനിർത്തിക്കൊണ്ട് കേരളത്തിൽ നിങ്ങൾ ഭക്ഷ്യക്ഷാമത്തിന് പരിഹാരം കാണുമെന്നാണോ പറയുന്നത്? ഇത് പ്രത്യേകം ചില വിഭാഗം കൃഷിക്കാരെ മാത്രം തൃപ്തിപ്പെടുത്താനാണ്. നമ്മുടെ നാട്ടിൽ പാറശാല മുതൽ കണ്ണൂർ വരെയുള്ള സ്ഥലങ്ങളിൽ നെൽക്കൃഷിസ്ഥലങ്ങൾ തെങ്ങിൻ തോപ്പായി മാറിക്കൊണ്ടിരിക്കുകയാണ്. അതുപോലെ മററു കൃഷിസ്ഥലങ്ങളായി മാറിയിരിക്കുന്നു. ചില സ്ഥലങ്ങളിൽ നെൽക്കൃഷിയിടങ്ങൾ ഇഷ്ടിക ഉണ്ടാക്കുന്നതിന് മണ്ണ് എടുക്കുന്നതിനായി കൊടുക്കുന്നു. വേറെ ചില സ്ഥലത്ത് പായൽ കയറിക്കിടക്കുകയാണെന്നു പറഞ്ഞ് കൃഷിചെയ്യാതെ വെറുതെ ഇട്ടിരിക്കുകയാണ്. ഇതിന് പരിഹാരം ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ എടുക്കണം. കുട്ടനാട്ടിലെ കായൽനിലങ്ങൾക്കും തൃശ്ശൂരിലെ കോൾനിലത്തിനുമുള്ള പ്രത്യേകത വച്ച് അവിടെ pumping subsidy മുഴുവൻ കൊടുത്തു. Soil ameliorants concession rate-ൽ കൊടുക്കുന്നു. മററു പ്രശ്നങ്ങൾ എല്ലാ കൃഷിക്കാർക്കും ഒരുപോലെ ബാധകമാണ്. നെൽക്കൃഷി ലാഭകരമല്ലാത്തത് എല്ലാ നെൽക്കൃഷിക്കാർക്കും ബാധകമാണ്. അതുകൊണ്ട് 25% subsidy എല്ലാ നെൽക്കൃഷിക്കാർക്കും ബാധകമാക്കണം. 5 ഹെക്ടറിനു

LIBRARY ARCHIVES Kerala Legislative Assembly

മുകളിലുള്ള കൃഷിക്കാരെ ഒഴിച്ചിരിക്കുന്നു എന്ന് പറഞ്ഞാൽ 5 ഹെക്ടറിനു മുകളിൽ എത്ര കൃഷിക്കാർ നമ്മുടെ സംസ്ഥാനത്തുണ്ട്. പത്തേക്കറിൽ കൂടുതലുള്ള കൃഷിക്കാർ നമ്മുടെ നാട്ടിൽ .1 ശതമാനം മാത്രമാണ്. അപ്പോൾ 5 ഹെക്ടർ വരെയുള്ള കൃഷിക്കാരെ ഒഴിച്ചിരിക്കുന്നു എന്നു പറയുന്നത് ജനങ്ങളെ പററിക്കാനുള്ള ഭംഗിവാചകം മാത്രമാണ്. 25% വളം സബ്സിഡി കുട്ടനാട്ടിലേയ്ക്കും Trichur കോളിലേയ്ക്കും മാത്രം ഒതുക്കിയത് പ്രത്യേകമായി ചില വിഭാഗക്കാരെ സഹായിക്കാനാണ്. നിങ്ങളുടെ ഇന്നത്തെ നടപടി കൊണ്ട് നെൽക്കൃഷി അഭിവൃദ്ധിപ്പെടാൻ പോകുന്നില്ല. ഭക്ഷ്യോൽപാദനം വർദ്ധിക്കാനും പോകുന്നില്ല. നിങ്ങളുടെ ചില സിൽബന്ധികളെ സഹായിച്ചു എന്നതിൽ കവിഞ്ഞ് നെല്ലുല്പാദനം കൂടാൻപോകുന്നില്ല.

അതുപോലെതന്നെ തോട്ടവിളകളും പരിശോധിക്കാം—കുരുമുളക്, നാളികേരം റബർ, കൊക്കോ-എന്നീ കൃഷികൾ ഇൻഡ്യാ ഗവൺമെൻറിൻെറ തെററായ ഇറക്കുമതിനയം മൂലം നശിച്ചുകൊണ്ടിരിക്കുന്നു. ഇന്ന് കുരുമുളകിൻെറ വില എന്താണ് 400 രൂപയാണ്. 1977-ൽ 1015 രൂപ ആയിരുന്നു. ചില കാലങ്ങളിൽ 1800 രൂപയായിരുന്നു. അതാണ് 400 രൂപയായി കുറഞ്ഞത്. എന്താണ് ഇത് ഇങ്ങനെ വരാൻ കാരണം ? ഇൻഡ്യയ്ക്കു ആവശ്യത്തിനുള്ള കുരുമുളക് മുഴുവൻ നമ്മൾ ഉല്പാദിപ്പിക്കുന്നു. അതിനു പുറമേ പുറത്തേയ്ക്ക് അയക്കാനുള്ളത് മുഴുവൻ നമ്മൾ കയററി അയക്കുകയും ചെയ്യുന്നു. എന്നിട്ടുപ്പോലും രണ്ടു മൂന്നു വൻകിട മുതലാളിമാർക്ക് ലാഭമുണ്ടാക്കാൻ കുരുമുളക് കുറഞ്ഞവിലയ്ക്ക് Indonesia യിൽ നിന്നു ഇറക്കുമതി ചെയ്തു. ഇതിനു ഇൻഡ്യാ ഗവൺമെൻറ് നമുക്കു മനസ്സിലാകാത്ത, ആർക്കും മനസ്സിലാകാത്ത ചിലകാര്യങ്ങൾ പറഞ്ഞൊഴിയുന്നു. കൊക്കൊയെ സംബന്ധിച്ച് ഇവിടെ വലിയ ലഹളയായിരുന്നല്ലോ. അതിൻെറ പേരിലാണ് കഴിഞ്ഞ പ്രാവശ്യം നമ്മൾ 16 കോ-ഓപ്പറേററിവ് സൊസൈററികൾ ഉണ്ടാക്കി. 75,000 രൂപ ഗ്രാൻറും, 75,000 രൂപ ലോണും കൊടുത്ത് കൊക്കൊ സംസ്കരിച്ചെടുക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കിയത്. പുറത്തേയ്ക്കു കയററി അയക്കാൻ പറഞ്ഞു. പക്ഷേ കയററി അയച്ചാൽ നമുക്കു നഷ്ടമാണ്. Export incentive വിനു വേണ്ടി നാം ആവശ്യപ്പെട്ടു കേന്ദ്രത്തിൽനിന്നു കിട്ടിയില്ല. അഞ്ചേകാൽ രൂപയ്ക്കാണ് അന്ന് കൊക്കൊ എടുത്തത്. കയററി അയച്ചിട്ട് മാർക്കററിംഗ് ഫെഡറേഷൻ അന്നു തന്ന കണക്ക് പ്രകാരമുള്ള നഷ്ടം എത്രയായിരുന്നെന്നറിയാമോ ? അന്ന് ശ്രീമാൻ സിറിയക്ജോൺ ആയിരുന്നു മാർക്കററിംഗ് ഫെഡറേഷൻെറ പ്രസിഡൻറ്. 78 ലക്ഷം രൂപ നഷ്ടമായി എന്നാണ് കണക്ക് തന്നത്. അഞ്ചേകാൽ രൂപയ്ക്ക് കൊക്കൊ എടുത്തിട്ട് പുറത്തേയ്ക്ക് കയററിഅയച്ചിട്ടു 78 ലക്ഷം രൂപ നഷ്ടം. കൊക്കൊ കയററുമതി ചെയ്യുന്നതിന് നമ്മൾക്ക് സഹായം വേണം, export സബ്സിഡി വേണമെന്നു പറഞ്ഞുകൊണ്ട് അന്ന് സെൻട്രൽ ഗവൺമെൻറിന് എഴുതി. മിണ്ടിയിട്ടില്ല. ഇതിനും പുറമേ എന്തു പേരു പറയട്ടെ. കൊക്കൊ ഇറക്കുമതി ചെയ്യുന്നു. ഇന്ന് തേയിലയുടെ സ്ഥിതി എന്താണ്. തേയിലക്ക് ഈ ക്രൈസിസ് എങ്ങനെ ഉണ്ടായി. വില ഉണ്ടായപ്പോൾ കൂടുതൽ ടാക്സ് ചുമത്തി എക്സ്പോർട്ട് ഡ്യൂട്ടിയായി. നമ്മുടെ തേയില International Market-ൽ വിൽക്കാതായി. Market കളുണ്ട് മൊത്തത്തിൽ ഇതാണ് സ്ഥിതി. അവിടെ ഞങ്ങൾ ഇരുന്നപ്പോൾ ഞങ്ങളുടെകൂടെ ഇപ്പോൾ അപ്പുറത്തിരിക്കുന്നവരിൽ ചിലർ ഉൾപ്പെടെ പുറത്തുനിന്നും കൊപ്രാ, വെളിച്ചെണ്ണ ഇവ ഇറക്കുമതി ചെയ്യുന്നതിനെതിരായി ഉറച്ചു നിന്നു. ഇന്ന് ഫിലിപ്പൈയിൻസ് ഗവൺമെൻറും, ഇൻഡ്യാ ഗവൺമെൻറും വെളിച്ചെണ്ണ ഇറക്കുമതിചെയ്യുന്നതിന് ഉണ്ടാക്കിയ വാണിജ്യ ഉടമ്പടി റദ്ദുചെയ്യാൻ നിങ്ങൾ കേരളത്തിലെ ജനങ്ങളുടെ സഹായം ആവശ്യപ്പെടുമോ? ചോദിക്കാൻ ധൈര്യമില്ല. ശ്രീ മാണിക്കും, ശ്രീമാൻ ഉമ്മൻചാണ്ടിക്കും

സിറിയക്ക് ജോണിനും ധൈര്യമില്ല. നിങ്ങൾക്ക് ഇറക്കുമതി നിർത്താൻ ആവശ്യപ്പെടാൻ സാധിക്കുമോ ? കോൺഗ്രസ് (ഐ) അപ്പുറത്തു ഉള്ളതു കൊണ്ട് നിങ്ങൾക്ക് അതിന് സാധിക്കുകയില്ല. ഏതായാലും ഈ പറഞ്ഞിരിക്കുന്ന മറുപടി കേരളത്തിലെ കൃഷിക്കാർക്ക് സഹായകമല്ല. കൃഷിക്കാരനെ രക്ഷിക്കാൻ അല്ല. പ്രത്യേകമായ ചില രാഷ്ട്രീയ നേട്ടങ്ങൾ ഉണ്ടാക്കാനാണ്. ഇതാണ് എനിക്ക് മൊത്തത്തിൽ കൃഷിയെ സംബന്ധിച്ചു പറയാനുള്ളത്. സർ, കാർഷിക ഉല്പന്നങ്ങളുടെ വില നിലവാരം, ഉല്പാദനച്ചിലവുമായി ബന്ധപ്പെടുത്തി നിശ്ചയിക്കാൻ ഒരു കാർഷികകമ്മീഷൻ നിശ്ചയിക്കുമെന്നു പറഞ്ഞുകാണുന്നു. ഏതു ഉല്പന്നത്തിന്റെ വില നിശ്ചയിക്കാനാണ്— നെല്ലിന്റെ വിലപോലും നാം നിശ്ചയിച്ചാൽ അതനുസരിച്ചു നീങ്ങാൻ ആരിരിക്കുന്നു.

നാം കൂടുതലും വാണിജ്യവിളകളാണ് ഉൽപ്പാദിപ്പിക്കുന്നത്. കമ്മീഷൻ ഒരു വില നിശ്ചയിച്ചാൽ ആ വിലയ്ക്കു ആരു വാങ്ങാനാണ് ? ഇന്ന് കശുവണ്ടിയ്ക്കു നമ്മൾ വില നിശ്ചയിച്ചു. ആ വിലയ്ക്കു നമ്മൾ എടുത്തു. കയററി അയക്കുന്നതിനു ആവശ്യമുള്ള നല്ല സാധനങ്ങൾ നമ്മൾ എടുത്തു. ഈ ഉല്പന്നം കമ്മിയായിട്ടുപോലും കെട്ടിക്കിടക്കുന്നു. ഇവിടെ ഒരു കമ്മോഡിററി ബോർഡ് ഉണ്ട്. ഈ കമ്മോഡിററി ബോർഡിനെക്കൊണ്ട് ചെയ്യേണ്ടതായിട്ടുള്ള ജോലികൾ സംസ്ഥാന ഗവൺമെൻറ് ചെയ്യുമോ—കൃഷിക്കാരെപ്പററിക്കാനുള്ള ചപ്പടാച്ചികൾ വിദേശ market നെ ആശ്രയിച്ചുനിൽക്കുന്ന നമ്മുടെ വാണിജ്യവിളകൾക്ക് നാം വില നിശ്ചയിച്ചു വാങ്ങിവച്ചാൽ എടുക്കാനാളില്ലാതെവരും-കേന്ദ്രഗവൺമെൻറ് ചെയ്യാനുള്ള പ്രവൃത്തി അവരെക്കൊണ്ട് സമ്മർദം ചെലുത്തി ചെയ്യിക്കുകയാണ് വേണ്ടത്. അതിനെതിരായി കേന്ദ്രത്തെ രക്ഷപ്പെടുത്താനുള്ള ശ്രമമായിട്ടു മാത്രമേ ഇതിനെ കാണാൻ പററുകയുള്ളു. കേരളത്തിലെ കൃഷിക്കാരെ വഞ്ചിക്കുന്നതിനു മാത്രമേ ഇത് ഉപകരിക്കുകയുള്ളു. ഈ statement കേരളത്തിലെ കൃഷിക്കാർക്ക് ഗുണം ചെയ്യുകയില്ല. കേരളത്തിലെ കൃഷിക്കാർക്ക് ദോഷം ചെയ്യുന്നതാണ് പിന്നെ ഒരു Revolving fund-നെ പ്പററി പറഞ്ഞിരിക്കുന്നു. എന്താണ് ഈ Revolving fund. കേന്ദ്രത്തിൽ നിന്നു കിട്ടുന്ന relief-നു വേണ്ടി, സംസ്ഥാനത്തു ഉപയോഗിക്കുന്ന പണവും ഉപയോഗിച്ചാണ് ഇതുണ്ടാക്കുന്നതുപോലും കേന്ദ്രം പണം തരുന്നത് നമ്മൾ പണം ഉപയോഗിച്ചതിനു ശേഷം adjustment ആണ്. ചില വാക്കിയ പണം readjustment എന്നല്ലാതെ Revolving fund ആയി വയ്ക്കുവാൻ പററുമോ. വെള്ളപ്പൊക്കം കൊണ്ടു ദുരിതം ഉണ്ടാകുമ്പോൾ മററുവിധത്തിലുള്ള ദുരിതം ഉണ്ടാകുമ്പോഴും അവർക്ക് കൊടുക്കേണ്ട സഹായത്തെ സംബന്ധിച്ച് ഇടതുപക്ഷ ജനാധിപത്യ സർക്കാർ ഒരു G.O. ഇറക്കിയിരുന്നു. മുൻപ് Natural calamitie പ്രകാരം കൃഷിനഷ്ടപ്പെട്ടാൽ നെൽകൃഷിക്കാർക്കു മാത്രം സഹായം ചെയ്യുന്ന നടപടിയേ ഉണ്ടായിരുന്നുള്ളു. വളരെ തോട്ടവിളകളുള്ള നമ്മുടെ സംസ്ഥാനത്ത് അതുകൊണ്ട് വലിയ പ്രയോജനമില്ലായിരുന്നു. അതുകൊണ്ടാണ് തോട്ടവിളയ്ക്കും നഷ്ടപരിഹാരം കിട്ടത്തക്ക G O. ഞങ്ങളിറക്കിയത്. എല്ലാത്തോട്ടവിളകളേയും ചേർത്തിരുന്നു-ഇഞ്ചി വിട്ടുപോയി എന്നേ Sri K. M. മാണിക്കു പരാതിയുണ്ടായിരുന്നുള്ളു. സർ, ഇഞ്ചിയും ചേർത്ത് പുതുക്കി G. O. ഇറക്കിയിരുന്നു. അങ്ങനെ ഒരുകൊല്ലം 90 ലക്ഷം രൂപ കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുത്തു. ഞാൻ സുധീരനോടു പറയുകയാണ്, തൃശ്ശൂർ ജില്ലയിൽ മാത്രം 30 ലക്ഷംരൂപ ഇതിന്റെ പേരിൽ കൊടുത്തിട്ടുണ്ടന്ന്. തൃശ്ശൂർ ജില്ലയിൽ 30 ലക്ഷം രൂപ സബ്സിഡിയായി കൊടുത്തത് നെല്ലിന് മാത്രമല്ല തെങ്ങിനും, കമുകിനും അതുപോലെതന്നെ ഏത്തവാഴപോയതിനും, എല്ലാ കൃഷി നഷ്ടപ്പെടുത്തിയ

LIBRARY ARCHIVES Kerala Legislative Assembly

തിനും മററുമായി സഹായധനമായി നൽകിയിട്ടുണ്ട്. സർ, ഒരു റിവോൾവിംഗ് ഫണ്ട് ഉണ്ടാക്കുമെന്ന ആശയം എങ്ങനെ വന്നു—നാം നഷ്ടപരിഹാരം നിശ്ചയിക്കുന്ന പുതിയ G. O. issue ചെയ്തത് കേന്ദ്ര ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർ എതിർത്തു. പക്ഷേ അന്നുറച്ചു നിന്നതിൻെറ അടിസ്ഥാനത്തിൽ കേന്ദ്രം 80-81-ൽ പണം തന്നു. 81-82-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പോയി, ആലോചിക്കാൻ ആളില്ലാതായി-കേന്ദ്രം പണം തന്നില്ല-ഇന്നാവശ്യം പുതിയതായി നാം ഇറക്കിയ G. O. പ്രകാരം കിട്ടേണ്ട നഷ്ടപരിഹാരം കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കുകയാണ്. റിവോൾവിംഗ് ഫണ്ടിന് ആവശ്യമായ തുക കേന്ദ്രഗവൺമെൻറിനോടു പറഞ്ഞു, വാങ്ങിക്കൊണ്ടുവരാമെന്നാണ് ശ്രീ. മാണി പറയുന്നത്. Plan-ൻെറ ഇക്കൊല്ലത്തെ വിഹിതത്തിന് ഇവർ പോയതിൻെറ കഥ മറന്നുകാണുകയില്ല ബഡ്ജററിൽ എന്നു കരുതുന്നു. 275 കോടി കൂട്ടാൻ വേണ്ടി പ്രധാനമന്ത്രിയെക്കണ്ട് നിവേദനം നടത്താൻ പോയിട്ടു P.M. നെ കാണാൻ മൂന്നു പ്രാവശ്യം കഴിഞ്ഞില്ല. കണ്ടപ്പോഴോ തുക അതു മതി എന്നുപറഞ്ഞതു കേട്ടുപോന്നു. ഫലമോ നമ്മുടെ ആറാം Plan-ൻെറ തുക കുറയാൻ പോകുന്നു. പ്രധാനമന്ത്രിയെ കാണാൻ നമ്മുടെ മുഖ്യമന്ത്രി മൂന്നു പ്രാവശ്യം പോയിട്ടു കാണാതെ തിരിച്ചു വന്നു. ഞാൻ അറിഞ്ഞതു അങ്ങനെയാണ്. പിന്നീട് ഒടുവിൽ തോളിൽ തട്ടിയിട്ട് പറഞ്ഞു, കരുണാകരാ ഇതുമതി പൊയ്ക്കൊള്ളാൻ പറഞ്ഞു, അതും വാങ്ങിക്കൊണ്ട് പോന്നെന്നാണ് കേട്ടത്. അതുകൊണ്ട് റിവോൾവിംഗ് ഫണ്ടുമായി അവിടെ ചെന്ന് അഞ്ചുകോടി രൂപ വാങ്ങിക്കൊണ്ടുവരാമെന്നു പറയുന്നത് ആളുകളെ പററിക്കാനാണ്. നടക്കാത്ത വാഗ്ദാനങ്ങൾ.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇതിൻെറ അകത്തെ സ്കീം കേന്ദ്ര ഗവൺമെൻറിൻെറ തുക മാത്രം വച്ചുകൊണ്ടല്ല. സംസ്ഥാനഗവൺമെൻറ് ഓരോ വർഷവും ഇങ്ങനെയുള്ള നിധിയായി കൊണ്ടുവരുന്നതിൽ കോൺട്രിബ്യൂട്ട് ചെയ്യുകയും കേന്ദ്രത്തിൽനിന്നും കിട്ടുന്നത് അതിൽ മെർജ് ചെയ്യുകയും ചെയ്തുകൊണ്ട് എപ്പോഴും നമ്മുടെ കൃഷിക്കാർക്ക് കൊടുക്കാൻ സഹായകമായ ഒരു നിധിയാണ് ഇത്.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെയാണെങ്കിൽ ഇത് സംസ്ഥാനഗവൺമെൻറിൻെറ മാത്രമാണെന്ന് എഴുതണം. ഇത് എഴുതിക്കഴിഞ്ഞാൽ ധനകാര്യമന്ത്രിയുടെ അടുക്കൽ പോയി ഇത് വാങ്ങാൻ പെടുന്ന പാട് എന്താണെന്ന്. അറിയാമോ? സപ്ലിമെൻററി ഡിമാൻറു മായിട്ടു ചെന്നാൽ അവർ കുറയ്ക്കും. ഇതിന് പണം എവിടന്നാണ് കിട്ടുന്നത്. കേന്ദ്രത്തിൽനിന്നും കിട്ടുകയില്ല. അതുകൊണ്ടാണ് ഇത് പറയുന്നത്. ചോദിക്കുന്നത് കിട്ടുകയില്ല. അപ്പോൾ ആ നിലയിൽ എവിടെന്നാണ് പണം. അപ്പോൾ ഇത് ആളുകളെ പററിക്കാനാണ്. അതുപോലെ കാർഷിക കമ്മീഷനും ആളുകളെ പററിക്കാനാണ്. കൃഷിക്കാരനെ സംബന്ധിച്ചു പറഞ്ഞിരിക്കുന്നതെല്ലാം പററിക്കലാണ്. അതുപോലെ വ്യവസായമോ ? നമ്മൾ എല്ലാവരുംകൂടി അല്ലേ ആർട്ടിസാൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ മാനേജിംഗ് ഡയറക്ടറായിട്ടു ആ ആശാരിയെ നിയമിച്ചത്. ആ ആശാരി റിട്ടയർചെയ്തു പോയപ്പോൾ ആർട്ടിസാൺ ഡവലപ്പ്മെൻറ് കോർപ്പറേഷനും പോയി. അവരുടെ ദീർഘകാല സമരത്തിൻെറ ഫലമായി രൂപീകരിച്ച ഒരു ആർട്ടിസാൺ ഡവലപ്പ്മെൻറ് കോർപ്പറേഷനാണ് ഇത്. ഇന്ന് എന്താണ് അതിൻെറ സ്ഥിതി. ഗവൺമെൻറ് Artisan-നെ ഓരോന്നായി എടുത്തു വ്യവസായം തുടങ്ങാൻ 10,000 രൂപകൊടുക്കാമെന്നാണ് പറയുന്നത്. ഈ 10,000 രൂപ ആര് കൊടുക്കും ? ഇതിനെന്താണ് ജാമ്യം, ഗവൺമെൻറ് ജാമ്യം കൊടുക്കുമോ. കൊടുത്താൽ തന്നെ ഇന്നത്തെ credit squeese കൊണ്ട് Bank-കൾ പണം കൊടുക്കുമോ. ആലോചനയില്ലാതെ ആ കോർപ്പറേഷൻ നശിപ്പിച്ചു. Artisan പഴയ മൂഷിക സ്ത്രീ മൂഷിക സ്ത്രീ തന്നെയായി.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ ഓർമ്മ ശരിയാണെങ്കിൽ ഹരിജൻ ഡവലപ്പ്മെൻറ് കോർപ്പറേഷനിൽ ഒരു ഹരിജൻ ലോണിനപേക്ഷിച്ചാൽ ഒന്നുകിൽ സ്വത്ത് ജാമ്യം കൊടുക്കണം അല്ലെങ്കിൽ രണ്ടു ഗവൺമെൻറുദ്യോഗസ്ഥന്റെ ജാമ്യം കൊടുക്കണം. ഈ ഹരിജൻ എവിടെപ്പോയാണ് രണ്ടുദ്യോഗസ്ഥൻമാരുടെ ജാമ്യം ഉണ്ടാക്കുക. അല്ലെങ്കിൽ സ്വത്തു കൊടുക്കുക. അതുപോലെ ഇതും നടക്കാത്ത കാര്യമാണ് പറയുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഇത് ബഹുമാനപ്പെട്ട ഗൗരിയമ്മ കൃഷി മന്ത്രിയായി ഭരിക്കുന്ന കാലത്തായിരുന്നു. ഇപ്പോൾ അത് മാററിയിട്ടുണ്ട്.

(ശ്രീമതി കെ. ആർ. ഗൗരി) : ഇപ്പോൾ അത് മാററിയിട്ടില്ല. ഞാൻ ഇന്നലെ തിരക്കിയപ്പോഴും അങ്ങനെയാണെന്നാണ് മനസ്സിലായത്. മാററാനാഗ്രഹിക്കുന്നുണ്ടെങ്കിൽ ഉടൻതന്നെ മാററണം. മുമ്പ് ഇതു മാററാത്തത് തെററാണെന്നു സമ്മതിക്കുന്ന ആളാണ് ഞാൻ. ഏതായാലും ഇന്നലെവരെ മാററിയിട്ടില്ല. മാററുന്നെങ്കിൽ നല്ലത്. റിസർവ്വ് ബാങ്ക് അത് സമ്മതിക്കുമോ ഇല്ലയോ എന്നെനിക്കറിയില്ല.

പിന്നെ താലൂക്കുതോറും വ്യവസായങ്ങളുടെ കാര്യം പറഞ്ഞു. ശ്രീ. ബേബി ജോൺ പറഞ്ഞു, ഇക്കൊല്ലം അത് വട്ടപൂജ്യമാണെന്ന്. സാമ്പത്തികവർഷം ആരംഭിക്കുന്നതിനുമുമ്പ് പ്രോജക്ററ് തയ്യാറാക്കി ആറു മാസത്തിനകം അതിന്റെ സ്പെഷ്യലൈസ്ഡ് ഏജൻസികളെക്കൊണ്ട് വിശദമായ ഒരു പ്രോജക്ററ് റിപ്പോർട്ട് തുടർന്നു തയ്യാറാക്കണം. അത് ഇക്കൊല്ലം ഇല്ല. ഉണ്ടോ? ഇതിനുംപുറമേ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് കിട്ടിക്കൊണ്ടിരുന്ന തൊഴിലില്ലായ്മ വേതനം-ഞാൻ മാണിയോടു ചോദിക്കുകയാണ്, തൊഴിലില്ലായ്മ വേതനം കൊടുത്തപ്പോൾ അത് ശാശ്വതമാണെന്ന് പറഞ്ഞാണോ കൊടുത്തുതുടങ്ങിയത്? അല്ല. ഇത് താൽക്കാലികമാണെന്നാണ് പറഞ്ഞത്. താൽക്കാലികമാണ്. അതു കഴിഞ്ഞതിനുശേഷം തൊഴിലുണ്ടാകുന്നയാളുകൾക്ക്, തൊഴിൽ കിട്ടുന്നയാളുകൾക്ക് ഇതു മാററും. താൽക്കാലികമായി ഇതു കൊടുക്കാതെ ഏജൻസികളെക്കൊണ്ട് ഇതു ചെയ്യിക്കും എന്നു പറഞ്ഞിട്ടുള്ള നടപടി നടക്കാത്ത നടപടിയാണ്. അതിനു മുഖ്യമന്ത്രി പറഞ്ഞതെന്താണെന്നറിയാമോ? നാലോ അഞ്ചോ പേരുടെ കണക്കുനോക്കി വായിച്ചു. ഇന്നയാളിന്റെ, ഇന്ന ഉദ്യോഗസ്ഥന്റെ മകൻ, ഇന്ന വലിയ ആളിന്റെ മകൻ............

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : മുഴുവൻ ലിസ്ററും ഞാൻ വായിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : ഉള്ള ലിസ്ററെല്ലാം ഉണ്ട്. രണ്ടു ലക്ഷത്തി അൻപതിനായിരംപേർക്ക് കൊടുത്തതിൽ.......... ........

ശ്രീ. കെ. കരുണാകരൻ : പകുതിയിലധികവും മറേറതാണ്. ഞാൻ വായിച്ചുതരാം.

ശ്രീമതി കെ. ആർ. ഗൗരി : അപ്പോൾ നമ്മുടെ കേരളം സ്വർഗ്ഗരാജ്യമായി മാറിയിരിക്കുന്നു. ഈ 9 ലക്ഷത്തിൽ ചിലപാനം തൊഴിലില്ലാത്ത, തൊഴിൽ സീക്കേഴ്സാണ്-എന്താണെന്നുവച്ചാൽ എംപ്ലോയ്മെന്റ എക്സ്ചേഞ്ചിൽ രജിസ്ററർചെയ്തയാളുകൾ തൊഴിൽ അന്വേഷകരാണ് അവർ. തൊഴിലില്ലാതെ രജിസ്ററർചെയ്യാത്ത ആളുകൾ ബാക്കിയുണ്ട്. രണ്ടു ലക്ഷത്തി അൻപതിനായിരത്തോളം ആളുകൾക്ക് താൽക്കാലികാശ്വാസമെന്നുള്ള നിലയിൽ കൊടുക്കാൻ കഴിഞ്ഞു. അത് തുടർന്നുകൊടുക്കാതെ തെററിദ്ധരിപ്പിക്കത്തക്കവിധത്തിൽ വ്യവസായം നന്നാക്കി കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കി കൃഷി നന്നാക്കി ഇതു ചെയ്യുമെന്ന് പറയുന്നത് നടക്കാത്ത കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ ഇവരോട് ഒരു കാര്യം ചോദിക്കട്ടെ. ഇവിടെ ഞങ്ങളെല്ലാം മന്ത്രിമാരായിരുന്നപ്പോൾ ഗൾഫ് രാജ്യങ്ങളിൽനിന്ന് 1000 കോടി രൂപ മൂലധനം സ്വരൂപിച്ച് ഈ രാജ്യത്ത് തൊഴിലില്ലാത്ത ആളുകൾക്ക് തൊഴിൽ സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി ഒരു Scheme ഉണ്ടാക്കാൻവേണ്ടി കേന്ദ്രത്തെ സമീപിച്ചിരുന്നു. ഞങ്ങൾ അവിടന്നു പോരുന്നതുവരെ കേന്ദ്രം അതിന് അംഗീകാരം തന്നിട്ടില്ലായിരുന്നു. 1000 കോടി രൂപ മൂലധനം, അതു തരാൻ തയ്യാറുള്ളവരുടെ കയ്യിൽനിന്നും സ്വരൂപിച്ച് വ്യവസായം തുടങ്ങുന്നതിനാണ് നമ്മുടെ നാട്ടിലേയ്ക്കയയ്ക്കുന്ന പണം 500 കോടി രൂപ ഓരോ കൊല്ലവും അയയ്ക്കുന്ന ആളുകൾ തരാൻ തയ്യാറാണെന്നു പറഞ്ഞിട്ടാണ് ആ വിധത്തിൽ മൂലധനം സ്വരൂപിച്ച് ഈ രാജ്യത്തെ വ്യവസായവൽക്കരണത്തിന്, പട്ടിണിപ്പാവങ്ങൾക്ക് തൊഴിൽ നൽകി തെല്ലൊരാശ്വാസം കൊടുക്കാൻ നടപടി ഉണ്ടാക്കിയത്. എന്തുണ്ടായി? അതേപ്പററി മിണ്ടിയിട്ടില്ല. അതെന്തായി എന്ന് ഒന്ന് അന്വേഷിച്ച് പറയണം.

ഡോക്ടറോടു ഞാനൊന്നു പറയുകയാണ്. 108 കോടി രൂപയുടെ കുട്ടനാടു വികസനത്തിനു വേണ്ടിയുള്ള ഒരു Project report കേന്ദ്രത്തിനയച്ചിരുന്നു. ഡച്ചു സഹായം കിട്ടുമെന്നാണ് കരുതിയിരുന്നത്. അതെന്തായി എന്ന് ഡോക്ടർ ഒന്നു ചോദിക്കണം. ഡെച്ച് അസിസ്ററൻസോടുകൂടിയല്ലാതെ വേൾഡ് ബാങ്ക് അസിസ്ററൻസോടുകൂടി കിട്ടത്തക്കവിധത്തിൽ ഒരു റിപ്പോർട്ടു അയച്ചിട്ടുണ്ട്. അതേക്കുറിച്ചും ഒന്നും പറഞ്ഞിട്ടില്ല. അതും ചോദിക്കണം. ചോദിക്കാതെ കുട്ടനാട്ടിനെ അവഗണിച്ചു എന്നു പറയുന്നതിൽ കാര്യമുണ്ടോ? ഞങ്ങൾ വിദഗ്ദ്ധർ അല്ലായിരുന്നിരിക്കാം. പക്ഷെ, കേരളത്തിലെ പ്രശ്നങ്ങൾ, പാവപ്പെട്ടവന്റെ പ്രശ്നങ്ങൾ, തൊഴിലാളികളുടെ പ്രശ്നങ്ങൾ, പട്ടിണിക്കാരുടെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് അല്ലെങ്കിൽപ്പോലും തെല്ലൊരാശ്വാസം ഉണ്ടാക്കാൻ കുറെ നടപടികൾ ഞങ്ങളെടുത്തിരുന്നു. അതു തള്ളിക്കളഞ്ഞിട്ട് നടക്കാത്ത കുറെ കാര്യങ്ങളാണ് പുതിയതായി കൊണ്ടുവന്നിട്ടുള്ളത്. അതിന്നുംപുറമെ ഇവിടെ ശ്രീമാൻ ബേബിജോൺ ചൂണ്ടിക്കാണിച്ചതുപോലെ 30 കോടി രൂപയുടെ അധികവിഭവസമാഹരണമെന്നു പറഞ്ഞിരിക്കുന്നതിനെക്കുറിച്ചാണ് പറയാനുള്ളത്. മുമ്പതല്ല, 80-81 കോടിയാണ്. എങ്ങനെയാണ് ഇതുണ്ടാക്കാൻ പോകുന്നത്? നോൺ ടാക്സാണോ? അതൊന്നു വിശദീകരിക്കണം. അതല്ല Transport charge കൂട്ടാനും Electricityduty കൂട്ടാനും പോവുകയാണോ, തുറന്നു പറയണം. ഏതാണ്ട് 30 കോടിയോളം രൂപ അവിടെ നിന്നും കിട്ടുമെന്നു പറയുന്നു. അതെങ്ങനെയാണ്. ഇലക്ട്രിസിററി ഡ്യൂട്ടി കൂട്ടിയാണോ? അതോ ട്രാൻസ്പോർട്ട് ചാർജ് കൂട്ടിയാണോ? എങ്ങനെയാണെന്നുള്ളത് ഒന്നു വിശദീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ഇന്നു നമ്മുടെ നാട്ടിലെ സ്ഥിതി എന്താണ്? രവി ഭരിച്ചാലും ടി. കെ. രാമകൃഷ്ണൻ ഭരിച്ചാലും ഇതുതന്നെ. പക്ഷെ, എനിക്ക് രവിയോട് ഒരഭ്യർത്ഥനയുണ്ട്. ചേർത്തലക്കാരനാണല്ലോ? ഞാൻ കാണുമ്പോൾ രവി സ്കൂളിൽ പഠിക്കുന്ന പയ്യനാണ്. അതുകൊണ്ടു പറയുകയാണ്. പോലീസുകാരെ കയറൂരി വിട്ടാൽപ്പിന്നെ പിടിക്കാൻ പററുകയില്ല. പിടിക്കാൻ പററുമോ? നമ്മുടെ നാട്ടിൽ പോലീസിനെ അനാവശ്യമായി ഡിഫൻഡ് ചെയ്യുന്നത് ശരിയല്ല. അടിച്ചുകൊന്നുവെങ്കിൽ അടിച്ചുകൊന്നു എന്നു പറയണം. ഞങ്ങൾ ഭരിച്ചിരുന്നപ്പോൾ ചാലയിൽ നടന്ന സംഭവം അടിച്ചുകൊന്നിട്ടില്ല എന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. അടിച്ചുകൊന്നു. ഉത്തരവാദികളായവരെ സസ്പെൻറ് ചെയ്തു. അവരുടെ പേരിൽ കേസെടുത്തു, ചാർജ്ജ് ചെയ്തു. എന്തിന്, ഗവൺമെൻറുകൾ ജനങ്ങൾക്കുവേണ്ടിയാണ്. അല്ലാത്ത ഒരു ഗവൺമെൻറിനും നിൽക്കാൻ പററുകയില്ല. ജനങ്ങൾക്കുവേണ്ടിയുള്ള പോലീസിനെ വളർത്തിയെടുക്കാൻ നിങ്ങൾ ശ്രമിച്ചില്ലെങ്കിൽ അവരെ ഡിഫൻഡു ചെയ്യാൻപോയാൽ അതു കുഴപ്പ

LIBRARY ARCHIVES Kerala Legislative Assembly

മാണ്. ഇന്നലെ ഒരു ബഹുമാനപ്പെട്ട മെമ്പർ ഏതോ ഒരു പോലീസുകാരനെക്കുറിച്ചു പറഞ്ഞു. അപ്പോഠം അയാഠം ഇവിടെയില്ല, അതുകൊണ്ട് മിണ്ടിക്കൂടാ എന്നാണ് മറ്റൊരു മെമ്പർ പറഞ്ഞത്. അറിവുകേടുകൊണ്ടാണെങ്കിൽ അതു തിരുത്തണം. തൊഴിലാളികഠം, കമ്മ്യൂണിസ്റ്റുകാർ, പാവപ്പെട്ടവർ ഇവർക്കെതിരെ പോലീസിനെ ഉപയോഗിച്ചുകൊണ്ട് പോലീസ് ഭരണം നടത്തുന്നതിനുള്ള ഒരു സംവിധാനം നടത്തിയിട്ടുള്ള ഈ സർക്കാർ ബഡ്ജററിൽ കൊണ്ടു വന്നിരിക്കുന്ന മുഴുവൻ പ്രൊപ്പോസലും ജനങ്ങഠംക്ക് കൂടുതൽ ഭാരം ഉണ്ടാക്കുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നതും ജനങ്ങളെ വഞ്ചിക്കുന്നതുമായതുകൊണ്ട് ഞാൻ ഈ ബഡ്ജററിനെ എതിർക്കുന്നു.

വനംവകുപ്പു മന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ഇന്നലെ ഇവിടെ പ്രസംഗിച്ചപ്പോഠം ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ബാലകൃഷ്ണൻ കാസർകോട് പ്രദേശത്തെ വനംകൊള്ളയെക്കുറിച്ച് ചില കാര്യങ്ങഠം പറയുകയുണ്ടായി. അദ്ദേഹം പ്രധാനമായി പറഞ്ഞത്, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം വൻതോതിൽ വനംകൊള്ളകഠം നടക്കുന്നു, ഭരണകക്ഷിയിൽ പെട്ടവരുടെ സഹായത്തോടുകൂടിയാണ് ഇതെല്ലാം നടക്കുന്നത്, ഇത് തടയുന്നതിനുവേണ്ടി നടപടികഠം സ്വീകരിച്ച ഉദ്യോഗസ്ഥൻമാരെ നടപടിക്ക് വിധേയമായി ബുദ്ധിമുട്ടിക്കുന്നു എന്നാണ്. ആ പ്രദേശത്ത് വനംകൊള്ള നടക്കാൻ തുടങ്ങിയിട്ട് കാലം കുറെയായി. കഴിഞ്ഞ ഒരു വർഷം മുമ്പ് അവിടെ രണ്ട് ബീററ്ഗാർഡൻമാരെ സസ്പെൻറ് ചെയ്തിരുന്നു ; (വനംകൊള്ളയ്ക്ക് കൂട്ടുനിന്നതിൻെറ ഫലമായി). ഈ ഗവൺമെൻറ് അധികാരത്തിൽ വന്നത് മേയ് മാസം 24-ാം തീയതിയാണ്. അവിടെ വനംകൊള്ള നടന്നതായി പരാതി ഉണ്ടായത് മേയ് മാസം 16, 17, 18 തീയതികളിലാണ്. അത് കേവലം പത്രങ്ങളിൽ മാത്രമല്ല- അവിടെ നിന്ന് പരാതികഠം എഴുതി അയച്ച് കിട്ടിയിരുന്നു. ആ പരാതികഠം ഗവൺമെൻറിലേക്ക് മാത്രമല്ല ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും അതിൻെറ കോപ്പി അയച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു കവറിംഗ് ലെററോടുകൂടി ആ പരാതികഠം എനിക്ക് അയച്ചുതന്നിട്ടുണ്ട്. അവരും പറയുന്നത് 16, 17, 18 തീയതികളിലാണ് വൻതോതിൽ വനംകൊള്ള നടന്നതെന്നാണ്. എന്തായിരുന്നാലും ശരി 25-ാം തീയതിതന്നെ ഉദ്യോഗസ്ഥൻമാർ ആ സ്ഥലം സന്ദർശിക്കുകയും അന്വേഷണം നടത്തുകയും അന്നുണ്ടായിട്ടുള്ള വനംകൊള്ളയെക്കുറിച്ച് പഠിക്കുകയും ചെയ്തതിൻെറ അടിസ്ഥാനത്തിൽ അവിടെ ആറ് മരങ്ങഠം കളവു പോയതിൻെറ കുററികഠം കാണുകയുണ്ടായി. തുടർന്ന് ഈ അന്വേഷണം ഫലപ്രദമായില്ലെന്നും നടപടികഠം വേണ്ടത്ര ആയില്ലെന്നും പരാതി ഉണ്ടായതിനെതുടർന്ന് ഇവിടെ നിന്ന് വിജിലൻസ് സി. സി. എഫ്. ഉഠംപ്പെടെ ഈ ഡിപ്പാർട്ടുമെൻറിലെ ഉയർന്ന ഉദ്യോഗസ്ഥൻമാരെല്ലാം ആ സ്ഥലത്തേക്ക് പോവുകയുണ്ടായി. അവിടെ നടത്തിയ രണ്ടാമത്തെ പരിശോധനയുടെ ഫലമായി ഏഴ് തടികഠം വെട്ടി എടുത്തതിൻെറ കുററികഠംകൂടി കണ്ടുപിടിക്കുകയും, തൊണ്ടികഠം കണ്ടുപിടിക്കുകയും ചെയ്തു. കേസുകഠം രജിസ്ററർ ചെയ്തു. അതിനുശേഷം വീണ്ടും അന്വേഷണം നടത്തിയതിൻെറ ഫലമായി 17 മരങ്ങഠം വെട്ടി എടുത്ത കുററികഠം കണ്ടുപിടിച്ചിട്ടുണ്ട്. കർശനമായ നടപടികഠം ആവശ്യമാണെന്ന് തോന്നി. അങ്ങനെ വനംകൊള്ള നടന്ന പ്രദേശത്തെ ഒരു ഗാർഡിനെ സസ്പെൻറ് ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ അവിടെ ഒരു റെയിഞ്ചറെ സ്ഥലം മാററണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യങ്ങളെക്കുറിച്ച് ഗവൺമെൻറ് സ്വീകരിച്ച നടപടികളെക്കുറിച്ച് അറിയാൻ താല്പര്യം പ്രകടിപ്പിച്ചുകൊണ്ടാണ് എനിക്ക് പ്രതിപക്ഷനേതാവ് എഴുതിയിട്ടുള്ളത്. അവിടെയുള്ള പരാതി ആ കൊള്ളയ്ക്കെല്ലാം ഉദ്യോഗസ്ഥൻമാർ കൂട്ടു നില്ക്കുന്നു എന്നാണ്. ശരിയോ തെറേറാ എന്നുള്ളത്

അന്വേഷണത്തിന്റെ അവസാനം മാത്രം വ്യക്തമാകുന്ന കാര്യമാണ്. അങ്ങനെയൊരു പരാതി ഉയർന്നുവന്നതിനെത്തുടർന്ന് ദീർഘനാൾ ആ സ്ഥലത്ത് ജോലിയിൽ ഉണ്ടായിരുന്ന ആൾക്കാരെയാണ് മാററിയിട്ടുള്ളത്. ശ്രീ. ബാലകൃഷ്ണൻ ഇവിടെ പറഞ്ഞു ഈ വനംകൊള്ള തടയുന്നതിന് നടപടികൾ സ്വീകരിച്ചവരെ ദ്രോഹിച്ചു എന്നാണ്. അവിടെ ബീററ് ഗാർഡ്മാരായിട്ട് എട്ടുപേരാണുള്ളത്. അതുപോലെതന്നെ ഒരു റെയിഞ്ചറും. ആ റെയിഞ്ചറെ സ്ഥലം മാററി. എട്ടുപേരിൽ ഒരാളെ സസ്പെൻറു ചെയ്തു. രണ്ടുപേരെ, ഞാൻ നേരത്തെ പറഞ്ഞപോലെ കഴിഞ്ഞകൊല്ലം സ്ഥലംമാററിയതിന് പകരമായിട്ട് വന്നവർ ആണ്. കേവലം ഒരു വർഷം മാത്രമായിട്ടുള്ളവരായതുകൊണ്ട് അവരെ രണ്ടുപേരെയും വിട്ട് ബാക്കിയുള്ള ആറുപേരെയുമാണ് മാററിയിട്ടുള്ളത്. അവരെ മാററണമെന്നുതന്നെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ കത്തിന്റെയും താല്പര്യം. അതുകൊണ്ട് അവിടെ സ്വീകരിച്ച നടപടികൾ ആ നാട്ടുകാരുടെയും അതുപോലെ പത്രങ്ങളിൽ വന്ന വാർത്തയുടെയും അതേത്തുടർന്ന് നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിലാണ്. സർ, ഇപ്പോഴും അന്വേഷണം തുടർന്നു വരികയാണ്. വനംകൊള്ള അതുപോലെ വനം കൈയേററം ഇവ ഏതു ഭാഗത്തു നിന്നായാലും അത് ശക്തമായി ഫലപ്രദമായി തടയണമെന്നുള്ളതാണ് ഗവൺമെൻറിന്റെ ആഗ്രഹം. രാഷ്ട്രീയ സ്വാധീനങ്ങളോ മററ് പ്രലോഭനങ്ങളോ ഒന്നുംതന്നെ സർക്കാരിന്റെ ഈ സംരംഭത്തെ തടസ്സപ്പെടുത്താൻ ഉപയോഗപ്പെടുത്തുകയില്ലെന്ന് വ്യക്തമാക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു.

സർ, ഫലപ്രദമായി ഈ വനംകൊള്ള തടയണമെങ്കിൽ ഇതുപോലുള്ള കർശനമായ നടപടികളും ആവശ്യമാണ്. കർശനമായ നടപടികളുമായി ഗവൺമെൻറ് മുന്നോട്ട് പോകുമ്പോൾ ഗവൺമെൻറിന്റെ നടപടികളെ സഹായിക്കുന്നതിനുപകരം ഈ വനംകൊള്ളക്കാർക്ക് കൂട്ടുനിന്നവരെ സഹായിക്കുന്ന നടപടികൾ സ്വീകരിക്കുന്നത് ഖേദകരമാണ്; ദ്രോഹകരമാണ് എന്നുമാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ. അതുകൊണ്ട് ഗവൺമെൻറ് ആഗ്രഹിക്കുന്നപോലെ നമ്മുടെ ജീവന് തുല്യമായി സ്നേഹിക്കുന്ന നമ്മുടെ വനസമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെൻറ് സ്വീകരിക്കുന്ന നടപടികളുമായി ഈ സഭയിലെ എല്ലാ വിഭാഗങ്ങളിലുംപെട്ട ആൾക്കാരും സഹകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

അതുപോലെതന്നെ മറെറാരു കാര്യം കൂടി ചൂണ്ടിക്കാണിക്കാതിരിക്കുന്നത് ശരിയല്ല. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയത്തിന്റെ ചർച്ചാവേളയിൽ ശ്രീ. എം. വി. രാഘവൻ ഒരു കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. മൂപ്പിലമ്മയുടെ ബന്ധുവിന്റെ സ്വത്തിനെ സംബന്ധിച്ച പ്രശ്നമാണ്. അതിനെതിരെ കൊടുത്ത നിർദ്ദേശത്തെക്കുറിച്ചാണ്. സ്റേറയുടെ കാര്യം അദ്ദേഹം പറഞ്ഞു. സർ, ഞാൻ കണ്ണൂരിൽ ഉണ്ടായിരുന്നപ്പോഴാണ് ആദ്യമായി ആ പരാതി കിട്ടുന്നത്. മൂപ്പിലമ്മയുടെ ബന്ധു ശങ്കരനാരായണന് അവിടെ മരം വെട്ടാൻ അനുവാദം കൊടുക്കുന്നു, പാസ് കൊടുക്കുന്നു എന്നുള്ള പരാതി കിട്ടിയത്. അതറിഞ്ഞ ഉടൻതന്നെ ഞാൻ ടെലഫോൺ വഴി വിവരം അറിയിച്ചു ഞാൻ തിരിച്ചെത്തി ഫയൽ പരിശോധിക്കുന്നതുവരെ മരം വെട്ടുന്നതിനുള്ള പാസോ അനുവാദമോ കൊടുക്കാൻ പാടില്ലെന്ന്. തിരിച്ചുവന്നു ഫയൽ പരിശോധിച്ചപ്പോൾ മുൻകാലത്ത് അവർക്കു ട്രൈബ്യൂണൽ താല്ക്കാലികമായി കുറച്ചു സ്ഥലം കൊടുത്തിരുന്നു, അവരുടേതെന്ന് അവർ ഉദ്ദേശിക്കുന്ന പ്രസ്തുത സ്ഥലത്തുനിന്ന് അവരുടെ തോട്ടത്തിന്റെ തണൽ നീക്കുന്നതിനുവേണ്ടി മരങ്ങളുടെ കൊമ്പുകൾ വെട്ടിമാററാനുള്ള അനുവാദത്തിന് അപേക്ഷിച്ചുകൊണ്ടുള്ളതായിരുന്നു അവരുടെ അപേക്ഷ. ആ നടപടിയെക്കുറിച്ച് ഡിപ്പാർട്ടുമെൻറ് സ്വീകരിച്ചത്,



LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴുള്ള ഗവൺമെൻറിന്റെ സമീപനം, (മിസ്ററർ എം. കെ. കൃഷ്ണന്റെ കാലത്തേതല്ല ഞാൻ പറയുന്നത്) ; അവിടെ മൂപ്പിലമ്മയുടെ ബന്ധുക്കൾക്ക് എസ്റേററ് ഇല്ല എന്നാണ് ; തോട്ടം അവിടെ അവർക്കില്ല എന്നാണ് ഗവൺമെൻറിന്റെ സമീപനം. സർ, കോടതിയിലും ട്രൈബ്യൂണലിലും ഗവൺമെൻറ് ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ അവർ ആവശ്യപ്പെട്ടത് ഞങ്ങൾക്ക് അവിടെ തോട്ടം ഉണ്ട് ; ഞങ്ങൾക്ക് മുമ്പുതന്ന വക അതുകൊണ്ട് അവിടെയുള്ള തോട്ടത്തിന്റെ സംരക്ഷണത്തിനുവേണ്ടി മരത്തിന്റെ കൊമ്പ് വെട്ടാനും തടി വെട്ടാനും അനുവാദം തരണമെന്നാണ്. അങ്ങനെ അവർക്ക് തോട്ടം അവിടെ ഇല്ലെന്നും ഉണ്ടെങ്കിൽ അവർ ചൂണ്ടിക്കാണിക്കണം ; ചൂണ്ടിക്കാണിച്ച് തരാത്തിടത്തോളം കാലം ഈ സഹായം ചെയ്തുകൊടുക്കേണ്ടതില്ല എന്നാണ് ഗവൺമെൻറിന്റെ സമീപനം. ആ സമീപനത്തിൽ ഉറച്ചു നിൽക്കു ന്നതുകൊണ്ട് ആ പ്രത്യേകമായ നടപടികളുടെ ആവശ്യമില്ല.

ശ്രീ. എം. വി. രാഘവൻ : ഈ ഭൂമിയെ സംബന്ധിച്ച് അന്വേഷണം നടത്താൻ ഉത്തരവിടുമോ ? ആര്യാടൻ, അടിയോടി ഇങ്ങനെ പലരും കൊള്ള ചെയ്തതാണ്......... (ബഹളം)

ശ്രീ. കെ. പി. നൂറുദ്ദീൻ : എം. കെ. കൃഷ്ണനോട് ചോദിച്ചാൽ കൂടുതൽ മനസ്സിലാകും. ഞാൻ പറഞ്ഞതു മുഴുവൻ സത്യസന്ധമാണ് റിക്കാർഡ് സഹിതമാണ് പറഞ്ഞത്.

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, ഈ പ്രശ്നം പുതിയ പ്രശ്നമല്ല, മറേറത് വളരെ പഴക്കമുള്ള പ്രശ്നമാണ്. പഴക്കമെന്നു പറഞ്ഞാൽ പഴയ മന്ത്രിമാരുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അതിനെക്കുറിച്ചാണ് രാഘവൻ പറഞ്ഞത്. സർ, 600 ഏക്കർ സ്ഥലം ഉണ്ട്. മരം വെട്ടിയിട്ടുണ്ട്, കട്ടെടുത്തിട്ടുണ്ട്, കളവായി വിററിട്ടുണ്ട്, ഹൈക്കോടതിയിൽ കേസ് ഉണ്ടായിരുന്നതാണ്. കോടതി സ്റേറ ചെയ്യപ്പെട്ടത് ഗവൺമെൻറ് സ്ററാൻഡ് പറഞ്ഞത് ശരിയാണ്, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. പക്ഷെ കോടതിയുടെ സ്റേറ മുഴുവൻ പൊളിച്ചു. അതുകൊണ്ട് ഇതിനെക്കുറിച്ച് വിശദമായി അന്വേഷിച്ച് അതിന്റെ റിപ്പോർട്ട് സഭയിൽ വയ്ക്കണമെന്നതാണ് ഞങ്ങളുടെ ന്യായമായ ആവശ്യം. കാരണം അത് ആരെല്ലാം കട്ടു, ആരെല്ലാം മുടിച്ചു, ആരെല്ലാം മരം മുറിച്ചു എന്നുള്ളത് വ്യക്തമായി അറിയണം.

ശ്രീ. കെ. പി. നൂറുദ്ദീൻ : ഗവൺമെൻറിന്റെ സ്ററാൻഡ് ഞാൻ പറഞ്ഞു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

പൊതുധനാഭ്യർത്ഥനയുടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട തലശ്ശേരി മെമ്പർ അദ്ദേഹം ഈ സഭയിൽ നവാഗതനായതുകൊണ്ടും ഈ സഭയിൽ നടന്നിട്ടുള്ള പഴയ കാര്യങ്ങളൊന്നും അറിഞ്ഞുകൂടാത്തതുകൊണ്ടും ചില കാര്യങ്ങൾ ഇവിടെ ആവർത്തിക്കുകയുണ്ടായി. ഇതിനു മുമ്പുതന്നെ ഈ പ്രശ്നത്തെക്കുറിച്ച് ഈ സഭയിൽ ചില അംഗങ്ങൾ ഒരിക്കൽ ചൂണ്ടിക്കാണിക്കുകയും, അതിന് സമാധാനം അന്ന് പറയുകയും ചെയ്തു. ശ്രീ. നായനാർ മുഖ്യമന്ത്രിയായിരുന്ന മന്ത്രിസഭയുടെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെയും ആ മന്ത്രിസഭയുടെയും പരിപൂർണ്ണമായ അംഗീകാരത്തോടും അനുവാദത്തോടുംകൂടി നടത്തിയ ഭരണപരമായ ഒരു കാര്യത്തെക്കുറിച്ചാണ് ശ്രീ. ബാലകൃഷ്ണൻ ഇവിടെ ഉന്നയിച്ചത്. ഇക്കാര്യത്തിൽ ഈ സഭയുടെയും ഗവൺമെൻറിന്റെയും കീഴ്‌വഴക്കങ്ങൾ പാലിച്ചിട്ടുണ്ടെന്ന് മാത്രമല്ല കേരളത്തിലെ വിദ്യുച്ഛക്തി ബോർഡിന് അവകാശമുണ്ടായിരുന്ന കാര്യം

LIBRARY ARCHIVES Kerala Legislative Assembly

...നുമുമ്പ് ഈ രാജ്യത്ത് വിദ്യുച്ഛക്തി വകുപ്പു മന്ത്രിമാർ ആയിരുന്ന ആളുകൾ ചെയ്തിരുന്നതിൽനിന്നും വ്യത്യസ്തമായി ആ അധികാരം ക്യാബിനററിന്റെ മുമ്പിൽ കൊണ്ടുവരികയും പലപ്രാവശ്യം ക്യാബിനററ് ഈ പ്രശ്നത്തെ സംബന്ധിച്ച് പഠിക്കുകയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ടും, അവരെ നേരിട്ട് ക്യാബിനററിൽ വരുത്തി പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അങ്ങ് ഉൾപ്പെടെയുള്ള മന്ത്രിമാർ ആ ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തതിനുശേഷം മന്ത്രിസഭ നാലഞ്ച് മന്ത്രിസഭായോഗങ്ങളിൽ ഈ പ്രശ്നം ചർച്ച ചെയ്തതിനുശേഷം എടുത്ത ഒരു തീരുമാനം ഇപ്പോൾ ആർ. ബാലകൃഷ്ണപിള്ള എന്തോ അവിഹിതമായി ചെയ്യാതിരിക്കുന്നുവെന്നുള്ള നിലയിൽ അദ്ദേഹം പ്രസ്താവിച്ചത് വളരെ ഖേദകരമാണ്. ഞാൻ ഒരിക്കലും വ്യക്തിപരമായി എന്റെ സ്വന്തം അഭിപ്രായം ആ ഫയലിൽ രേഖപ്പെടുത്തുകയോ എന്റെ സ്വന്തമായ ഒരു ശുപാർശ ക്യാബിനററിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

ശ്രീ. എം. വി. രാഘവൻ : പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ഒരു മന്ത്രി വിവാദപരമായ ഒരു കാര്യം പഴയ ക്യാബിനററിന്റെ ഡിസിഷൻ അനുസരിച്ചാണ് തീരുമാനം എന്നു പറയുന്നു—ക്യാബിനററിന്റെ രഹസ്യങ്ങളെല്ലാം പറയുന്നുണ്ട് അക്കൂട്ടത്തിൽ ഒരു ഫയലിനെപ്പററി പരാമർശിക്കുന്നു, ആ ഫയലിൽ വ്യക്തിപരമായി ഒന്നും രേഖപ്പെടുത്തിയിട്ടില്ലെന്ന് പറയുന്നു. അത് ഞങ്ങൾക്ക് മനസ്സിലാക്കാൻ വേണ്ടി ആ ഫയൽ മേശപ്പുറത്തു വയ്ക്കാൻ അങ്ങ് നിർദ്ദേശിക്കുമോ ?

മി. സ്പീക്കർ : ഫയൽ ഒന്നും ഇവിടെ വായിച്ചിട്ടില്ല, ഒരു ഫയലിനെപ്പററി ഇവിടെ പരാമർശനം ഉണ്ടായതേ ഉള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനും അറിയാവുന്ന കാര്യങ്ങളാണിതെല്ലാം. അതല്ലാതെ എന്തെങ്കിലും പരാമർശനം ഉണ്ടായാൽ അത് എല്ലാം മേശപ്പുറത്ത് വയ്ക്കണമെന്ന് പറയാൻ എനിക്ക് അവകാശമില്ല.

ശ്രീമതി കെ. ആർ. ഗൗരി : അന്ന് ഒരു എഴുത്ത് വായിച്ചിരുന്നു, അത് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, പല എഴുത്തുകളും മുമ്പുണ്ടായിരുന്നു. സർ, ഇക്കാര്യം ശ്രീമതി ഗൗരിയമ്മയ്ക്കും അറിയാവുന്നതാണ്. ഞാൻ എന്റെ സ്വന്തം അഭിപ്രായമൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഇടമലയാറിന്റെ കോൺട്രാക്ട് അവസാനിപ്പിച്ചശേഷം എച്ച്. സി. സി. കമ്പനിക്ക് സ്ഥലം കൊടുത്തതിനുശേഷം അവിടുത്തെ തൊഴിലാളികൾ നടത്തിയ പ്രക്ഷോഭണ പരിപാടികളെ സംബന്ധിച്ച് അന്നത്തെ തൊഴിൽ വകുപ്പു മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് വിളിച്ചു കൂട്ടിയ ഒരു കോൺഫറൻസിൽ ഈ പദ്ധതി പ്രവർത്തനം എച്ച്. സി. സി. കമ്പനി തുടർന്ന് നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രണ്ടു പ്രാവശ്യം ബോംബേക്ക് കത്തെഴുതിയിട്ടും അവർ അതിൽ പങ്കെടുക്കാൻ തയ്യാറായില്ല തയ്യാറാകാത്തതിനെതുടർന്ന് ഈ കോൺട്രാക്ടിന്റെ കാലാവധി അവസാനിച്ചുവെന്നുള്ള നിലയിൽ പുതിയൊരു കോൺട്രാക്ട് കൊടുത്താൽ ഇലക്ട്രിസിററി ബോർഡിന് കുറഞ്ഞത് നാലഞ്ചു വർഷക്കാലത്തെ സമയനഷ്ടവും ഏതാണ്ട് ഇരുപതു കോടിയോളം രൂപ അധികച്ചെലവും വരുമെന്നുള്ള റിപ്പോർട്ടുകളാണ് ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരും ഇലക്ട്രിസിററി ഉദ്യോഗസ്ഥൻമാരും ക്യാബിനററിന്റെ മുൻപിൽ സമർപ്പിച്ചത്. കാരണം എല്ലാ പുതിയ കോൺട്രാക്ടും വരുമ്പോൾ അന്നത്തേക്കാൾ 80-85 ശതമാനം വർദ്ധനവിലേ ഈ കോൺട്രാക്ടറെറ്റെ കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുകയുള്ളു. എപ്പോഴും അങ്ങനെയേ കഴിഞ്ഞിട്ടുള്ളു. ഇപ്പോൾ തന്നെ കോൺട്രാക്ടേഴ്സ് ഇട്ടിട്ടുപോയ ഇടമലയാറിന്റെ ചില പണികൾ 200 ശതമാനം വരെ കൂട്ടിയാണ് പുതിയ കോൺട്രാക്ടർമാർ ക്വോട്ട് ചെയ്തിരിക്കുന്നത്. അതാണ് സ്ഥിതി. അതുപോലെതന്നെ അവസാനിപ്പിച്ചുപോയ കോൺട്രാക്ടർ മുന്നൂററി എഴുപത്തിയഞ്ചു ലക്ഷം രൂപ ആർബിട്രേഷൻ ക്ലോസ് ഉള്ള എഗ്രിമെന്റ് അനുസരിച്ച് കോമ്പൻസേഷൻ ആവശ്യപ്പെട്ടിരുന്നു. അപ്പോൾ അതുകൂടി കൊടുക്കേണ്ടിവരുമെന്നുള്ളത് വ്യക്തമാണ്. കാരണം ഇലക്ട്രിസിററി ബോർഡിനെതിരായും പി. ഡബ്ലിയു. ഡി. ക്ക് എതിരായും ആര് ആർബിട്രേഷന് പോയാലും ആ ആർബിട്രേഷന്റെ അടിസ്ഥാനത്തിൽ ഈ കോൺട്രാക്ടർക്ക് പണം കൊടുത്ത അനുഭവം മാത്രമേ ഈ രണ്ടു ഡിപ്പാർട്ടുമെന്റിനും ഇതുവരെയുള്ളു. പഴയ കഥയാണ്. എന്നാൽ ശ്രീ. നായനാർ ഗവൺമെന്റ് വന്ന കാലത്ത് ചെയ്ത ഒരു കാര്യം ഇലക്ട്രിസിററി ബോർഡിൽ ആർബിട്രേഷൻ എന്നുപറയുന്ന ഏർപ്പാട് തുടരരുത്. അത് ഒരു പാതകമാണെന്നുള്ള നിലയിൽ ആർബിട്രേഷൻ എടുത്തു കളയാൻ ആ ഗവൺമെന്റ് തീരുമാനിച്ചു. അപ്പോൾ ഇതെല്ലാംകൂടി ബന്ധപ്പെടുത്തി ഈ ഇരുപത്തിമൂന്നു കോടിയിൽ ചില്വാനം രൂപ കൂടുതൽ കൊടുക്കാനും അതുപോലെ നാലഞ്ചു വർഷമായി ഇലക്ട്രിസിററി കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ ഇടമലയാർ പ്രോജക്ട് സ്തംഭിപ്പിക്കാനും ഇടയാകരുതെന്ന് കരുതി ക്യാബിനററ് ഇക്കാര്യം പരിശോധിക്കുകയും അതിന്റെ മുഴുവൻ വിവരങ്ങളും പരിശോധിക്കുകയും-ക്യാബിനററ് നോട്ട് എന്റെ കൈയിലുണ്ട്, ഇതിന്റെ ഏതു ഫയലും മേശപ്പുറത്ത് വയ്ക്കുന്നതിന് വിരോധമില്ല, പക്ഷേ അതിന്റെ ആവശ്യമില്ല. എല്ലാവരുടെ കൈയിലും കാണും. 171 ലക്ഷം രൂപയുടെ കോൺട്രാക്ടു തുടർന്നുപഴയ റേററിൽ തന്നെ നടത്താനും ഭാവിയിലുള്ള കോൺക്രീററ് പണികളുടെ ക്വാണ്ടിററിയിൽ ഇത് ഉൾപ്പെടുത്തി പകുതി തുകയും (171-ൽ പകുതിയും) എന്നാൽ പകുതി തുക ഈ മൂന്നു കോടി എഴുപത്തഞ്ചു ലക്ഷം രൂപയുടെ ആർബിട്രേഷൻ പിൻവലിക്കാനും ഭാവിയിൽ ആർബിട്രേഷന് അവകാശപ്പെടുകയില്ലെന്നുള്ള കണ്ടിഷന് വിധേയമായി പകുതി തുകയും കോൺട്രാക്ടർക്ക് കൊടുത്ത് 1974-ൽ ടെൻഡർ വിളിച്ചകാലത്തെ റേററിൽ ഈ പണി ചെയ്യാൻ തയ്യാറുണ്ടെങ്കിൽ ചെയ്യിക്കണമെന്ന് ക്യാബിനററ് ചുമതലപ്പെടുത്തുകയും ചെയ്തു. വീണ്ടും അതേ കുറിച്ച് പരിശോധിക്കുകയും 171 ലക്ഷം രൂപ ക്യാബിനററ് അനുവദിച്ച ആ ഏർപ്പാടിൽ 26 ലക്ഷം രൂപ കഴിച്ച് 145-ലക്ഷം രൂപയിൽ പകുതി ഈ കണ്ടിഷനും റിപ്പോർട്ടിനും വിധേയമായി കോൺട്രാക്ടർക്ക് കൊടുക്കുകയും ഏതാണ്ടു പണികൾ 75 ശതമാനത്തിലധികം പൂർത്തിയാകുകയും ചെയ്തു. ഇതിന്റെ ഫലമായി ഇലക്ട്രിസിററി ബോർഡിന് കുറഞ്ഞപക്ഷമായാലും സംസ്ഥാനഖജനാവിലേയ്ക്ക് 25 കോടിയോളം രൂപ ലാഭമുണ്ട് എന്നാണ് ഇലക്ട്രിസിററി ബോർഡിന്റെയും, ഫിനാൻസ് സെക്രട്ടറിയുടെയും, ലാ സെക്രട്ടറി ഉൾപ്പെടുന്ന കമ്മിററിയുടെയും അഭിപ്രായം. അങ്ങേയ്ക്കും ഇതറിയാം. ഞാൻ കൈക്കൂലിവാങ്ങിച്ചെന്നൊന്നും ശ്രീ. ബാലകൃഷ്ണൻ പറഞ്ഞില്ല. പക്ഷെ ഇതിന്റെ വസ്തുതകൾ എന്താണെന്ന് അങ്ങ് മനസിലാക്കേണ്ടതായിരുന്നുവെന്നേ ഈയവസരത്തിൽ എനിക്ക് പറയാനുള്ളു. ഞാൻ ആരേയും കുററപ്പെടുത്തുന്നില്ല. ഈ നിയമസഭയിൽ പണ്ടു ഉണ്ടായിരുന്ന എല്ലാ സ്നേഹിതന്മാർക്കുമറിയാം ഇത് ത്രെഡ്ബെയററായി ഡിസ്കസ് ചെയ്തതാണ്. എനിക്ക് വ്യക്തിപരമായി യാതൊരു ഉത്തരവാദിത്വവുമില്ല. ഇത് ക്യാബിനററു ഡിസിഷന്റെ അടിസ്ഥാനത്തിൽ ചെയ്തതാണ്. സർ, ഇങ്ങനെയൊക്കെ തുടങ്ങിയാൽ ഈ രാജ്യത്ത് കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതെങ്ങനെയാണ് ?.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ : രണ്ടാമത് കോൺട്രാക്ട് കൊടുത്താൽ 200 കോടി നഷ്ടം വരുമെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇടമലയാറിൽ തൊഴിൽ പ്രശ്നം വന്നത്, 1979 ജൂൺ, ജൂലൈ മാസങ്ങളിലാണ്. സീസൺ ഹോളിഡേയെന്നു പറഞ്ഞു നിറുത്തി വയ്ക്കുകയാണ് ചെയ്തത്. പിന്നെ അതു കണ്ടിന്യു ചെയ്യാൻ ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടും തുടരാതെ വന്ന അവസരത്തിൽ, അന്ന് കോൺട്രാക്ട് അവസാനിച്ചിട്ടില്ല. ഈ കോൺട്രാക്ട് വ്യവസ്ഥ ലംഘിച്ചതിന്റെ പേരിൽ അവരുടെ കോൺട്രാക്ട് അവസാനിപ്പിച്ച് റീ-ടെണ്ടർ വയ്ക്കുകയാണ് ഉണ്ടായിട്ടുള്ളത്. അതിന്റെ നഷ്ടം എച്ച്. സി. സി. കമ്പനിയിൽ നിന്നും ഈടാക്കാതിരിക്കാൻ സമാധാനം ചോദിച്ചുകൊണ്ട് നോട്ടീസ് അയച്ചിരുന്നതാണ്. അന്ന് അത് പ്രൊസീഡ് ചെയ്തിരുന്നെങ്കിൽ 200 കോടിയല്ല 500 കോടിയായിരുന്നാലും അതിന്റെ നഷ്ടം എച്ച്. സി. സി. കമ്പനിയാണ് തരേണ്ടത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഞാൻ ശ്രീ. പ്രഭാകരനോട് ചോദിക്കുകയാണ് 12 കൊല്ലം ഇലക്ട്രിസിറ്റി ബോർഡ് ഭരിച്ചിരുന്ന പാർട്ടി-അങ്ങും ഭരിച്ചതാണ്, ആരെങ്കിലും കോൺട്രാക്ട് ഇട്ടിട്ടു പോയതിന്റെ ഫലമായി റിസ്ക് ആന്റ് കോസ്റ്റ് പ്രൊസീഡ് ചെയ്ത് ഒരു ചില്ലിക്കാശെങ്കിലും ഇലക്ട്രിസിറ്റി ബോർഡോ ഗവൺമെന്റോ അങ്ങു ഉൾപ്പെടെ ഈടാക്കിയിട്ടുണ്ടോ എന്നു ഞാൻ ഈയവസരത്തിൽ ചോദിക്കുകയാണ്.

(ബഹളം)

അതുപോലെതന്നെ അദ്ദേഹം ചോദിച്ചു, കോൺട്രാക്ടർ അങ്ങനെ ചെയ്യുകയില്ലായിരുന്നോയെന്ന്. സർ, ഇത് ആലോചിച്ചു; കോൺട്രാക്ടർക്ക് നോട്ടീസ് കൊടുക്കുവാനും കോൺട്രാക്ടർക്ക് 375 ലക്ഷം രൂപ കോമ്പൻസേഷൻ ചോദിച്ചത് കൊടുക്കണമോ, കോൺട്രാക്ടർക്ക് നോട്ടീസ് കൊടുത്താൽ ഇത് ഈടാകുമോ എന്നുള്ള കാര്യമൊക്കെ നിയമവകുപ്പ് പരിശോധിച്ചതാണ്. ഇതൊക്കെ ഫയലിലുണ്ട്. ആ പരിശോധനയൊക്കെകഴിഞ്ഞതിനു ശേഷമാണ് ക്യാബിനററ് ഇത് പരിഗണിച്ചത്. ക്യാബിനററ് സബ്ക്കമ്മിററി പരിഗണിച്ചു. ക്യാബിനററ് പരിഗണിച്ചു. ക്യാബിനററ് ക്ലിയർ ചെയ്തു കൊടുത്ത ഒരു കാര്യത്തിന് ക്യാബിനററ് അനുവദിച്ചതിൽനിന്നും 26 ലക്ഷം രൂപ കുറച്ചുകൊടുത്ത ഞാൻ ഇന്ന് പ്രതിക്കൂട്ടിൽ നിൽക്കണമെന്ന് ശ്രീമാൻ ബാലകൃഷ്ണൻ പറഞ്ഞാൽ അത് ബുദ്ധിമുട്ടുള്ള കാര്യമാണ്.

രണ്ടാമത് അദ്ദേഹം പറഞ്ഞ ഒരു കാര്യം കല്ലടയിൽ കൊടുക്കാൻ പോകുന്ന യന്ത്രസാമഗ്രികളുടെ ഓർഡറിനെ പററിയാണ്. അതെന്താണെന്ന് എനിക്കറിയില്ല. എന്റെടുത്തു വന്നിട്ടില്ല. ഇൻഡ്യൻ എക്സ്പ്രസ്സിൽ വന്ന ഒരു വാർത്ത വായിച്ചതുകൊണ്ട് ഞാൻ ആ വാർത്തയുടെ ഉറവിടം എന്താണെന്ന് അവിടത്തെ ഉദ്യോഗസ്ഥന്മാരെ ഇന്നലെ വരുത്തി ചോദിച്ച് കല്ലടയ്ക്കുവേണ്ടി കേന്ദ്ര ഗവൺമെൻറ് ഗ്ലോബൽ ടെണ്ടർ ഇൻവൈററ് ചെയ്തിരിക്കുകയാണ്. ഇന്ത്യയിൽ ആദ്യമായി ആരംഭിക്കാൻ പോകുന്ന ലോ ഹെഡ് പദ്ധതിയാണ് കല്ലടയിൽ ആരംഭിക്കാൻപോകുന്ന ഈ പദ്ധതി റിമോട്ട് കൺട്രോൾ യൂണിററു ഉൾപ്പെടെയുള്ള ഈ പദ്ധതിക്കുവേണ്ടി ക്വോട്ട് ചെയ്തിരിക്കുന്നത് ഇന്ന് പൂർവ്വ യൂറോപ്യൻ രാജ്യങ്ങളിൽ റുമേനിയയുണ്ട്, ഹംഗറിയുമുണ്ട്, ജപ്പാനിലെ രണ്ടു കമ്പനികളുമുണ്ട്, ഇൻഡ്യയിലെ ബി. എച്ച്. സി. എൽ. ഉണ്ട്, അതിൽ ഏററവും കുറച്ചുക്വോട്ട് ചെയ്തിരിക്കുന്ന കമ്പനി ഇന്നിപ്പോൾ റുമേനിയയാണ്. എന്നാൽ റുമേനിയ ക്വാട്ട് ചെയ്തിരിക്കുന്ന എക്യുപ്മെന്റ്സ് നമ്മുടെ സ്പെസിഫിക്കേഷനിൽ ഉള്ളതല്ല. അതു മറെറാരു സ്പെസിഫിക്കേഷനിലുള്ളതാണെന്ന് ടെക്നി

ക്കലായി പറയുന്നത്. എനിക്ക് അതേപ്പററി അറിയില്ല. എനിക്ക് കിട്ടിയ ടെക്നിക്കൽ അഡ്വൈസ് ആണ്. എന്നാൽ പിന്നീട് ഇത് കുറച്ച് കോട്ട് ചെയ്തിരിക്കുന്ന ആളുകൾക്ക് രണ്ടു കാര്യങ്ങൾ ഇലക്ട്രിസിററി ബോർഡിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ഒന്ന് ക്രെഡിററ് കിട്ടണം. ഒരുമിച്ച് പണം കൊടുക്കാൻ ബോർഡിന്റെ കൈവശമില്ല. ഏററവും കുറഞ്ഞതായിരിക്കണം ടെണ്ടറിന്റെ തുക. ഇതു രണ്ടുംകൂടി എടുത്തു മാത്രമേ ഈ പ്രശ്നം കൈകാര്യം ചെയ്യാൻ കഴിയൂ. ഏററവും കുറഞ്ഞ തുകയ്ക്കു ക്രെഡിററ് കിട്ടുന്ന അതായത് ഏതെങ്കിലും വിദേശ രാജ്യത്തു നിന്നേ വാങ്ങാൻ കഴിയൂ, അതിൽ സംശയമില്ല. ക്രെഡിററ് ഈ പ്രോജക്ററു തീർന്നതിനുശേഷം എട്ടോപത്തോ വർഷം കൊണ്ടു കൊടുത്തു തീർക്കത്തക്ക ഇൻസ്റ്റാൾമെൻറ് ഫെസിലിററിയിൽ തരാൻ കഴിവുള്ളവരിൽ നിന്നേ കേരളത്തിലെ ഇലക്ട്രിസിററി ബോർഡിനോ ഗവൺമെൻറിനോ ഇത് വാങ്ങാൻ കഴിയൂ. പത്തുപതിനഞ്ചു കോടി രൂപ ഒരുമിച്ചു മുടക്കാൻ ഇല്ല. ക്രെഡിററ് ഫെസിലിററീസ് വേണം. ഇതു രണ്ടും പരിശോധിച്ചു മാത്രമേ ഗവൺമെൻറ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളു. എക്സ്പ്രസിൽ വന്ന വാർത്ത ഭാഗികമായി ശരിയും എതാണ്ട് 75 ശതമാനം തെററുമാണ്. യാതൊരു തിരുമാനവുമെടുത്തിട്ടില്ല. ഇതിന്റെ നെഗോഷിയേഷനും മററുമുള്ള കാര്യങ്ങളും അവരുമായി, ഈ ടെക്നിക്കൽ നെഗോഷിയേഷൻസ് ടെക്നിക്കൽ ക്ലിയറൻസ് ഇതൊക്കെ നടന്നുകൊണ്ടിരിക്കുന്നതേയുള്ളു. അതിന്റെ അന്തിമതീരുമാനമെടുക്കുന്നത് നമ്മളല്ല സെൻട്രൽ ഇലക്ട്രിസിററി അതോറിട്ടിയും പവ്വർ മിനിസ്ട്രിയുമാണ്, ഡൽഹിയിലാണ്. നമുക്ക് അതിനകത്ത് ഉത്തരവാദിത്വമില്ല. ഗ്ലോബൽ ടെൻഡർ എന്നുള്ളനിലയിൽ കേന്ദ്രഗവൺമെൻറ് ആണ് തീരുമാനമെടുക്കേണ്ടത്. അതു പോലെയുള്ള പ്രശ്നങ്ങൾ ഉന്നയിച്ച് നമ്മുടെ രാജ്യത്തെ ഉദ്യോഗസ്ഥന്മാർക്കു പോലും ഒരു പ്രോജക്ടും മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ ഉണ്ടാക്കരുതെന്ന് മാത്രമേ എനിക്കു പറയാനുള്ളു.

<u>ഉപമുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ)</u> : മി. സ്പീക്കർ സർ, എന്റെ സുഹൃത്തും സഹപ്രവർത്തകനും സഹമന്ത്രിയുമായ ശ്രീ.കെ.എം. മാണി യാഥാർത്ഥ്യത്തിന്റെ സമതലത്തിൽ ഉറച്ചു നിന്നുകൊണ്ട് ഭൂമിയിൽ നിന്ന് അര ഇഞ്ച് ഉയരത്തിൽ സഞ്ചരിക്കാതെ ഇവിടെ അവതരിപ്പിച്ച ബഡ്ജററിനെ ഞാൻ പിൻതാങ്ങുന്നു. ഇവിടെ പ്രസംഗിച്ച ആളുകൾ, ശ്രീമതി കെ. ആർ. ഗൗരി ഇവിടെ പറയുകയുണ്ടായി, പോലീസിനെ കയറൂരി വിടരുത് എന്ന്. ആ വാചകത്തിന് ഒരു ആത്മകഥാ കഥനത്തിന്റെ ചുവയുണ്ട്. പഴയ തെററുകളിൽനിന്നുള്ള ഒരു പശ്ചാത്താപമാണെങ്കിൽ ഞാൻ അതു സ്വാഗതം ചെയ്യുന്നു. സ്വീകരിക്കുന്നു. ആ പക്ഷത്തുള്ള ആളുകൾ നിയമസമാധാനത്തെപ്പററി ശക്തിയായി പറയുകയുണ്ടായി. നിയമസമാധാനം അപകടത്തിലാണെന്നു വരെ പറഞ്ഞു. ഒരു ലാത്തിപോലും വീശാതെ, ഒരു കാഞ്ചി പോലും വലിക്കാതെ ഈ രാജ്യം ഭരിക്കണമെന്ന് ശ്രീ. വയലാർ രവിക്ക് ആഗ്രഹമുണ്ട്. അതിന് സമ്മതിക്കാതിരുന്നാൽ എന്തുചെയ്യും ? ഈ രാജ്യത്തു യാതൊരു കുഴപ്പവുമില്ലാതെ, യാതൊരു വെടിവയ്പും മർദ്ദനവുമില്ലാതെ ഭരിച്ചത് മൂന്നു ആളുകൾ മാത്രമാണ് ഇൻഡ്യയിൽ. ഒന്ന് കലിംഗയുദ്ധത്തിന് മുമ്പുള്ള അശോകൻ, രണ്ട്, ബോധിവൃക്ഷത്തിൽനിന്നും പുറത്തുവന്ന ബുദ്ധദേവൻ, മൂന്ന്, ശ്രീ. ഇ. കെ. നായനാർ. ഇതൊക്കെ നടത്തുമ്പോഴും നടത്തിക്കുമ്പോഴും ആലോചിക്കേണ്ടതാണ്, ഒരിക്കൽ ഇതിന് സമാധാനം പറയേണ്ടിവരുമെന്ന്

<u>ശ്രീ. എം. വി. രാഘവൻ</u> : ഈ വയസുകാലത്ത് സുഖമില്ലാതെയൊക്കെയിരിക്കുമ്പോൾ കഥാപ്രസംഗം നടത്തേണ്ട കാര്യമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മി. രാഘവൻ ഓർമ്മിപ്പിച്ചത് നന്നായി. കഥാപ്രസംഗവും കഥകളിയുമൊക്കെ ഏതുഭാഗത്തുനിന്നാണ് വരുന്നതെന്ന് നമുക്കറിയാം.

(സഭയിൽ ബഹളം)

ഇലക്ഷൻ കാലത്ത് എന്റെ എതിർകക്ഷിക്കാർ പ്രചരിപ്പിച്ചിരുന്നു, എന്നെ തിരഞ്ഞെടുത്താൽ ഉടനെ ഒരു ഉപതിരഞ്ഞെടുപ്പ് നടത്തേണ്ടിവരുമെന്ന്. ഇപ്പോൾ ഞാൻ ചികിത്സക്ക് പോകുന്നതിനെ ഇവിടെ ചിലർ വിമർശിക്കുകയുണ്ടായി. ശ്രീ. കോടിയേരി ബാലകൃഷ്ണനെപ്പോലെ നല്ല ഭാവിയുള്ള ഒരു ചെറുപ്പക്കാരൻ ഇത്ര സങ്കുചിതനായതിൽ എനിക്ക് വളരെ ദു:ഖമുണ്ട്. ഞാൻ പോയിട്ടില്ല, പോകാൻ ആലോചിക്കുന്നതേയുള്ളു. അപ്പോഴേക്കും അതിനെതിരായി വെടിവച്ചിടാം, കൊണ്ടാൽ കൊള്ളട്ടെ. എന്നനിലയിൽ ഒരു ആരോപണം ഉന്നയിക്കുകയുണ്ടായി. ഇ. എം. എസ്. നമ്പൂതിരിപ്പാടിന് വിദേശത്തു പോയി, ജർമ്മനിയിൽ പോയി ചികിത്സിക്കാമെങ്കിൽ, അച്ചുതമേനോന് റഷ്യയിൽ പോയി ചികിത്സിക്കാമെങ്കിൽ സി.എച്ച്. മുഹമ്മദുകോയയ്ക്കു മാത്രം സർക്കാർ ചെലവിൽ പോയി ചികിത്സിക്കാൻ പിടില്ലെന്നുണ്ടോ? ഇവിടെ എല്ലാമാസവും ചികിത്സയുടെ ബില്ല് കൊടുത്തു പണം വാങ്ങുന്ന പ്രതിപക്ഷത്തെ മെമ്പർമാർ ഇതു പറഞ്ഞതിൽ എനിക്ക് വളരെ ദുഃഖമുണ്ട്.

(സഭയിൽ ബഹളം)

മിസ്റ്റർ സ്പീക്കർ: ഓർഡർ, ഓർഡർ.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ:—ആരോ പറഞ്ഞു, നിങ്ങൾ ഐ മൂന്ന് പതിമൂന്ന്, ഞങ്ങൾ ഐ മൂന്ന് പതിനഞ്ച് എന്ന്. അതുപോലെ ഇ. എം. എസ്സിന് ഐ മൂന്നു പതിമൂന്നും എനിക്ക് ഐ മൂന്നു പതിനഞ്ചുമായി ഒരു കണക്കുകൂട്ടുന്ന ഈ സമ്പ്രദായം പ്രതിപക്ഷം ഉപേക്ഷിക്കുകയാണ് നല്ലത്. ഇത്ര താഴരുത്. ശ്രീമതി കെ. ആർ. ഗൌരിയമ്മ ഉപനേതൃത്വം വഹിക്കുന്ന പാർട്ടി അത്രയും താഴ്ന്നുപോയതിൽ എനിക്ക് വളരെയധികം ഖേദമുണ്ട്. അവരോട് പറഞ്ഞിട്ട് അതു നന്നാകുമെന്ന് എനിക്ക് തോന്നുന്നില്ല. ശ്രീമതി ഗൗരിയമ്മ ഇവിടെ പറഞ്ഞു, ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ ഇങ്ങനെ ഒരു ബഡ്ജററ് നിരത്തി രാജ്യത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് വിചാരിക്കേണ്ട എന്ന്. "എന്നെ തല്ലരുതമ്മാവാ, ഞാൻ നന്നാവുകയില്ല" എന്നു പറയുന്നതുപോലെയുള്ള ഒരു വാചകമായാണ് എനിക്കു തോന്നുന്നത്. ഇന്നത്തെ സാഹചര്യത്തിൽ ചെയ്യാൻ കഴിയുന്നതൊക്കെ ശ്രീ. കെ. എം. മാണി ചെയ്തിട്ടുണ്ട് എന്ന് ഞങ്ങൾ അവകാശപ്പെടുകയാണ്. അവിടെ ഇരിക്കുമ്പോൾ ഒരു ന്യായവും ഇവിടെ ഇരിക്കുമ്പോൾ വേറൊരു ന്യായവും പറയുന്നതിനെപ്പററി എനിക്കു ഒരുകഥ ഓർമ്മ വരുന്നു. പണ്ട് രണ്ട് കുട്ടികൾ ഒരു ഉയർന്ന സ്ഥലത്തുനിന്ന് കളിച്ചുകൊണ്ട്, കൊടുക്കുന്ന വിധികളെല്ലാം വളരെ ന്യായയുക്തമായും ചെയ്യുകയായിരുന്നു. അവിടെ കുഴിച്ചുനോക്കിയപ്പോൾ വിക്രമാദിത്യന്റെ സിംഹാസനം അവിടെനിന്ന് കണ്ടുകിട്ടി എന്നാണ് കേൾക്കുന്നത്. അതുപോലെ ശ്രീമാൻ ബേബിജോൺ ഇരിക്കുന്നിടം ഒന്നു കുഴിച്ചുനോക്കിയാൽ അവിടെ ആരുടെ സിംഹാസനമാണ് കാണുക എന്ന് എനിക്ക് അറിയുകയില്ല. ഇവിടെ ജാതി രാഷ്ട്രീയമാണ് നടക്കുന്നതെന്ന് ശ്രീ. ബേബിജോൺ പറയുകയുണ്ടായി. "വൈദ്യരേ നിങ്ങൾ നിങ്ങളെത്തന്നെ ചികിത്സിക്കുക" എന്ന വാചകമാണ് എനിക്ക് പറയാൻ തോന്നുന്നത്. ശ്രീമാൻ സൂപ്പിയുടെ നിയോജകമണ്ഡലത്തിൽ വന്ന് ശ്രീ നമ്പൂതിരിപ്പാട് തന്നെ പറയുകയുണ്ടായി, ഇവിടെ മത്സരി

ക്കുന്നത് ഒരു നായരും ഒരു മുസ്ലീമുമാണ്. പിന്നെ ഒന്നും പറഞ്ഞില്ല. ശേഷം ഊഹ്യവും ചിന്ത്യവും. ഇവ രണ്ടും കൂടി ഔന്ത്യം എന്നു പറയാവുന്ന രീതിയിലാണ് പോയത്. ശ്രീമാൻ ബേബിജോൺ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ വിവിധ പോളിംഗ് ബൂത്തുകളിൽ വോട്ട് എണ്ണിയതിന്റെ കണക്ക് അദ്ദേഹത്തിന്റെ കയ്യിലുണ്ടെങ്കിൽ അതെല്ലാം സാമുദായികമായിട്ട് അല്ലായിരുന്നോ എന്ന് എനിക്ക് അദ്ദേഹത്തോട് ചോദിക്കാൻ തോന്നിപ്പോകുകയാണ്. ഇതെല്ലാം രണ്ടു കാലിനും മന്തുവന്ന ഒരാൾ ഒരു കാലിന് നീരുവന്ന ഒരാളിനെ നോക്കി മന്തുകാലാ എന്നു വിളിക്കുന്നതുപോലെ ആണെന്നാണ് എനിക്ക് തോന്നുന്നത്. പിന്നെ ഇവിടെ അഖിലേന്ത്യാ മുസ്ലീംലീഗിന്റെ നേതാക്കന്മാർ പ്രസംഗിച്ചപ്പോൾ ഞങ്ങൾ ഇന്ദിരാകോൺഗ്രസ്സിനെ അനുകൂലിക്കുന്നു എന്ന ആരോപണം ഉന്നയിച്ചു. പിന്നെ ഞങ്ങൾ ആരെയാണ് അനുകൂലിക്കേണ്ടത്? നിങ്ങൾ ഒരിക്കൽ ചെയ്തതുപോലെ വാജ്പൈയേയാണോ അനുകൂലിക്കേണ്ടത്? മൊറാർജി ദേശായിയുടെ ഭരണകാലത്ത് വാജ്പൈ കൂടി ആ ഭരണത്തിൽ ഉണ്ടായിരുന്നു. നിങ്ങൾ അദ്ദേഹത്തിന് സ്തുതികീർത്തനം നടത്തിക്കൊണ്ട് പല ലേഖനങ്ങളും പത്രത്തിൽ എഴുതുകയുണ്ടായി. ഇന്ദിരാഗാന്ധിയെ അനുകൂലിക്കുന്നത് അത്രവലിയ തെററായി. . ..

ശ്രീ. പി. എം. അബൂബേക്കർ :—സർട്ടിഫിക്കററ് ഇബ്രാഹീം സുലൈമാൻ സേട്ട് പാകിസ്ഥാന് കൊടുത്തിരുന്നില്ലേ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ :—ഇബ്രാഹിം സുലൈമാൻ സേട്ട് പി. എം. അബൂബേക്കർ അല്ലാത്തതുകൊണ്ട് അങ്ങനെയുള്ള സർട്ടിഫിക്കററൊന്നും കൊടുത്തിട്ടില്ല. നിങ്ങളുടെ നിർഭാഗ്യത്തിന് അദ്ദേഹത്തിന് അല്പം വിവരമുണ്ട്. സമുദായത്തിന്റെ കാര്യങ്ങൾ ഞങ്ങളാരും നോക്കുന്നില്ല എന്നും നിങ്ങളാണ് നോക്കുന്നതെന്നും നിങ്ങൾ പറയുന്നു. സമുദായത്തിന്റെ കാര്യങ്ങൾ അവിടെ പോയി ഇരുന്നപ്പോൾ ഓർത്തതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. ഇവിടെ നായനാർ ഗവൺമെന്റിന്റെ കാലത്ത് മുസ്ലീം ഉദ്യോഗസ്ഥൻമാരായി മുകൾത്തട്ടിൽ ഉണ്ടായിരുന്നവരെയെല്ലാം ഓരോരുത്തരെയായി പുറം തള്ളിയപ്പോൾ ടൂറിസ്ററ് ഡയറക്ടർ മി. മൊയ്തുവിനെയും വികലാംഗ കോർപ്പറേഷനിലെ മി. ഹമീദുൽ ഹസ്സനെയും അതുപോലെ തലപ്പത്തുള്ള എല്ലാ ഉദ്യോഗസ്ഥൻമാരെയും നായനാർ ഗവൺമെന്റ് യാതൊരു തരത്തിലുള്ള മടിയും കൂടാതെ താഴെയിട്ടപ്പോൾ അതിന് ഓശാന പാടിയവർ ഇപ്പോൾ ഇവിടെ വന്ന് സമുദായം എന്നുപറയുമ്പോൾ വണ്ടി പോയതിനു ശേഷം ടിക്കററ് എടുക്കുന്നവരാണ് നിങ്ങൾ എന്നു മാത്രമേ ഞാൻ പറയുന്നുള്ളു.

(സഭയിൽ ബഹളം)

ശ്രീമതി ഇന്ദിരാഗാന്ധിയെ 1974-ൽ ബാഫക്കി തങ്ങൾ അനുകൂലിച്ചിരുന്ന കാലത്ത് എന്റെ സ്നേഹിതൻ മി. അബൂബേക്കർ അതിനനുകൂലമായ എത്രയോ പ്രസംഗങ്ങൾ ചെയ്തു. കോഴിക്കോട് പട്ടണത്തിലുള്ള എല്ലാ ആളുകൾക്കും അറിയാവുന്നതാണ്. ശ്രീമതി ഇന്ദിരാഗാന്ധിയെ മുസ്ലീംലീഗ് അനുകൂലിച്ചത് ഞങ്ങൾ ഇവിടെ വന്നതിനുശേഷമല്ല. അതിനുമുമ്പും അനുകൂലിച്ചിട്ടുണ്ട്. അന്ന് യു. പി. യിലും ബീഹാറിലുംസാമുദായിക ലഹളകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനെ സംബന്ധിച്ച് ഇപ്പോൾ നിങ്ങൾക്ക് തോന്നിയതു നന്നായി. കഴിഞ്ഞതിന്റെ മുമ്പിലത്തെ കൊല്ലത്തെ റംസാൻമാസത്തിൽ ബദർ ദിനത്തിൽ മലപ്പുറത്തെ സിവിൽസ്റേറഷന്റെ മുമ്പിൽ മൂന്നു സഹോദരന്മാർ പിടഞ്ഞു മരിച്ചപ്പോൾ അതിനെതിരായി ഒരക്ഷരം പോലും പറയാൻ കഴിയാത്തവരാണ് ഇപ്പോൾ എല്ലാം കഴിഞ്ഞ് സമുദായത്തിന്റെ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. അതുകൊണ്ട് അവരുടെ ചിന്ത വടക്കേ ഇൻഡ്യയിലേക്ക് മാത്രമേ പോകുകയുള്ളു. ഈ അടുത്തുള്ളതൊന്നും കാണുകയില്ല. കണ്ണിനുള്ള പ്രത്യേക തകരാറാണ് അത്. ദൂരെയുള്ളതെല്ലാം കാണാം. അടുത്ത് നടക്കുന്നതൊന്നും കാണുകയില്ല. ആ കണ്ണുരോഗത്തിനാണ് ചികിത്സ വേണ്ടത്. ശ്രീമതി ഇന്ദിരാഗാന്ധിയെ മുസ്ലീംലീഗ് പണ്ടും അനുകൂലിച്ചിട്ടുണ്ട്. അന്നും മുസ്ലീംലീഗിന്റെ നേതാക്കൻമാർക്ക്, ഇബ്രാഹിം സുലൈമാൻ സേട്ട് സാഹിബിനും ഇന്ദിരാഗാന്ധിയുടെ കക്ഷിക്കാർ വോട്ടുചെയ്യുകയും ആ വോട്ടോടുകൂടി അവർ പാർലമെൻറിൽ പോകുകയും ചെയ്തകാര്യം ശ്രീ. അബൂബക്കറിന്റെ ഓർമ്മശക്തി പുതുക്കാൻ വേണ്ടി ഞാൻ പറഞ്ഞുകൊള്ളുന്നു.

ഞങ്ങൾ ഒരു ന്യൂനപക്ഷത്തിന് നല്ലത് പ്രതിപക്ഷവുമായി സഹകരിക്കുകയാണെന്ന അവരുടെ വേദാന്തം എനിക്ക് സ്വീകരിക്കുവാൻ നിവർത്തിയില്ല. നിങ്ങൾക്ക് അവരോട് സഹകരിച്ചതുകൊണ്ടുള്ള ഗുണം നിങ്ങൾക്കറിയാം. അത് നിങ്ങൾക്ക് മറക്കാൻ കഴിയുകയില്ല. സമുദായത്തിന് പൊതുവേയുള്ള ഗുണത്തിന്റെ കാര്യമാണ് നോക്കേണ്ടത്. അതുകൊണ്ട് ഈ ആരോപണങ്ങളെയെല്ലാം ഞാൻ നിഷേധിക്കുകയും അതെല്ലാം വൈകിവന്ന വിവേകമായി ഞാൻ കണക്കാക്കുകയും ചെയ്യുന്നു. ഇത്രയും പറഞ്ഞുകൊണ്ട് സമയം വളരെ വൈകിയതുകൊണ്ട് ഞാൻ നിറുത്തുന്നു, സർ.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :—സർ, ഈ കഴിഞ്ഞ മൂന്നു ദിവസമായി 1982-'83-ലെ ബഡ്ജററിനെ സംബന്ധിച്ച് ഇവിടെ ചർച്ചകൾ നടക്കുകയായിരുന്നു. ആ ചർച്ചയിൽ പൊന്തിവന്ന പല നല്ല കാര്യങ്ങളേയും ഗവൺമെൻറ് വളരെ ബോധപൂർവ്വം ആദരിക്കുകയും ആ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് തീർച്ചയായും താൽപര്യം എടുക്കുകയും ചെയ്യുന്നതാണ്.

സർ, ഇവിടെ ചില പ്രതിപക്ഷ നേതാക്കൻമാർ പറഞ്ഞതുപോലെ, ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞതുപോലെ ഈ രാജ്യം അഭിമുഖീകരിക്കുന്ന എല്ലാ സാമ്പത്തിക പ്രശ്നങ്ങളും ഒററയടിക്ക് പരിഹരിച്ചുകളയാമെന്നുള്ള വ്യാമോഹത്തോടുകൂടിയല്ല ഈ ബഡ്ജററ് അവതരിപ്പിച്ചിട്ടുള്ളത്. എന്തായാലും അതിലേക്കുള്ള വിനീതമായ ഒരു കാൽവയ്പാണ്, ആത്മാർത്ഥമായ അതിലേക്കുള്ള ഒരു നീക്കമാണ് ഈ ബഡ്ജററിലൂടെ ഞാൻ വിഭാവന ചെയ്യുന്നത്.

ശ്രീ. ഇ. കെ. നായനാർ :—നിങ്ങളുടെ ബഡ്ജററിലെ രേഖകളിൽ നിന്ന് അതായത് Additional resources mobilisation during the first three years of the Plan എന്നു പറയുന്നുണ്ട്. ഒന്നായിട്ട് പറയുകയാണെങ്കിൽ പ്ലാൻ വരുമ്പോൾ ഒരു കൊല്ലത്തേയ്ക്കേയുള്ളു. ചാർട്ടിൽ വരുമ്പോൾ മൂന്നു കൊല്ലത്തേയ്ക്കും.

ശ്രീ. കെ. എം. മാണി :– ഞാൻ പ്ലാനിലേക്ക് വരാം. വല്ല പ്രിൻറിംഗ് മിസ്റേറക്കും ഉണ്ടെങ്കിൽ നമുക്ക് പരിശോധിക്കാം.

സർ, ബഹുമാനപ്പെട്ട ബേബി ജോൺ തന്റെ പ്രസംഗത്തിൽ ഇപ്പുറത്തിരിക്കുന്ന കക്ഷികളിൽപ്പെട്ട, ഞങ്ങളെല്ലാവരും ബഡ്ജററ് സംബന്ധിച്ച് ശണ്ഠയിലാണ് കൂട്ടത്തരവാദിത്വം ഇല്ലെന്ന് പറയുകയുണ്ടായി. ഞങ്ങളെ തമ്മിൽ ഒന്ന് അടിപ്പിക്കാൻ ശ്രമിച്ചതാണ്, ആ കലം അങ്ങ് വാങ്ങി വച്ചാൽ മതി എന്ന് ബഹുമാനപ്പെട്ട ബേബി ജോണിനോട് പറയുകയാണ്. ഞാൻ ഇവിടെ അവതരിപ്പിച്ചത് ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിന്റെ ബഡ്ജററാണ്; ഗവൺമെൻറിനുവേണ്ടി അവതരിപ്പിച്ച ബഡ്ജററാണ്. ഞങ്ങൾക്ക് അതിൽ കൂട്ടുത്തരവാദിത്വം ഉണ്ട്. സർ, ഇത് നാലാമത്തെ ബഡ്ജററ് അവതരിപ്പിക്കുകയാണ്. സർ, ഈ ബഡ്ജററ് എങ്ങനെ അവതരിപ്പിക്കണമെന്ന് ഏതായാലും ബഹുമാനപ്പെട്ട ബേബിജോണിന്റെ ഉപദേശം വലുതായിട്ട് കേൾക്കേണ്ട ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട അബൂബേക്കർ ഞങ്ങൾ ഇപ്പുറത്തുള്ളവരെല്ലാം പാമ്പുകളാണ്, അങ്ങോട്ടും ഇങ്ങോട്ടും കൊത്തുന്ന പാമ്പുകളാണെന്ന് വിശേഷിപ്പിക്കുകയുണ്ടായി. ഏതായാലും ഈ രണ്ടു പാമ്പുകളോടൊപ്പം 21 മാസക്കാലം കഴിഞ്ഞവരാണ് അപ്പുറത്തിരിക്കുന്നവർ. സർ, അങ്ങനെയാണെങ്കിൽ ആ പാമ്പിൻകൂട്ടിലെ ഏത് ഇഴജന്തു എന്നാണ് ബഹുമാനപ്പെട്ട അബൂബേക്കറുടെ പാർട്ടിയെ വിശേഷിപ്പിക്കേണ്ടതെന്ന് എനിക്ക് അറിഞ്ഞുകൂട. നായനാർ പറയുമ്പോൾ ആടുകയും നായനാർ പറയുമ്പോൾ കിടക്കുകയും ചെയ്യുന്ന ചില പാമ്പുകളുണ്ട്. സർ, അങ്ങനെയുള്ള ഒരു പാമ്പിന്റെ വിശേഷണമാണ് ഞാൻ ഈ കാര്യം ഓർത്തുപോകുമ്പോൾ ഓർക്കുന്നത്. ഞാൻ അതിലേക്ക് കടക്കുന്നില്ല.

1980-81-ലും 1981-82-ലും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറിനുവേണ്ടി ഞാൻ ഇവിടെ നിന്നുകൊണ്ട് അവതരിപ്പിച്ച ബഡ്ജററിനെ ബഹുമാനപ്പെട്ട നായനാരും ബഹുമാനപ്പെട്ട കുഞ്ഞിക്കണ്ണനും വളരെയധികം അതിനെ സംബന്ധിച്ചിടത്തോളം, അതിന്റെ നൻമകളെപ്പററി ഇപ്പോഴും ഇവിടെ പ്രതിപാദിക്കുന്നതു കേട്ടു. സർ, ഞാൻ ഇപ്പുറത്തേയ്ക്ക് മാറിയതിനുശേഷം ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിനുവേണ്ടി ഈ ബഡ്ജററ് അവതരിപ്പിക്കുമ്പോൾ അതിൽ വിരസത അപ്പുറത്തിരിക്കുന്നവർക്ക് തോന്നുന്നുണ്ടെങ്കിൽ അത് രാഷ്ട്രീയ മാററത്തിന്റെ ഫലമാണ് എന്ന് ഞാൻ കരുതുകയാണ്. ഏതായാലും ഈ നിഷേധാത്മക നയമാണ് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം അപകടകരമായിട്ടുള്ളത്. ഈ ബഡ്ജററിലെ നല്ല കാര്യങ്ങൾ നല്ല കാര്യങ്ങളെന്ന് സമ്മതിക്കാൻ........

<u>ശ്രീ. ആർ. എസ്. ഉണ്ണി</u>: സർ, പോയിൻറ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇതിനു മുമ്പ് അവതരിപ്പിച്ച ഒരു ബഡ്ജററിനെപ്പററി അന്നത്തെ സഭയിലെ മുഖ്യമന്ത്രിയും, അന്നത്തെ ഭരണകക്ഷിയുടെ നേതാവുമായ ശ്രീ. പി. വി. കുഞ്ഞിക്കണ്ണനും പ്രകീർത്തിക്കുകയായിരുന്നു. ഇന്ന് ഈ ബഡ്ജററ് അവതരിപ്പിക്കുന്ന സമയത്ത് വ്യക്തിപരമായി ഞാൻ അവതരിപ്പിക്കുന്ന ബഡ്ജററ് എന്ന് പരാമർശിച്ചു. സർ, ഒരു ഗവൺമെൻറിനുവേണ്ടി ഒരു ധനകാര്യമന്ത്രി അവതരിപ്പിക്കുന്ന ബഡ്ജററ് അദ്ദേഹത്തിന്റെ സ്വന്തമാണ്, തന്റതാണ്, എന്ന നിലയിൽ വ്യാഖ്യാനിക്കുന്നതും സഭയിൽ പ്രഖ്യാപിക്കുന്നതും ഓർഡറിലാണോ ?

<u>മിസ്ററർ സ്പീക്കർ</u>: ഏത് ധനകാര്യമന്ത്രിയും അവതരിപ്പിക്കുന്ന ബഡ്ജററ് ആ ഗവൺമെൻറിന്റെ ബഡ്ജററാണ്.

<u>ശ്രീ. ആർ. എസ്. ഉണ്ണി</u>: ഇന്ന് ഞാൻ ഒരു ബഡ്ജററ് അവതരിപ്പിക്കുന്നു. എന്റെ ബഡ്ജററ് എന്ന് ആവർത്തിച്ച് പറയുന്നത് ഓർഡറിലാണോ?

<u>ശ്രീ. കെ. എം. മാണി</u>: ബഹുമാനപ്പെട്ട പ്രതിപക്ഷം വിചാരിച്ചിരിക്കുന്നത് ധനകാര്യമന്ത്രിയേയും മററു മന്ത്രിമാരേയും കൂട്ടി അടിപ്പിക്കാമെന്നാണ്. ബഹുമാനപ്പെട്ട ഉണ്ണി, അങ്ങയുടെ നേതാവിനോട്, അത് അങ്ങ് വാങ്ങിവച്ചാൽ മതി എന്ന് ആദ്യമേതന്നെ ഞാൻ പറഞ്ഞതാണ്. കേരളത്തിലെ സാമാന്യജനങ്ങൾ ഈ ബഡ്ജററിനെ അംഗീകരിച്ചിട്ടുണ്ട്. ഈ രാജ്യത്തെ ദിനപത്രങ്ങൾ ഈ ബഡ്ജററിലെ പരിപാടികളെ അങ്ങേയററം അനുമോദിച്ചിട്ടുണ്ട്; മാത്രമല്ല കാർഷിക വ്യാവസായിക തൊഴിൽ സംഘടനകൾ ഈ ബഡ്ജററിനെ വളരെയധികം അനുമോദിച്ചിട്ടുണ്ട്. സർ, ഗവൺമെൻറിന്റെ ശ്രദ്ധ പതിക്കേണ്ട പല വിഷയങ്ങളും പ്രാദേശികമായ പല പ്രശ്നങ്ങളും ബഹുമാനപ്പെട്ട മെമ്പറൻമാർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ഗവൺമെൻറ് പ്രത്യേകം പരിശോധിക്കുന്നതും ആവശ്യമായ, ന്യായമായ കാര്യങ്ങളുടെമേൽ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൊള്ളുന്നതാണെന്നും ബഹുമാനപ്പെട്ട മെമ്പറൻമാർക്ക് ഉറപ്പ് നൽകാൻ ഞാനാഗ്രഹിക്കുകയാണ്. സർ, ഇടവേളയിൽ അവതരിപ്പിച്ച ഒരു ബഡ്ജററായതുകൊണ്ട്, ഇതിനകത്ത് ബൃഹത്തായ പരിപാടികൾ കാണുകയില്ലെന്ന് ഒരുപക്ഷേ പ്രതിപക്ഷം പ്രതീക്ഷിച്ചുകാണും. അവരുടെ കണക്കുകൂട്ടലുകൾ തെററി എന്ന് എനിക്കറിയാം. ആ കണക്കുകൂട്ടലുകൾ തെററിയതുകൊണ്ട് ഇതിൻെറ പ്രതിച്ഛായക്ക് മങ്ങലേല്പിക്കാനുള്ള ശ്രമമാണുണ്ടായത്. പാവപ്പെട്ടവരുടെ ബഡ്ജററല്ല, തൊഴിലാളികൾക്ക് തൊഴിൽപരിപാടികളില്ല, പരമ്പരാഗത വ്യവസായ തൊഴിലാളികളെ അവഗണിച്ചിരിക്കുന്നു, മത്സ്യത്തൊഴിലാളികളെ അവഗണിച്ചിരിക്കുന്നു എന്നൊക്കെ പറഞ്ഞത്. എൻെറ വിനീതമായ അഭിപ്രായത്തിൽ ഈ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. ഞാൻ ബഹുമാനപ്പെട്ട നായനാരോടും ബേബി ജോണിനോടും ചോദിക്കുകയാണ്, സർ, ഇടതുപക്ഷ ജനാധിപത്യമുന്നണിക്കുവേണ്ടി ബഹുമാനപ്പെട്ട നായനാർ നേതൃത്വം നൽകിയ, ഇടതുപക്ഷ ജനാധിപത്യമുന്നണിക്കുവേണ്ടി ഞാൻ അവതരിപ്പിച്ച ബഡ്ജററിൽ കയർ, കശുവണ്ടി, കൈത്തറി ഈ വ്യവസായങ്ങൾക്ക് മൂന്നു കോടി രൂപ മാററിവച്ചിട്ട് ആ പാവപ്പെട്ട പട്ടിണി കിടക്കുന്ന കശുവണ്ടിത്തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി കൊണ്ടുവരാൻ ഒരു ചെറുവിരൽ അനക്കാൻ കഴിയാതെപോയി നായനാർക്കും ബേബിജോണിനും.

(ബഹളം)

<u>ശ്രീ. ആർ. എസ്. ഉണ്ണി:</u> പോയിൻറ് ഓഫ് ഓർഡർ. കശുവണ്ടി തൊഴിലാളി ക്ഷേമനിധി ഒക്ടോബർ ഒന്നാം തീയതി നോട്ടിഫൈ ചെയ്ത് വിവിധ ഡിപ്പാർട്ടുമെൻറുകളും മാണിയുടെ ഡിപ്പാർട്ടുമെൻറും നിയമവകുപ്പും തൊഴിൽവകുപ്പും അത് പ്രസിദ്ധീകരിച്ച് ഒക്ടോബർ ഒന്നാം തീ തി നോട്ടിഫൈ ചെയ്യുകയും രണ്ടാം തീയതി മുതൽ പ്രാബല്യത്തിൽ വരുകയും ചെയ്ത ആ പദ്ധതി നടപ്പാക്കുന്നതിന് ഉത്തരവാദിത്വം വഹിച്ചിരുന്ന ഒരു ഗവൺമെൻറിൽ പങ്കാളി ആയിരുന്ന ഒരാൾ ഇന്ന് ചെറുവിരൽ അനക്കിയില്ലെന്ന് പറയുന്നത് ഓർഡറിലാണോ?

<u>മിസ്ററർ സ്പീക്കർ :</u> അതിൽ ഓർഡർ ഒന്നുമില്ല.

<u>ശ്രീ. കെ. പങ്കജാക്ഷൻ :</u> പോയിൻറ് ഓഫ് ഓർഡർ. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെൻറിൽ ധനകാര്യമന്ത്രിയായിരുന്ന ഞാൻ അവതരിപ്പിച്ച ബഡ്ജററിൽ കശുവണ്ടി തൊഴിലാളികൾക്കും മററും ക്ഷേമനിധി ഇനത്തിൽ മൂന്നു കോടി രൂപ ഉൾക്കൊള്ളിച്ചതിനെ ഇവിടെ പരാമർശിച്ചത് സത്യവിരുദ്ധമല്ലേ? അദ്ദേഹം ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ധനകാര്യമന്ത്രി എന്ന നിലയിൽ കശുവണ്ടി തൊഴിലാളികൾക്ക് ക്ഷേമനിധി ഉൾപ്പെടെ മൂന്നു കോടി രൂപ നീക്കിവയ്ക്കുന്ന ഒരു പരാമർശം അതിൽ ഇല്ലായിരുന്നു. എന്നിട്ട് ഈ നിയമസഭയിൽ ചർച്ചകൾ വന്ന് ആവശ്യത്തിലധികം ചർച്ച കഴിഞ്ഞതിനുശേഷം മാത്രമാണ്, അവസാനഘട്ടത്തിലാണ് അതിന് തുക ഉൾപ്പെടുത്തുമെന്ന് സമ്മതിച്ചത്. വസ്തുത ഇതായിരിക്കേ ഞാൻ അവതരിപ്പിച്ച ബഡ്ജററിൽ ഈ നിർദ്ദേശം ഉണ്ടായിരുന്നു എന്ന് പരാമർശിച്ചത് ശരിയാണോ?

<u>മിസ്ററർ സ്പീക്കർ:</u> ഒരു ഗവൺമെൻറ് എന്ന് പറയുമ്പോൾ ആ ഗവൺമെൻറിലെ മന്ത്രിമാർക്കെല്ലാം കൂട്ടുത്തരവാദിത്വമുണ്ട്. അതിനെ സംബന്ധിച്ചുള്ള അഭിപ്രായം രണ്ടു ഭാഗത്തുനിന്നും ഉണ്ടാകുന്നത് നിർഭാഗ്യകരമാണ്. ഈ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. കഴിഞ്ഞ ഗവൺമെൻറിലെ ഓരോ മന്ത്രിമാരുടെ പേരിലും ആരോപണമുണ്ട്. അത് അങ്ങോട്ടുമിങ്ങോട്ടും പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശരിയല്ല. പാർലമെൻററി സമ്പ്രദായത്തിന് അത് നല്ല കീഴ്വഴക്കവുമല്ല. ഒരു ഗവൺമെൻറ് എന്നു പറഞ്ഞാൽ അതിലെ മന്ത്രിമാരെല്ലാം അടങ്ങുന്ന ഒരു ഗവൺമെൻറാണ് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ, ആ നിലയിൽ അംഗങ്ങളെല്ലാം സംസാരിക്കണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഇ. കെ. നായനാർ: ഇവിടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അന്ന് നടന്നത് കളവ് പറയാതിരുന്നാൽ മതി. സത്യവിരുദ്ധമായിട്ടുള്ള കാര്യങ്ങൾ കയർ, കശുവണ്ടി, കൈത്തറി ഇതു മൂന്നും അംഗീകരിച്ചു നടപടി എടുക്കുന്നതിനുവേണ്ടി പ്രൊസീഡ് ചെയ്തതാണ്; പബ്ലിഷ് ചെയ്തതാണ്. എന്നിട്ട് അത്തരം യാതൊരു നടപടിയും എടുത്തിട്ടില്ലെന്ന് ബഹുമാനപ്പെട്ട മാണി പറയുന്നത് ഓർഡറിലാണോ?

ശ്രീ. കെ. എം. മാണി: ഞാൻ പറയുന്നത് പരമ്പരാഗത വ്യവസായവകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ശ്രീമാൻ ഇ. കെ. നായനാർ അന്നത്തെ മന്ത്രിസഭയ്ക്ക് നേതൃത്വം കൊടുത്ത ഇ. കെ. നായനാരുടെ മന്ത്രിസഭ അതിവേഗം കാര്യങ്ങൾ നീക്കിയിരുന്നുവെങ്കിൽ ആറു മാസത്തിനകം, രാജി വയ്ക്കുന്നതിനു മുമ്പ് ആ പൈസ ചെലവഴിക്കാമായിരുന്നു എന്നാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: പോയിന്റ് ഓഫ് ഓർഡർ. ഒരു മന്ത്രിസഭ ലീഗലായി വിവിധ ഡിപ്പാർട്ടുമെൻറുകൾ പരിശോധിച്ച് നടപടികളൊക്കെ സ്വീകരിച്ച് നോട്ടിഫൈ ചെയ്ത നോട്ടിഫിക്കേഷൻ, അത് നടപ്പാക്കാതിരുന്നതിന്റെ പേരിൽ ആ മന്ത്രിസഭയെ കുററപ്പെടുത്തുന്നത് ഓർഡറിലാണോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി):

Sir, According to Rule 303 of the Rules of Procedure

(1) A point of order shall relate to the interpretation or enforcemen of these rules or such Articles of the Constitution as regulate the business of the Assembly, and shall raise a question which is within the cognizance of the Speaker.

(2) A point of order may be raised in relation to the business before the Assembly at the moment:

പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുമ്പോൾ ഈ റൂളിൽ പറഞ്ഞിരിക്കുന്ന ഏത് വകുപ്പാണ് ലംഘിക്കപ്പെട്ടിരിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നുവെന്ന്. അതല്ലാതെ എന്തെങ്കിലും ഒരു വിഷയം വരുമ്പോൾ ഏതെങ്കിലും ലംഘിക്കപ്പെട്ടതായി ചൂണ്ടിക്കാണിക്കാതെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് ശരിയാണോ? അതിന് റൂളിംഗ് വേണം.

മിസ്റ്റർ സ്പീക്കർ: ഹോം മിനിസ്റ്റർ പറഞ്ഞത് ശരിയാണ്. പക്ഷേ അങ്ങനെ അല്ലായിരുന്നു, ഇവിടത്തെ കീഴ്വഴക്കം. കുറേശ്ശെ നമ്മൾ റൂളിലേക്ക് വരാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. എം. മാണി: സർ, എനിക്ക് വിനയപൂർവ്വം ഒരു കാര്യം പറയാനുള്ളത് ഒരു ബഡ്ജററിനെ വിലയിരുത്തുന്നത് ആ ബഡ്ജററിലെ അവസാന ഭാഗത്ത് പ്രഖ്യാപിക്കപ്പെടുന്ന പുതിയ പരിപാടികളെമാത്രം വച്ചുകൊണ്ടല്ല. നമ്മൾ ഈ ബഡ്ജററ് പ്രസംഗത്തിന് ആധാരമായ സാമ്പത്തിക രേഖകൾക്കകത്ത് അടക്കം ചെയ്തിരിക്കുന്ന പരിപാടികളിലേക്കുകൂടി കടന്നുകൊണ്ടു വേണം ആ ബഡ്ജററിനെ വിലയിരുത്തുവാൻ. അങ്ങനെ ചെയ്തിരുന്നെങ്കിൽ പ്രതിപക്ഷത്തുനിന്ന് ഇവിടെ ഉയർന്നുവന്ന പല ആരോപണങ്ങളും ഉണ്ടാകുമായിരുന്നില്ല എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഞാൻ വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട മാണി പഴയ രേഖ നോക്കിയിട്ടില്ലാ എന്നു പറഞ്ഞു. പഴയ രേഖപ്രകാരം ന്ങ്ങൾ വെള്ളത്തിനു കുറച്ചു, കൃഷിക്കു കുറച്ചു. നൂററിഎൺപത്തിയെട്ടു ലക്ഷം രൂപ നൂററിഅറുപത്തിമൂന്നു ലക്ഷം രൂപയാക്കി കുറച്ചു. ആയിരത്തി എഴുന്നൂററി ഇരുപത്തിഒൻപതു ലക്ഷം രൂപ ആയിരത്തി അറുനൂററി മുപ്പതു ലക്ഷം രൂപയാക്കി.

മിസ്ററർ സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇങ്ങനെ ചോദിക്കരുത്. ചോദ്യം ചോദ്യമായി ചോദിക്കണം.

ശ്രീ. കെ. എം. മാണി: സർ, ഇനി ഒരു കാര്യം ചെയ്യണം ഈ മൂന്നു ദിവസം നടന്ന ചർച്ചയ്ക്കു മറുപടി പറയേണ്ട ബാദ്ധ്യത എനിക്കുണ്ട്...... (ബഹളം) ഈ വർഷത്തെ ബഡ്ജററിൽ കയർ പ്രോഗ്രാമിനുവേണ്ടി രണ്ടു കോടി മുപ്പത്തേഴു ലക്ഷം രൂപ വച്ചിട്ടുണ്ട്. ഹാൻഡ്ലൂമിനുവേണ്ടി രണ്ടു കോടി അൻപത്തിനാലു ലക്ഷം രൂപ വച്ചിട്ടുണ്ട്. കാഷ്യുവിനുവേണ്ടി ഒരു കോടി ഇരുപത്തിരണ്ടു ലക്ഷം രൂപ വച്ചിട്ടുണ്ട്. സർ, ബഡ്ജററ് പ്രസംഗത്തിൽ കാണുകയില്ല. ഈ ബഡ്ജററിനാധാരമായ സാമ്പത്തിക രേഖകൾക്കകത്ത് അത് പ്രൊവൈഡ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട വ്യവസായ മന്ത്രി ഇവിടെ ചിത്രീകരിക്കുകയുണ്ടായി ഇന്ന് കശുവണ്ടിത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. അവരെ സംരക്ഷിക്കാൻ വേണ്ടി മാർക്കററിംഗ് ഫെഡറേഷൻ വാങ്ങിവച്ചിരിക്കുന്ന മുഴുവൻ കശുവണ്ടിയും പ്രൊസസ്സ് ചെയ്യുന്നതിനുവേണ്ടി സ്റേററ് ബാങ്കിൽ നിന്ന് കടമെടുക്കുന്നതിന് ഗവൺമെൻറ് ഗ്യാരൻറി നൽകുകയാണ്. മാർജിൻ മണി പത്തുകോടി രൂപ കൊടുക്കേണ്ടതായി വരും. ഈ മുഴുവൻ ഉത്തരവാദിത്വവും ഏറെറടുക്കാൻ കശുവണ്ടി വ്യവസായ ശാലകളിൽ ജോലിയില്ലാതെ പട്ടിണി കിടക്കുന്ന കശുവണ്ടിത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി വലിയ റിസ്ക്ക് എടുത്തിരിക്കുന്നു ഈ ഐക്യ ജനാധിപത്യമുന്നണി ഗവൺമെൻറ്.

സർ, ഇത് തൊഴിലാളികൾക്ക് വിരുദ്ധമാണെന്നു പറയുകയാണെങ്കിൽ അതിനെ സംബന്ധിച്ചിടത്തോളം വളരെ സങ്കടകരമായിട്ടുള്ള കാര്യമാണ്. ബഹുമാനപ്പെട്ട ശ്രീനിവാസൻ ഇന്നലെ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു, കയറിനുവേണ്ടി ആറാം പഞ്ചവൽസര പദ്ധതിയിൽ 4 കോടി രൂപ മാററിവച്ചു, കോൺട്രിബ്യൂഷൻ പോലും ഇല്ല എന്ന്. ആറാം പഞ്ചവൽസര പദ്ധതിയിൽ കയർ വികസനത്തിന് വേണ്ടി എട്ടുകോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 1980-81-ൽ 2.26 കോടി രൂപ ആയിരുന്നു അതിനുവേണ്ടി വകയിരുത്തിയത്. 1981-82-ൽ 2.32 കോടി ആയിരുന്നു വകയിരുത്തിയത്. സർ, 1982-83-ൽ കയറിനുവേണ്ടി 2.36 കോടി രൂപ വകയിരുത്തിക്കഴിഞ്ഞു എന്നുള്ള വസ്തുത ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ആറാം പദ്ധതി അവസാനിക്കുമ്പോൾ ഈ റേററിൽ നാം ചെലവു ചെയ്യുകയാണെങ്കിൽ എട്ടുകോടിയിൽ അധികരിച്ച സംഖ്യ കയർ ഡെവലപ്പ്മെൻറിനുവേണ്ടി ചെലവാകും എന്നുള്ളത് ഒരു വസ്തുതയാണ്. ഹാൻഡ്ലൂമിനെപ്പററി പറഞ്ഞു. ഈ ബഡ്ജററ് പ്രസംഗത്തിൽ അല്ല ഹാൻഡ്ലൂമിൻെറ മുഴുവൻ കിടക്കുന്നത്. സർ, ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം 1981-82-ൽ പ്ലാനിലെ 305-ാം പ്രൊവിഷനിൽ രണ്ടു കോടി മുപ്പത്താറു ലക്ഷം ആയിരുന്നു. സർ, രണ്ടുകോടി മുപ്പത്തിയൊന്നു ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജററിൽ പ്രൊവൈഡ് ചെയ്തിട്ടുണ്ട്. സർ, ബീഡിക്കുവേണ്ടി 1981-82-ൽ അഞ്ചു ലക്ഷം, ആയിരുന്നു. ഈ വർഷത്തെ ബഡ്ജററിൽ അഞ്ചു ലക്ഷം രൂപ മാററി വച്ചിട്ടുണ്ട്. സർ, ഫിഷറീസിനു വേണ്ടി 1981-82-ൽ 6.67 കോടി രൂപയായിരുന്നു. 1982-83-ൽ ഫിഷറീസിനു വേണ്ടി 6.85 കോടി രൂപ മാററി വച്ചിട്ടുണ്ട്. ഹൗസിംഗ് സ്കീമിനുവേണ്ടി മുപ്പത്തിയെട്ടു ലക്ഷം, വെൽഫയർ ഫണ്ടിനുവേണ്ടി പത്തുലക്ഷം വെൽഫയർ

സൊസൈററിക്കുവേണ്ടി 30 ലക്ഷം ഇൻഷ്വറൻസിനുവേണ്ടി 5 ലക്ഷം ഇങ്ങനെ മാററി വച്ചിട്ടുണ്ട്. മൽസ്യത്തൊഴിലാളികളുടെ ഇൻ ഷ്വ റൻ സി നെ സം ബ ന്ധി ച്ചിട ത്തോ ള ം അ ത് ത ക ർ ത്ത ു ക ള ഞ്ഞ ി രി ക്കു ന്നു എന്നുള്ള ആരോപണവും വളരെ അടിസ്ഥനരഹിതമായിട്ടുള്ള ഒരു കാര്യമാണ്. അദംം വീക്കർ സെക്ഷനെപ്പററി ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ, സർ, ഹരിജനങ്ങൾക്കുവേണ്ടി 1980-81-ൽ നാൽപ്പത്തിനാലു കോടി രൂപ ആയിരുന്നു. സർ, 1982-83-ൽ നാൽപ്പത്തിഒൻപതു കോടിയാണ് ഹരിജനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നത്. സർ, ബഹുമാനപ്പെട്ട ദേവൂട്ടി എം. എൽ. എ. പറഞ്ഞു, ഷെഡ്യൂൾഡ് കാസ്ററ് ഷെഡ്യൂൾഡ് ട്രൈബ്സ് കോർപ്പറേഷനുവേണ്ടി യാതൊരു പ്രൊവിഷനും വച്ചിട്ടില്ലെന്ന്. സർ, എൺപത്തഞ്ചു ലക്ഷം രൂപ ഷെഡ്യൂൾഡ് കാസ്ററ് ഷെഡ്യൂൾഡ് ട്രൈബ്സ് കോർപ്പറേഷനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. സർ, അദർ വീക്കർ സെക്ഷനുവേണ്ടി എത്ര കോടി രൂപ ഈ ഗവൺമെൻറ് ചെലവാക്കുന്നു. ഈ ഗവൺമെൻറ് സമ്പന്നൻമാർക്ക് വേണ്ടിയാണോ ചെലവാക്കുന്നത്.

ഈ ഗവൺമെൻറ് പാവപ്പെട്ടവർക്കുവേണ്ടി ഈ ബഡ്ജററിൽ എന്തെങ്കിലും പ്രൊവിഷൻ വച്ചിട്ടുണ്ടോ എന്നുള്ള ആചോദ്യത്തിന് ഉത്തരം പറയേണ്ട ബാദ്ധ്യത എനിക്കുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ നിറുത്തിയിട്ടില്ല. കർഷകത്തൊഴിലാളി പെൻഷനുവേണ്ടി പത്തുകോടി രൂപ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്. തൊഴിലില്ലായ്മാ വേതനത്തിനുവേണ്ടി 12.6 കോടി രൂപ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്. വിധവ പെൻഷനുവേണ്ടി 12.28 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സർ, വീക്കർ സെക്ഷനിൽ ഹൗസിംഗ് പ്രോഗ്രാമിനുവേണ്ടി 8 കോടി രൂപയുണ്ട്. ന്യൂട്രീഷൻ പ്രോഗ്രാമിനുവേണ്ടി 6.8 കോടി രൂപയുണ്ട്.

സർ, ഇങ്ങനെ പരിശോധിക്കുകയാണെങ്കിൽ ആകെ 85 കോടി രൂപ വീക്കർ സെക്ഷനുവേണ്ടി പ്രത്യേകമായി 1982-83-ലെ ബഡ്ജററിൽ വകയിരുത്തയിട്ടുണ്ട്.എല്ലാം കൂടി കൂട്ടുമ്പോൾ വീക്കർ സെക്ഷന് 135 കോടിരൂപയുടെ പരിപാടികൾ നമ്മുടെ ബഡ്ജററിനകത്തുണ്ട്. അത് ഡവലപ്പ്മെൻറൽ എക്സ്പെൻറിച്ചറിന്റെ 22 ശതമാനമാണ്. എന്നു പറഞ്ഞാൽ ഇറിഗേഷൻ അതുപോലെ തന്നെ റോഡുകൾ, അതുപോലെതന്നെ സ്ക്കൂളുകൾ, ആശുപത്രികൾ ഇവയ്ക്കുവേണ്ടി ചെലവഴിക്കുന്ന തുകയ്ക്കു പുറമെയാണ്. അതിനുവേണ്ടി ചെലവഴിക്കുന്ന തുകയ്ക്കു പുറമേ ഡ വ ല പ്പ ് മെ ൻ റ ൽ എക്സ്പെൻറിച്ചറിന്റെ 22 ശതമാനം, അതായത് കഴിഞ്ഞ വർഷത്തെക്കാൾ കൂടുതലായ തുക 1982-83-ലെ ബഡ്ജററിൽ പ്രൊവൈഡ് ചെയ്തിട്ടുണ്ടെങ്കിൽ, ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് വീക്കർ സെക്ഷനോടു കൂടി ഇന്നും നിൽക്കുന്നു എന്നുള്ളതിന് തെളിവാണ്. അതുകൊണ്ട് ഈ ബഡ്ജററ് പാവപ്പെട്ടവന്റെ ബഡ്ജററല്ലെന്ന് പറയാൻ പാടില്ല. അതുപോലെ ഡവലപ്പ്മെൻറൽ എക്സ്പെൻറിച്ചറിനെ സംബന്ധിച്ച് പറയുമ്പോൾ 1981-82-ൽ72 ശതമ നമായ രുന്നു. 1982-83-ൽ അത് 76 ശതമാനമായി നമ്മുടെ ടോട്ടലായിട്ടുള്ള എക്സ്പെൻറിച്ചർ 959 കോടി രൂപയാണ്. അതിൽ ഡവലപ്പ്മെൻറൽ പരിപാടികൾക്കു വേണ്ടി 736 കോടി രൂപ നമ്മൾ ചെലവഴിക്കുകയാണ് 76 ശതമാനമാണ്. ഒരു രീതിയിൽ പറഞ്ഞാൽ കഴിഞ്ഞകാലത്തെക്കാൾ മൂന്നു ശതമാനം കണ്ട് ഡവലപ്പ്മെൻറൽ എക്സ്പെൻറിച്ചർ വർദ്ധിച്ചിട്ടുണ്ട്. അതിനാവശ്യമായ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ പ്രവർത്തനങ്ങൾക്കും മുൻകൊല്ലത്തെക്കാൾ തുക കുറവാണെന്ന് ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കെ. വി. സുരേന്ദ്രനാഥ് എം. എൽ. എ. പറയുകയുണ്ടായി. അത് എന്നെ വളരെയധികം വേദനിപ്പിച്ചു. എല്ലാ കാര്യങ്ങൾക്കും പഴയതിനേക്കാൾ കുറവാണെന്നു പറഞ്ഞു. ഞാൻ ഒരു കാര്യം പറയട്ടെ. മെഡിക്കലിന് കഴിഞ്ഞ വർഷം 48 കോടിരൂപയായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. ആ 48 കോടി രൂപയുടെ സ്ഥാനത്ത് 1981-82-ൽ 53 കോടി രൂപ ആയിരുന്നെങ്കിൽ ഈ വർഷം 63 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പബ്ലിക് ഹെൽത്തിന് 5.56 കോടി രൂപ 1980-81-ൽ. അത് 1981-82-ലെ ബി (ഇ) ഇനത്തിൽ 7.66 കോടി രൂപയാണ്. അതിന്റെ സ്ഥാനത്ത് 8.15 കോടി രൂപ 1982-83-ൽ വകയിരുത്തിയിരിക്കുന്നു. അഗ്രിക്കൾച്ചറിന് 46.27 ആയിരുന്നു 1980-81-ലെ ബഡ്ജററിൽ. അത് 1981-82-ലെ ബഡ്ജററിൽ 51.62 ആണ്. ഈ വർഷത്തെ ബഡ്ജററിൽ 56.01 ആണ്. അതുപോലെതന്നെ വ്യവസായത്തിനും എല്ലാ കാര്യങ്ങളെ സംബന്ധിച്ചിടത്തോളവും ഇവിടെ തുക കുറവാണ് പ്രൊവൈഡ് ചെയ്തിരിക്കുന്നത് എന്നുള്ള ആക്ഷേപം ഇവിടെ ഉന്നയിച്ചു കേട്ടു. ഒരു കാര്യം ഞാൻ വ്യക്തമാക്കട്ടെ. വികസനപരമായ പരിപാടികളുടെയും, സാമൂഹ്യ സേവന പരിപാടികളുടെയുമൊക്കെ കാര്യത്തിൽ പൊതുവേ പറഞ്ഞാൽ കഴിഞ്ഞ വർഷത്തെ ബഡ്ജററിനേക്കാൾ കൂടുതൽ തുകയാണ് 1982-83-ലെ ബഡ്ജററിലെ സാമ്പത്തിക രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം വിശേഷിപ്പിക്കുമ്പോൾ മൂന്നു സവിശേഷതകൾ ഈ ബഡ്ജററിലുണ്ട്. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി, വ്യാവസായികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾ കഴിഞ്ഞകാല ബഡ്ജററുകളിൽ ഉണ്ടായിരുന്ന കാര്യങ്ങൾ വീണ്ടും ആവർത്തിക്കേണ്ട കാര്യമില്ല. ഓൺ ഗോയിംഗ് സ്കീമുകളെപ്പററി വീണ്ടും പറയേണ്ട കാര്യമില്ല. ഇതുവരെയും ആരംഭിക്കാത്തത്, ഇതുവരെയും പ്രവർത്തനം ആരംഭിക്കാത്തത്, വിഭാവനം ചെയ്യാത്തത്, അങ്ങനെയുള്ള പുതിയ പരിപാടികളെ സംബന്ധിച്ചിടത്തോളം ആ പരിപാടികൾ, ഈ ഗവൺമെൻറിന്റെ ബഡ്ജററിനകത്ത്, 1982-83-ലെ ബഡ്ജററിനകത്ത് കൊണ്ടുവന്നിരിക്കുന്നത് ഈ ഉദ്ദേശത്തോടുകൂടി മാത്രമാണ്. അഗ്രികൾച്ചറിനെപ്പററി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് പറഞ്ഞതിനെ ഞാൻ അനുകൂലിക്കുകയാണ്. ഞാൻ പൂർണ്ണമായി ബഹുമാനത്തോടുകൂടി അംഗീകരിക്കുകയാണ്. നമ്മുടെ കാർഷികോൽപ്പാദനം കുറഞ്ഞു വരികയാണ്. 1970-71-ൽ നമ്മുടെ ഈ സംസ്ഥാനത്ത് കാർഷിക വരുമാനം 598 കോടി രൂപയായിരുന്നു. 1979-80-ൽ അത് 592 കോടി രൂപയായി കുറഞ്ഞിരുന്നു. 1970-കൾ നമ്മുടെ കാർഷിക രംഗത്ത് ഒരു തകർച്ചയുടെ കാലഘട്ടമായിരുന്നു. ആ കാലഘട്ടത്തിലെ ശതമാന കണക്ക് എടുത്താലും 1970-71-ൽ ഈ സംസ്ഥാന വരുമാനത്തിൽ 55 ശതമാനം കാർഷിക മേഖലയിൽ നിന്നാണ് നമുക്ക് കിട്ടിക്കൊണ്ടിരുന്നത്. എന്നാൽ 1979-80 ആയപ്പോൾ ആ ശതമാനം 42 ആയിട്ട് കുറയുന്നു. ഇതിന്റെയർത്ഥം, കാർഷിക മേഖലയിൽ നമുക്ക് തളർച്ച ഉണ്ടായിട്ടുണ്ടെന്നാണ്. അടുത്ത കുറെ കാലഘട്ടമായി നമ്മുടെ കാർഷികമേഖല തളർന്നിരിക്കുകയാണെന്ന് കാണുന്നു. അതിനുള്ള ഉത്തരവാദി ആരാണ്? ബഹുമാനപ്പെട്ട ഗൗരിയമ്മ, ഇത് മുടിഞ്ഞ തറവാടാണ്, ആ തറവാടിന് നേതൃത്വം കൊടുക്കുന്നവരെപ്പററി പറഞ്ഞു. ഈ തറവാട് എങ്ങനെ മുടിഞ്ഞു ഈ തറവാട് മുടിഞ്ഞതിന്റെ ചുമതല ആരുടെയെങ്കിലും തലയിൽ വയ്ക്കുന്നില്ല. 1970 മുതൽ, ശ്രീ. അച്യുതമേനോൻ ഗവൺമെൻറിന്റെ കാലഘട്ടത്തിലും, ശ്രീ. എം. എൻ. ഗോവിന്ദൻനായരുടെ ഭരണത്തിൻകീഴിലും, ശ്രീമതി ഗൗരിയമ്മയുടെ ഭരണത്തിൻകീഴിലും എല്ലാം ഈ കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം ഇത്രയും കാലമായിട്ട് ഈ പ്രശ്നങ്ങൾ നമുക്ക് പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ആ പ്രശ്നം പരിഹരിക്കണം. ശ്രീമതി ഗൗരിയമ്മയും കൂടി ഒരുമിച്ച് സഹകരിക്കണം. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം വളരെയധികം വിവരമുള്ള ഒരു നേതാവ് എന്നുള്ള നിലയിൽ തീർച്ചയായും ശ്രീമതി ഗൗരിയമ്മയുടെ സഹകരണം ഈ രംഗത്ത് ആവശ്യമാണ്. ആലപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിലേയും അതുപോലെതന്നെ തൃശ്ശൂർ ജില്ലയിലേയുമൊക്കെതന്നെ നെല്ലിന്റെ ഉല്പാദനം എടുത്ത് നോക്കുകയാണെങ്കിൽ ഉല്പാദനത്തിന്റെ നിരക്ക് കുറഞ്ഞിരിക്കുന്നു എന്ന് കാണാം. നെല്ലുല്പാദനം കുറയുന്നു. തെങ്ങിന്റെ ഉല്പാദനം കുറയുന്നു. പാരിററി ഇൻഡക്സിനെപ്പററി പറയുമ്പോൾ 1952-53-നെ 100 എന്നുള്ള ബെയ്സായിട്ട് നമ്മൾ പരിഗണിക്കുകയാണെങ്കിൽ 1980-ൽ 100—93 ആയി കുറഞ്ഞു ഇത് 1981-ൽ 90 ആയികുറഞ്ഞു. 1971-ൽ 100 എന്നത് 1981-ൽ 90 ആയിട്ട് കുറയുകയാണുണ്ടായത്. ഇതിനു പരിഹാരം വേണം. അതിനു പരിഹാരം ഈ ബഡ്ജററിലൂടെ കൊണ്ടു വന്നിരിക്കുകയാണ്. ഈ രാജ്യത്തിനുവേണ്ടിയാണ് ഇവിടെ പല പരിപാടികളെ സംബന്ധിച്ചിടത്തോളം പറഞ്ഞത്. അഗ്രികൾച്ചറൽ പ്രൈസസ് കമ്മിഷനെ വളരെ പരിഹസിച്ചുക്കൊണ്ട് ബഹുമാനപ്പെട്ട ഗൗരിയമ്മയും ബഹുമാനപ്പെട്ട ബേബിജോണും സംസാരിച്ചതിൽ എനിക്ക് വളരെ സങ്കടം ഉണ്ട്. ഇത്രമാത്രം ഈ രാജ്യത്തെ കർഷകർക്ക് പ്രയോജനകരമായ ഒരു സ്ക്കീം കൊണ്ടുവന്നിട്ട് വെറും രാഷ്ട്രീയമായ മഞ്ഞ കണ്ണാടിയിലൂടെ നോക്കിക്കൊണ്ട് അതിനെ പരിഹസിച്ച് സംസാരിച്ചതിൽ എനിക്ക് വേദനയുണ്ട്. ദേശീയാടിസ്ഥാനത്തിൽ ഒരു കമ്മീഷൻ കാണും. ദേശീയാടിസ്ഥാനത്തിലുള്ള കമ്മീഷന്റെ ചുമതല പ്രൈസ് നിശ്ചയിക്കുകമാത്രമാണ്. നേരെമറിച്ച് അഗ്രിക്കൾച്ചറൽ പ്രൈസസ് കമ്മിഷനെ നമ്മൾ ഇവിടെ വിഭാവനം ചെയ്യുന്നത് കാലാകാലങ്ങളിൽ പ്രധാനപ്പെട്ട വിളകളുടെ വില എത്ര, അതിന്റെ കോസ്ററ് ഓഫ് പ്രൊഡക്ഷൻ എത്ര എന്നു നിർണ്ണയിച്ചുകൊണ്ട് അതിന്റെ വില നിർണ്ണയിക്കുകയും വിഭവങ്ങളുടെ വില താഴേക്ക് പോകുന്നപക്ഷം ആ വിഭവങ്ങൾ ഒന്നുകിൽ സർക്കാർ വിലക്ക് വാങ്ങുകയും അല്ലെങ്കിൽ കുറഞ്ഞ വിലവരുമ്പോൾ കൃഷിക്കാർക്ക് സബ്സീഡി കൊടുക്കുകയും ചെയ്യണം. എന്നാൽ അങ്ങനെ സബ്സിഡി കൊടുക്കുമ്പോൾ ശ്രീമതി ഗൗരിയമ്മ ഇവിടെ പറയുന്നതുപോലെ ചില വിഭവങ്ങളെ സഹായിക്കാൻവേണ്ടി ആണെന്നുള്ള വിമർശനങ്ങളൊന്നും വരരുത്. ശാസ്ത്രീയമായി ഓരോ കാർഷിക വിളകൾക്ക് ഉണ്ടാകുന്ന വിലയിടവിനെനോക്കി അതിന് കൊടുക്കേണ്ടപ്രതിഫലം എന്താണ്, അതിന് കൊടുക്കേണ്ട സഹായമെന്താണ്, അത് വളം സബ്സിഡി ആണോ, അത് രൂപയായിട്ട് കൊടുക്കണമോ, അതോ കീടനാശിനിയായിട്ട് കൊടുക്കണമോ ഈ കാര്യത്തെപ്പററിയൊക്കെ വളരെ ശാസ്ത്രീയമായി റിപ്പോർട്ട്ചെയ്യാൻ അധികാരപ്പെടുത്തുന്ന ഒരു കമ്മിഷനെന്ന നിലയിൽ ഇത് കേന്ദ്ര കമ്മിഷനെക്കാൾ വിഭിന്നമാണ്.

ഇത് ഈ രാജ്യത്തിന് ആവശ്യമാണ്. ഈ രാജ്യത്തെ കൃഷിക്കാർ ആഗ്രഹിക്കുന്ന ഒരു കാര്യമാണ്. അതുപോലെ തന്നെ റിവോൾവിംഗ് ഫണ്ടിനെ സംബന്ധിച്ചിടത്തോളം ഞാൻ അതിലേക്ക് കടക്കുന്നില്ല. റിവോൾവിംഗ് ഫണ്ട് ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞതുപോലെ അല്ല. ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ പാർട്ടി ഇഞ്ചികൃഷി ഉൾപ്പെടുത്തി, 90 ലക്ഷംരൂപ കൊടുത്തെന്നു പറഞ്ഞു. ഈ 90 ലക്ഷം എവിടന്നാണ്. കേന്ദ്രഗവൺമെന്റിൽ നിന്നും വന്നതിനുശേഷമാണ്. ഈ റിവോൾവിംഗ് ഫണ്ടിലേക്ക് സംസ്ഥാന ഗവൺമെന്റ് 50 ലക്ഷം രൂപ മാററിവച്ചിരിക്കുന്നത്. കേന്ദ്രഗവൺമെന്റിൽ നിന്നും വരുന്നതിനുപുറമേ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം വേറെ. സർ, ഈ നിലയിൽ ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നത് ഈ രാജ്യത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെയധികം സഹായകരമായിരിക്കും, ഞാൻ പറയാതെ തന്നെ അറിയാമല്ലോ. ഫിഷ് ഫാമിംഗ്നെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ അതൊരു സപ്ലിമെന്ററി ഇൻകമാണ്. രണ്ടാംകൃഷി എന്നുള്ള നിലയിൽ അതിനെ വിഭാവനം ചെയ്തിരിക്കുകയാണ്. തീർച്ചയായും ഇവിടത്തെ കാർഷിക സമ്പദ് വ്യവസ്ഥ പരിഷ്കരിക്കുന്നതിനെ സംബന്ധിച്ചി

LIBRARY ARCHIVES Kerala Legislative Assembly

മത്തോളം ഇത് തീർച്ചയായും വലിയൊരു കാൽവയ്പു തന്നെയായിരിക്കുമെന്ന ആത്മാർത്ഥമായി ഞാൻ വിശ്വസിക്കുകയാണ്. കോക്കനട്ട് നെഗ്ലക്റ്റ് ചെയ്യപ്പെട്ടുവെന്ന് ഇവിടെ പറഞ്ഞു. തെങ്ങു കൃഷി വികസനം നെഗ്ലക്റ്റ് ചെയ്തുവെന്ന് പ്രതിപക്ഷത്തെ ചിലർ പ്രസംഗിച്ചു. 1980-81-ൽ തെങ്ങിനുവേണ്ടി മാററിവച്ചിരുന്നത് 5 കോടി രൂപയായിരുന്നു. 1982-83-ൽ അഞ്ചേമുക്കാൽ കോടി രൂപ തെങ്ങുകൃഷി വികസനത്തിനുവേണ്ടി മാററിവച്ചിരിക്കുന്നു. വളരെ സന്തോഷകരമായ ഒരു കാര്യമാണ്. കൊക്കോക്കുവേണ്ടി ഗൗരിയമ്മയും കൂടി ഉണ്ടായിരുന്ന ഗവൺമെൻറ്, ബഹുമാനപ്പെട്ട നായനാരുടെ ഗവൺമെൻറ് കൊക്കോ വികസനത്തിനുവേണ്ടി മാററിവച്ചിരുന്നത് 3.1 കോടി രൂപയാണ്. ഈ ഗവൺമെൻറിൻെറ കാലഘട്ടത്തിൽ 3.29 കോടി രൂപ മാററിവച്ചിരുന്നു. ഒരു വ്യവസായം പ്രോസസ് ചെയ്യുന്നതിനുവേണ്ടിയുള്ള പ്രൊവിഷൻ കൂടി അതിനകത്തുണ്ട്. വ്യവസായത്തെപ്പററി പറയുമ്പോൾ സർ, ഇൻഡ്യയൊട്ടാകെ വ്യവസായത്തിൽ നിന്നുള്ള വരുമാനം 24 ശതമാനമാണെങ്കിൽ നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം വ്യവസായത്തിൽ നിന്നുള്ള വരുമാനം 21 ശതമാനം മാത്രമാണ്. നമ്മുടെ വ്യവസായത്തെ സംബന്ധിച്ചിടത്തോളം വ്യവസായത്തിന് വളരെയധികം വളർച്ച ഉണ്ടായിട്ടുണ്ട്. 1978-79-ൽ കേരളത്തിലെ വ്യാവസായിക വരുമാനം 115 കോടി രൂപയായിരുന്നു. അത് 1979-80-ൽ 112 കോടി രൂപയായി കുറഞ്ഞു. തൊഴിലില്ലായ്മ 19 ലക്ഷമായി പെരുകി നിൽക്കുകയാണ്. അപ്പോൾ വ്യവസായത്തിനും കൂടുതൽ പ്രോൽസാഹനം നൽകണം. വ്യാവസായിക ഉൽപ്പാദനത്തിന് കൂടുതൽ പരിഗണന നൽകണം. കാർഷിക ഉൽപ്പന്നത്തിനു മാത്രമല്ല വ്യാവസായിക ഉൽപ്പന്നത്തിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും കൂടുതൽ ഊന്നൽ, മുൻഗണന നൽകിക്കൊണ്ട് അങ്ങനെയുള്ള പദ്ധതികൾ ആവിഷ്കരിക്കണം. അതാണ് ഈ ബഡ്ജററിലൂടെ ചെയ്തിരിക്കുന്നത്. 1981-82-ൽ 3.14 കോടി രൂപയായിരുന്നു വ്യവസായത്തിന്. അങ്ങനെയിരുന്ന വ്യവസായത്തെ സംബന്ധിച്ചിടത്തോളം 1982-83-ൽ 32.44 കോടി രൂപ വ്യവസായവികസനത്തിനുവേണ്ടി കൂടുതലായി വച്ചിട്ടുണ്ട്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, വ്യാവസായിക അഭിവൃദ്ധിക്കും വേണ്ടിയുള്ള പരിപാടികളെ സംബന്ധിച്ചിടത്തോളം ഇതിൽ സെൽഫ് എംപ്ലോയ്മെൻറ് പ്രോഗ്രാമിനെക്കുറിച്ച് പറയുന്നുണ്ട്. നല്ല പ്രോഗ്രാമാണ് അത്. ആർക്കും അതിനെ എതിർക്കാൻ സാധിക്കുമെന്നുതോന്നുന്നില്ല. മററൊരു കാര്യം ഇവിടെ പറയുന്നത് ഒരു കോടി രൂപ മുതൽ മുടക്കി താലൂക്ക് തലത്തിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന വ്യവസായത്തെക്കുറിച്ചാണ്. ശ്രീമതി ഗൗരിയമ്മ സംസാരിച്ചപ്പോൾ ഇപ്പോൾ വരും വ്യവസായമെന്ന് ആക്ഷേപിച്ചു പറഞ്ഞു. ഈ ഗവൺമെൻറിൻെറ ബഡ്ജററിൽ ഈ വർഷം അങ്ങനെ വ്യവസായികൾ കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നുവെങ്കിൽ അതൊരു ജാലവിദ്യയാകുമായിരുന്നു. അത് അവാസ്തവമാകുമായിരുന്നു. ബഹുമാനപ്പെട്ട ബേബിജോൺ പറഞ്ഞു, ഇനി സർവ്വെ എന്തിനാണ് ആവശ്യമെന്ന്, സർവ്വെ റിപ്പോർട്ടെല്ലാം ഉണ്ട്. ബഹുമാനപ്പെട്ട ബേബിജോണിനെ പോലുള്ള പരിണിത പ്രജ്ഞനായ ഒരു നേതാവ് ഇത് പറഞ്ഞതിൽ എനിക്ക് അത്ഭുതം തോന്നുകയാണ്. നമുക്ക് ആവശ്യമായിട്ടുള്ളത് ഒരു പ്രോജക്ടഡ് ഷെൽഫ് ആണ്. ആ ഷെൽഫ് നമ്മൾ കാംക്ഷിക്കുന്ന രീതിയിലല്ല ഇപ്പോഴുള്ളത്. കെ. എസ്. ഐ. ഡി. സി. ക്ക് കുറേ പ്രോജക്ടുകൾ കാണും. അപ്പോൾ ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ആറുമാസം കൊണ്ട് സർവ്വെ പൂർത്തിയാകും. അതുകഴിഞ്ഞ് അടുത്ത ആറുമാസംകൊണ്ട് ഡീറെറയിൽഡ് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും അതു കഴിഞ്ഞ് പിന്നത്തെ പതിനെട്ടു മാസത്തിനകം വ്യവസായം സ്ഥാപിക്കുകയും ചെയ്തുകൊണ്ട് 6-ാം പഞ്ചവൽസര പദ്ധതിക്കകം കേരളത്തിലെ 58 താലൂക്കുകളിലും



LIBRARY ARCHIVES Kerala Legislative Assembly

ഓരോരോകോടി രൂപയുടെ വ്യവസായം സ്ഥാപിക്കാനുള്ള വ്യക്തമായ പ്രോജക്ടാണ് ഈ ബഡ്ജററിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. ഇത് നമ്മുടെ വ്യവസായ വികസനത്തെ സംബന്ധിച്ചിടത്തോളം ധീരമായ ഒരു കാൽവെയ്പാണ്.

ശ്രീ. ഇ. കെ. നായനാർ: 58 കോടി രൂപയുടെ വ്യവസായത്തിന് ഒന്നരക്കൊല്ലത്തിനുള്ളിൽ റിപ്പോർട്ട് വയ്ക്കുക. റിപ്പോർട്ടു തീരുമാനം അരക്കൊല്ലത്തിനുള്ളിൽ എടുക്കുക. അപ്പോൾ രണ്ടുകൊല്ലം. അങ്ങനെ മൂന്നു കൊല്ലത്തിനുള്ളിൽ വ്യവസായം വരിക. അതു കഴിഞ്ഞു മാണി സുഖമായിട്ടിരിക്കും. മുമ്പ് പതിനായിരം വ്യവസായത്തിന് നമ്മൾ സ്കീം ഉണ്ടാക്കിയവരാണ്. എന്താണ് ഇതിന്റെ സ്ഥിതി. ഒരു ഡീറെറയിൽഡ് റിപ്പോർട്ടു ഉണ്ടാക്കാൻ തന്നെ രണ്ടുകൊല്ലം വേണ്ടിവരും. വ്യവസായം വേണമെങ്കിൽ തന്നെ വിദേശ മൂലധനത്തിന്റെ പ്രശ്നമുണ്ട്. അതിന്റെയും കഥ ഞാൻ പറയുന്നില്ല.

ശ്രീ. കെ. എം. മാണി: ഇതിൽ കൂടുതൽ ഞാൻ ഇനി ഇത് ആവർത്തിക്കുന്നില്ല. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പ് ഇതിനെപ്പററി ലൊക്കേററ് ചെയ്യാൻ കഴിയുകയില്ലേ. ആത്മാർത്ഥമായിട്ട് ഞാൻ ചോദിക്കുകയാണ്. നമ്മുടെ ഗവൺമെൻറിന്റെ വ്യവസായ വകുപ്പിനെ സംബന്ധിച്ചിടത്തോളം ആറു മാസത്തിനകം വ്യവസായങ്ങൾ ലൊക്കേററു ചെയ്യാൻ കഴിയും. പഴയ രീതിയിലല്ല ഇപ്പോൾ പ്രവർത്തിക്കുന്നത്. അങ്ങനെ ആറു മാസം കഴിഞ്ഞശേഷം ആ ലൊക്കേഷനിൽപ്പെടുന്ന വ്യവസായങ്ങളുടെ പ്രോജക്ട് റിപ്പോർട്ടു ആറു മാസത്തിനകം പരിഗണിക്കാൻ കഴിയും. ഇങ്ങനെ ഡീറെറയിൽഡ് പ്രോജക്ട് റിപ്പോർട്ടു ഉണ്ടായിക്കഴിഞ്ഞാൽ പതിനെട്ടു മാസത്തിനകം വ്യവസായങ്ങൾ സ്ഥാപിക്കാൻ കഴിയുന്നതാണ്. അതിൽ പ്രായോഗികമായിട്ട് യാതൊന്നും തന്നെ ഇല്ല.

ശ്രീ. ഇ. കെ. നായനാർ: ഇതിനകത്ത് 118 കോടി രൂപയാണ് നമ്മുടെ ബഡ്ജററിൽ മലയാളം ട്രാൻസിലേഷന്റെ 37-ാം പേജിൽ, ഇംഗ്ലീഷിന്റെ 30-ാം പേജിൽ നമ്മുടെ ടോട്ടൽ കമ്മി എന്നു പറഞ്ഞിരിക്കുന്നത്. അതിൽ 93.93 ആണ് സെൻട്രൽ ഗവൺമെൻറ് തരാമെന്നു പറഞ്ഞിരിക്കുന്നത്. അതിന് ആറേകാൽ ശതമാനം പലിശ വേറെയുണ്ട്. അത് ഇതിൽ എഴുതിയിട്ടില്ല. അതുകൊണ്ട് 25 കോടി രൂപയാണ് നമ്മുടെ സ്ററാർട്ടിംഗ്. അപ്പോൾ 118 കോടി രൂപ കൂടാതെ ഇപ്പോൾ തന്നെ 35 കോടി രൂപയുടെ ചെലവും കണ്ട് ആ 35 കോടി രൂപക്കുള്ള വിഭവസമാഹരണവും കണ്ടിട്ടുണ്ട്. അപ്പോൾ 118 + 35 ആയി. പിന്നെ വാർഷിക പ്ലാനിൽ 38 കോടി രൂപ ട്രാൻസ്പോർട്ടിൽ നിന്നും, ഇലക്ട്രിസിററി ബോർഡിൽ നിന്നും ഉണ്ടാക്കണമെന്നും എഴുതിവച്ചിട്ടുണ്ട്. അതാണ് കേരളത്തിന്റെ ഡെഫിസിററ്. അങ്ങനെയാണ് ഈ എക്കണോമിക്കൽ ഈയർ സ്ററാർട്ട് ചെയ്യുന്നത്. എന്നിട്ടാണ് മാണി പറയുന്നത്, വളരെ സമ്പൽ സമൃദ്ധമാണെന്ന്.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി പറഞ്ഞതിനെ സംബന്ധിച്ചിടത്തോളം ഞാൻ അതൊരു ഇഷ്യു ആയിട്ടെടുത്ത് മുന്നോട്ടു പോകുന്നില്ല. എന്നാൽ ഇവയെല്ലാം ബഡ്ജററിൽ നിന്നും വായിച്ചു കേൾപ്പിച്ചതാണ്. ഞാൻ അതിലേക്ക് വരുന്നുണ്ട്. 1982-83-ലെ പദ്ധതിക്ക് ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുകയും, ഈ കമ്മിയെ സംബന്ധിച്ചിടത്തോളം കമ്മി കുറച്ചു കൊണ്ടുവരേണ്ട ശ്രമങ്ങൾ നടത്തുകയും ചെയ്യും. അതിന് ഞങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായി നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട വ്യവസായങ്ങളുടെ പ്രമോഷനുവേണ്ടി ടാക്സ് റാഷണലൈസ് ചെയ്യുകയും അതിന്റെ സ്ട്രക്ചർ മാററുകയും ചെയ്തത് ആദ്യമായിട്ടാണ്. അതുകൊണ്ടാണ് ഈ രാജ്യത്തെ ചെറുകിട വ്യവസായികൾ മുഴുവൻ ഇതിനെ സ്വാഗതം ചെയ്തത്.

(ബഹളം)

ശ്രീ. ആർ. എസ്. ഉണ്ണി: ഇത് മുഴുവൻ കള്ളമാണ്.

മിസ്ററർ സ്പീക്കർ: കള്ളമെന്നു പറയുന്നത് ഓർഡറിലല്ല.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട സഭയുടെ മുഴുവൻ റൂളിംഗുകൾ വച്ച് നോക്കുകയാണെങ്കിൽ ടെർമിനോളജിക്കൽ ഇൻഎക്സാററിററ്യൂഡ് എന്നു പറയുന്ന സ്ഥാനത്ത് അത് കള്ളമെന്ന് അറിയാമെന്നിരിക്കെ ആ കസേരയിൽ ഇരുന്നു പരിചയമുള്ള ശ്രീമാൻ ഉണ്ണിയെപ്പോലുള്ള ആളുകൾ ഇങ്ങനെ അൺ പാർലിമെൻററിയായിട്ട് പറയുന്നതിൽ സങ്കടമുണ്ട്. റാഷനലൈസേഷനെപ്പററി പറയുമ്പോൾ നമ്മുടെ വ്യാവസായികോൽപ്പന്നങ്ങളുടെ മുഴുവൻ നികുതി ററേറ് നാലുശതമാനത്തിലേക്ക് കുറച്ച് കമ്പോണൻറ് പാട്ട്സിൻമേലുള്ള നികുതി നാലുശതമാനമാക്കി കുറച്ചതും പാക്കിംഗ് മെററീരിയൽസിൻമേലുള്ള നികുതി നാലുശതമാനമാക്കി കുറച്ചതും, നമ്മുടെ സംസ്ഥാനം മററു സംസ്ഥാനങ്ങളേക്കാൾ കൂടി നിന്നിരുന്ന നികുതി ഇനങ്ങൾ പലതും വെട്ടിച്ചുരുക്കിയതും ഇവിടത്തെ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസകരമാണ്. ഇവിടത്തെ ചെറുകിട വ്യവസായ അസോസിയേഷനുകൾ മുഴുവൻ ഗവൺമെൻറിന്റെ ഈ നടപടിയെ വളരെയധികം പ്രശംസിച്ചുകൊണ്ട്, അനുമോദിച്ചുകൊണ്ട് പ്രമേയങ്ങൾ പാസ്സാക്കി അയച്ചത് ഗവൺമെൻറിന് കിട്ടുകയുണ്ടായി. നമ്മുടെ ചെറുകിട വ്യവസായത്തെ സംബന്ധിച്ചിടത്തോളം അതിന്റെ പരിപോഷണത്തിന് ഏററവും ഉപയുക്തമായിട്ടുള്ള ഒരു കാര്യമാണിത്. ഇത്തവണത്തെ ടാക്സ് പ്രപ്പോസൽസിൽ നിന്ന്, ചാരായത്തിൽനിന്നും വെഹിക്കിൾ ടാക്സിൽ നിന്നും 22½ ലക്ഷം രൂപ അധിക വരുമാനം ഉണ്ടാക്കാനുള്ള ആത്മാർത്ഥമായ ശ്രമവും ഈ ബഡ്ജററിലൂടെ കാണാൻ സാധിക്കും. ഇവിടത്തെ പുതിയ നികുതി നിർദ്ദേശങ്ങളൊന്നും സാധാരണക്കാരെ ബാധിക്കുന്ന നികുതി നിർദ്ദേശങ്ങളല്ല. വീട്ടമ്മമാരെ ബാധിക്കുന്ന നികുതികളല്ല.

ശ്രീ. തച്ചടി പ്രഭാകരൻ: ഒരു ചോദ്യം. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള മെമ്പർമാരിൽ നിന്നു പാരമ്പരാഗത വ്യവസായങ്ങളെ ഈ ഗവൺമെൻറ് സഹായിക്കുന്നില്ലെന്ന് വലിയൊരു വിമർശനം വന്നു. നമ്മുടെ പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിന് നമ്മുടെ സംസ്ഥാനത്ത് രണ്ടു ശതമാനം സെയിൽസ് ടാക്സ് ഈടാക്കുന്നുണ്ട്. കേരളാ ഗവൺമെൻറ് ആവശ്യപ്പെട്ടതനുസരിച്ച് കേന്ദ്രഗവൺമെൻറ് എല്ലാ സംസ്ഥാനങ്ങളിലേയും മുഖ്യമന്ത്രിമാരോട് കയറിന്റെ സെയിൽസ് ടാക്സ് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ മുഖ്യമന്ത്രിമാരും കേന്ദ്ര വ്യവസായവകുപ്പു മന്ത്രിയോടു പറഞ്ഞത്, കേരളത്തിൽ രണ്ടു ശതമാനം സെയിൽസ് ടാക്സ് ഈടാക്കുന്നതുകൊണ്ട് ഞങ്ങൾ സെയിൽസ് ടാക്സ് തുടരുമെന്നാണു പറഞ്ഞിട്ടുള്ളത്. മദ്ധ്യപ്രദേശ്, യു. പി., ബീഹാർ, അതുപോലെതന്നെ മററു പല സംസ്ഥാനങ്ങളും 10,12 ശതമാനം സെയിൽസ് ടാക്സ് ഈടാക്കുന്നതുകൊണ്ട് കേരളത്തിൽ ഈടാക്കിവരുന്ന സെയിൽസ് ടാക്സ് പിൻവലിക്കാനുള്ള നടപടി ഈ ഗവൺമെൻറ് സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

**ശ്രീ. കെ. എം. മാണി:** സർ, ഇത് രണ്ടും രണ്ടു പ്രശ്നമാണ്. ഞാൻ ഇവിടെ പ്രതിപാദിച്ചു വരുന്നത് അയൽ സംസ്ഥാനങ്ങളിലേക്കാൾ കൂടിയ നിരക്കിലുള്ള സെയിൽസ്ടാക്സ് വെട്ടിക്കുറച്ചതിന് സെയിൽസ്ടാക്സ് സെല്ലാം എടുത്തുകളയുന്നു എന്നുള്ളത് തീർച്ചയായിട്ടും ഞാൻ അവഗാഢമായി വീണ്ടും പഠിക്കാം, അത് പരിശോധിക്കാം. പരിശോധിച്ചിട്ട് ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ ഇവിടെ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ചിടത്തോളം അത് പരിശോധിക്കാം അതുമാത്രമേ എനിക്ക് ഈ സന്ദർഭത്തിൽ പറയാൻ കഴിയുകയുള്ളു.

സർ, സാധനങ്ങളെ സംബന്ധിച്ചിടത്തോളം പുതിയ നികുതികൾ വീട്ടമ്മമാരെ ഒരിക്കലും ബാധിക്കുന്നതല്ല. ഇത് അപ്പർക്ലാസിന്റെ നെസസ്സറി............(ബഹളം) മല്ലിയും മുളകുമൊക്കെ കല്ലിലിട്ട് ഉലക്കകൊണ്ട് പൊടിക്കുന്ന സ്ഥാനത്ത് ഒരു മിക്സി വാങ്ങുന്നത്, നമ്മുടെ സർക്കാരാഫീസിലെ ഒരു പ്യൂണിന് മിക്സി കണ്ടെന്നു വരികയില്ല. ഒരു സെക്ഷൻ ഓഫീസർ, ഭർത്താവിനും ഭാര്യയ്ക്കും ജോലി ഉണ്ടെങ്കിൽ മിക്സി കണ്ടെന്നു വരും. കുറച്ചൊക്കെ സാമ്പത്തിക സഹായമുള്ള ഇടത്തരക്കാരെ സംബന്ധിച്ചിടത്തോളം നഗരങ്ങളിൽ ഇത് അവർ ഒരു അവശ്യവസ്തുവായി ഉപയോഗിക്കുന്നു എന്നുള്ളതു കണ്ടുകൊണ്ട്, ദാരിദ്ര്യരേഖക്കു താഴെയുള്ള യാതൊരു വിഭാഗത്തേയും ഈ നികുതി വർദ്ധനവ് ബാധിക്കുന്നതല്ല. അപ്പോൾ ദാരിദ്ര്യരേഖക്ക് മുകളിലുള്ളവർ ഇതിന് നികുതി കൊടുക്കണം. അതുകൊണ്ട് ഞാൻ ഈ വിഷയത്തിലേക്ക് കടക്കുന്നില്ല.

കൈത്തറിയെ സംബന്ധിച്ചിടത്തോളം ഒന്നുരണ്ടു നിവേദനങ്ങൾ കിട്ടുകയുണ്ടായി, ചായത്തിന് വില കൂട്ടുന്നതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകുന്നു എന്നു പറഞ്ഞുകൊണ്ട്. അതു തീർച്ചയായും ഗവൺമെന്റ് പരിശോധിക്കാം. പരിശോധിച്ചിട്ട് കൈത്തറി വ്യവസായത്തിന് ചായത്തിന്റെ നികുതി വർദ്ധനവ് കൊണ്ട് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെങ്കിൽ കൈത്തറിവ്യവസായത്തെ സംബന്ധിച്ചിടത്തോളം മാത്രം ചായത്തിന്റെ നികുതി വർദ്ധനവിൽ നിന്നും അതിനെ സംരക്ഷിക്കാൻ തീർച്ചയായും ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കുന്നതാണ്, പരിഗണിക്കുന്നതാണ്, പരിശോധിച്ചിട്ട് അതിനെ സംബന്ധിച്ചിടത്തോളം വിശദമാക്കാം. മററു വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ കൂടുതൽ സമയം എടുക്കുന്നില്ല.

ട്രാൻസ്പോർട്ട് കമ്പനിയെ സംബന്ധിച്ചിടത്തോളം ഇവിടെ ഒരു പുകമറ സൃഷ്ടിക്കുകയുണ്ടായി നാഷണലൈസേഷൻ പ്രോഗ്രാം ഉപേക്ഷിക്കുന്നു എന്ന. ബഡ്ജററിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് വിശദീകരിക്കുമ്പോൾ അത് അംഗീകരിക്കണം ധനകാര്യമന്ത്രി എന്നുള്ള നിലയിൽ, ബഡ്ജററ് വായിച്ചതിനുശേഷം എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ ഗവൺമെൻറിനു വേണ്ടി അത് വിശദീകരിക്കുമ്പോൾ അത് വിശദീകരിക്കുന്നത് ശരിയല്ല എന്നു പറഞ്ഞാൽ അതിന് മറുപടി ഒന്നുമില്ല. ഞാൻ വായിച്ച് വിശദീകരിക്കാം. 'സർ, സുൽത്താൻബത്തേരി കേന്ദ്രമാക്കി പുതിയ ട്രാൻസ്പോർട്ട് കമ്പനി' എന്ന ഒരു വാചകത്തിലാണല്ലോ തർക്കം. പേജ് നമ്പർ 24-ൽ "തൊഴിലാളികൾക്ക് ഷെയറുകൾ നൽകിയും ദുർബല വിഭാഗങ്ങൾക്ക് ഷെയറുകൾ വാങ്ങാൻ ധനസഹായം നൽകിയും ഇവരുടെ പങ്കാളിത്തം കൈവരുത്തുന്നതിനുള്ള സാദ്ധ്യതകളും പരിശോധിക്കുന്നതാണ്." എന്നുള്ള ഒരു വാചകം പറഞ്ഞപ്പോൾ ദേശസാൽക്കരണ നടപടികൾ ഉപേക്ഷിക്കുന്നു, സ്വകാര്യമേഖലയിൽ കൊണ്ടുവരുന്നു അങ്ങനെയല്ല സർ. ഗവൺമെന്റിന് മെജോറിററി ഷെയറുള്ള പബ്ലിക് ലിമിററഡ് കമ്പനീസ്, പൊതുമേഖല

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ ഈ രാജ്യത്ത് ഇല്ലേ ? ബഹുമാനപ്പെട്ട ബേബി ജോണിന് അറിയാൻ പാടില്ലേ ? ബഹുമാനപ്പെട്ട ഉണ്ണിക്ക് അറിയാൻ പാടില്ലേ ? അപ്പോൾ മെജോറിററി ഷെയറുള്ള ഒരു പൊതുമേഖലാസ്ഥാപനം നമുക്ക് രൂപീകരിക്കാൻ കഴിയും.

ശ്രീ. വർക്കല രാധാകൃഷ്ണൻ : പോയിൻറ് ഓഫ് ഓർഡർ.

മി. സ്പീക്കർ : ഏതു റൂളിൻെറ വയലേഷൻെറ പോയിൻറ് ഓഫ് ഓർഡർ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : I am reading 303

മി. സ്പീക്കർ : പോയിൻറ് ഓഫ് ഓർഡറിൽ പറയുന്നത്, പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്യുന്നത് ഈ റൂളിൻെറ ഏതെങ്കിലും വയലേഷനെക്കുറിച്ചോ അല്ലെങ്കിൽ കോൺസ്ററിററ്യൂഷനിൽ ഇതേപ്പററി പറയുന്ന നടപടി ക്രമങ്ങളുടെ വയലേഷനെക്കുറിച്ചോ ആകാം. ഏത് റൂളിൻെറ വയലേഷനാണ് ? നോ പോയിൻറ് ഓഫ് ഓർഡർ.

ശ്രീ. കെ. എം. മാണി : ഞാൻ പറഞ്ഞു വന്നതു ഗവൺമെൻറിൻെറ പൂർണ്ണമായ ഉടമയിലുള്ള ഒരു പൊതുമേഖലാസ്ഥാപനമായിട്ടാണ് ഇപ്പോൾ ഗവൺമെൻറ് വിഭാവന ചെയ്യുന്നത്. എന്നാൽ തൊഴിലാളികൾക്കുകൂടി അതിൽ ഷെയർ കൊടുക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. അതിൻെറ യാതൊരു വിശദാംശങ്ങളിലേക്കും കടന്ന് ഇപ്പോൾ ഒരു തീരുമാനവും എടുത്തിട്ടില്ല. അതിൻെറ വിശദാംശങ്ങൾ പിന്നീട് നിശ്ചയിക്കേണ്ടതാണ്. അതു ഒരു പൊതുമേഖലാസ്ഥാപനമായിരിക്കുന്നതാണ്, മറേറത് പരിശോധിക്കാവുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻെറ വികസനത്തിനും പുന:സംഘടനക്കും ഗവൺമെൻറ് ചർച്ചചെയ്ത് പദ്ധതി അംഗീകരിച്ചിട്ടുണ്ട്. അത് നടപ്പിലാക്കാൻ സാധിക്കാത്ത ഒരു സാഹചര്യം ഇതുമൂലം ഉണ്ടാകുമെന്നുള്ള ആശങ്ക സ്ഥാനത്താണോ അസ്ഥാനത്താണോ ?

ശ്രീ. കെ. എം. മാണി : അത് അങ്ങനെയല്ല. ബഹുമാനപ്പെട്ട ഉണ്ണി ശ്രദ്ധിക്കുമെങ്കിൽ ഞാൻ ഒരു കാര്യം പറയാം. കെ. എസ്. ആർ. ടി. സിയെ ഒരിക്കലും അവഗണിച്ചുകൊണ്ടല്ല. അത് ബഡ്ജററിൻെറ ആമുഖപ്രസംഗത്തിൽതന്നെ പറഞ്ഞിട്ടുണ്ട്. കെ. എസ്. ആർ. ടി. സി. യിൽ മുടങ്ങിക്കിടക്കുന്ന ബസുകൾ റീപ്ലേയ്സ് ചെയ്തുകൊണ്ടു കൂടുതൽ യാത്രാസൗകര്യം ജനങ്ങൾക്കു പ്രദാനം ചെയ്യത്തക്കവണ്ണം അതിനെ സ്ററെബിലൈസ് ചെയ്യും. അതോടൊപ്പം കൂടുതൽ യാത്രാസൗകര്യങ്ങൾ നമ്മുടെ രാജ്യത്തെ ജനങ്ങൾക്കു നൽകുന്നതിനും കൂടുതൽ ഇൻസ്ററിററ്യൂഷണൽ ഫൈനാൻസ് എടുത്തുകൊണ്ട് പ്രവർത്തനങ്ങൾ കൂടുതൽ ആഗ്മെൻറ് ചെയ്യുന്നതിനുംവേണ്ടി ഒരു പുതിയ പൊതുമേഖലാസ്ഥാപനം കൊണ്ടു വരുന്നു എന്നാണ്. സർ; ഇത് ഒരു പുതുമയല്ല. തമിഴ്നാട്ടിൽ എത്രയോ കോർപ്പറേഷനുകൾ ഉണ്ട്, ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഉണ്ട്. ഇതൊക്കെ ഒരു പുതുമയാണോ ? നമ്മൾ ഒരുമിച്ചിരുന്ന കാലഘട്ടങ്ങളിൽ ബഹുമാനപ്പെട്ട ഉണ്ണിയുംകൂടി അഭിപ്രായപ്പെട്ടിട്ടുള്ള കാര്യമാണിത്. പുതിയ കോർപ്പറേഷൻസ് കൊണ്ടുവരണം എന്നുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : തമിഴ് നാട്ടിൽ ഉണ്ടെന്ന് പറയുന്നതെല്ലാം 950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ട് പ്രകാരമുള്ളതാണ്. നിങ്ങൾ ഇവിടെ വിഭാവന ചെയ്യുന്നപോലുള്ള കമ്പനീസ് ആക്ട്പ്രകാരമുള്ള കമ്പനി അല്ല. കമ്പനീസ് ആക്ട് പ്രകാരം ഓർഗനൈസ് ചെയ്യുന്നതിന്റെ അർത്ഥം പ്രൈവററ് ജോയിൻറ് സെക്ടറോ പ്രൈവററ് സെക്ടറോ ആക്കാൻ വേണ്ടിയാണെന്ന് ഞാൻ ഒരു ആരോപണം ഉന്നയിക്കുകയാണ്.

ശ്രീ. കെ. എം. മാണി : ഇത് വളരെ തമാശയായിട്ടുള്ള ഒരു കാര്യമാണ്. അല്ലെങ്കിൽ തൊഴിലാളികൾക്കു കൂടി പാർട്ടിസിപ്പേഷൻ കൊടുക്കുന്ന കാര്യം ആലോചിക്കാൻ ഇത് പബ്ലിക് സെക്ടറാണെന്ന് പറഞ്ഞതിനുശേഷവും അല്ല അല്ല എന്നുള്ള പ്രതിപക്ഷത്തിന്റെ നീക്കം ലജ്ജാകരമാണ്. നിങ്ങൾക്ക് ആവശ്യമുള്ളത് ഏതാണ്? നിങ്ങൾക്കാവശ്യമുള്ളത് സത്യം മനസ്സിലാക്കുകയാണോ ? ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ തന്നെ മൂന്നിലൊന്ന് ഷെയർ റയിൽവേയുടേതാണ്. അതുകൊണ്ട് ട്രാൻസ്പോർട്ട് കോർപ്പറേഷനും പൊതുമേഖലയിൽ ഉണ്ടാക്കുന്ന ഈ കമ്പനീസും തമ്മിൽ വലിയ സ്വഭാവ വ്യത്യാസങ്ങൾ ഒന്നും ഇല്ല. ഇതൊക്കെ ഇങ്ങനെ പറഞ്ഞ് പ്രചരണം നടത്തിയിട്ട് കാര്യമില്ല. ഇത് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന കാര്യമാണ്. ഇത് കേരളത്തിലെ യാത്രാസൗകര്യങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗമാണ് അതുകൊണ്ടു വിശദാംശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. വിശദാംശങ്ങൾ പിന്നീട് ഗവൺമെൻറ് തീരുമാനിക്കുന്നതാണ്. ഞാൻ ബഡ്ജററിൽ ഉൾപ്പെട്ട ഈ പരിപാടി എന്താണെന്നു പറയുന്നു എന്ന് മാത്രമേയുള്ളു.

തമിഴ് നാട്ടിൽ ട്രാൻസ്പോർട്ട് കോർപ്പറേഷനല്ല കമ്പനീസ് ആക്ററ് അനുസരിച്ച് രജിസ്ററർ ചെയ്യപ്പെട്ട കമ്പനികളാണ് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നാണ് എനിക്ക് കിട്ടിയിട്ടുള്ള വിവരം. (ബഹളം) സർ, ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്. (ബഹളം) കാസർകോട് ഏരിയ ഡെവലപ്പുമെൻറിനുവേണ്ടി ഓൺഗോയിങ്ങ് ആയിട്ടുള്ള പല സ്കീംസുമുണ്ട്. ആ സ്കീമുകളെ സംബന്ധിച്ചിടത്തോളം കാസർകോട് ഡവലപ്പുമെൻറിനെ സംബന്ധിച്ചിടത്തോളമാകട്ടെ കേരളത്തിലെ മററ് ഏതെങ്കിലും പിന്നോക്കമേഖലയിലെ പ്രത്യേകമായ പ്രോബ്ലംസാകട്ടെ ഒരു ഏരിയായുടെ വികസനത്തിനുവേണ്ടി എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭിപ്രായം ഗവൺമെൻറ് പരിഗണിക്കുന്നതും ന്യായമായ കാര്യങ്ങൾ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യുന്നതുമാണെന്ന് അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ വർഷത്തെ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ ഇന്നലെ സംസാരിച്ചപ്പോൾ പറയുകയുണ്ടായി. കാല് മാറി, ചതിച്ചു, വഞ്ചിച്ചു എന്നൊക്കെ പറഞ്ഞു. എനിക്ക് സഹതാപമുണ്ട്. ഒരു കാര്യം ഞാൻ പറയാം ഞങ്ങളുടെ കാൽ എന്നും ജനങ്ങളോടു കൂടിയുണ്ട്. ഞങ്ങളുടെ കാല് എപ്പോഴും മാർക്സിസ്ററ് കമ്മ്യൂണിസ്ററു പാർട്ടിയോടുകൂടി വച്ചുകൊണ്ടിരിക്കുകയെന്നുള്ള അർത്ഥത്തിലല്ല ഞങ്ങൾ ഈ രാജ്യത്ത് വിശ്വാസ്തത കാണിച്ചിരുന്നത്. ഈ രാജ്യത്ത് ഇടതു പക്ഷ മുന്നണി രൂപം കൊടുത്ത മിനിമം പരിപാടിയോടാണ് ഞങ്ങൾ യോജിച്ചത് ആ മിനിമം പരിപാടി നടപ്പാക്കുന്ന കാര്യത്തിൽ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി പരാജയപ്പെട്ട സന്ദർഭത്തിൽ ആണ് ഞങ്ങൾ ജനങ്ങൾക്കുവേണ്ടി നിലപാട് എടുത്തത്. ഞങ്ങളുടെ കാല് ഉറച്ചതാണ്. ഞങ്ങളുടെ കാല് ജനങ്ങളോടുകൂടിയുള്ളതാണ്. അതിൽ പരിതാപമൊന്നും വേണ്ട (ബഹളം) ശ്രീ. എം. വി. രാഘവനോടും മററ് മെമ്പർമാരോടും പറയാൻ ആഗ്രഹിക്കുന്നത്. നമ്മൾ അങ്ങനെയൊന്നും നോക്കേണ്ട കാര്യമില്ലെന്നാണ്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായ മാററങ്ങളുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയമായി ഈ ബഡ്ജററിനെ

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തരുത്. ഈ ബഡ്ജററിന്റെ നല്ല കാര്യങ്ങൾ നല്ലതാണെന്ന് അംഗീകരിച്ചുകൊണ്ട് ഇതിലെ പരിപാടികൾ പ്രാവർത്തികമാക്കാൻ പ്രതിപക്ഷത്തിന്റെ സഹകരണം ഉണ്ടായിരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : പുതുക്കിയ ബഡ്ജററിനെ കുറിച്ചുള്ള പൊതുചർച്ച അവസാനിക്കുന്നതിനാൽ കാര്യപരിപാടി അനുസരിച്ചുള്ള ഗവൺമെൻറ് ബിസിനസ്സ് തീർന്നിരിക്കുകയാണ്. അതിനാൽ നാളെ സഭ സമ്മേളിക്കേണ്ടതില്ല. ഈ കാര്യത്തെക്കുറിച്ച് പാർട്ടിനേതാക്കൻമാരുമായി ചർച്ചചെയ്ത് ഒരു ധാരണയിൽ എത്തിച്ചേർന്നിട്ടുണ്ട്. അതിനാൽ സഭയുടെ ഈ സമ്മേളനം താൽക്കാലികമായി നിർത്തിവയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(സഭ അംഗീകരിച്ചു.)

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും ആഗസ്ററ് 9-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് സമ്മേളിക്കുന്നതുമാണ്.

1982 ആഗസ്ററ് 9-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 3. 25-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly